വെള്ളം ഗ്രാമ പഞ്ചായത്ത്

# ജനകീയാസൂത്രണം



അധികാരം ജനങ്ങളിലേക്ക്

## സമഗ്ര വികസന രേഖ

## വേളം പഞ്ചായത്തിൽ വ്യവസായികളാവുക, ഉല്പാദിപ്പിക്കുക, വിപണനം ചെയ്യുക.

---

ഇലക്ട്രിക് പോസ്ററ്
സിമൻററ് ബ്രിക്സ്
ഓട്
ഇഷ്ടിക
മൺപാത്രങ്ങൾ
പിഞ്ഞാണപാത്രങ്ങൾ
ക്ലോസററുകൾ
കയർ
ബ്രീഫ്സ്
ഷേർട്ട്സ് & ഷോട്ട്സ്
ബനിയൻ
മാക്സി
മിഡി
ചെരുപ്പ്
കവറുകൾ
കളിക്കോപ്പുകൾ
മസാലകൾ
മിഠായികൾ
മിൽക്ക് സ്വീററ്സ്
ബ്രഡ്
ചുറുക്ക
അച്ചാർ
ശീതളപാനീയം
ഫ്രൂട്ടി


നിങ്ങളുടെ പണം

**വേളം സർവ്വീസ് സഹകരണ ബാങ്കിൽ**

നിക്ഷേപിക്കുക

★ ബേങ്കുമായി സഹകരിക്കുക. ★

# കേരളം



# താളുകൾ.


| | | | |
|---|---|---|---|
| 1. | ഒരിക്കലും മരിക്കാത്ത ഓർമ്മ | | |
| 2. | ഒററനോട്ടം | | |
| 3. | ഒരുവാക്ക് | | |
| 4. | സ്മരണാഞ്ജലി | | |
| 5. | വേണം, വേണ്ട | | |
| 6. | ഉപക്രമം | | 1— 2 |
| 7. | ഭൂപ്രകൃതിയും ജനപ്രകൃതിയും | | 3— 6 |
| 8. | തിരിഞ്ഞുനോട്ടം | | 7—13 |
| 9. | തുടങ്ങാം കൃഷി | A | 1—18 |
| 10. | മൃഗസംരക്ഷണം | B | 1— 5 |
| 11. | വിദ്യാഭ്യാസം | C | 1— 6 |
| 12. | കുടിവെള്ളവും പൊതുജനാരോഗ്യവും | D | 1— 4 |
| 13. | വ്യവസായം | E | 1— 3 |
| 14. | സഹകരണം | F | 1— 4 |
| 15. | പാർപ്പിടവും സാമൂഹ്യക്ഷേമവും | G | 1— 9 |
| 16. | ഗതാഗതം ഊർജ്ജം | H | 1—10 |
| 17. | സംസ്ക്കാരം | I | 1— 4 |
| 18. | വനിത | J | 1— 4 |
| 19. | പട്ടികജാതി ക്ഷേമം | K | 1— 3 |
| 20. | വിഭവ സമാഹരണം | L | 1— 4 |
| 21. | പഴമൊഴി, പുതുമൊഴി, പലമൊഴി | | |

# ഒരിക്കലും മരിക്കാത്ത ഓർമ്മ!

വേളം പഞ്ചായത്തിലെ
ആദ്യത്തെ സ്വാതന്ത്ര്യ സമര
പോരാളി,

വേളം പഞ്ചായത്തിലെ
ആദ്യത്തെ ബിരുദധാരി
വക്കീൽ ശ്രീ. പി. കൈരുക്കുറുപ്പ് !

സാമൂഹ്യ പ്രവർത്തകൻ,
സാംസ്കാരിക പ്രവർത്തകൻ,
വിദ്യാഭ്യാസ പ്രവർത്തകൻ,
ഇന്നും, കുന്നമ്മൽ സബ്ബ്ജില്ലയിൽ
ഒന്നാമനായി തലയുയർത്തിനില്ക്കുന്ന
ചേരാപുരം യു. പി. സ്കൂളിൻെറ സ്ഥാപകൻ,
ശ്രീ. കൈരുക്കുറുപ്പ് വക്കീൽ!

ജനനം : ചേരാപുരംശം ദേശത്തിൽ മണ്ണ്ക്കണ്ടി
തറവാട്ടിൽപെട്ട പൈങ്ങാംകുളങ്ങര.

വിദ്യാഭ്യാസം : പ്രാഥമിക, ദ്വിതീയ വിദ്യാഭ്യാസം
കടത്തനാട് രാജാസ്
ഹൈസ്ക്കൂരം, പുറമേരി
കലാശാലാ വിദ്യാഭ്യാസം മദിരാശിയിൽ.

ബിരുദം : ബി. എ. ബി. എൽ.

ഉപ്പുസത്യഗ്രഹത്തിലും മററും പങ്കെടുത്ത് ജയിൽവാസം.
വടകര മുൻസീഫ് കോടതിയിൽ വക്കീലായി
പ്രാക്ടീസ്—വടകരയിലും കല്ലാച്ചിയിലും താമസം—
പ്രമേഹരോഗം അദ്ദേഹത്തിൻെറ ജീവൻ കവർന്നു.

വക്കീലവർകാം,

അങ്ങയുടെ വേളംഗ്രാമം മാററത്തിനായി കുതിച്ചോടുന്നു;
കാലിടറാതിരിക്കാൻ, അങ്ങയുടെ ഓർമ്മ;
ആവേശത്തിന് അങ്ങയുടെ ഓർമ്മ;
ആദരവോടെ ഓർമ്മക്ക്മുമ്പിൽ ഒരുപിടി
— രത്നപുഷ്പങ്ങരം —

## കോഴിക്കോട് ജില്ല



# വേളം ഒററനോട്ടത്തിൽ

| | | |
|---|---|---|
| ജില്ല | : | കോഴിക്കോട് |
| താലൂക്ക് | : | വടകര |
| വികസനബ്ലോക്ക് | : | കുന്നുമ്മൽ |
| ഗ്രാമപഞ്ചായത്ത് | : | വേളം |
| വില്ലേജ് | : | വേളം |
| ലോകസഭാ മണ്ഡലം | : | വടകര |
| അസംബ്ലിമണ്ഡലം | : | മേപ്പയ്യൂർ |
| ജില്ലാപഞ്ചായത്ത്മണ്ഡലം | : | കുററ്യാടി |
| ബ്ലോക്ക്പഞ്ചായത്ത് മണ്ഡലം | : | വേളം. |
| എം. പി. | : | ശ്രീ. ഒ. ഭരതൻ |
| എം. എൽ. എ. | : | ശ്രീ. എ. കണാരൻ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : | ശ്രീ. പി. ആർ. പത്മനാഭനടിയോടി |
| ബ്ലോക്ക്പഞ്ചായത്ത് മെമ്പർ | : | ഡോ: ആർ. ബി. അടിയോടി |
| ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് | : | ശ്രീ. കെ. പാത്തു |

| | | |
|---|---|---|
| വിസ്തീർണ്ണം | : | 25.6 ച. കി. മീ. |
| ജനസംഖ്യ | : | 22888 |
| ജനസാന്ദ്രത | : | 894/ച. കി. മീ. |
| മണ്ണ് | : | ചരൽമണ്ണ് |

അതിരുകൾ :

വടക്ക്—പുറമേരി , കുററ്യാടി പഞ്ചായത്തുകൾ

തെക്ക്—ഗുളികപ്പുഴ

കിഴക്ക്— കുററ്യാടിപ്പുഴ

പടിഞ്ഞാറ്—കുററള്ളൂർതോട്

ആയഞ്ചേരി പഞ്ചായത്ത്

# ഒരുവാക്ക്.

ഏറെ പ്രതീക്ഷകളോടെ ഒരു ജനകീയ പദ്ധതിക്ക് 1997 ഏപ്രിൽ 1–ാം തിയ്യതി തുടക്കമിടുകയാണ്; 9–ാം പദ്ധതിക്ക്.

സമയബന്ധിതമായി പലതും ചെയ്യാനുണ്ടായിരുന്നു. ദ്വിതീയ വിവര ശേഖരണം, പ്രാഥമിക വിവര ശേഖരണം എല്ലാം. പ്രാഥമിക വിവരം കിട്ടിയേയില്ല ! ദ്വിതീയ വിവരങ്ങൾ പര്യാപ്തവുമല്ല!

എങ്കിലും, വിശ്രമമില്ലാത്ത ഏതാനും പേരുടെ പ്രവർത്തന ഫല മായി രൂപംകൊണ്ട ഈ വികസനരേഖ ഞങ്ങൾ പൊതുജന സമക്ഷം സമർപ്പിക്കട്ടെ!

ഇതിനായി പ്രവർത്തിച്ച എല്ലാവർക്കും, പ്രത്യേകിച്ച്, എൻ. ശ്രീധരൻ നമ്പ്യാർ (റിട്ട: അസി: റജിസ്ട്രാർ) പി. രാധാകൃഷ്ണൻ മാസ്ററർ, കെ. ടി. രാജൻ, ടി. പുഷ്പ, ടി. സി മണിമാസ്ററർ, ഒ. കെ. കുറുപ്പ്, കോമത്ത് പോക്കർ, പി. പി. സത്യൻ എന്നീ മഹാമനസ്ക്കർക്കും നന്ദി:

ഭംഗിയായി ഇതിൻെറ പ്രതികൾ അച്ചടിച്ചുതന്ന ലിപി, പൂള ക്കൂലിനും ഈ അവസരത്തിൽ നന്ദി.

പൂർണ്ണത അവകാശപ്പെടുന്നില്ല.
പിശകുകളും ഒട്ടേറെ കണ്ടേക്കാം. ക്ഷമിക്കുക; പൂർണ്ണമാക്കുക!

"………രേഖാ " പ്രവർത്തകർ

# എഡിറേറാറിയൽ

★ എൻ. കെ. കാളിയത്ത് (ചീഫ് എഡിററർ)

★ എം. എ. കുഞ്ഞബ്ദുള്ള

★ എൻ. കെ. ശശീന്ദ്രൻ

★ കെ. പി. മുനീറ ടീച്ചർ

★ കെ. കെ. ബാലൻ മാസ്ററർ

★ വി. കെ. സുധീർ

★ എ. എ. രാജൻ

രൂപടം: വി. കെ. സുധീർ

കവർ: ടി. സി. മണികണ്ഠൻ അരൂർ.

മേനേജിങ്ങ് എഡിററർ: ശ്രീമതി. കെ. പാത്തുടീച്ചർ

അച്ചടി : ലിപി, പൂളക്കൂൽ.

# സ്മരണാഞ്ജലി.

## ശ്രീ. ആർ. കെ. പോക്കർഹാജി.

വേളം ഗ്രാമപഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടായിരുന്ന പ്രഗത്ഭമായ പുരാതന മുസ്ലിം തറവാടായ രയരോത്ത് എന്നവീട്ടിൽ കുഞ്ഞമ്മത്കുട്ടിഹാജിയുടേയും കുഞ്ഞാമിയുടേയും പുത്രനായി ജനിച്ച രയരോത്ത് കുഞ്ഞിപോക്കർഹാജി. പഞ്ചായത്തിലെ മുസ്ലിംകളുടെ സമുന്നത നേതാവായിരുന്ന അദ്ദേഹം. എല്ലാവിഭാഗം ജനങ്ങളുടേയും കണ്ണിലുണ്ണിയായ അദ്ദേഹം ചേരാപുരം അംശം അധികാരിയുമായിരുന്നു. കോൺഗ്രസ്സുകാരനായി 'കുരുവി' അടയാളത്തിൽ അന്നത്തെ ഒന്നാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ആറ് കൊല്ലക്കാലം പഞ്ചായത്ത് പ്രസിഡണ്ടായി തുടർന്നു. ജനാധിപത്യത്തിന്റെ വെറും നോക്കുകുത്തിമാത്രമാണ്, അധികാരങ്ങൾക്ക് കോൽചങ്ങലയിട്ട പഞ്ചായത്ത് സംവിധാന മെന്നതിലും, ഉദ്യോഗസ്ഥ മേധാവിത്വത്തിലും പ്രതിഷേധിച്ച് പ്രസിഡണ്ട് പദം അദ്ദേഹം രാജിവെക്കുകയുണ്ടായി. 1982ൽ അന്തരിച്ചു.

## ശ്രീ. പൂവ്വോള്ളതിൽ കുഞ്ഞിരാമൻ

ഒന്നാം പഞ്ചായത്ത് ഭരണസമിതിയിലെ അംഗമായിരുന്ന ശ്രീ. പൂവ്വോള്ളതിൽ കുഞ്ഞിരാമൻ ശൂലകണ്ടിയിൽ എന്ന പ്രമുഖ തിയ്യർ തറവാട്ടിലെ പുറത്തൂട്ടയിൽ ചങ്ങരന്റെയും ചിരുതയുടേയും മകനായി ജനിച്ചു. വേളംപഞ്ചായത്തിലെ കർഷകപ്രസ്ഥാനത്തിന്റെ വളർച്ചയിൽ സുപ്രധാനമായ പങ്കുവഹിച്ച കുഞ്ഞിരാമൻ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി പഞ്ചായത്ത് ഭരണസമിതിയിലേക്ക് മത്സരിച്ച് ജയിച്ചു. വസൂരിരോഗം ബാധിച്ച് അകാലത്ത് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു.

## ശ്രീ. കമ്മന കുഞ്ഞിരാമൻ

1988 മുതൽ 1993 ജൂൺവരെ വേളംപഞ്ചായത്തിന്റെ വൈസ് പ്രസിഡണ്ടായിരുന്ന ശ്രീ. കമ്മന കുഞ്ഞിരാമൻ. അദ്ദേഹം കർഷകതൊഴിലാളികളുടേയും മണിമല പ്ലാന്റേഷൻ തൊഴിലാളികളുടേയും കമ്മ്യൂണിസ്റ്റ്പാർട്ടി ഓഫ്ഇന്ത്യ (മാർക്സിസ്റ്റ്) യുടെയും നേതാവായിരുന്നു. എല്ലാവരുടേയും സ്നേഹാദരവുകൾ നേടിയെടുത്ത അദ്ദേഹത്തിന്റെ അച്ഛൻ ശ്രീ. കണ്ണനും അമ്മ ശ്രീമതി ചിരുതയുമാണ്. മസ്തിഷ്കാർബുദത്താൽ 52-ാം വയസ്സിൽ പഞ്ചായത്ത് വൈസ്പ്രസിഡണ്ടായിരിക്കേ 1993ൽ അന്തരിച്ചു.

## വേളം ഗ്രാമ പഞ്ചായത്ത്

ഞങ്ങളുടെ ബഹു. പ്രസിഡണ്ട്



ശ്രീമതി. കെ.പാത്തു ടീച്ചർ

| വേണ്ട | വേണം |
| --- | --- |
| ലോറിയരിവേണ്ട | നമ്മുടെപഴയരി |
| ലോറിക്കറിവേണ്ട | നമ്മുടെ പച്ചക്കറി |
| ലോറിമീൻ | നമ്മുടെനാടൻ |
| ലോറിമാംസവും | കോഴിമുട്ടയും |
| നമ്മുക്കിനി | പാലും |
| വേണ്ടേ, വേണ്ട | നമ്മുടെനാടൻ |
| ലോറിമുട്ടയും | ആട്ടിറച്ചിയും |
| ലോറിപാൽ | മാട്ടിറച്ചിയും |
| ഒന്നും | പന്നിമാംസവും |
| നമുക്കിനി | മുയൽമാംസവും |
| വേണ്ടേ ! വേണ്ട ! | വേണം . വേണം. |

## വേണം നമുക്കൊരു വികസന സംസ്കാരം.

| | |
| --- | --- |
| പാലവും | ഉണ്ണാനരി |
| പാതയും | പണമെണ്ണാൻ |
| ഇംഗ്ലീഷ് | തേങ്ങ |
| മീഡിയം | കുടിക്കാൻ |
| വിദ്യാലയങ്ങളും | കുടിവെള്ളം |
| ഡോക്ടറി | കുടിപാർപ്പിടം |
| ല്ലാത്ത | സഹകരണം |
| ആശുപ | സംഭരണം |
| ത്രികളും | മണ്ണിനും |
| **അല്ല** | തണലിനും |
| **വികസനം.** | ഒരുതോപ്പി |
| | ലൊരുവേപ്പ് |
| | ഒരുനോക്കിൽ |
| | ഒരുതേക്ക് |
| | **അതാണ്** |
| | **വികസനം.** |

പണക്കാരുണ്ടിവിടെ
പണിക്കാരും,

അലസതയാലലയാതെ
ഉണരുണരൂ വൈകാതെ!

അലറട്ടെ യന്ത്രങ്ങൾ
ഉയരട്ടെ തീപ്പുകകൾ!

★ ★ ★

ഒരു പുത്തൻവ്യവസായ
തീജ്ജ്വാലകൾ പടരട്ടെ
ഒരു പുത്തൻവ്യവസായ
യന്ത്രോച്ചകൾ കേൾക്കട്ടെ!

# ഉപക്രമം

ഭാരതം! ഭൂലോക ഭൂപടത്തിൽ അന്തസ്സോടെ തലയുയർത്തി നിൽക്കുന്നു. സ്വാതന്ത്ര്യത്തിൻെറ സുവർണ്ണ ജൂബിലി ആഘോഷിക്കയാണ് നാം. ഈജൂബിലി വർഷത്തിലേക്ക് കാലെടുത്ത് കുത്തുമ്പോൾ നാം എട്ട് പഞ്ചവത്സര പദ്ധതികളെ പിന്നിടുകയായിരുന്നു. ഒട്ടേറെ വളർച്ച നമ്മുടെ നാടിനുണ്ടായി.

സോവിയററ് യൂനിയനിലെ സപ്തവത്സര പദ്ധതി മാതൃകയാക്കി നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി ജവഹർലാൽ ഒന്നാം പഞ്ചവത്സര പദ്ധതി ആവിഷ്കരിച്ചപ്പോൾ, മഹാത്മജിയുടെ ഗ്രാമസ്വരാജ് സങ്കല്പവും, ശ്രീ രവീന്ദ്രനാഥിൻെറ ശ്രീനികേതൻസങ്കല്പവും അദ്ദേഹവും, നമ്മളും ഒപ്പം പ്രതീക്ഷിച്ചു. എന്നാൽ ഉദ്ദേശിച്ചിടത്തേക്ക് കാര്യങ്ങൾക്ക് നീങ്ങാൻ കഴിയാതെ പോയപ്പോൾ ഇന്ത്യ ഒന്നാകെ നിരാശയിലേക്ക് നീങ്ങുകയായിരുന്നു.ജവഹർലാൽജി പറഞ്ഞു—''പദ്ധതികളുടെ നേട്ടം ജനങ്ങളിലേക്കെത്തിക്കാൻ ഇതൊന്നും പോരാ; വേറെ മാർഗ്ഗങ്ങൾ കണ്ടെത്തണം.''

രണ്ടാം പദ്ധതി കുറെക്കൂടി ജനകീയമാക്കാനും പഴയകാല വൈകല്യങ്ങൾ പരിഹരിക്കാനും ആസൂത്രണ ബോർഡ് അംഗങ്ങൾക്ക് തന്നെ, പദ്ധതി ആമുഖത്തിൽ നിർദ്ദേശിക്കേണ്ടതായും വന്നു. വിഭിന്ന ഭൂപ്രകൃതിയും ജനപ്രകൃതിയും ഉള്ളൊരു നാടിൻെറ വിഭിന്ന മുഖംകാണാതെയുള്ള ആസൂത്രണം നാടിൻെറ വളർച്ചാ പ്രയാണത്തിൽ ഏറെ തടസ്സങ്ങൾ സൃഷ്ടിച്ചു. വിരലിലെണ്ണാവുന്ന ഏതാനും ബുദ്ധിജീവികളും ഏതാനും ഉദ്യോഗസ്ഥ വെള്ളാനകളും ജനമനസ്സുകളറിയാതെ പദ്ധതികൾ രൂപപ്പെടുത്തുകയായിരുന്നു. തൽഫലമായി എട്ട് പദ്ധതികൾക്കും പൂർണ്ണലക്ഷ്യം കൈവരിക്കാൻ കഴിയാതെപോയി.

ജനങ്ങളിലേക്കിറങ്ങി അവരോടൊപ്പം നടന്ന് അവരുടെ ഉൾത്തുടിപ്പ് മനസ്സിലാക്കിയ പ്രയോഗമതികളും സേവനോത്സുകരുമായ ബുദ്ധിജീവികളും ജനനേതാക്കളും ഒരു ജനകീയ പ്രസ്ഥാനത്തിലൂടെ ആസൂത്രണവും നടത്തിപ്പും ജനകീയമാക്കാൻ പ്രചാരണവും പ്രവർത്തന പരിപാടികളും ആവിഷ്കരിച്ചു.

ആയിരത്തിത്തൊള്ളായിരത്തി നാൽപത്തിയേഴ് ആഗസ്ത് പതിനഞ്ച് രാഷ്ട്രീയ മേഖലയിൽ ഒട്ടേറെ സ്വാതന്ത്ര്യം നമുക്ക് സംഭാവന ചെയ്തു. എങ്കിലും, ഒരുപററം പുതിയ മേലാളരുടെയും ബ്യൂറോക്രാററുകളുടെയും കൈപ്പിടിയിൽ എന്തുകൊണ്ടോ സ്വാതന്ത്ര്യം ഞെരിഞ്ഞമരുകയായിരുന്നു. മന്ത്രിമാരിലും പരിമിതമായ നിയമസഭാ സാമാജികരിലും വെള്ളക്കോളർ ഉദ്യോഗസ്ഥരിലും ഒതുങ്ങിനിന്ന വികസനം ജനങ്ങളിലേക്ക് ഇറക്കിക്കൊണ്ടുവരാൻ അതുകൊണ്ടുതന്നെ സാധിച്ചില്ല. ഗ്രാമങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനകീയ സമിതികളുടെ കൈകളിലേയ്ക്ക് അധികാരങ്ങൾ കിട്ടണം.

1957ൽ കേരളത്തിൽ അധികാരമേററ ഒന്നാമത്തെ മന്ത്രിസഭ പഞ്ചായത്തുകൾക്ക് അധികാരങ്ങൾ കൈമാറാനുള്ള ചുവടുവെപ്പുകൾ ആരംഭിച്ചിരുന്നു. പക്ഷെ പൂർത്തിയാക്കാൻ കഴിയുംമുമ്പ് ആ ഗവൺമെൻറ് പുറത്താക്കപ്പെട്ടു. പിന്നീട് വന്ന സർക്കാരുകൾ ഈ മേഖലയിലേക്ക് ശ്രദ്ധ പതിപ്പിച്ചില്ല. 1967ലെ സപ്തകക്ഷി സർക്കാരിലെ പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എം. പി. എം. അഹമ്മദ് കുട്ടി കുരിക്കൾ ഈ ശ്രമവുമായി വളരെയേറെ മുന്നോട്ട് പോയെങ്കിലും അന്നും പൂർത്തീകരിക്കപ്പെടുംമുമ്പ് ആ സർക്കാരും പുറന്തള്ളപ്പെട്ടു. എന്നാൽ 64, 65 ഭരണഘടനാ ഭേദഗതിയിലൂടെ ശ്രീ. രാജീവ്ഗാന്ധി ''പഞ്ചായത്ത് രാജ്'' അജണ്ടയിലേക്ക് കൊണ്ടുവന്നതോടെയാണ് വീണ്ടും ഈ രംഗം ശ്രദ്ധയിലേക്ക് വന്നത്. 64, 65 ഭരണഘടനാ ഭേദഗതിക്ക് സാർവ്വത്രിക അംഗീകാരം ലഭിച്ചില്ല എന്നാൽ ഒരു സമവായത്തിലൂടെ ശ്രീ നരസിംഹറാവു സർക്കാർ 73, 74 ഭേദഗതികൾ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കുകയും സംസ്ഥാനങ്ങൾ നിർബ്ബന്ധമായും പഞ്ചായത്ത്‌രാജ് നിയമങ്ങൾ പാസ്സാക്കി നടപ്പിലാക്കണമെന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിക്കുകയും ചെയ്തു. അതോടെ കേരളത്തിൽ 1994ൽ ''പഞ്ചായത്ത്‌രാജ്'' നിയമം നിലവിൽവന്നു. എങ്കിലും അതിൻപടിയുള്ള അധികാരങ്ങൾ മുഴുവൻ ജനകീയ പഞ്ചായത്തുകൾക്ക് പങ്കിടുന്നതിന് വൈമനസ്യം തുടരുകയാണ്. ഇപ്പോൾ ഗവൺമെൻറ് സെൻ കമ്മിററിയെ നിയോഗിച്ച് അധികാര വികേന്ദ്രീകരണത്തിനുള്ള നിയമ നടപടികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. അധികാരത്തിൻെറ വരവും പ്രതീക്ഷിച്ച് പഞ്ചായത്ത് ഭരണസമിതിയും ജനങ്ങളും ഇനിയമെത്രനാൾ കാത്തിരിക്കേണ്ടിവരും? ഏറെകാത്തിരിക്കേണ്ടിവരില്ലെന്ന് പ്രതീക്ഷിക്കട്ടെ.

അധികാരത്തിനുമാത്രം ഒരു പ്രദേശത്തെ പുരോഗമിപ്പിക്കുവാൻ കഴിയില്ലല്ലോ. അധികാരത്തോടൊപ്പം സമ്പത്തും അതിനിർണ്ണായകമായ ഒരു ഘടകമാണ് പഞ്ചായത്തുകളിലേക്ക് സാമ്പത്തിക വികേന്ദ്രീകരണവും ഉടനടി നടത്തേണ്ടിയിരിക്കുന്നു. ഒമ്പതാം പദ്ധതിയുടെ 35–40ശതമാനം തുക പഞ്ചായത്തുകളിലൂടെ ചെലവഴിക്കപ്പെടുമെന്ന് ആസൂത്രണബോർഡിന്റെ പ്രഖ്യാപനം നമുക്ക് ആശ്വാസംതരുന്നു. മുൻസൂചിപ്പിച്ചപോലെ ഗുണഭോക്തൃ പങ്കാളിത്തമില്ലാത്ത ആസൂത്രണത്തിന്റെ ഫലമായി വേളം പോലെയുള്ള പഞ്ചായത്തുകൾ വികസിച്ചില്ലെന്ന് മാത്രമല്ല പിന്നണിയിൽ നിന്നും പിന്നണിയിലേക്ക് കൂപ്പുകുത്തുകയായിരുന്നു. എന്നാൽ ഇവിടെ യാതൊരു വികസന പ്രവർത്തനവും നടന്നില്ല, എന്ന് ഇതിന് അർത്ഥമാക്കുകയും അരുത്. സേവന മേഖലകളിൽതന്നെയാണ്. വികസന രംഗത്ത് പ്രഥമ സ്ഥാനം കൊടുത്തത്. ഇതിന് പ്രധാന കാരണമായി പറയാവുന്നത് ഈ പഞ്ചായത്തിൽ വരുന്ന ഗൾഫ് പണം തന്നെയാണ്. കാർഷിക മേഖലയിൽ പിറകോട്ടടിയും വ്യാവസായിക മേഖലയിലേക്ക് കടന്നുവരാനുള്ള ആളുകളുടെ വൈമുഖ്യവും ഈ പഞ്ചായത്തിനെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ആതുരതകളാണ്.

പഞ്ചായത്ത് രാജ് നിയമം ഗ്രാമസഭകൾക്ക് രൂപം കൊടുത്തതോടെ വികസനത്തിൽ പങ്കാളികളാവാൻ സാധാരണ ജനങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. ജനങ്ങളിലേക്ക് അധികാരം പകുത്തുകൊടുക്കാൻ ശ്രദ്ധയുള്ള കേരള ഗവൺമെന്റ് ആ വഴിക്ക് നീങ്ങിത്തുടങ്ങിയതും നമ്മെ സംതൃപ്തരാക്കുന്നു.

''അധികാരം ജനങ്ങളിലേക്ക്'' എന്ന മുദ്രാവാക്യം പ്രായോഗികരംഗത്ത് പരീക്ഷിക്കപ്പെടുകയാണ്. ലോകത്തിലാദ്യമായി സാമാന്യ ജനങ്ങൾക്ക് പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള സുതാര്യമായ ഒരു ജനകീയ പദ്ധതിയായി 9–ാം പദ്ധതിയെ മാററാൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ ജനകീയ പദ്ധതിയെ വേളം പഞ്ചാത്ത് സസ്സാത്മനാ സ്വാഗതം ചെയ്യുന്നു.

1996 സപ്തംബർ 19, 21, 22, 29, ഒക്ടോബർ 1 തിയ്യതികളായി വേളം ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ വിപുലമായി സമ്മേളിച്ച് വിശദമായ ചർച്ചകളിലൂടെ നിർദ്ദേശിച്ച പദ്ധതികളുടെ സംക്ഷിപ്തരൂപം ബഹുമാന്യരായ വികസന സെമിനാർ പ്രതിനിധികളുടേയും ഉദ്യോഗപ്രമുഖരുടേയും മുമ്പിൽ ചർച്ചയ്ക്കായി അവതരിപ്പിക്കുന്നു.

മാന്യരെ, നിങ്ങളുടെ ചർച്ച ഈ രേഖയെ സമ്പുഷ്ടമാക്കുന്നതിന് സഹായകരമായ രീതിയിൽ വിനിയോഗിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

# വേളം ഗ്രാമ പഞ്ചായത്ത്

## പ്രഥമ പ്രസിഡണ്ട്



ശ്രീ. ആർ.കെ.പോക്കർ ഹാജി

## പിൽക്കാല പ്രസിഡണ്ടുമാർ



ശ്രീ. തായന ഗോാലൻ നായർ



സ്രീ. കണ്ണങ്കോടൻ കണ്ടി
കുഞ്ഞബ്ദുള്ള ഹാജി



ശ്രീ. എൽ.കെ.കാളിയത്ത്

## പിൽക്കാല വൈസ് പ്രസിഡണ്ടുമാർ



ശ്രീ. കൊമ്മാടി കുഞ്ഞബ്ദുള്ള ഹാജി



ശ്രീ. എൽ.വി.അബ്ദുള്ള



ശ്രീ. കമ്മന കുഞ്ഞിരാമൻ(Late)

# വേളം ഗ്രാമ പഞ്ചായത്ത്

വൈസ് പ്രസിഡണ്ട്



ശ്രീ. കെ.പോക്കർ

സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ



ശ്രീ. വി. അബ്ദുറഹിമാൻ മാസ്റ്റർ

# ഭൂപ്രകൃതിയും ജനപ്രകൃതിയും

വടകര താലൂക്കിൻെറ തെക്ക് കിഴായി സ്ഥിതി ചെയ്യുന്ന ചതുരാകൃതിയിലുള്ള ഒരു ഭൂപ്രദേശമാണ് വേളം ഗ്രാമപഞ്ചായത്ത്. വിസ്തീർണ്ണം 25. 6 ച. കി. മി. ആണ് തെക്ക്വടക്ക് 5. 5 കി മി നീളവും കിഴക്ക്പടിഞ്ഞാറ് 4. 8 1 കി. മി. വീതിയുമണ്ട് നിമ്നോന്നതമായ ഭൂ ഭാഗമാണ് ഇത്. മധ്യ ഭാഗത്തായി ഉയർന്നു നിൽക്കുന്ന മണിമല, വടക്ക് ഭാഗത്തായിതുവ്വമല, മയിലാടിക്കുന്ന് കാപ്പുമല എന്നിവയും എകദേശം തെക്കുകിഴക്കായി കുളിക്കുന്നും ആലക്കാട്തറകുന്നും ഏകദേശം വടക്ക് കിഴക്കായി ഒഴിഞ്ഞിലോട്ട്തറകുന്നും വടക്ക് മധ്യഭാഗത്തായി കണ്ടിവീട്കുന്നും ഇവിടെ സ്ഥിതിചെയ്യുന്നു. ഇടകലന്ന് സമതല പ്രദേശങ്ങളും നെൽപാടങ്ങളും ഈ പ്രദേശത്തിന് രമണീയത നൽകുന്നു. സമുദ്രനിരപ്പിൽനിന്നും ഏറെ എഴുന്നുനിൽക്കുന്ന മണിമലയുടെ ഉച്ചിയിൽ നിന്നും അകലെ''വെള്ളിയാംകല്ല്''' നോക്കികാണാം

പ്രകൃതിയുടെ ഒട്ടേറെ അനുഗ്രഹങ്ങളേററു വാങ്ങിയ വേളത്തിൻെറ കിഴക്കും, തെക്കും കുററ്യാടിപ്പുഴയും പടിഞ്ഞാററ് കുററള്ളൂർതോടും നമുക്ക് ആവശ്യമായ ജലതാദാവ് എന്ന നിലയിൽ ഒഴകിക്കൊണ്ടിരിക്കുന്നു. വടക്ക് പുറമേരി പഞ്ചായത്തിലെ അരൂർ വില്ലേജും കുററ്യാടി പഞ്ചായത്തിലെ ഊരത്ത് വടയം ദേശങ്ങളുമാണ്. പടിഞ്ഞാററ് ആയഞ്ചേരി പഞ്ചായത്തിലെ ആയഞ്ചേരി വില്ലേജും അരൂർ വില്ലേജിൻെറ ഏതാനും ഭാഗങ്ങളും. തിരുവള്ളൂർ പഞ്ചായത്തിലെ തിരുവള്ളൂർ വില്ലേജും അതിർത്തികളാണ്.

പഞ്ചായത്തിൻെറ കിഴക്ക് തെക്ക് ഭാഗങ്ങളിലൂടെ ഒഴുകുന്ന ഗുളികപ്പുഴ, കോട്ടക്കൽപുഴ അഥവാ കുററ്യാടിപ്പുഴ എന്നറിയപ്പെടുന്ന പുഴയുടെ ഭാഗമാണ്. ഇത് അറബിക്കടലിൽ ചെന്നുചേരുന്നു. വേളം പഞ്ചായത്തിൻെറ പഴയകാലത്തെ സുപ്രധാന ഗതാഗത മാർഗ്ഗമായിരുന്നു ഗുളികപ്പുഴ. കൊല്ലങ്ങൾക്ക് മുമ്പ് കുററ്യാടിയിൽ നിന്നും ഈ പുഴയിലൂടെ വടകര മൂരാട്ടേക്ക് മോട്ടോർബോട്ട് സർവ്വീസ് നടത്തിയിരുന്നു. ചന്ദ്രിക മോട്ടോർബോട്ട് സർവ്വീസ് എന്നായിരുന്നു ഇതിൻെറ പേര്.

തെങ്ങ്, കവുങ്ങ്, റബ്ബർ, കശുമാവ്, നെല്ല്, വാഴ, മരച്ചീനി എന്നിവയാണ് മുഖ്യ കാർഷിക വിളകൾ. കാർഷിക രംഗം പല കാരണങ്ങളാൽ പിറകോട്ടടിക്കുകയാണ്. വിശദമായി കാർഷിക രംഗത്ത് പ്രതിപാദിക്കുന്നതാണ്.

1991ലെ കാനേഷുമായി കണക്കനുസരിച്ച് വേളം ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 22,888ആണ്. ഇതിൽ 11,235 പുരുഷൻമാരും 11.658 സ്ത്രീകളുമാണ്. പഞ്ചായത്ത് സ്ഥിതിവിവരക്കണക്കുകൾ ചുവടെ കൊടുക്കുന്നുണ്ട്.

പൊതുവെ കരഭൂമിയിലെ മണ്ണിൻെറ സ്വഭാവം ചരൽക്കല്ല് നിറഞ്ഞതാണ്. തെക്ക് കിഴക്ക് ഭാഗത്ത് ഇഷ്ടികയ്ക്കും, ഓടിനും അനുയോജ്യമായ ഒന്നാംതരം കളിമണ്ണുണ്ട്. മററു ചിലസ്ഥലങ്ങളിൽ പൈന്തകളിമണ്ണിനോട് സാമ്യമുള്ള ഒരുതരം വെളുത്ത മണ്ണും. വടക്ക് പടിഞ്ഞാർ ഭാഗത്തുള്ള ചില വയലുകളിൽ പഞ്ചാര മണലും കാണപ്പെടുന്നു. (നല്ല വെളുപ്പ് നിറമുള്ള മണൽ) പടിഞ്ഞാററ് ഭാഗത്ത് പുഞ്ചകൃഷിചെയ്യുന്ന എപ്പോഴും വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശത്തിന പുഞ്ചപ്പാണ്ടി എന്നുപറയുന്നു. ഇവിടെയും വളരെ ആഴത്തിൽ ഒന്നാംതരം കളിമണ്ണാണ് ഉള്ളത്. ഈ പാണ്ടിനിലങ്ങളിൽ സുലഭമായി ശുദ്ധജല മത്സ്യങ്ങളെകാണാം. വേനൽക്കാലത്ത് പാവപ്പെട്ട ഹരിജൻ കർഷക തൊഴിലാളികൾ ഈ മത്സ്യങ്ങളെ പ്രാകൃതമായ രീതിയിൽ പിടിച്ച്വിററ് ഉപജീവനം കഴിയുന്നു.

കുഞ്ഞുകുന്ന്, കുളിക്കുന്ന്, കോയ്യാറക്കുന്ന്, മണിമല, തുവ്വമല മങ്ങാട്കുന്ന്എന്നിങ്ങനെ മിക്കവാർഡുകളിലെയും ചിലഭാഗങ്ങൾ ചെങ്കല്ല്നിറഞ്ഞ ഭൂപ്രകൃതിയാണ്. വട്ടക്കണ്ടിപ്പാറ, മണിമല, മണിമല എസ്റ്റേററ് മുന്നായിപ്പാറ, പൊട്ടൻപാറ, തയ്യാട്ട്പാറ, തായനപാറ, മണിമല, തിയ്യർകുന്ന്പാറ, എന്നീ കരിമ്പാറകെട്ടുകളും ഇവിടെയുണ്ട്. പാറപൊട്ടിച്ച് ഉപജീവനം കഴിക്കുന്ന ഏതാനും കുടുംബങ്ങൾ ഇവിടെയുണ്ട്.

പ്രധാന തൊഴിൽ കൃഷിയും കച്ചവടവുമാണ്. രണ്ട് ജോലികളിലും ഏർപ്പെട്ടവരും ഉണ്ട്. പണിയെടുത്ത് ജീവിക്കുന്നവർ ഏഴായിരത്തിനുമേലെവരും ഇതിൽ ഭൂരിഭാഗവും കാർഷിക നിർമ്മാണ രംഗത്ത് ജോലിചെയ്യുന്നവരാണ്.

കുളങ്ങരത്ത്, അരൂർ, ഗുളികപ്പുഴറോഡ് തെക്ക വടക്കായും, വടകര–കാവിൽ കുററ്യാടി റോഡ് കിഴക്ക് പടിഞ്ഞാറായും ഈ ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. കുററ്യാടി-കൈപ്രംകടവ് റോഡ്, പൊക്കാറത്ത് താഴ, പള്ളിയത്ത് പെരുവയൽ റോഡ് എന്നിവയും ഈ പഞ്ചായത്തിലെ പ്രധാന റോഡുകളാണ്.

(ഗതാഗതം എന്ന അദ്ധ്യായത്തിൽ ഇതു സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നതാണ്.)

പൂർണ്ണ സാക്ഷരത കൈവന്നു എന്ന് അവകാശപ്പെടാമെങ്കിലും നിരക്ഷരതയുടെ തീരാശാപത്തിൽ നിന്നും മോചിതരല്ല വേളം ഗ്രാമവാസികൾ.

## വേളം ഗ്രാമ പഞ്ചായത്ത് സ്ഥിതിവിവരക്കണക്കുകൾ.

താലൂക്ക്: വടകര ജില്ല: കോഴിക്കോട്.
വികസനബ്ലോക്ക്: കുന്നുമ്മൽ.
അതിരുകൾ:

വടക്ക് : പുറമേരി പഞ്ചായത്ത്, കുററ്യാടി പഞ്ചായത്ത്
തെക്ക് : ഗുളികപ്പുഴപാലം, ചെറുവണ്ണൂർ പഞ്ചായത്ത്
കിഴക്ക് : കുററ്യാടിപ്പുഴ, ചങ്ങരോത്ത് പഞ്ചായത്ത്
പടിഞ്ഞാറ്: കുററള്ളൂർതോട്, ആയഞ്ചേരി തിരുവള്ളൂർ പഞ്ചായത്ത്.

| | | |
|---|---|---|
| വിസ്തീർണ്ണം | : | 25.6. ച. കി. മി. |
| നഞ്ചഭൂമി | : | 457 ഹെക്ടർ |
| കരഭൂമി | : | 2123 ,, |
| ആൾതാമസമുള്ള വീടുകൾ | : | 4655 |
| വീട്ടുടമകൾ | : | 4056 |

| ആകെ ജനസംഖ്യ | | പു | സ്ത്രീ |
|---|---|---|---|
| (സ്ഥാപനങ്ങളിലുള്ളവരും അല്ലാത്തവരും ഉൾപ്പെടെ) | 22888 | 11235 | 11653 |
| വയസ്സ് "0"മുതൽ 6വരെ | 3620 | 1826 | 1794 |
| പട്ടികജാതിക്കാർ | 1034 | 497 | 537 |
| സാക്ഷരർ | 16444 | 8685 | 7759 |
| ആകെ പണിയാളർ | 4966 | 4091 | 871 |
| കർഷകർ | 570 | 512 | 58 |
| കർഷക തൊഴിലാളികൾ | | 728 | 536 |
| കന്നുകാലിവളർത്തൽ, വനവൽക്കരണം, മത്സ്യബന്ധനം, തോട്ടപുര അനുബന്ധ പ്രവർത്തികളും | | 670 | 44 |
| കരിങ്കൽ, ചെങ്കൽ ഖനനം | | 162 | 12 |
| കുടിൽ വ്യവസായവും മററു നിർമ്മാണ തൊഴിലുകളിലേർപ്പെടുന്നവരും | | 55 | 48 |
| കുടിൽ വ്യവസായത്തിൽപെടാത്ത മററു നിർമ്മാണ തൊഴിലാളികൾ | | 157 | 35 |
| കെട്ടിട നിർമ്മാണം | | 304 | 19 |
| വ്യാപാരം, വ്യവസായം | | 793 | 14 |
| ഗതാഗതം വാർത്താവിനിമയം | | 204 | 114 |
| സംഭരണം | | 506 | 91 |
| മററ് തൊഴിലുകൾ | | 587 | 602 |
| ഭാഗിക തൊഴിലുകൾ | | 6559 | 10178 |

മുഖ്യവിളകൾ : തെങ്ങ്, നെല്ല്, കവുങ്ങ്, റബ്ബർ, വാഴ
മണ്ണിന്റെ സ്വഭാവം : ചരക്കൽനിറഞ്ഞത്.

| | |
|---|---|
| പട്ടികജാതികോളനി | 3 |
| പഞ്ചായത്ത് ഗ്രന്ഥാലയം | 1 |
| എ.കെ.ജി. സ്മാരക ഗ്രന്ഥാലയം | 1 |
| വൈദ്യുതീകരിച്ച വീടുകൾ | 1250 |
| ചെറുകിടവ്യവസായ യൂനിററ് | 3 |
| പൊതു റോഡുകൾ | 28 കി. മി. |
| പഞ്ചായത്ത് റോഡുകൾ | 58 . 146 കി.മി. |
| വാടക വാഹനങ്ങൾ | 20 |
| തപാലാഫീസ് | 3 |
| പരീക്ഷണതപാലാഫീസ് | 2 |
| ടെലിഫോൺ | 17 |
| പബ്ലിക് ബൂത്ത് | 1 |
| ബാങ്ക് (ഗ്രാമീണബാങ്ക്) | 1 |
| സഹകരണസ്ഥാപനം | 1 |
| ഹൈസ്കൂളുകൾ | 1 |
| യു. പി. സ്കൂളുകൾ | 2 |
| എൽ. പി. സ്കൂളുകൾ | 9 |
| പ്രാഥമികാരോഗ്യകേന്ദ്രം | 1 |
| സർക്കാർ ഡോക്ടർ | 1 |
| ഹോമിയോ ഡോക്ടർ | ഇല്ല |
| സക്കാർ ആയുർവ്വേദ ചികിത്സാകേന്ദ്രം | 1 |
| റേഷൻ കടകൾ | 8 |
| മാവേലിസ്റ്റോർ | ഇല്ല |
| കോൺക്രീററ് വീടുകൾ | 350 |
| ഓടിട്ടവീടുകൾ | 1700 |
| ഓലപ്പുരകൾ | 2055 |

ചേരാപുരം ജലവിതരണമാർഗ്ഗം എന്നപേരിൽ കുററ്യാടി പദ്ധതിയുടെ ഒരു ഉപകനാലുണ്ട്, 8 പഞ്ചായത്ത് കിണറുകൾ, 4 കുഴൽകിണറുകൾ എന്നിവക്ക് പുറമേ കേരള ജല അതോറിററി പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ ആരംഭിച്ച പദ്ധതിയുടെ പ്രാഥമിക ജോലികളാരംഭിച്ചിട്ടുണ്ട്.

വാഹന ഗതാഗത കാര്യത്തിലും നിരത്തുകളുടെ കാര്യത്തിലും ശോച്യാവസ്ഥയിലായ വേളം പഞ്ചായത്ത് ജില്ലയിലെ അവികസിത പഞ്ചായത്തുകളിൽ ഒന്നാണ്.

## വേളം ഗ്രാമ പഞ്ചായത്ത് പഠന പര്യടന പഥം




| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| ഭൂ പ്രകൃതി | സമ തലം | ചെരിവ് | കുന്നിൻ മണ്ട | ചെരിവ് | സമതലം | ചെരിവ് | കുന്നിൻ മണ്ട |
| മൺതരം | കളി മണ്ണ് | പാറക്കെട്ട് ചെങ്കൽ പാളികൾ | പാറക്കെട്ട് കരിമണ്ണ് | കളിമണ്ണ് ചരൽമണ്ണ് | കളിമണ്ണ് ചരൽമണ്ണ് | പാറക്കെട്ട് ചെങ്കൽ പാളികൾ | പാറക്കെട്ട് |
| സസ്യാവരണം | നെല്ല്, വാഴ | റബ്ബർ തെങ്ങ്, കശുമാവ് | റബർ | റബർ, തെങ്ങ് കശുമാവ് | നെല്ല് വാഴ മറ്റ് വൃക്ഷ ങ്ങൾ | തെങ്ങ്, കശുമാവ് | കശുമാവ് |
| പരിസ്ഥിതി പ്രശ്നം | പുഴ യോര മ ണ്ണൊലിപ്പ് കളിമൺ ഖനനം | പാറ പൊട്ടി ക്കൽ മണ്ണൊ ലിപ്പ് | പാറ പൊട്ടി ക്കൽ | മണ്ണൊ ലിപ്പ്, പാറ പൊട്ടി ക്കൽ | നെൽ വയൽ നികത്ത | മണ്ണൊ ലിപ്പ് | |

## വേളം ഗ്രാമ പഞ്ചായത്ത് പഠന പര്യടന പഥം




| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂ പ്രകൃതി | സമ തലം | ചെരിവ് | കുന്നിൻ മണ്ട | ചെരിവ് | ചെരിവ് | ചെരിവ് | സമതലം | ചെരിവ് | ചെരിവ് | ചെരിവ് | ചെരിവ് | സമതലം |
| മൺതരം | കളി മണ്ണ് | പാറ ക്കെട്ടുകൾ, കറുത്ത മണ്ണ് | കറുത്ത മണ്ണ് | പാറ ക്കെട്ടുകൾ, കറുത്ത മണ്ണ് | ചെങ്കല്ല് | ചെങ്കൽ കടന്ന | കളിമണ്ണ് | ചരൽ നിറഞ്ഞ മണ്ണ്, ചെങ്കല്ല് | ചരൽ നിറഞ്ഞ മണ്ണ് | ചെങ്കല്ല്, കടന്ന ക്കല്ല് | ചെങ്കല്ല്, കടന്ന ക്കല്ല് | കളിമണ്ണ് |
| സസ്യാവരണം | നെല്ല്, വാഴ, മരച്ചീനി, കമുങ്ങ് | തെങ്ങ്, കശുമാവ് | റബ്ബർ | റബ്ബർ, തെങ്ങ് | തെങ്ങ, കശുമാവ് | തെങ്ങ് കശുമാവ് | നെല്ല് വാഴ | തെങ്ങ് | തെങ്ങ് | തെങ്ങ് | തെങ്ങ് | നെല്ല്, വാഴ |
| പരിസ്ഥിതി പ്രശ്നം | പുഴയോര മണ്ണിടിച്ചൽ | മണ്ണൊലിപ്പ് | ജല ക്ഷാമം | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | പാടം നികത്ത | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | നീർകെട്ട് | നീർകെട്ട് |

# തിരിഞ്ഞുനോട്ടം

പഴയ മദിരാശി സംസ്ഥാനത്തിലെ മലബാർ ജില്ലയിൽ വള്ളുവനാട്, ഏറനാട്, കുറുമ്പനാട് എന്നിങ്ങനെ പത്ത് താലൂക്കുകളുണ്ടായിരുന്നു. കുറുമ്പനാട് താലൂക്കിൽ നൂററിനാല് അംശങ്ങളും, കുറുമ്പനാട് താലൂക്കിനെ പിന്നീട് കൊയിലാണ്ടി, വടകര താലൂക്കുകളായി വിഭജിച്ചു മുൻപറഞ്ഞ നൂററിനാല് അംശങ്ങളിൽ ചേരാപുരം, വേളം എന്നീ അംശങ്ങളും പെടുന്നു. അംശങ്ങളെയെല്ലാം അക്കാലത്ത് ദേശങ്ങളായി വിഭജിച്ചിരുന്നു. വേളം അംശം മൂന്ന് ദേശങ്ങൾ ഉൾക്കൊണ്ടതായിരുന്നു. വേളം, കുറിച്ചകം. ചെറുകുന്ന് എന്നിവയായിരുന്നു ദേശങ്ങൾ. ചേരാപുരം അംശത്തിന് ചേരാപുരം എന്ന ഒരൊററ ദേശം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അംശാതിർത്തികളും, ദേശാതിർത്തികളും കരിങ്കല്ലിൽ അടയാളപ്പെടുത്തി മണ്ണിനുമുകളിൽ കാണത്തക്ക നിലയിൽ കുഴിച്ചിടും, വലിയ പാറകളിൽ '×' അടയാളം കൊത്തിയുമാണ് വേർതിരിച്ചിട്ടുള്ളത്. ചേരാപുരം, വേളം എന്നീ അംശങ്ങളുടെ വിസ്തീർണ്ണം യഥാക്രമം 3107.21, 3072.475 ഏക്കർ ആണ്.

1960-ൽ ചേരാപുരം, വേളം എന്നീ അംശങ്ങൾ അവയുടെ എല്ലാ ദേശങ്ങളും ഉൾപ്പെടുത്തി സംയോജിപ്പിച്ച് രൂപീകരിച്ചതാണ് ഇപ്പോഴത്തെ വേളം ഗ്രാമപഞ്ചായത്ത് രൂപീകരണം മുതൽ 1984വരെ വേളം പഞ്ചായത്ത് കൊയിലാണ്ടി താലൂക്കിൽ ആയിരുന്നു. റവന്യൂഫർക്കയും, നിയോജകമണ്ഡലവും വികസന ബ്ലോക്കും പേരാമ്പ്രയായിരുന്നു. മുൻസീഫ്കോടതി പയ്യോളിയും. മജിസ്ട്രേററ് കോടതി വടകരയുമായിരുന്നു. വേളം അംശം കൊയിലാണ്ടി മജിസ്ട്രേററ് കോടതിയുടെ പരിധിയിലും ! എന്നാൽ ജനങ്ങളുടെ നിരന്തരം ആവശ്യം പരിഗണിച്ച് ഈ ഗ്രാമപഞ്ചായത്തിനെ കുന്നുമ്മൽ വികസനബ്ലോക്കിനോടും വടകര താലൂക്കിനോടും ചേർത്തു. എന്നിട്ടും ഒരു ദുർഘടം ബാക്കിയായി കിടക്കുന്നു. സബ്ബ് കോടതി (അസിസ്റ്റൻറ് സെഷൻസ്) വടകരയോട് ചേർക്കാതെ കൊയിലാണ്ടിയിൽതന്നെ നിലനിർത്തിഎന്നതാണത്.

ഈ ഗ്രാമപഞ്ചായത്തിന് വേളം എന്ന പേർ എങ്ങനെ ലഭിച്ചു എന്നതിനെ സംബന്ധിച്ച ഒട്ടേറെ ഐതിഹ്യങ്ങളൊന്നും പ്രചാരത്തിലില്ല. എന്നാൽ ഏതാനും വൃദ്ധൻമാരിൽനിന്നും ലഭിച്ച അറിവ് മററൊരു ഖണ്ഡികയിൽ പ്രസ്താവിക്കുന്നുണ്ട്.

ചേരാപുരം ചേരമാൻ പെരുമാളുടേതായിരുന്നു എന്നും പറഞ്ഞുകേൾക്കുന്നുണ്ട്. ചിറക്കൽ തമ്പുരാക്കൻമാരുടേതായിരുന്നോ എന്നും അഭ്യൂഹമുണ്ട്. സാമൂതിരി രാജവംശത്തിന് ഇവിടെ ഭരണാധികാരമുണ്ടായിരുന്നോ എന്നും അന്വേഷിക്കേണ്ടിയിരിക്കുന്നു. തളിയും, തളിശിവക്ഷേത്രവും ഇതിലേക്ക് വിരൽചൂണ്ടുന്നു. ചിറക്കൽ ക്ഷേത്രത്തിന് ചിറക്കൽ രാജാക്കന്മാരുമായി ബന്ധമുണ്ടായേക്കാം.

'പുളിയർ' എന്ന ഒരു ജനവിഭാഗം ഇവിടെ താമസിച്ചുവന്നിരുന്നതായി കേട്ടറിവുണ്ട്. 'പുളിയർ കണ്ടി' എന്ന സ്ഥലപ്പേർ ഇതിലേക്കുള്ള ചൂണ്ടുപലകയായി കണക്കാക്കാം. ടിപ്പുസുൽത്താൻ വയനാട്ടിലെത്തിയതോടെ, സുൽത്താൻ പടയെ ചെറുത്തുതോല്പിക്കാൻ ഇവിടുത്തെ നാട്ടുരാജക്കൻമാർ, 'പുളിയർ പട'യെ പടയൊരുക്കം നടത്തിജാഗ്രത്തായി നിർത്തിയതായും പറഞ്ഞുകേൾക്കുന്നുണ്ട്.

ഇടക്കുളം വയൽ, വരപ്രത്ത' വയൽ, പെരുവയൽ അടിവയൽ, ഒളോർ വയൽ എന്നീ പേരുകളിൽ ഒട്ടേറെ വയലുകളും അതുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങളും ഇവിടെ ഉള്ളതിൽ നിന്നും ഇവിടം ഭൂരിഭാഗവും നെൽവയലുകളായിരുന്നുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കൃഷിയിടങ്ങൾ എന്ന് അർത്ഥം വരുന്ന ''വിളയളങ്ങൾ'' എന്ന പദത്തിൽ നിന്നാണോ ''വേളം'' എന്നപേർ ഈ ഗ്രാമത്തിന് വന്നുചേർന്നത് എന്ന് ചരിത്ര ഗവേഷകൻമാർ അന്വേഷണത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു.

കടത്തനാട് വലിയ രാജാവ്, അമ്പിളാട് എന്ന കുററ്യാടി കോവിലകം തമ്പുരാക്കൻമാർ, നാടുവാഴിയായ മൂർച്ചിലോട്ട് മൂപ്പസ്ഥാനി എന്നിവരുടെ പേരിലാണ് ഇവിടുത്തെ ഭൂമിയിലധികവും ജമതിരിച്ച് കാണിച്ചിട്ടുള്ളത്. വേളം അംശമാണ് കുററ്യാടി കോവിലകക്കാരുടേത്. ''കൊല്ലും കൊലയും'' കുലാധികാരമായുള്ള മേൽപ്പറഞ്ഞ തമ്പുരാക്കൻമാരുടെ കീഴിൽ പിന്നെയും നാടുവാഴികളും സമുദായമൂപ്പൻമാരും ഉണ്ടായിരുന്നു. സമുദായങ്ങളിൽ പ്രാമുഖ്യം നായൻമാർക്കായിരുന്നു. ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന തിയ്യ ജാതിക്കാരാണ് രണ്ടാം സ്ഥാനത്ത്. പഴയ തൊഴിൽ വിഭജനമനുസരിച്ചുള്ള മിക്ക ജാതിക്കാരും പേരിനെങ്കിലും ഈ പഞ്ചായത്തിലുണ്ട്.

തിയ്യർക്ക് ''തണ്ടാനും തറക്കാരനും'', പുലയർക്ക് 'മാത്തനും ചിണ്ടാരിയും' മൂപ്പന്മാരായിരുന്നു തണ്ടാന്മാരിൽ തയ്യിൽ ചന്ദനപ്പുറത്തുകാരും നിടൂള്ളി വീട്ടുകാരും പഴയ വീട്ടിൽക്കാരും ചേരാപുരം അംശത്തിൽ പ്രഗൽഭരായിരുന്നു. വേളത്ത് എഴുത്തച്ചൻ

കണ്ടി, എരിയാണ്ടി, ശൂലങ്കണ്ടി, ഒതയോത്ത് എന്നീ വീട്ടുകാരും തണ്ടാൻമാരിൽ പ്രമുഖരായിരുന്നു. ഒതയോത്ത് തറവാടിന്റെ ഉപതറവാടാണ് ശൂലക്കണ്ടി ''മെയ്‌വഴക്കവും കൂരുത്തക്കേടുമുള്ള'' ഇവർ നാടുവാഴികളുടെ തണലിൽ പഞ്ചായത്തിന്റെ മൊത്തം അധീശാവകാശികളായിരുന്നു എന്ന് പറഞ്ഞാൽ തെററില്ല.

ജനസംഖ്യയിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഒപ്പത്തിനൊപ്പമാണ്. പഴയ കാലങ്ങളിൽ ഹിന്ദുക്കൾക്ക് വലിയ ഭൂരിപക്ഷമുണ്ടായിരുന്നു. മുസ്ലീങ്ങൾക്ക് നാട്ടുകാരണവൻമാർ ഉണ്ടായിരുന്നു. രയരോത്ത്, കപ്രത്ത്, പുതിയോട്ടിൽ, നരിയങ്കണ്ടി, എള്ളിൽ എന്നീ കുടുംബങ്ങളിൽപ്പെട്ടവർ നാട്ടുകാരണവന്മാരായിരുന്നു. മുസ്ലീങ്ങളിൽ ഭൂരിഭാഗവും കച്ചവടക്കാരായിരുന്നു. പഴയ പ്രമാണങ്ങളിൽ 'മാപ്പിള-കച്ചവടം' എന്നാണ് എഴുതി കാണുന്നത്. പുഴയോരങ്ങളിൽ അധിവസിക്കുന്നവർ അധികവും മുസ്ലിങ്ങളാണ്. കച്ചവടത്തിനായി ജലഗതാഗതത്തെ ആശ്രയിച്ചതാവാം ഇതിന് കാരണം. ഒട്ടേറെ മുസ്ലിം പള്ളികൾ ഇവിടെയുണ്ട്. പഴയ കാലത്തെ മതസൗഹാർദ്ദത്തിന്റെ കാലമെന്ന് വിശേഷിപ്പിക്കാം.

കുന്നുമ്മൽ വികസന ബ്ലോക്കിൽ ഇപ്പോൾ ഏററവും കൂടുതൽ പട്ടികജാതിക്കാരായ ''പുലയർ'' ഉള്ളത് വേളം ഗ്രാമപഞ്ചായത്തിലാണ്. പഴയ കാലത്ത് കാർഷിക തൊഴിലും പരമ്പരാഗതമായ പായ നെയ്ത്തും നാടൻ മീൻപിടുത്തവും ഉപജീവന മാർഗ്ഗമാക്കി ജീവിച്ചുപോന്ന ഇവർ മേലാളൻമാരുടെ (മററ് എല്ലാ ജാതിക്കാരുടേയും) ഒട്ടേറെ മർദ്ദനങ്ങൾക്കും ക്രൂരതകൾക്കും കൊലകൾക്കും വിധേയരായിട്ടുണ്ട്. ചങ്ങാറ, എടക്കണ്ടി മൂപ്പൻമാരും ചമ്പോട്ടുപൊയിൽ മൂപ്പൻമാരും ''മൂപ്പൻമാരിലും ചിണ്ടരിമാരിലും'' പ്രമുഖൻമാരായിരുന്നു. ഈ കുടുംബങ്ങൾക്ക് സ്വന്തമായി ജന്മഭൂമി ഉണ്ടായിരിന്നുവത്രെ.

''അന്തിയൂർ നായന്മാർ'' എന്ന ഒരു ജാതിക്കാർ ഇവിടെ ഉണ്ട്. ആന്ധ്രയിലെ ആദിവാസി വിഭാഗമാണ് ഇവർ എന്ന അഭിപ്രായമുണ്ട് ''കോട്ട'' എന്ന ഒരു കുന്നിൻ പ്രദേശത്താണ് ഈ വിഭാഗം താമസിച്ച് വരുന്നത്. മൺകലം മെനയലാണ് പ്രധാന തൊഴിൽ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇവരുടെ കൂടപ്പിറപ്പാണ്. സാമ്പത്തിക വിദ്യാഭ്യാസ സാംസ്കാരിക നിലകളിൽ വളരെയേറെ താഴ്ന്ന് കിടന്നവരായിരുന്നു. ഈ വിഭാഗം അത് കൊണ്ട് മററ് സമുദായക്കാരുടെ പലവിധ ചൂഷണങ്ങൾക്ക് വിധേയരായിരുന്നു ഇവർ. ഇവർക്ക് തമ്മിൽ സംസാരിക്കുന്നതിനായി പ്രാകൃതമായ ഒരു കോഡ് ഭാഷ നിലവിലുണ്ട്. ഉദാ: 'രാത്രിയിൽ കള്ളുകുടിക്കണം.' എന്നുള്ളതിന് 'കരിമ്പടം മുറുകുമ്പോൾ നീളംപിടിക്കണം' എന്നാണിവർപറയാറ് അടുത്ത കാലത്തായി ഇവരെ ഒ. ഇ. സി. ലിസ്ററിൽ പെടുത്തിയിട്ടുണ്ട്. പട്ടികജാതിയിൽ പെടുത്തി ഉയർത്തികൊണ്ടുവരേണ്ട ഒരു വിഭാഗമാണിവരെന്ന് അഭിപ്രായമുണ്ട്. ഇവർക്കായി മാത്രം കളിമൺ വ്യവസായങ്ങളും സഹകരണ സംഘങ്ങളും സൊസൈററികളും മററുമുണ്ടാക്കി സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഇവരെ ഉയർത്തിക്കൊണ്ട് വരേണ്ടിയിരിക്കുന്നു

നായർ തറവാടുകളിൽ വലിയ പാതിരിക്കോട്ട്മണ്ണുക്കണ്ടി, മമ്മളി, ചെറുകുന്ന്മനക്കൽ, നെയിറേറ്യത്ത്, എരവത്ത്, വേളത്തിടത്തിൽ, പുത്തൂര് എടത്തിൽ, ഒതയോത്ത് എന്നിവ വൻ പ്രാമാണ്യമുള്ളവ യായിരുന്നു. ഇതിൽ വേളത്തിടത്തുകാർ കുടുംബാംഗങ്ങളിൽനിന്ന് ജനാധിപത്യ രീതിയിൽ ... ടിസ്ഥാനത്തിൽ കാരണവൻമാരെ തെരഞ്ഞെടുക്കുകയായിരുന്നു. ഇതുമൂലംവളരെയേറെ പ്രായമുള്ള അമ്മാവൻമാർ ചെറുപ്പക്കാരനായ മരുമകനെ കാണുമ്പോൾ എഴുന്നേററുനിന്നുംമററും ആദരിക്കേണ്ടിയിരുന്നു, മരുമക്കത്തായ ക്രമമായിരുന്നു നായൻമാർക്കിടയിൽ ഉണ്ടായിരുന്നത്. മരുമക്കത്തായ ക്രമമനുസരിച്ച് സാമ്പത്തികാവകാശമുള്ള മററ് ജാതിക്കാരും വിരലിലെണ്ണാവുന്നവരായി ഇവിടെ ഉണ്ടായിരുന്നു. മരുമക്കത്തായ സമ്പ്രദായം നിലവിലുണ്ടായിരുന്ന ഏക മുസ്ലീം തറവാടായിരുന്നു രയരോത്ത്.

ബ്രിട്ടീഷ് മേൽക്കോയ്മ സ്വീകരിച്ചവരായിരുന്നു നേരത്തെ സൂചിപ്പിച്ച രാജാക്കന്മാരും തമ്പുരാക്കന്മാരുമൊക്കെ ബ്രിട്ടീഷുകാർക്ക് അവരുടെ അധികാരം നിലനിർത്താൻ, നാടുവാഴികൾക്ക് കൊടുത്തിരുന്ന അധികാരങ്ങളാണല്ലോ നടേ ഉദ്ധരിച്ച പദ്യശകലത്തിലടങ്ങിയിരിക്കുന്നത്. കുലാധികാരമായിത്തന്നെ ഈ തമ്പുരാക്കൻമാരിൽ പലർക്കും പ്രജാഭരണത്തിനായി അവകാശം നൽകപ്പെട്ടിരിന്നു. അപ്രകാരമാണ് മരുമക്കത്തായ ക്രമമനുസരിച്ച് നാടുവാഴികളിൽ പലരും ''അധികാരി''മാരായത്, ഒരു ചെറിയ കാലയളവിൽ ശ്രീ. ആർ. കെ. പോക്കർഹാജി അധികാരിയായത് ഒഴിച്ചാൽമൂർച്ചിലോട്ട് മൂപ്പസ്ഥാനി കുടുംബത്തിലുള്ളവരായിരുന്നു ചേരാപുരം അംശത്തിലെ അധികാരിമാരിൽ അധികവും. വേളം അംശത്തിൽ പുത്തൂരിടത്തിൽ നായൻമാരായിരുന്നു അധികാരിമാരായത്.

അധികാരിമാർക്ക് വിപുലമായ അധികാരങ്ങളാണുണ്ടായിരുന്നത്. അവരെ സഹായിക്കാൻ

മേനവൻമാരും കോൽക്കാരൻമാരും ഉണ്ടായിരുന്നു ഇവരെയും മരുമക്കത്തായക്രമമനുസരിച്ചാണ് നിയമിച്ചിരുന്നത്. അധികാരി ഗ്രാമമുൻസീഫും വില്ലേജ് മജിസ്ട്രേട്ടും നികുതിപിരിവിന്റെമേലധികാരിയുമായിരുന്നു. ഭൂമിയുടെ സർവ്വെ വിളവിന്റെ മേനിനോക്കൽ, നികുതി പിരിവിൽ സഹായിക്കൽ എന്നിവയായിരുന്നു മേനവൻമാരുടെ ജോലി. കോൽക്കാരൻമാർ ശിപായിമാരായിരുന്നു. സർവ്വെക്ക് മേനവനെ സഹായിക്കാൻ, കോലുകളും ചങ്ങലകളും എടുത്തുകൊണ്ട് ഒപ്പം പോവുക, അധികാരിയുടെ അറിയിപ്പുകളും ഉത്തരവുകളും നടത്തുക എന്നിങ്ങനെ പലതായിരുന്നു കോൽക്കാരൻമാരുടെ പണി.

പഴയകാലത്തെ നാട്ടിൻപുറങ്ങളിലെ എല്ലാ പ്രശ്നങ്ങളും നാട്ടുമുഖ്യസ്ഥൻമാർ പരിഹരിക്കാൻ ശ്രമിക്കുമായിരുന്നു. അധികാരിമാർ ചെറിയ ക്രിമിനൽ കേസുകളും 50 രൂപവരെ സലയുള്ള സിവിൽ കേസുകളും കൈകാര്യം ചെയ്തിരുന്നു. ദമ്പതികൾ തമ്മിലുള്ള പിണക്കങ്ങൾ, വിവാഹം, വിവാഹമോചനം എന്നീ കാര്യങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതിൽ അധികാരിമാർക്കും പ്രമാണിമാർക്കും, നാട്ടുതണ്ടാൻമാർക്കും, മരത്തൻമാർക്കും, ചിണ്ടാരിമാർക്കും മുൻകൈ ഉണ്ടായിരുന്നു.

വ്യത്യസ്ത സമുദായക്കാർക്ക് വിവാഹത്തിനും വിവാഹമോചനത്തിനും പ്രത്യേക ആചാരമുണ്ടായിരുന്നു. നായൻമാർ ''പുടമുറി'' (പുടവ മുറിച്ച് വധുവിന് നൽകൽ) നടത്തി രാത്രി കാലങ്ങളിലാണ് വിവാഹം നടത്തിയിരുന്നത്. നായന്മാരുടെ ഇടയിൽ വിവാഹമോചനം വളരെ അപൂർവ്വമായിരുന്നു.

മുസ്ലീങ്ങൾ ''നിക്കാഹ്'' ചെയ്ത് വിവാഹിതരാവുന്നു. ഇതിന് ''കാനോത്ത്'' എന്നും പറയാറുണ്ട്. മുസ്ലിങ്ങളിൽ വിവാഹമോചനം ലക്കും ലഗാനുമില്ലാതെ നടന്നിരുന്നു. ഇപ്പോൾ വലിയ മാററം വന്നുകൊണ്ടിരിക്കുന്നു.

തിയ്യ സമുദായക്കാർ, പദ്യരൂപത്തിൽ

''തറേ തണ്ടാനോടും
ചങ്ങാദ്യോടും
മക്കളോടും
മരുമക്കളോടും
ചാറുന്ന്യോനോടും
ചേരുന്ന്യോനോടും ....................
.................................ഉമ്മളെ ജാത്യാചാര പ്രകാരം കാണോം പുടോം കൊടുക്കട്ടെ എന്ന് വരന്റെ ഭാഗത്തെ തണ്ടാൻ ഉച്ചരിക്കുകയും ''നല്ല കാര്യം, നല്ല കാര്യം, നല്ല കാര്യം'' എന്ന് അവിടെ കൂടിയവർ ഏററു വിളിക്കുകയും ചെയ്താൽ വധൂവരൻമാർ വിവാഹിതരായി. പുരുഷൻ സ്ത്രീക്ക് $21\frac{1}{4}$ പണം കാണപ്പണമായി നൽകേണ്ടതുണ്ട്. ദമ്പതികളുടെ വസ്ത്രത്തിൽ നിന്നും ഓരോ നൂൽ പറിച്ചെടുത്ത് ഊതിപ്പറപ്പിച്ചാൽ വിവാഹ മോചനമായി.

പുലയരിൽ ഇരുഭാഗത്തുമുള്ള ''മരത്തനും ചെമ്മാരിയും'' ''കണ്ടൂരി'' (കണ്ടുകുറിക്കൽ) നടത്തി ആചാരപണമായി വരന്റെ ഭാഗത്തെ മരത്തൻ വശം അഞ്ചു പണം ആചാരപണമായി നൽകി വിവാഹം നിശ്ചയിക്കുകയും നിശ്ചയിക്കപ്പെട്ട ദിവസം വരനും സംഘവും വധൂഗൃഹത്തിലേക്കെത്തുകയും വരന്റെ സഹോദരി കൊണ്ടുപോകുന്ന വസ്ത്രം വധുവിനെ ധരിപ്പിക്കുകയും ചെയ്താൽ വിവാഹമായി. ഒരു കൈതോലചീളെടുത്ത് രണ്ടുപേർ പിടിച്ച് മരത്തൻ കത്തികൊണ്ട് മുറിച്ചാൽ വിവാഹമോചനമായി.

കാലംമാറി, വിവാഹമോചനം ഇവിടെയൊരു തമാശ കളിയല്ല. എങ്കിലും ഹരിജനങ്ങളിലും മുസ്ളീങ്ങളിലും ചെറിയതോതിൽ ഇപ്പോഴും വിവാഹമോചനം നടക്കുന്നുണ്ട്.

വിസ്താര ഭയത്താൽ സാമൂഹ്യചരിത്രം ഇവിടെ അവസാനിപ്പിക്കുന്നു.

നവോത്ഥാന സന്ദേശങ്ങളോ ദേശീയ പ്രസ്ഥാനത്തിന്റെ അലകളോ എന്തുകൊണ്ടോ വേളം ഗ്രാമത്തിൽ കാര്യമായ തോതിൽ കടന്നുവന്നില്ല എങ്കിലും ശ്രീ തിരിക്കോത്ത് ശങ്കരക്കുറുപ്പ്, പറമ്പത്ത് ദേമി എന്നീ മഹാനുഭാവൻമാർ ദേശീയ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ജയിൽവാസം വരിക്കുകയും ചെയ്തിട്ടുണ്ട്. അവരെ ആദരപൂർവ്വം ഈയവസരത്തിൽ അനുസ്മരിക്കുന്നു. സമരത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ സന്ദേശ വാഹകൻമാരായി ശ്രീമാൻമാർ വരപ്രത്ത് കുഞ്ഞികൃഷ്ണൻനമ്പ്യാർ, തററട്ടത്ത് രാമക്കുറുപ്പ് പൂളയുള്ളതിൽ കൃഷ്ണൻനമ്പ്യാർ എന്നിവർ പ്രവർത്തിച്ചിരുന്ന കാര്യവും ഇവിടെ ഓർമ്മിക്കേണ്ടിയിരിക്കുന്നു.

1948ൽ കമ്മ്യൂണിസ്റ്റുകാർ വേട്ടയാടപ്പെട്ട കാലത്ത് ശ്രീമാൻമാർ എം. കെ. കേളു, എം. കുമാരൻമാസ്ററർ, യു. കുഞ്ഞിരാമൻ, പി. ആർ. നമ്പ്യാർ എന്നിവരുടെ നേതൃത്വത്തിൽ കർഷക പ്രസ്ഥാനം ഈ ഗ്രാമത്തിലേക്ക് കടന്നുവന്നു. ശ്രീമാൻമാർ തായന ഗോപാലൻനായർ എ. സി. നാരായണൻനായർ പടിഞ്ഞാറക്കണ്ടി കേളപ്പൻ

പുത്തമ്പുരയിൽ ഗോപാലക്കുറുപ്പ്, പുത്തമ്പുരയിൽ കുഞ്ഞിക്കേളുക്കുറുപ്പ്, പെരിഞ്ചേരി നാരായണക്കുറുപ്പ്, വിളക്കിലേരി കണാരൻ വൈദ്യർ, മഠത്തിൽ രാമക്കുറുപ്പ്, ഇ. ജെ. മമ്മു കോക്കാളൻകണ്ടി നാരായണൻനമ്പ്യാർ എന്നിവരുടെ പേരുകൾ വേളത്തിന്റെ കർഷക പ്രസ്ഥാനത്തിന്റെ ചരിത്രത്തിലുണ്ട്. ഇതിൽ ശ്രീ. ഗോപാലക്കുറുപ്പും കണാരൻവൈദ്യരും മർദ്ദനങ്ങൾക്ക് വിധേയരായിട്ടുണ്ട്. പിൽക്കാലത്ത് കർഷക പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ശ്രീ. ഒ. കൃഷ്ണക്കുറുപ്പിനുള്ള പങ്കും ഇവിടെ എടുത്ത് പറയേണ്ടതുണ്ട്.

ചങ്ങനാശ്ശേരിയിൽനിന്നും വന്ന ''മാത്തച്ചൻ'' എന്ന ഒരു കൃസ്ത്യൻ പ്രമാണി വേളം മണിമലയിൽ പുതിയോട്ടിൽ അമാനത്ത് ഹാജിയിൽനിന്നും ഏതാനും ഏക്കർ വനഭൂമി വാങ്ങി വെട്ടിത്തെളിയിച്ച് ഇരുനൂറ് ഏക്കറോളം റബ്ബർ കൃഷി ആരംഭിക്കുകയും അത് പിന്നീട് വലുതായി 'ചങ്ങനാശ്ശേരി റൂബി റബ്ബർ എസ്റ്റേറ്റ് മണിമല' ആയി. തൊഴിലാളികളെ മനുഷ്യരായി അംഗീകരിക്കാൻ കൂട്ടാക്കാത്ത ഈ മുതലാളിമാർക്കെതിരായി 1969ലാണ് ഇവിടുത്തെ ട്രേഡ്‌യൂനിയൻ എ. ഐ. ടി. യു. സി. ആരംഭിച്ചത്. ഈ പ്രസ്ഥാനത്തിന്റെ സംഘാടകരിൽ ചിലരായിരുന്നു ശ്രീമാൻമാർ എ. കണാരൻ പി. കെ. മൊയ്തു, കെ. ജി. നമ്പ്യാർ, എം. കെ. കുഞ്ഞിരാമൻ, കമ്മന കുഞ്ഞിരാമൻ, പി. സി. കുഞ്ഞിരാമൻ, എൻ. കെ. കാളിയത്ത് കെ. കെ. നാരായണൻനമ്പ്യാർ എന്നിവർ. 1970ൽ സി. ഐ. ടി. യു. രൂപം കൊള്ളുകയും എ. ഐ. ടി. യു. സി. നിലനിൽക്കുകയും ചെയ്തു. ആവള നാരായണൻ, മരുതോളി കണാരൻ എന്നിവർ ഈ സംഘടനക്ക് നേതൃത്വം നൽകി. ഇക്കാലത്തുതന്നെ മണിമലയിൽ എസ്. ടി. യു. പ്രസ്ഥാനവും ഉടലെടുത്തു. ഈ സംഘടന കെട്ടിപ്പടുക്കുന്നതിൽ പ്രധാനികളായിരുന്നു ശ്രീമാൻമാർ ഇ. ടി. മുഹമ്മദ്ബഷീർ (മുൻ വിദ്യാഭ്യാസ മന്ത്രി) കൊമ്മോടി കുഞ്ഞബ്ദുള്ളഹാജി, മാണിക്കോത്ത് അമ്മത്, സി. എൻ. അഹമ്മദ്, പുളിയൻപറമ്പത്ത് അമ്മത് മുതലായവർ.

അടിമത്ത മോചനത്തിനുള്ള നിരവധി പോരാട്ടങ്ങളുടെ ധീരോദാത്തമായ കദനകഥകൾ വേളത്തിന്റെ ഓരോ മണൽത്തരിക്കും പറയാനുണ്ട്. ശീലക്കുട ചൂടാനുള്ള അവകാശത്തിനുവേണ്ടി, ചെരിപ്പ് ചവിട്ടാനുള്ള അവകാശത്തിനുവേണ്ടി, 'മാററു' വിലക്കിനെതിരായി, ബലിക്കളം മുടക്കലിനെതിരായി, സ്ത്രീകൾക്ക് മാറുമറക്കലിനുള്ള അവകാശത്തിനായി അങ്ങനെയങ്ങനെ ആ പട്ടിക നീണ്ടുപോകുന്നു. തമ്പുരാക്കൻമാരുടെ ഇംഗിതത്തിനെതിരിനെതിർ നിന്നുപോയ 'തിരുവായ്ക്കൊരുതിർ'മൊഴി മൊഴിഞ്ഞുപോയ എത്രയെത്ര ഹതഭാഗ്യന്മാർ ഇവിടെ കൊല്ലാക്കൊല ചെയ്യപ്പെട്ടിട്ടില്ല! കൊല ചെയ്യപ്പെട്ടിട്ടില്ല.

സ്വാതന്ത്ര്യം ലഭിച്ചിട്ടും നാടുവാഴിത്തത്തിന്റെ അടിമച്ചങ്ങല പൊട്ടിച്ചെറിയാൻ കഴിയാത്തവരായിരുന്നു ഇവിടുത്തെ കർഷകതൊഴിലാളികൾ ''കുളിക്കാൻ നേരം കിട്ടാത്തവ''രും, പ്രമാണിമാരുടെ മക്കൾക്ക് സ്കൂളിൽ പോകേണ്ടതിനാൽ അവരുടെ വയൽ വരമ്പത്ത് ഞാറടികളിൽ വരുന്ന 'എളി'യെ നോക്കാൻ കാവൽ നിൽക്കുന്ന മക്കളുള്ളവരുമായിരുന്നു ഇവിടുത്തെ കർഷക തൊഴിലാളികൾ പട്ടിണി കൂലിയൊ ഭക്ഷണമൊ ഇവർക്ക് യഥാസമയം ലഭിച്ചിരുന്നില്ലെന്ന് മാത്രമല്ല ''നേരം പോയ് നേരം പോയ് പൂക്കൈത മറപററി''യിട്ടും ജോലി ചെയ്യാൻ വിധിക്കപ്പെട്ടവരുമായിരുന്നു അവർ ഇവരെ സംഘടിപ്പിച്ച് 1971ൽ ഇവിടെ കർഷകത്തൊഴിലാളി പ്രസ്ഥാനം ഉടലെടുത്തു. ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തത് ഇപ്പോഴത്തെ എം. എൽ. എ ആയ ശ്രീ എ. കണാരനായിരുന്നു. മുൻനിര പ്രവർത്തകരായി എൻ. കെ. കാളിയത്ത്, പി. സി. കുഞ്ഞിരാമൻ, കമ്മന കുഞ്ഞിരാമൻ, പി. കെ. സി കണ്ണൻ, കെ. കനിയൻ, പുതുശ്ശേരി കണ്ണൻ എന്നിവരാണുണ്ടായിരുന്നത്.

അടുത്തകാലത്തായി നിർമ്മാണത്തൊഴിലാളി യൂനയൻ (സി. ഐ. ടി. യു.), കരിങ്കൽ തൊഴിലാളി യൂനിയൻ (സി. ഐ. ടി. യു.) എന്നീ സംഘടനകളും പ്രവർത്തിക്കുന്നു.

വേളം പഞ്ചായത്തിലെ മുസ്ലിം സമുദായം വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ വളരെ അധികം പിന്നിലായിരുന്നു. മത കർമ്മങ്ങൾ നടത്താൻ മതവിദ്യാഭ്യാസം മതി എന്ന ബോധമായിരുന്നു മുസ്ലിങ്ങളിൽ നിലനിന്നിരുന്നത്. സാമുദായിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾപോലും ഈ പഞ്ചായത്തിലെ മുസ്ലിങ്ങളിൽ ഏശിയിരുന്നില്ല. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ മുസ്ലിങ്ങളായ പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനമാരംഭിച്ച ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലും ആരംഭിച്ചതോടെയാണ് മുസ്ലിങ്ങളുടെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്തെ വളർച്ചയുടെ തുടക്കം കുറിച്ചത്. ഈ പ്രസ്ഥാനം ഈ പഞ്ചായത്തിൽസംഘടിപ്പിക്കുന്നതിന് മുൻനിരയിൽ നിന്ന് പ്രവർത്തിച്ചവരാണ് സർവ്വശ്രീ പി. വി. മുഹമ്മദ്

(കൊയിലാണ്ടി) അരയാക്കിൻറവിട അമ്മത്ഹാജി, ബിലാരൻ കോമത്ത് മൊയ്തു, തറമ്മൽ മൊയ്തു ഹാജി, കൊമ്മോടി കുഞ്ഞബ്ദുള്ളഹാജി, കെ. കെ മൊയ്തു, മുതലായവർ.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് ദേശീയ പ്രസ്ഥാനത്തിന് ശക്തി പകരാൻ ഗുളികപുഴ കടന്ന് കാൽനടയായി വേളം പഞ്ചായത്തിൽ എത്തിയ എ. വി. കുട്ടിമാളു അമ്മയ്ക്ക് പൂളക്കൂലിൽ വെച്ച് അന്നത്തെ കോൺഗ്രസ് നേതൃനിരയിലുണ്ടായിരുന്ന സർവ്വശ്രീ തിരിക്കോത്ത് ശങ്കരക്കുറുപ്പ്, പറമ്പത്ത് മേമി സാഹിബ്, വരപ്പുറത്ത് കുഞ്ഞികൃഷ്ണൻ നമ്പ്യാർ, പൂവുള്ളതിൽ കൃഷ്ണൻനമ്പ്യാർ, നരിയങ്കണ്ടി കുഞ്ഞമ്മത്, മാടമുള്ളതിൽ സൂപ്പി എന്നിവർ പൂളക്കൂലിൽ വെച്ച് കുട്ടിമാളുഅമ്മയ്ക്കും സഹപ്രവർത്തകർക്കും ഇളനീർ നൽകി സ്വീകരിച്ചതിനെ തുടർന്ന് വേളത്തെ കോൺഗ്രസുകാർക്ക് അധികാരി വർഗ്ഗത്തിൽനിന്നും ഒട്ടേറെ ഭീഷണികൾ നേരിടേണ്ടി വന്നെങ്കിലും കുട്ടിമാളു അമ്മയുടെ വരവോടുകൂടി വേളത്തെ കോൺഗ്രസ് പ്രവത്തനത്തിന് ആക്കംകൂടി വന്നു. സ്വാതന്ത്ര്യാനന്തരം വേളത്ത് ഇന്ത്യൻനേഷനൽ കോൺഗ്രസിൻെറ മണ്ഡലം കമ്മിററി നിലവിൽ വരികയും ചെയ്തു.

വേളം പഞ്ചായത്തിലെ വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, സൗത്ത്മലബാർ ഗ്രാമീണ ബേങ്ക് (വേളം ശാഖ), കൃഷിഭവൻ എന്നീ സ്ഥാപനങ്ങൾക്ക് സ്ഥലം നൽകിയും മററ് സാമൂഹ്യ പ്രവർത്തനങ്ങളിൽ ഒട്ടേറെ സംഭാവനകൾ നൽകുകയുംചെയ്ത ശ്രീ നരിയങ്കണ്ടികുഞ്ഞമ്മത് അവർകളെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു

വേളം പഞ്ചായത്തിൻെറ വികസന ചരിത്രത്തിലൂടെ നമുക്കൊരു നൊട്ടോട്ടം നടത്താം. ശ്രീ. മഞ്ചേരി രാമയ്യർ മലബാർ ജില്ലാ ബോർഡ് പ്രസിഡൻറായിരുന്ന കാലത്ത് തുടക്കമിട്ട കാവിൽ തീക്കുനി കുററ്യാടി റോഡിൻെറ പണി പൂർത്തിയാവാൻ ഒരു നൂററാണ്ടുതന്നെ കാത്തിരിക്കേണ്ടി വന്നു.

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം വേളം പഞ്ചായത്തിൻെറ വികസന ചരിത്രത്തിൽ ഒരു കുതിച്ചുചാട്ടം തന്നെയായിരുന്നു കുളങ്ങരത്ത് - അരൂർ ഗുളികപ്പുഴ റോഡ്, കാവിൽ കുററ്യാടി റോഡ് പൂർത്തിയായതും, കുററ്യാടി - കൈപ്രം കടവ് റോഡിൻെറ പണിയുദ്ഘാടനം നടന്നതും, 1500 ഓളം പേർക്ക് വൈദ്യുതി ലഭ്യമാകത്തക്കനിലയിൽ പതിനാല് ട്രാൻസ്ഫോമറുകൾ സ്ഥാപിക്കപ്പെട്ടതും ഗുളികപ്പുഴ പാലം പൂർത്തിയായതും മാണിക്കോത്ത്താഴ പാലം പണി തുടങ്ങിയതും ഈ കാലയളവിലാണ്. ഈ വികസന പ്രവർത്തനങ്ങളുടെയെല്ലാം പിന്നണിയിൽ പ്രവർത്തിച്ച ശ്രീമാൻമാർ എം. കുമാരൻമാസ്ററർ പി. കെ. നാരായണൻനമ്പ്യാർ എം. കെ. കേളുവേട്ടൻ, എ. വി. അബ്ദുറഹിമാൻഹാജി, പണാറത്ത് കുഞ്ഞിമുഹമ്മദ്, എ. കണാരൻ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു തുടർച്ചയായി 3-ാം തവണയും എം. എൽ. എ. ആയ ശ്രീ എ. കണാരൻെറ പ്രവർത്തനം ഏറെ ശ്ലാഘനീയവുമാണ്. ബി. ഡി. സി. ചെയർമാനായിരുന്ന ശ്രീ. എൻ. കെ ശശീന്ദ്രൻെറ പ്രവർത്തനവും എടുത്ത് പറയത്തക്കതാണ്.

1963 ഡിസംബർ മാസത്തിൽ ഈ പഞ്ചായത്തിൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതി നിലവിൽവന്നു. നോമിനേററ് ചെയ്യപ്പെട്ട ഒരു വനിതയുൾപ്പെടെ എട്ട് അംഗങ്ങളുള്ള ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ. രയരോത്ത് കുഞ്ഞിപോക്കർ ഹാജിയായിരുന്നു. 1969-ൽ ഉദ്യോഗസ്ഥ മേധാവിത്വത്തിൽ പ്രതിഷേധിച്ച് അദ്ദേഹം രാജി വെച്ചൊഴിഞ്ഞു. അന്നത്തെ ഭരണസമിതിയംഗങ്ങളുടെ പേർ വിവരം താഴെ ചേർക്കുന്നു.

1 ആർ. കെ. പോക്കർഹാജി (പ്രസിഡണ്ട്)
2 കണ്ണോടങ്കണ്ടി കുഞ്ഞവുള്ളഹാജി (വൈസ് പ്രസിഡണ്ട്)
3 കൊമ്മോടി കുഞ്ഞവുള്ളഹാജി (മെമ്പർ)
4 എൻ. കെ. മൊയ്തുഹാജി ,,
5 തറമ്മൽ മൊയ്തുഹാജി ,,
6 തായന ഗോപാലൻനായർ ,,
7 പൂവ്വോള്ളതിൽ കുഞ്ഞിരാമൻ ,,
8 കണ്ണോത്ത് ഭാരതിയമ്മ (വനിത നോമിനി)

ആർ. കെ. പോക്കർഹാജി രാജിവെച്ച് പോയപ്പോൾ ശ്രീ, തായന ഗോപാലൻനായർ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. അന്നത്തെ രാഷ്ട്രീയ ബന്ധം കാരണമാണ് കമ്മ്യൂണിസ്റ്റ് കാരനായിരുന്ന തായനയെ മുസ്ലിംലീഗിന് ഭൂരിപക്ഷമുള്ള പഞ്ചായത്തിൻെറ പ്രസിഡണ്ടായി തെരഞ്ഞെടുത്തത്. ഒന്നരകൊല്ലത്തോളം അദ്ദേഹം പ്രസിഡണ്ടായി രാഷ്ട്രീയബന്ധങ്ങളിൽ മാററം വന്നതോടെ അദ്ദേഹത്തിൻെറ പേരിൽ അവിശ്വാസ പ്രമേയം വരികയും അദ്ദേഹം രാജിവെക്കേണ്ടി വരികയും ചെയ്തു.

തുടർന്ന് മുസ്ലിം ലീഗിലെ ശ്രീ. കെ കെ. കുഞ്ഞബ്ദുള്ളഹാജി പ്രസിഡണ്ടായും,

ശ്രീ. കൊമ്മോടി കുഞ്ഞബ്ദുള്ളഹാജി വൈ പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമിതി 1979വരെ തുടർന്നു. അധികാര വികേന്ദ്രീകരണ കാര്യത്തിൽ അന്നുണ്ടായിരുന്ന ഉദാസീനതക്ക് നല്ലൊരുദാഹരണമാണിത്.

1980ൽ വീണ്ടും പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ നടന്നു. ആ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ശ്രീ. എൻ. കെ. കാളിയത്തിൻെറ നേതൃത്വത്തിൽ അധികാരത്തിൽ വന്നു. ഭരണസമിതി താഴെപറയും പ്രകാരമാണ്.

| | പേര് | സ്ഥാനം | രാഷ്ട്രീയപാർട്ടി |
|---|---|---|---|
| 1 | എൻ. കെ. കാളിയത്ത് | പ്രസിഡണ്ട് | CPM |
| 2 | എൻ. വി. അബ്ദുള്ളമാസ്റ്റർ | വൈ: പ്രസി: | Con (A) |
| 3 | കൊമ്മോടി കുഞ്ഞബ്ദുള്ളഹാജി | മെമ്പർ | അഖിലേന്ത്യാ ലീഗ് |
| 4 | പി. വി. ജാനു | മെമ്പർ | CPM |
| 5 | പി. സി. കുഞ്ഞിരാമൻ | മെമ്പർ | CPM |
| 6 | ശുലകണ്ടി നാണു | മെമ്പർ | Con (1) |
| 7 | ആർ. ബി. അടിയോടി | മെമ്പർ | Con (A) |
| 8 | കെ. കെ. കേളപ്പപ്പണിക്കർ (പട്ടിക ജാതി സംവരണം) | മെമ്പർ | CPI |
| 9 | മുന്നൂൽ മമ്മുഹാജി | മെമ്പർ | മുസ്ളീംലിഗ് |

ഈ ഭരണസമിതിയുടെ കാലാവധി 1985ൽ അവസാനിക്കുകയും സർക്കാർ ഭരണസമിതി പിരിച്ചുവിടുകയും ചെയ്തു. ഭരണം വടകര താലൂക്ക് പഞ്ചായത്ത് ഓഫീസറെ സ്പെഷൽ ഓഫീസർ എന്ന നിലയിൽ ഏൽപിച്ചു. ഈ സ്പെഷൽ ഭരണം 3 കൊല്ലത്തോളം നീണ്ടു.

1988ൽ ആണ് വീണ്ടും പഞ്ചായത്ത് തെരഞ്ഞെടുപ്പ് കേരളത്തിൽ നടന്നത്. ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭൂരിപക്ഷം നേടുകയും ശ്രീ. എൻ. കെ. കാളിയത്ത് തന്നെ വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഭരണസമിതി താഴെ ചേർക്കുന്നു.

| | പേര് | സ്ഥാനം | പാർട്ടി |
|---|---|---|---|
| 1 | എൻ. കെ. കാളിയത്ത് | പ്രസിഡണ്ട് | CPM |
| 2 | കമ്മന കുഞ്ഞിരാമൻ | വൈ: പ്രസി | CPM |
| 3 | സി. കെ. കുഞ്ഞമ്മത് | മെമ്പർ | IUML |
| 4 | കെ. അഹമ്മദ്ഹാജി | മെമ്പർ | IUML |
| 5 | കെ. പാത്തുടീച്ചർ | മെമ്പർ | IUML |
| 6 | കെ. കെ. ബാലൻമാസ്റ്റർ | മെമ്പർ സംവരണം | CPM |
| 7 | എൻ. വി. അബ്ദുള്ള മാസ്ററർ | മെമ്പർ | Con (I) |
| 8 | മണാട്ടിൽ കുഞ്ഞിരാമൻനമ്പ്യാർ | മെമ്പർ | CPI |
| 9 | തയ്യിൽ ശ്രീധരൻ | മെമ്പർ | Con (S) |
| 10 | പി. എം. ലീല | മെമ്പർ | CPM |

ഈ ഭരണസമിതി ഏകദേശം 7 കൊല്ലം അധികാരത്തിലിരുന്നു. കാലാവധിക്ക് തെരഞ്ഞെടുപ്പുനടത്താൻ സാധിച്ചില്ല. 1994ൽ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നെങ്കിലും തെരഞ്ഞെടുപ്പ് നീണ്ടുപോയി. ഒടുവിൽ ശ്രീ. എ. കെ. ആൻറണിയുടെ സർക്കാർ പഞ്ചായത്ത് തെരഞ്ഞെടുപ്പുനടത്താൻ തീരുമാനിക്കുകയും, 1995 സപ്തമ്പർ മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണി പഞ്ചായത്തിൽ അധികാരത്തിൽ വരികയും ചെയ്തു. പ്രസിഡണ്ട് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട ഈ പഞ്ചായത്തിൻെറ പ്രസിഡണ്ടായി ശ്രീമതി കെ പാത്തുടീച്ചർ തെരഞ്ഞെടുക്കപ്പെട്ടു. ആകെ 10 സ്ഥാനങ്ങളിൽ 4 സ്ത്രീ സംവരണമായിരുന്നു.

ഭരണസമിതിയുടെഘടന താഴെചേർക്കുന്നു.

| | പേര് | സ്ഥാനം | പാർട്ടി |
|---|---|---|---|
| 1 | കെ. പാത്തുടീച്ചർ | പ്രസിഡണ്ട് | IUML |
| 2 | കെ. പോക്കർ | വൈ: പ്രസി | Con(1) |
| 3 | വി. അബ്ദുറഹിമാൻ മാസ്റ്റർ | (ചെയർമാൻ സ്റ്റാൻിംഗ് കമ്മററി) | IUML |
| 4 | സി. എൻ. അഹമ്മത് | മെമ്പർ | IUML |
| 5 | എം. എ. കുഞ്ഞബ്ദുള്ള | മെമ്പർ | IUML |
| 6 | കെ. പി. മുനീറ ടീച്ചർ | മെമ്പർ | IUML |
| 7 | മഠത്തിൽ മൊയ്തു | മെമ്പർ | Con(I) |
| 8 | കെ. കെ. ബാലൻ മാസ്ററർ | മെമ്പർ | CPM |
| 9 | ആർ. മാധവി അമ്മ | മെമ്പർ | Con(I) |
| 10 | പി. വി. കല്ല്യാണി | മെമ്പർ | CPM |

സ്ററാൻറിംഗ് കമ്മററി

| | | |
|---|---|---|
| 1 | വി. അബ്ദുറഹിമാൻ മാസ്ററർ | ചെയർമാൻ |
| 2 | എം. എ. കുഞ്ഞബ്ദുള്ള | മെമ്പർ |
| 3 | മഠത്തിൽ മൊയ്തു | ,, |
| 4 | കെ. പി. മുനീറ ടീച്ചർ | ,, |
| 5 | കെ. കെ. ബാലൻമാസ്ററർ | ,, |

ഇപ്പോഴത്തെ ഭരണ സമിതി സാരഥിമനം ഒരുവർഷം പൂർത്തിയാക്കിയിരിക്കയാണ്. പഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങളെയും കൂട്ടി യോജിപ്പിച്ച് ഒരു പുതിയ വികസന മുദ്രാവാക്യവുമായി വേഗം പഞ്ചായത്തിൻെറ നാനാതുറകളിലെ വളർച്ച ലക്ഷ്യമാക്കി കേരള സർക്കാരുമായി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ പഞ്ചായത്ത് ഭരണ സമിതിക്ക് അതിയായ ആഗ്രഹമുണ്ട്.

ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തത് മൂലം പഞ്ചായത്തിൻെറ പ്രയാസങ്ങൾ ചില്ലറയല്ല. പഞ്ചായത്ത് ഡിപ്പാർട്ടുമെൻറ് വേളം പഞ്ചായത്തിനെ, മററു പഞ്ചായത്തുകൾക്ക് വേണ്ടാത്ത ഉദ്യോഗസ്ഥൻമാരെ സ്ഥലം മാററി നിയമിക്കാനുള്ള ഒരു സ്ഥാപനമായി കാണുകയാണെന്ന്

തോന്നിപ്പോകുന്നു. ഒഴിവുകൾ നികത്തിക്കിട്ടാൻ കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതി സമരങ്ങൾ തന്നെ നടത്തേണ്ടി വന്നിട്ടുണ്ട്.

1980ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും 1980ന് ശേഷം എത്രയോ ജോലിഭാരം പഞ്ചായത്തിന് കൂടിയിട്ടുണ്ട്. സ്റ്റാഫ് പട്ടിക ചുവടെ ചേർക്കുന്നുണ്ട്. അടിയന്തിരമായി ഒഴിവുകൾ നികത്തിത്തരാനും ഒരു ഓഫീസ് സ്വീപ്പറേയും രണ്ട് റോഡ് സ്വീപ്പർമാരേയും നിയമിക്കാനും സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കാനും സർക്കാറിന്റെയും പഞ്ചായത്ത് വകുപ്പിന്റെയും ശ്രദ്ധ പതിയണമെന്ന് അഭ്യർത്ഥിക്കുന്നു.

## സ്റ്റാഫ് പാറ്റേൺ

സെക്രട്ടറി — 1
ഹെഡ്ക്ലർക്ക് — 1 ഒഴിഞ്ഞുകിടക്കുന്നു.
യു. ഡി. ക്ലാർക്ക് — 1
എൽ. ഡി. ക്ലാർക്ക് — 2
ജൂനിയർ ബിൽകലക്ടർ — 1 ഒഴിഞ്ഞുകിടക്കുന്നു
പ്യൂൺ — 1
പാർടൈം സ്വീപ്പർ റോഡ് — 1

വേളം ഗ്രാമപഞ്ചായത്തിന്റെ ഗതകാല ചരിത്രം ഹ്രസ്വമായി പ്രതിപാദിക്കാനേ ഇവിടെ ശ്രമിച്ചിട്ടുള്ളൂ. ഇനിയുമെത്രയോ പറയാൻ കണ്ടേക്കാമെങ്കിലും സ്ഥലസമയ പരിമിതിമൂലം, ആയതിന് തുനിയുന്നില്ല.

## വേളം ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻമാർ

1. **എ. എ. രാജൻ** — സിക്രട്ടറി.
2. **എം. കുഞ്ഞിക്കേളു** — യു. ഡി. സി.
3. **കെ. പി. ഗോപാലൻനമ്പ്യാർ** — എൽ. ഡി. സി.
4. **കെ. എസ്. ഷാജു** — എൽ. ഡി. സി.
5. **എ. കെ. കണ്ണൻ** — പ്യൂൺ
6. **കെ. മൊയ്തു** — പാർട്ട്ടൈംസ്വീപ്പർ

## [illegible]

1. [illegible] — [illegible]
2. [illegible] — [illegible]
3. [illegible] — [illegible]
4. [illegible] — [illegible]
5. [illegible] — [illegible]
6. [illegible] — [illegible]

## വേളം ഗ്രാമ പഞ്ചായത്ത്

ഭരണ സമിതി



ഇരിക്കുന്നത് ഇടത്ത് നിന്ന് വലത്തോട്ട് – (1) ശ്രീമതി. ആർ മാധവി അമ്മ (2) കെ. പോക്കർ (വൈസ് പ്രസിഡണ്ട്) (3) കെ. പാത്തുടീച്ചർ (പ്രസിഡണ്ട്) (4) കെ. പി. മുനീറ (5) പി. വി. കല്ല്യാണി.
നിൽക്കുന്നത് ഇടത്തുനിന്ന് വലത്തോട്ട് – (1) കെ. കെ. ബാലൻ മാസ്റ്റർ (2) മഠത്തിൽ മോയ്തു (3) സി. എൻ. അഹമ്മദ് (4) വി. അബ്ദുറഹിമാൻ (സ്റ്റാൻന്റിംഗ് കമ്മിറ്റി ചെയർമാൻ) (5) എം. എ. കുഞ്ഞബ്ദുല്ല.

സിക്രട്ടറി & സ്റ്റാഫ്



ഇരിക്കുന്നത് (1) കെ. പി. ജി. നമ്പ്യാർ (LDC) (2) എ. എ. രാജൻ (സെക്രട്ടറി) (3) എം. കുഞ്ഞിക്കേളു (UDC)
നില്ക്കുന്നത് – (1) ഷാജു (LDC) (2) കെ. മൊയ്തു (PTS) (3) എ. കെ. കണ്ണൻ (Peon)

# A

# തുടങ്ങാം കൃഷി; ജലസേചനവും

കൂൺ ! തനി മാംസ്യം !
-ഊണിന് കൂണ്-
കൂൺ കൃഷിചെയ്യുക;
കൂൺകറി കൂട്ടുക! ഊൺ സ്വാദിഷ്ടമാക്കുക !

# ചുക്ക് കൂടാത്തകഷായമില്ല !
# ഇഞ്ചികൃഷിതുടങ്ങുക.

കടുക്ക, താനിക്ക, നെല്ലിക്ക, ചുക്ക്, മുളക്, തിപ്പല്ലി,
പുത്തരിചുണ്ട, വെള്ളാട്ടുചുണ്ട, ചെറുവഴുതിന
ഔഷധസസ്യങ്ങൾ കൃഷിചെയ്യുക. ആയുരാരോഗ്യസമ്പദ്സമൃദ്ധിക്ക്

വേപ്പ് അത്യുത്തമൗഷധം
തോപ്പിലൊരു വേപ്പ്നടൂ.
കൂവരശ്, പോഷകവും ഔഷധവും
- കൂവരശ് കൃഷിചെയ്യുക -

# തുടങ്ങാം കൃഷി

ആർഷഭാരതം കാർഷികവൃത്തിക്കും ഗോസംരക്ഷണത്തിനും കൊടുത്ത പ്രാധാന്യം വേദങ്ങളിൽ നിന്നും രാമായണ മഹാഭാരതാദി ഇതിഹാസങ്ങളിൽ നിന്നും വ്യക്തമാണല്ലോ. ധാന്യദാനം, ഗോദാനം, തുടങ്ങിയ മോക്ഷദായകധർമ്മങ്ങളും, ജനകരാജാവിന്റെ ഉഴവ്, സീതാദേവിയുടെ ജനനം, ഗോകുലവും ഗോപാല ബാലനും, കുചേലന്റെ തിരുമുൽക്കാഴ്ച (അവിൽ) ഉഗ്രതപസ്സിന്റെ "ചെറിനെല്ലരി" ച്ചോറും "ചാമക്കുരു കൂട്ടാ"നും എന്നിങ്ങനെ ഉദാഹരണങ്ങളുടെ പട്ടിക നീണ്ടുപോകുന്നു. വേളം പഞ്ചായത്തിന്റെ കാർഷിക ചരിത്രം പറയുമ്പോൾ ഈ കാര്യം ഓർമ്മിപ്പിക്കുന്നുവെന്നേയുള്ളൂ.

ഒരു നൂറ്റാണ്ടുകാലത്തെ വേളം പഞ്ചായത്തിന്റെ ചരിത്രം 'തിരിഞ്ഞുനോട്ട'ത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഇനി കേരളപ്പിറവിക്കുമുമ്പുള്ള (1956) കാർഷിക വ്യവസ്ഥിതി സൂചിപ്പിക്കാൻ ശ്രമിക്കാം. 1961ലാണ് വേളം, ചേരാപുരം വില്ലേജുകൾ കൂട്ടിച്ചേർത്ത് വേളം പഞ്ചായത്ത് നിലവിൽ വന്നത്.

ബ്രിട്ടീഷ് ഭരണത്തിൽകീഴിലായിരുന്ന മദ്രാസ് സംസ്ഥാനത്തിൽ, ജന്മി–കുടിയാൻ ബന്ധത്തിലധിഷ്ഠിതമായിരുന്നു കൃഷി. കൃഷിഭൂമി ജന്മിയുടെ പേരിലും ! മണ്ണിലദ്ധ്വാനിക്കുന്ന കൃഷിക്കാരന് കൃഷിഭൂമിയിൽ യാതൊരു അവകാശവുമില്ലാത്ത അവസ്ഥ ! അദ്ധ്വാനഫലം ജന്മിയും മധ്യവർത്തിയും പങ്കിട്ടെടുക്കുക !

ജന്മി പന്ത്രണ്ട്' കൊല്ലക്കാലാവധിക്ക് പാവപ്പെട്ട കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും ഭൂമി ഒരു നിശ്ചിത തുക പാട്ടം നിശ്ചയിച്ച് കൃഷി ചെയ്യാൻ ഏൽപിച്ചുകൊടുക്കുന്നു. ഭീമമായ പാട്ടമാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. പാട്ടത്തിന് പാപ്പാട് എന്നും പറഞ്ഞിരുന്നു. ഇങ്ങനെ ഏൽപിച്ചു കൊടുക്കുന്നതിന് ചാർത്തിക്കൊടുക്കൽ എന്നാണ് പറഞ്ഞുവന്നിരുന്നത്. ചാർത്തിന് ഭൂമിയുടെ തരം, ഗുണം, വിസ്തൃതി എന്നിവയെ അടിസ്ഥാനമാക്കി വിലയും കൊടുക്കേണ്ടിയിരുന്നു. ഇതിനാണ് 'മാനുഷം' എന്ന് പറയുന്നത് പലപ്പോഴും കർഷകർക്ക് പാട്ടം കൊടുക്കാനും നികുതികൊടുക്കാനും കഴിയാതെ 12 കൊല്ലം കഴിയുമ്പോൾ ജന്മിക്ക് ഭൂമി ഒഴിഞ്ഞു കൊടുക്കേണ്ടിവരികയോ ഒഴിപ്പിക്കപ്പെടുകയോ ചെയ്യുന്നു. ഇത്തരം ഒട്ടേറെ ക്രൂരമായ ഒഴിപ്പിക്കലിന്റെ കഥ വേളത്തിന്റെ മൺതരികൾക്ക് പറയാനുണ്ട്.

ചാർത്തിവാങ്ങിയ ഭൂമി തോട്ടമാണെങ്കിൽ പന്ത്രണ്ട് കൊല്ലക്കാലവും വയലാണെങ്കിൽ അഞ്ച് കൊല്ലവും കൈവശം വെക്കാനേ കർഷകന് അധികാരമുണ്ടായിരുന്നുള്ളൂ. കാലാവധിക്ക് ശേഷം വീണ്ടും ജന്മിയുടെ ഇഷ്ടാനിഷ്ടത്തിന് വിധേയമായി പൊളിച്ചെഴുതി വാങ്ങാൻ കുടിയാന് കഴിയുമായിരുന്നു. പല ജന്മിമാരും ഭൂമി ചാർത്തികൊടുത്ത ആ ഭൂമിയിൽ കർഷകൻ തെങ്ങും മാവും വെച്ചുപിടിപ്പിച്ച് വികസിപ്പിക്കാൻ പാകമാവുമ്പോൾ ജന്മിക്ക് കർഷകനോട് വല്ല അനിഷ്ടവും തോന്നിയാൽ മേൽചാർത്ത് കൊടുക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. മേൽചാർത്ത് കൊടുത്ത മധ്യവർത്തിക്ക് നിഷ്കരുണം കുടിയാനെ ഒഴിപ്പിക്കാൻ കഴിയുമായിരുന്നു.

ബ്രിട്ടീഷിന്ത്യയിൽ [illegible] നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ രാജാജി സർക്കാർ നിലവിൽ വന്നപ്പോൾ പാട്ടംകൊണ്ട് നട്ടംതിരിയുന്ന കർഷകന് തെല്ലൊരു ആശ്വാസം നൽകാൻ പാട്ടകുടിശ്ശിക ഇളവ് ചെയ്യുന്ന ഒരു നിയമം കൊണ്ടുവരികയുണ്ടായി. പത്രങ്ങളും പതിവും ബില്ല് എന്ന പേരിൽ ഈ പ്രദേശങ്ങളിൽ അറിയപ്പെട്ടിരുന്ന ആ നിയമം കൊല്ലവർഷം 1112, 1113 എന്നീ രണ്ട് കൊല്ലത്തെ പാട്ടം കൊടുത്താൽ അതു വരെയുള്ള പാട്ട ബാക്കിയെല്ലാം കൊടുത്തുതീർന്നു എന്ന് വ്യവസ്ഥ ചെയ്തിരുന്നു. 1957-ൽ കേരളത്തിൽ ജനകീയ ഗവൺമെന്റ് അധികാരത്തിൽ വന്നു. കുടിയാന്മാർക്ക് ആശ്വാസമായ തീരുമാനങ്ങൾ കൈക്കൊണ്ടു. അതിലൊന്നാണ് എല്ലാവിധ ഒഴിപ്പിക്കലും നിരോധിച്ചത്. കുടികിടപ്പുകാരെ [illegible]ളിൽ പത്തുസെന്റ് ഭൂമി കുടികിടപ്പ് ലഭിക്കുമെന്നുള്ള പ്രതീക്ഷ. കാർഷികബന്ധ നിയമത്തിലൂടെ ഉണ്ടായെങ്കിലും പിന്നെയും ഒരു വ്യാഴവട്ടക്കാലത്തിലേറെ. 1970ലെ കേരള ഭൂപരിഷ്കരണനിയമം വരുന്നത് വരെ കുടികിടപ്പുകാരും ഭൂരഹിതരായ കർഷകത്തൊഴിലാളികളും കാത്തിരിക്കേണ്ടിവന്നു. [illegible] ഭൂമിയിൽ സ്ഥിരാവകാശവും അതോടെ ലഭ്യമായി. 'ജന്മി' കാലത്തിന്റെ കറുത്ത ഏടുകളിൽ [illegible]. കാർഷിക രംഗത്ത് ഇതിന്റെ ഫലമായി മാറ്റമുണ്ടായില്ല എന്നുവേണം പറയാൻ. പഴയ കൃഷിക്കാരൻ [illegible] പ്രകൃതി ക്ഷോഭവും, [illegible] കൊണ്ട് ഇതിൽ

ത്തവ്യ മൂഢനായി നിന്നവനമായിരുന്നു. കൃഷിയുടെ നഷ്ടത്തിന് യാതൊരു പരിഹാരവും ഉണ്ടാക്കുവാൻ അവന് കഴിയുമായിരുന്നില്ല. ഭൂപരിഷ്കരണ നിയമം വന്നിട്ടും കാർഷിക രംഗത്ത് മൂലധനം നിക്ഷേപിക്കാൻ ദരിദ്ര കർഷകർക്ക് കഴിയാതെപോയി. എങ്കിലും കാർഷിക രംഗത്ത് സമഗ്രമായ മാററം ഇതോടെ കൈവന്നു എന്ന് പറയാം. അന്ന് കർഷക തൊഴിലാളികൾ പോലും കിഴങ്ങ് വർഗ്ഗങ്ങളുടെയും, പയർവർഗ്ഗങ്ങളുടെയും, പച്ചക്കറികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തരായിരുന്നു. എന്നാൽ ഇന്ന് പച്ചക്കറികളും കിഴങ്ങ് വർഗ്ഗങ്ങളും എങ്ങോ പോയ്മറഞ്ഞു.

## വിളചേരുവകൾ.

മുഖ്യവിളകൾ:–

a) തോട്ടവിളകൾ
1) തെങ്ങ്
2) റബ്ബർ
3) കുരുമുളക്
4) കമുങ്ങ്
5) കശുമാവ്

b) നെല്ല്
1) കന്നി–ഒന്നാം വിള
2) മകരം–രണ്ടാം വിള
3) പുഞ്ച–മൂന്നാം വിള

c. ഇടവിളകൾ

1) മാവ്
2) പ്ലാവ്
3) പുളി
4) വാഴ
5) കിഴങ്ങുവർഗ്ഗങ്ങൾ
6) ഇഞ്ചി
7) മഞ്ഞൾ
8) പയർവർഗ്ഗങ്ങൾ
9) പച്ചക്കറികൾ
10) മുത്താറി
11) കൈതച്ചക്ക.

**തെങ്ങ്:**

പരമ്പരാഗതമായി ദീർഘവിളയായി കൃഷി ചെയ്യുന്ന തെങ്ങ് തോട്ടമായി കൃഷിചെയ്യുന്നില്ലെങ്കിലും ഉള്ളത് തോട്ടമായി നിലനിൽക്കുന്നു. കുരുമുളക് പ്രധാനമായും തെങ്ങിൻതോപ്പിലെ ഇടവിളയാണ്. എന്നാൽ അപൂർവ്വം സ്ഥലങ്ങളിൽ കുരുമുളക് തോട്ടവും കാണാം. റബ്ബർ തോട്ടമായിതന്നെ കൃഷി ചെയ്യുന്നു. മണിമല റബ്ബർ എസ്റ്റേററ് ഇവിടത്തെ ആദ്യത്തെ കടിയേററത്തിന്റെ സംഭാവനയാണ്. കമുങ്ങ് ഇടവിളയായും തോട്ടവിളയായും കൃഷിചെയ്യുന്നുണ്ട്. കുന്നിൻ പ്രദേശങ്ങളിലും പാറ പ്രദേശങ്ങളിലും കശുമാവ് തോട്ടങ്ങളുണ്ട്. തെങ്ങ്, കമുങ്ങ്, കശുമാവ് എന്നി തോട്ടവിളകൾ ഭൂരിഭാഗവും നാടൻ ഇനങ്ങളാണ്. ഇപ്പോൾ കുറേശ്ശയായി സങ്കര ഇനങ്ങളും പ്രവേശിച്ചു തുടങ്ങിയിട്ടുണ്ട്. നെൽകൃഷി ഭൂരിഭാഗവും സങ്കര ഇനങ്ങളാണത്രെ. ഇവിടെ നാടൻ ഇനങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കയാണ്.

പട്ടിക താഴെ കൊടുക്കുന്നു.

| കൃഷിയുടെ പേര് | വിസ്തീർണ്ണം | ഉല്പാദനക്ഷമത |
|---|---|---|
| നെല്ല് | 200 ഹെക്ടർ | 2250 കി.ഗ്രാം/ഹെക്ടർ |
| തെങ്ങ് | 2188 ,, | 34 തേങ്ങ/1തെങ്ങ് |
| കവുങ്ങ് | 2 ഹെക്ടർ | 148അടക്ക/1കവുങ്ങ് |
| കുരുമുളക് | 18 ,, | 225കി.ഗ്രാം/1ഹെക്ട: |
| നേന്ത്രവാഴ | 25 ,, | 7254കി.ഗ്രാം./1 ,, |
| മരച്ചീനി | 15 ,, | 16ടൺ/1ഹെക്ടറിന് |
| കശുമാവ് | 2 ഹെക്ടർ | 680കി.ഗ്രാം./1ഹെ: |
| റബ്ബർ | 150 ഹെക്ടർ | 785കി.ഗ്രാം./1 ,, |
| പച്ചക്കറി | 3 ഹെക്ടർ | ലഭിച്ചിട്ടില്ല. |

(അവലംബം – കൃഷിഭവൻ റിപ്പോർട്ട്)

## ഇടവിളകൾ.

വാഴ, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി, മധുരക്കിഴങ്ങ്, ചെറുകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, കൂർക്കൽ എന്നിവ മിക്ക തെങ്ങിൻതോപ്പുകളിലും ഇടവിളയായി പേരിനുമാത്രം കാണാം. ഈ രംഗത്ത് അത്യുത്പാദന ശേഷിയുള്ള സങ്കരയിനങ്ങൾ പ്രവേശിച്ചുതുടങ്ങുന്നതേയുള്ളൂ. മിക്ക തെങ്ങിൻ തോപ്പുകളിലും പ്ലാവും മാവും പുളിയുമുണ്ട്. ഈ വൃക്ഷക്കാരണവന്മാരിൽ പലരും മരത്തിന്റെ ദൗർലഭ്യം കാരണം വെട്ടിമാററപ്പെടുകയാണ്. പകരം വെച്ചു പിടിപ്പിക്കുന്നതിൽ കൃഷിക്കാരിൽ ഔൽസുക്യം കാണുന്നില്ല. ഒട്ടുമാവുകളും ഒട്ടുശീമപ്ലാവുകളുമൊക്കെ അൽപമായി കൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്. മാമ്പഴക്കൂട്ടത്തിലെ മംഗോവയെവെല്ലുന്ന ഒളോർ (അത്രർ) മാങ്ങയ്ക്ക് പ്രസിദ്ധമാണിവിടം. ഏപ്രിൽ, മെയ് മാസങ്ങളിൽ മാങ്ങാകച്ചവടം ഏതാനും പേർ ഒരു തൊഴിലായി ഇവിടെ അംഗീകരിച്ചിട്ടുണ്ട്. മാങ്ങയ്ക്ക്

# വേളം ഗ്രാമ പഞ്ചായത്ത്
## കാർഷിക ഭൂപടം

CO തെങ്ങ്

P നെല്ല്

R റബ്ബർ

B വാഴ

TA മരച്ചീനി

CW കശുമാവ്



നല്ല വിപണന സാദ്ധ്യതയുണ്ടെങ്കിലും ചക്കയുടെ കാര്യം കഷ്ടം തന്നെ! ലോകത്തിലെ ഏററവും വലിയ ഫലമായ ചക്ക പ്ലാവിൻ ചുവട്ടിൽ തന്നെ വീണടിയുന്നു. ഉപഭോഗ സംസ്കാരത്തിൻെറ കടന്നു കയററം കാരണം ചക്ക ഒരു ഭക്ഷണമായി ഉപയോഗിക്കുന്നത്തന്നെ നാണമായി മാറിയിരിക്കുന്നു.

**വാഴ.**

ഇടവിളകളിൽ പ്രധാനമാണ് നേന്ത്രവാഴ. നേന്ത്രവാഴ പങ്കുപാട്ടത്തിനും സ്വന്തം ഭൂമിയിലും വ്യാപകമായി, ശാസ്ത്രീയമായി കൃഷിചെയ്തുവരുന്നുണ്ട പട്ടവാഴകളായ കദളി, മൈസൂർ, ചെങ്കദളി, പൂവൻ മണ്ണൻ, മാമ്പില്ലകുന്നൻ തുടങ്ങിയ വാഴകളുണ്ടെങ്കിലും ഇതിനെ ഒരു കാർഷിക വിളയായി പരിഗണിച്ച് പരിചരണങ്ങൾ നൽകാറില്ല. ചിലയിടങ്ങളിൽ റോബസ്റ്റ് വ്യാപകമായി, ശാസ്ത്രീയടിസ്ഥാനത്തിൽ ചെയ്യാറുണ്ട്.

**മരച്ചീനി :- (കപ്പ)**

കപ്പയില്ലാത്ത പുരയിടങ്ങൾ പഴയകാലത്ത് ഇവിടെ അപൂർവ്വമായിരുന്നു. ഉപഭോഗ സംസ്ക്കാരം ഇവിടെയും കടന്നാക്രമണം നടത്തിയിരിക്കുന്നു. കപ്പ കൃഷി തുലോം കുറഞ്ഞുവരികയാണ് ചിലഭാഗങ്ങളിൽ വ്യാപകമായി വയലുകളിലും തെങ്ങിൻ തോപ്പുകളിൽ ഇടവിളയായും കപ്പകൃഷി ചെയ്തുവരുന്നുണ്ട് കരിങ്കണ്ണി, (വേലങ്കി) അഞ്ചാംപൂള എന്നീ നാടൻ ഇനങ്ങളാണ് കൃഷിചെയ്തുവരുന്നത്. പഴയ പുന്നൂപൂള, ജമ്മൻപൂള, ഇലമുറിയൻ മുതലായ കപ്പത്തണ്ടുകൾ ഇപ്പോഴെങ്ങും കാണാനില്ല

മധുരക്കിഴങ്ങ്, ചേമ്പ് ചേന, കാച്ചിൽ കൂർക്കൽ, ചെറുകിഴങ്ങ് എന്നിവ പഴയകാലത്ത് വ്യാപകമായി കൃഷിചെയ്ത്വരുന്നുണ്ട് എന്നാൽ അവയെല്ലാം അപൂർവ്വം തോപ്പുകളിൽ മാത്രം വല്ലവരും കൃഷിചെയ്തെങ്കിലായി ഇപ്പോൾ ഇതൊരു വരുമാനമാർഗ്ഗമേ അല്ല.

ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ ഇപ്പോൾ വെറും വീട്ടാവശ്യത്തിനുള്ള കൃഷിയായി ചുരുങ്ങിയിരിക്കുന്നു. വീട്ടാവശ്യത്തിനു് പോലും ഇഞ്ചിയും മഞ്ഞളും കൃഷിചെയ്യാത്തവരാണധികവും.

ഇടവിളയായി പഴയകാലത്ത് മിക്ക വീട്ടുവളപ്പിലും മമ്പയർ, ചെറുപയർ, ഉഴുന്ന്, മുതിര, തുവര എന്നിവ കൃഷിചെയ്തിരുന്നു. ഇപ്പോൾ ഈ കൃഷിയും നാമമാത്രമാണ്. പാടത്ത് ഒന്നാം വിളക്കും രണ്ടാംവിളക്കും ശേഷം ചിലയിടത്ത് വൻപയർ കൃഷി ചെയ്യാറുണ്ട്. എള്ളും കുറഞ്ഞ തോതിൽ കൃഷി ചെയ്തുവരുന്നുണ്ട് മുത്താറി പേരിന്നുമാത്രം ചിലർ കൃഷി ചെയ്യുന്നുണ്ട്.

**പച്ചക്കറികൾ.**

വെള്ളരി, കുമ്പളം, മത്തൻ, ഇളവൻ, ചുരക്ക, പപ്പായ, കക്കിരി ഇവ പോയകാലങ്ങളിൽ മത്സരാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നത് കർഷകരിൽ ഒരു വിനോദമായിരുന്നു. എന്നാൽ ഇന്ന് കൃഷിഭവൻെറ സഹായവും പ്രോത്സാഹനവും ഉണ്ടായിട്ടും ഈ രംഗത്തേക്ക് കടന്നുവരാൻ കർഷകർ അറച്ചു നിൽക്കുന്നു. വെണ്ട, ചീര, തക്കാളി മുളക്, പടവലം, പാവൽ (കയ്പ്പ) വഴുതിന. നിത്യവഴുതിന ഇവയുടെ കൃഷിയും പ്രോത്സാഹജനകമല്ല. ഒരു പുരയിടത്തിൽ ഒരു പപ്പായ മരമെങ്കിലും ഇവിടെ എവിടേയും കാണാം.

ഇവിടെ പച്ചക്കറി കൃഷി മെയ് മാസത്തിൽ മഴയെ ആശ്രയിച്ചും; നവമ്പർ, ഡിസമ്പർ മാസങ്ങളിൽ ജലസേചനം വഴിയും നടന്നു വരുന്നു. പേരിന് മാത്രം പച്ചക്കറികൃഷി അവിടിവിടെ കാണാമെന്നല്ലാതെ യഥാർത്ഥത്തിൽ പച്ചക്കറി കൃഷിയും തിരോധാനംചെയ്ത് കൊണ്ടിരിക്കയാണ്.

**നെൽകൃഷി:-**

കൃഷിഭവനിലെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 200 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയാണ്. എന്നാൽ ഈ കണക്ക് തീരെ ശരിയല്ല. 300നും 400നും ഇടക്ക് ഇവിടെ നെൽ കൃഷിയുണ്ട്. ഒന്നാം വിള കന്നികൃഷി എന്ന പേരിൽ അറിയപ്പെടുന്നു. ഇപ്പോൾ വളരെകുറഞ്ഞ സ്ഥലത്തെ കന്നികൃഷി നടത്തുന്നുള്ളൂ, കാരണം നെൽവയലുകൾ മിക്കവാറും തെങ്ങിൻതോപ്പുകളും പുരയിടങ്ങളുമായി മാറി. കന്നിപ്പാടങ്ങളിൽ പലയിടത്തും കൂററൻ കെട്ടിടങ്ങൾ തലയുയർത്തി നിൽക്കുന്നു. ബാക്കിവന്ന കന്നിപ്പാടങ്ങളിൽ തവളക്കണ്ണൻ, പള്ളിയാരൽ മററ് ചിലയിനം നാടൻ വിത്തുകൾ എന്നിവ കാലവർഷാരംഭത്തിൽ തന്നെ വിത്തെറിഞ്ഞ് കൃഷിയാരംഭിക്കുന്നു. പുതിയ ഇനം വിത്തുകൾ (ജ്യോതി കാഞ്ചർ തുടങ്ങിയവ) ഞാറുപാകി, പറിച്ചുനട്ട് കൃഷിചെയ്യുന്നു. ഉഴവുകാളകളേയും ടില്ലർ,ട്രാക്ടർ എന്നിവയേയും ആശ്രയിക്കുന്നു. ഉഴവുകാളകൾ കുറഞ്ഞുവരികയാണ് നടീലിനും

കൊയ്ത്തിനും തൊഴിലാളികളെ കിട്ടാത്ത അവസ്ഥ യും ഈപ്രദേശങ്ങളിലുണ്ട്. കഷ്കതൊഴിലാളികരം നിർമ്മാണ മേഖലകളിലേക്ക് ചേക്കേറുന്നതാണ് ഇതിന് കാരണം.

### രണ്ടാംവിള (മകരംകൃഷി)

ഈ പഞ്ചായത്തിൽ ഏററവും കൂടുതൽ കൃഷി നടത്തുന്നത് രണ്ടാം വിളയാണ്. നീർക്കെട്ടുള്ള പ്രദേ ശങ്ങളിൽ മുണ്ടകൻ, കുട്ടാടൻ (കുട്ടനാടൻ) എന്നീ നാ ടൻ വിത്തിനങ്ങരം വിതച്ച് കൃഷി നടത്തുന്നു. മുണ്ട കൻ ഞാറുനട്ടും കൃഷിചെയ്യാറുണ്ട്. കൂടാതെ മുത്തു പ്പേട്ട, ചിറേറനി, മസൂരി, (ആയിരംകണ) എന്നീ നാടൻ ഇനങ്ങളും കൃഷിചെയ്യാറുണ്ട്. നാടൻ ഇനങ്ങ ൾക്ക് ഉൽപാദനക്ഷമത കുറവാണെന്ന ധാരണയാണ് കൃഷിക്കാരിൽ. അതുകൊണ്ട്തന്നെ ഐ.ആർ.എട്ട്. ജ്യോതി, ജയ, കാഞ്ചർ, ത്രിവേണി, ഐ. ആർ. 5 എന്നീപുതിയ വിത്തിനങ്ങളിലേക്ക് കൃഷിക്കാർമാറി യിട്ടുണ്ട്. നാടൻ ഇനങ്ങരം കുറഞ്ഞതുകാരണം അ തിരൂക്ഷമായ വൈക്കോൽ ക്ഷാമം ഈ പഞ്ചായത്തി നെ അലട്ടുന്നു. വൈക്കോലിന് പാലക്കാടൻ ലോറി യെ ആശ്രയിക്കുന്നു.

### പുഞ്ചകൃഷി (മൂന്നാം വിള)

പുഞ്ചകൃഷിയിൽ സ്ഥിരംപുഞ്ചയെന്നും അസ്ഥി രം പുഞ്ചയെന്നും പറയുന്ന രണ്ടിനങ്ങളുണ്ട്. ഇതിൽ അസ്ഥിരം പുഞ്ചയെന്നറിയപ്പെട്ടിരുന്ന പുനംകൃഷി, മൊടൻ (വയനോക്കി) എന്നിവ ഇന്ന് നാട്ടിൻപുറങ്ങ ളിൽ നിന്ന് തിരോധാനം ചെയ്തുകഴിഞ്ഞു. ഇത് മേ ടുകളിലും പറമ്പുകളിലുമാണ് കൃഷിചെയ്തിരുന്നത്.

പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുകൂടി ഒഴുകുന്ന കുററല്ലൂർ തോടിന്റെ കിഴക്കേകരകരം പുഞ്ചകൃഷിക്കനുയോജ്യമായ പാണ്ടിനിലങ്ങളാണ്. ഇവിടെ കുററല്ലൂർ തോടിന്ന് ഓരുവെള്ളംതടഞ്ഞുനി ത്താൻ പര്യാപ്തമായവിധം ഒരു ചീപ്പ് ഉണ്ടായിരുന്നു. അത്യുല്പാദനശേഷിയുള്ളവിത്തിനങ്ങരം പയോഗിച്ചാ ണ് പുഞ്ചകൃഷിചെയ്യുന്നത്. ഏകദേശം 100 ഹെക്ടർ പുഞ്ചകൃഷിഭൂമിയാണ് ഇവിടെയുള്ളത്. നിലവിലു ള്ള നീരുറവകരം ഉപയോഗപ്പെടുത്തി പഞ്ചായത്തി ന്റെ മററുചില ഭാഗങ്ങളിൽ പരിമിതമായ തോതിൽ പുഞ്ചകൃഷിനടത്തിവരുന്നു. പഞ്ചായത്തിന്റെ പടി ഞ്ഞാറുഭാഗത്തുള്ളകഷ്കക്ക് പുഞ്ചകൃഷിഅവരുടെ50% ഭക്ഷ്യാവശ്യങ്ങരം നിറവേററുന്നു എന്ന്കണക്കാക്കാം പങ്കുവ്യവസ്ഥയിൽ കൃഷിഭൂമി വാങ്ങി കർഷക തൊ ഴിലാളികളും മററും പുഞ്ചകൃഷി ചെയ്തുവരുന്നുണ്ട്. ഒന്നും രണ്ടും വിളകളെ അപേക്ഷിച്ച് പുഞ്ചകൃഷിക്ക് ഉല്പാദനക്ഷമത കൂടുതലാണ്. മൊത്തം നെല്ലുല്പാദന ത്തിന്റെ ക്ഷമത 2280 കി/ ഹെക്ടർ ആണ്. സം സ്ഥാന ശരാശരിയേക്കാരം കൂടുതലാണിതെന്ന കാര്യം നമുക്ക് അഭിമാനത്തിന്ന് വകനൽകുന്നു.

### ജലസേചനം:-

വേളം പഞ്ചായത്തിലെ കാർഷിക പുരോഗതി കൂടി ലക്ഷ്യമിട്ട് ആരംഭിച്ച കുററ്യാടി ജലസേചന പദ്ധതി, വെള്ളം ഒഴുകാത്ത കനാലുകളായി നില കൊള്ളുന്നതാണ് വേളത്തെ കാർഷികരംഗത്തെ മുര ടിപ്പിന്ന് പ്രധാന കാരണം. ചെറുകിട ജലസേചന പദ്ധതിയായി ആകെ ഇവിടെയുള്ളത് ആറാം വാർ ഡിലെ തോട്ടുമുക്കിലുള്ള വി. സി. ബി. യാണ്. എന്നാൽ തോടുകരം നികന്നു പോയതിനാൽ ഇത് കൊണ്ട് യാതൊരു പ്രയോജനവും ഇല്ലാതെയായിരി ക്കുന്നു. നാലാം വാർഡിലെ തിരുവഞ്ചേരി തുറ ഒരു വലിയ ജലസ്രോതസ്സാണെങ്കിലും ഈജലമുപയോഗ പ്പെടുത്തി രണ്ടാം വിളയെടുക്കാൻ കഷ്കർക്ക് കഴി യുന്നില്ല. പ്രസ്തുത തുറ സ്വകാര്യവ്യക്തികളുടേ താണ്, അവരുടെ സമ്മതത്തോടെ ഇവിടെ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തിയാൽ ഏക ദേശം 125 ഏക്കർ ഒരുപ്പൂകിൽ നിലം ഇരുപ്പൂകിലാ ക്കാൻ കഴിയും പത്താം വാർഡിലെ കുററല്ലൂർ തോ ടിന്റെ മുതുവന കടവ്വരെയുള്ള ഭാഗം തീരസംരക്ഷ ണത്തോടെ, നികന്ന ഭാഗം മണ്ണ്നീക്കി ഒന്നാം വാർ ഡിലെ കിഴക്കെവീട്ടിൽതാഴെ ഫീൽഡ് ബൂത്തി യുമായി ബന്ധിപ്പിച്ചാൽ ഉദ്ദേശം 280 ഹെക്ടർ സ്ഥ ലത്ത് ഒരുപ്പൂകിൽ ഇരുപ്പൂകിലാക്കാം.

നീർക്കെട്ടുകൊണ്ട് കൃഷിചെയ്യാൻ കഴിയാത്ത ഇളംകുളത്തെ നീർക്കെട്ട് ഒഴിവാക്കാൻ തുലാററുംനട തോട് മണ്ണ്നീക്കി സംരക്ഷിക്കുകയും ഇളംകുളത്ത് നിന്നും മുതുവനക്കടവിലേക്കുണ്ടായിരുന്ന നികത്ത പ്പെട്ട തോട് പുനർനിർമ്മിക്കുകയും ചെയ്താൽ 100 ഏക്കറയോളം സ്ഥലത്ത് നല്ലനിലയിൽ പുഞ്ചകൃഷി നടത്താൻ കഴിയും. (നികന്നുപോയ തോടിന്റെ ന ല്ലൊരു ഭാഗം ആയഞ്ചേരി പഞ്ചായത്തിലാണ്.)

തെങ്ങിൻതോപ്പിൽ ജലസേചനം വേളത്തെ കർ ഷകരുടെ മനസ്സിൽ ഇപ്പോളൊരു കാർഷിക പ്രവർ ത്തനമെ അല്ല. പത്താം വാർഡിൽ ഒരു ഡ്രിപ്പ് ഇറി

ഗേഷൻ ഒരു സ്വകാര്യ വ്യക്തി നടത്തുന്നുണ്ട്. നിലവിലുള്ള സാമൂഹ്യ ജലസേചന പദ്ധതികളെല്ലാം പൂർത്തിയാവാതെ കിടക്കുന്നു. കാരണം വടക്കെ ഇന്ത്യൻ കൂലി നിരക്കിൽ ഇവിടെ പണിയെടുപ്പിക്കാൻ കഴിയുന്നില്ല എന്നതാണ് പ്രാദേശിക നിരക്കിൽ കൂലി കൊടുക്കാനുള്ള സർക്കാരുത്തരവുകളുണ്ടെങ്കിൽ മാത്രമെ ഇത്തരം പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയൂ എന്നുമാനിക്കേണ്ടിയിരിക്കുന്നു. ഏതാനും കർഷകർ പമ്പുസെററുകൾ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും അത് നേന്ത്രവാഴകൃഷിയിൽ ഒതുങ്ങി നിൽക്കുന്നു. മാത്രമല്ല ജലസേചന ആവശ്യം മുൻനിർത്തി കുഴിക്കുന്ന കിണറുകൾ വെറും കുടിവെള്ളത്തിനാണ് ഉപയോഗിക്കുന്നത് എന്ന സത്യം ഇവിടെയും നിയമത്തിൻെറ നൂലാമാലകൾ കർഷകരെ വലയ്ക്കുന്നു. ലോൺ കൊടുക്കുന്ന വ്യവസ്ഥയിൽ ഭൂമിക്ക് നിശ്ചയിക്കപ്പെട്ട പരിധി ചെറുകിട കൃഷിക്കാർ കടം വാങ്ങാതെ ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ അവന് സബ്സിഡി കിട്ടാത്ത അവസ്ഥ തുടങ്ങിയ ഘടകങ്ങൾ കർഷകരിൽ നിരാശ ജനിപ്പിക്കുന്നതാണ്. പച്ചക്കറി ജലസേചനത്തിനായി വെള്ളരികുണ്ടുകൾ എന്നറിയപ്പെടുന്ന ചെറുകുളങ്ങൾ താൽക്കാലികമായി കുഴിച്ചിരുന്നു. ഇപ്പോൾ വെള്ളരികൃഷിയുമില്ല, വെള്ളരികുണ്ടുമില്ല. ഒട്ടേറെ കുളങ്ങൾ നന്നാക്കിയെടുത്ത് തെങ്ങിനും നെല്ലിനും ജലസേചനം ചെയ്യാൻ ഉപയുക്തമാക്കാൻ കഴിയുന്നവയായി ഇവിടെയുണ്ട്. ഇവയുടെ പേർ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് | പ്രയോജനം |
|---|---|---|---|
| 1 | കൈതയിൽകുളം | I | ഏകദേശം 80 ഏക്കർ |
| 2 | അരയാക്കീൻറവിട | ,, | സ്ഥലത്ത്ജലസേചന |
| 3 | എടച്ചേരിക്കണ്ടി | ,, | സൗകര്യം കിട്ടും. |
| 4 | ചീനേൻറവിട | ,, | |
| 5 | കണിയാങ്കണ്ടി | ,, | |
| 6 | ചമ്പാൻറവിട | ,, | |
| 7 | കരിക്കളവിട | ,, | |
| 8 | വലിയപാതിരിക്കോട്ട് | ,, | |
| 1 | ആററിലാങ്കണ്ടി | II | 75 ഏക്കർ തെങ്ങ് |
| 2 | പൂളയുള്ളതിൽ | ,, | കൃഷിക്ക് ജലസേചന |
| 3 | വരപ്പുറത്ത് | ,, | സൗകര്യം ലഭിക്കും |
| 1 | തിരിക്കോത്ത് | III | ഏകദേശം 150 ഏക്കർ |
| 2 | മഠത്തിൽ | ,, | തെങ്ങ് കൃഷിക്ക് ജലസേ |
| 3 | താനികുന്നമ്മൽ | ,, | ചനം നടത്താൻ കഴിയും. |
| 4 | ചേരിക്കളം | ,, | നെൽകൃഷിക്കും. |
| 5 | തട്ടാങ്കണ്ടി | ,, | |
| 6 | പടിഞ്ഞാറയിൽ | ,, | |
| 7 | പുത്തൻകൊയിലോത്ത് | ,, | |
| 8 | ആയടത്തിൽചിറ | ,, | |
| 9 | ചിത്തിലോട്ട് | ,, | |
| 10 | കോരൻകുളങ്ങര, കളരിക്കണ്ടി | ,, | |

| ക്രമ നമ്പർ | പേര് | വാർഡ് | പ്രയോജനം |
|---|---|---|---|
| 1 | എടവലത്ത് | IV | 130 ഏക്കർ സ്ഥലത്ത് |
| 2 | കിഴക്കെഇല്ലത്ത് | ,, | ജലസേചന സൗകര്യം |
| 3 | രയരോത്ത്പറമ്പത്ത് | ,, | ലഭ്യമാക്കാം. |
| 4 | തച്ചർകണ്ടി | ,, | |
| 5 | പനയുള്ളകണ്ടി | ,, | |
| 6 | കൊരണ്ട്യേൽ | ,, | |
| 7 | തൊട്ടുവയിൽ | ,, | |
| 8 | അക്ലിയത്ത് | ,, | |
| 9 | കുനിയേൽ | ,, | |
| 10 | കുരുടയിൽ | ,, | |
| 11 | പുതിയോട്ടിൽ | ,, | |
| 12 | കണിയാങ്കണ്ടി | ,, | |
| 13 | തലക്കയിൽ | ,, | |
| 14 | കുളങ്ങരപ്പൊയിൽ | ,, | |
| 15 | കൊരുനടക്കൽതാഴ | ,, | |
| 16 | കീരങ്കയിൽ | ,, | |
| 1 | തൊട്ടുവയിൽതാഴ | V | 40 ഏക്കർ സ്ഥലത്ത് |
| 2 | തച്ചർകണ്ടിതാഴ | ,, | ജലസേചനസൗകര്യം |
| 3 | പരപ്പിൽതാഴ | ,, | ലഭ്യമാക്കാം, |
| 4 | പുത്തൂർതാഴ | ,, | |
| 5 | നുച്ചിക്കാട്ട് | ,, | |
| 1 | പുതിയടത്ത് | VI | 75 ഏക്കർ സ്ഥലത്ത് |
| 2 | മൂലയിൽ പീടികയിൽ | ,, | ജനസേചനസൗകര്യം |
| 3 | കരുവോത്ത്കണ്ടി | ,, | ലഭ്യമാക്കാം. |
| 4 | പെരിങ്ങോട്ട് | ,, | |
| 5 | എരവത്ത് | ,, | |
| 6 | മമ്മള്ളി | ,, | |
| 7 | എലക്കാട്ടിൽ | ,, | |
| 1 | തായന | VII | 80 ഏക്കർ സ്ഥലത്ത് |
| 2 | നടുക്കണ്ടി | ,, | ജലസേചന സൗകര്യം |
| 3 | തട്ടാൻമുക്ക് | ,, | ലഭ്യമാക്കാം. |
| 4 | പറോത്ത്താഴ | ,, | |
| 5 | ഒള്ളോടിത്താഴ | ,, | |
| 6 | ചാലിൽതാഴ | ,, | |

| ക്രമ നമ്പർ | പേര് | വാർഡ് | പ്രയോജനം |
|---|---|---|---|
| 1 | പൈങ്ങോളി | VIII | 60 ഏക്കർ സ്ഥലത്ത് |
| 2 | മെമ്മേത്ത് | ,, | ജലസേചന സൗകര്യം |
| 3 | കല്ലിട | ,, | ലഭ്യമാക്കാം, |
| 4 | മുന്നൂൽ | ,, | |
| 5 | കേളോത്ത് | ,, | |
| 6 | ഒതയോത്ത് | ,, | |
| 7 | തറോൽ | ,, | |
| 1 | ആക്കീകുളം | IX | 30 ഏക്കർ സ്ഥലത്ത് |
| 2 | നേറേറ്യത്ത് | ,, | ജലസേചന സൗകര്യം |
| 3 | കൊറേറാത്ത് | ,, | ലഭ്യമാക്കാം. |
| 1 | മൂന്നാംകൊയ്ലോത്ത് | X | 30 ഏക്കർ സ്ഥലത്ത് |
| 2 | അനന്തോത്ത് | ,, | ജലസേചന സൗകര്യം |
| 3 | കേളോത്ത്താഴ | ,, | ലഭ്യമാക്കാം. |
| 4 | നാരായണിക്കാവിൽ | ,, | |
| 5 | പുത്തൻപുരയിൽ | ,, | |

മേൽപ്പറഞ്ഞ കുളങ്ങൾ മത്സ്യകൃഷിക്ക്കൂടി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് പ്രത്യേകം പ്രസ്താവിക്കട്ടെ.

## വളപ്രയോഗം.

ജൈവവള പ്രയോഗം താരതമ്യേന കുറഞ്ഞുകൊണ്ടിരിക്കയാണ്. കാർഷിക രംഗത്ത് യന്ത്രവൽക്കരണം (ഉഴവ്)പട്ടമരങ്ങൾ വെട്ടിനശിപ്പിക്കൽ, മണിമലപോലെയുള്ള കുന്നിൻപ്രദേശത്തെകാട്ടുകൾ കൃഷിഭൂമിക്കായി വെട്ടിതെളിയിക്കപ്പെട്ടത് എന്നിവ ജൈവവള ദൗർലഭ്യത്തിന് കാരണമായി. പകരം ശീമക്കൊന്ന (ഗ്ലൈറീസീസിയ) വളപ്പയറുകൾ ജൈവ വളത്തിനുപയോഗിക്കാവുന്ന മററു ചെടികൾ എന്നിവ വെച്ചുപിടിപ്പിക്കുന്നതിലോ, കൂടുതലായികന്നുകാലികളെ വളർത്തുന്നതിലോ കർഷകർ ബോധവാന്മാരുമല്ല. കമ്പോസ്റ്റ് പിററുകൾ നിർമ്മിക്കുന്നതിന് കൃഷിവകുപ്പ് നൽകുന്ന നാമമാത്രമായ സഹായധനം തീരെ അപര്യാപ്തവുമാണ്.

സാർവത്രികമായി രാസവളപ്രയോഗം ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. അശാസ്ത്രീയമായ വളപ്രയോഗമാണ് കുഴപ്പമുണ്ടാക്കുന്നത്. മണ്ണിനനുയോജ്യമായ വളം അറിയായ്ക, വളപ്രയോഗ സമയം അറിയായ്ക, അളവ് അറിയായ്ക, ഘട്ടങ്ങളറിയായ്ക എന്നിങ്ങനെ കർഷകന് രാസവള പ്രയോഗത്തിന് തടസ്സമായി നില്ക്കുന്ന ഒട്ടേറെ ഘടകങ്ങളുണ്ട്. തൽഫലമായി, ഫലപുഷ്ടി കുറഞ്ഞുകൊണ്ടേയിരിക്കുകയാണ്. ഉൽപാദനത്തെയും സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

അത്യുഗ്രമായ കീടനാശിനികൾ കൃഷിക്കാർക്കിടയിൽ പ്രചാരം സിദ്ധിച്ചതോടെ, മുൻപിൽ നോക്കാതെയുള്ള കീടനാശിനികളുടെ ഉപയോഗം, നമ്മുടെ വയലുകളിലെ കർഷക ബന്ധുക്കളായ മണ്ണിര, നത്തക്ക (നമിഞ്ഞി) അട്ടകൾ, മത്സ്യങ്ങൾ, തവളകൾ, പാമ്പുകൾ, മററുപല ചെറുജീവികൾ എന്നിവയുടെ വംശനാശത്തിലെത്തിച്ചിരിക്കുകയാണ്. പരമ്പരാഗത കീടനശീകരണ പ്രവർത്തനങ്ങൾ (മുറം വീശൽ, മുളകുപൊടി വിതറൽ, പുകയിലകഷായം എതിർ പ്രാണികളെ വിടൽ) പുനരാരംഭിക്കേണ്ടിയിരിക്കുന്നു. ബഹുരാഷ്ട്ര കുത്തകകളുടെ അഭീഷ്ടത്തിനനുസരിച്ചുള്ള കീടനാശിനികൾക്ക് പകരം നമ്മുടെ പഴയകാലത്തെ ജൈവ കീടനാശിനികൾ വീണ്ടും ഉപയോഗിക്കാൻ നമ്മൾ ഒരുങ്ങിയെങ്കിലേ നമ്മുടെ ജൈവസമ്പത്ത് നിലനിർത്തുവാൻ കഴിയുകയുള്ളൂ.

വേളം കോ-ഓപ്പറേററീവ് സൊസൈററി വളം ഡിപ്പോ വളംവിൽപന.

| | ഫാക്ടം ഫോസ് 20:20 | പൊട്ടാഷ് | യൂറിയ | 10: 5:20 മിക്സ്ചർ | എല്ലുപൊടി | 10:4:14 കുരുമുളക് മിക്സ്ചർ | വേപ്പിൻ പിണ്ണാക്ക് |
|---|---|---|---|---|---|---|---|
| 1992—93 | 13,000 | 4250 | 1250 | 3500 | 3500 | 250 | ഇല്ല |
| 1993—94 | 4500 | 6000 | 750 | 3250 | 4000 | ഇല്ല | 500 |
| 1994—95 | 4500 | 4000 | 500 | 3000 | ഇല്ല | ,, | ഇല്ല |
| 1995—96 | 4000 | 4000 | 500 | 4000 | ,, | ,, | ,, |
| 1996—97 | 4000 | 8500 | 1000 | 2500 | ,, | ,, | ,, |
| | 30,000 | 26,750 | 4,000 | 16,250 | 7,500 | 250 | 500 |

| | |
|---|---|
| 1991–92 | 216039 . 85രൂപ. |
| 1992–93 | 177691 . 75 ,, |
| 1993–94 | 188380 . 70 ,, |
| 1994–95 | 62751 . 40 ,, |
| 1995–96 | 89447 . 50 ,, |
| | 7,34,311 · 20 |

## മണ്ണൊലിപ്പ്.

ഭൂപ്രകൃതിയനുസരിച്ച് കുന്നും, ചരിവും, ചാലും സമതലവും കൂടികലർന്നതാണ് ഈ പഞ്ചായത്ത്. അതിവർഷം കാരണം ഉയർന്ന ഭൂനിരപ്പിൽ നിന്നു് മണ്ണ് കാലാകാലമായി ഒഴകി നഷ്ടപ്പെടുകയാണ്. ഇന്നാണെങ്കിൽ മലകളിലുള്ള പടുവൃക്ഷങ്ങൾ വ്യാപകമായി മുറിച്ച് വിററുപോകുന്നത്കൊണ്ട് കനത്ത തോതിലുള്ള മണ്ണൊലിപ്പിനെയാണ് കൃഷിക്കാർ നേരിടുന്നത്. കയ്യാലകെട്ടിയും വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചും മണ്ണ് സംരക്ഷണ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കർഷകരുടെ നിർധനാവസ്ഥ ഈ രംഗത്ത് നിലനിൽക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ മണ്ണ് സംരക്ഷണവകുപ്പിന്റെ ഇതേവരെയുള്ള സഹായം എന്നു് പറഞ്ഞാൽ കുളിക്കുന്നിലെ ഹരിജനങ്ങൾക്ക് സോയിൽ കൺസർവേഷൻ ഓഫീസ് (പേരാമ്പ്ര) മുഖാന്തിരം ലഭിച്ച കയ്യാലകെട്ടാനുള്ള നാമമാത്രമായ സഹായത്തിലൊതുങ്ങി നിൽക്കുന്നു. ഇതു തന്നെ പ്രത്യേക ഘടക പദ്ധതിയനുസരിച്ചുള്ള ഹരിജനങ്ങൾക്ക് മാത്രമുള്ളതായിരുന്നു. രണ്ട് വർഷമായിട്ടും ഈ പണി പൂർത്തിയാവാതെ കിടക്കുകയാണ്.

മണിമല, കാപ്പുമല, കുളിക്കുന്നു്, കുഞ്ഞുകുന്നു് മല, തുവ്വമല, മാമ്പ്രമല, മൈലാടികുന്നു് തുടങ്ങിയ കുന്നിൻ പ്രദേശങ്ങളിലും തെങ്ങിൻ തോപ്പുകളുള്ള പറമ്പുകളിലും മണ്ണൊലിപ്പ് തടയാനുള്ള സമഗ്രമായ ഒരു പദ്ധതിതന്നെ രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിന് ആവശ്യമായ സാമ്പത്തിക സഹായം ഗ്രാന്റായും കടമായും ജനങ്ങൾ പ്രതീക്ഷിക്കുന്നു.

### മണ്ണ് പരിശോധന

പ്രാകൃതമായ രീതിയിൽ പലതരം വളപ്രയോഗങ്ങളിലൂടെ മണ്ണിൻെറ ദോഷങ്ങൾ പരിഹരിക്കാൻ, കർഷകർ നാട്ടറിവ് വെച്ച് ശ്രമിക്കാറുണ്ടെങ്കിലും, അതു വേണ്ടത്ര ഗുണം ചെയ്യാറില്ല.

മണ്ണിൻെറ അമ്ലക്ഷാര ഗുണങ്ങളെ പററിയോ, ഏതു ഘടകത്തിൻെറ കുറവാണ് കൃഷിക്ക് ദോഷം ചെയ്യുന്നത് എന്നതിനെ സംബന്ധിച്ച ചിന്തയൊ കർഷകർക്കില്ല. അതായത് മണ്ണ് പരിശോധനയുടെ ആവശ്യകതകൾ അറിയില്ല.അതിനാൽ മണ്ണ് പരിശോധിക്കാൻ മിക്ക കർഷകരും സന്നദ്ധരുമല്ല. മണ്ണിൻെറ ഗുണഗണങ്ങളെ സംബന്ധിച്ചുള്ള തരാതരങ്ങളെ സംബന്ധിച്ചുള്ള ക്ലാസുകളും മററുംകൃഷി വകുപ്പ് മുഖേന സംഘടിപ്പിക്കേണ്ടതുണ്ട്.

### നടീൽ വസ്തുക്കൾ

കൃഷിവകുപ്പ് മുഖേന ഒട്ടേറെ വിത്തിനങ്ങളും തൈകളും വർഷംപ്രതി സൗജന്യമായും സൗജന്യനിരക്കിലും സാധാരണ വിലയ്ക്കും വിതരണം ചെയ്യാറുണ്ടല്ലോ. എന്നാൽ വേളത്തെ കർഷകരേ സംബന്ധിച്ചടത്തോളം ഇത് ഒരു വിനയായി മാറുകയാണ്. ,,കുംഭത്തിലായാൽ കുളത്തോളം, മീനത്തിലായാൽ മീൻകണ്ണോളം'' എന്ന് ചൊല്ലുള്ള ചേന വിത്ത് കിട്ടുന്നത് എടവമാസത്തിലും തിരുവാതിരക്ക നടേണ്ട കുരുമുളക്വള്ളികിട്ടുന്നത് ആടിപതിനാലിനുമാണ്. അതുപോലെ ഐ. ആർ_8 തുടങ്ങിയ വിത്തുകളും ഒട്ടുമാവും പ്ലാവും ഒന്നും കിട്ടേണ്ട സമയത്ത് കിട്ടുന്നില്ല. എന്ന പരാതി മുഴുവൻ കർഷകർക്കുമുണ്ട്. അതിന് പരിഹാരമെന്നനിലയിൽ വിവിധ നഴ്സറികൾ തെരഞ്ഞെടുക്കപ്പെട്ട തൽപരരായ കർഷകരെ കൊണ്ട് തുടങ്ങിക്കേണ്ടതാണ്. ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങളും പരിശീലനവും ഇക്കാര്യത്തിൽ നല്കേണ്ടതുമാണ്.

### കൂലിയും സേവന വ്യവസ്ഥയും

1970 വരെ വേളം പഞ്ചായത്തിലെ കർഷക തൊഴിലാളികളുടെ സ്ഥിതി അതിദയനീയമായിരുന്നു. തികച്ചും അടിമ ജോലി എന്ന് വിശേഷിപ്പിക്കാവുന്ന ജോലിയായിരുന്നു കാർഷിക തൊഴിൽ. കൂലിയോ, പുരുഷന് മുന്നാഴി നെല്ലും സ്ത്രീക്ക് നാഴി നെല്ലും ! ഇത് തന്നെ യഥാസമയം കിട്ടിയിരുന്നില്ല. രാത്രികാലങ്ങളിലാണ് ഈ കൂലി കിട്ടിയിരുന്നത് എന്നതിനാൽ നെല്ല് കുത്തി അരിയാക്കാൻ കഴിയാത്തതിൻെറ ഫലമായി ഉണക്കലരി കഞ്ഞികുടിക്കുക യോ അല്ലെങ്കിൽ പട്ടിണി കിടക്കുകയൊ ചെയ്യേണ്ടിയിരുന്നു. നെല്ല് കുത്തുന്നതിന് പകരം തരക്കിയെടുക്കുന്ന സമ്പ്രദായവുമുണ്ടായിരുന്നു. (ഉമി പലകകൊണ്ട് നീക്കം ചെയ്യുന്ന രീതി) പിന്നീട് ചിലപണികൾക്ക് കൂലി പണമായി കൊടുക്കുന്ന സമ്പ്രദായം തുടങ്ങി 1970ൽ കേവലം 62 പൈസ (10അണ)ക്ക് സന്ധ്യമയങ്ങുംവരെ ജോലിചെയ്ത കർഷക തൊഴിലാളി സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. ക്രമേണ കേരളസ്റേററ് തൊഴിലാളി യൂണിയൻെറ പ്രവർത്തനം ഒരു പ്രസ്ഥാനമായി തന്നെ വേളം പഞ്ചായത്തിലേക്കും കടന്നുവന്നു. ജോലി സ്ഥിരതക്ക് വേണ്ടിയും 25പൈസ കൂലി വർദ്ധനവിന് വേണ്ടിയും നടത്തിയ പ്രക്ഷോഭ സമരങ്ങളെ ഭൂപ്രമാണിമാരും പ്രതിലോമകാരികളും ശക്തമായി എതിർത്തെങ്കിലും കർഷകതൊഴിലാളികൾ വിജയിച്ചു മുന്നേറി. ജോലി സമയം ക്ലിപ്തപ്പെടുത്താനും ജോലി സ്ഥിരത ഉറപ്പുവരുത്താനും മാന്യമായ ഉച്ചഭക്ഷണം ലഭിക്കാനും യഥാസമയം പണമായി തന്നെ കൂലികിട്ടാനും തുടങ്ങി.

രാത്രി അലക്കാൻ പാടില്ല, മഞ്ഞൾ കുത്തുന്നത് മോന്തായം കേൾക്കാൻ പാടില്ല, ''ചെമ്പോത്ത് മ്ക്കുമ്മം പണികാരണം' (ചെമ്പോത്ത് സന്ധ്യാസമയം ശബ്ദമുണ്ടാക്കുമ്പോൾ മാത്രമെ പണി കയറാൻ പാടുള്ളു) ''കൊററിയുദിക്കുമ്മം കീഞ്ഞോങ്ങാല് ചെമ്പോത്ത് മ്ക്കുമ്മം കാരിക്കോളെ'' എന്നതായിരുന്നു അന്നത്തെ അവസ്ഥ. ഇതെല്ലാം കർഷക തൊഴിലാളിയുടെ അലിഖിതവും ശാസനാ രൂപത്തിലുള്ള നിയമങ്ങളുമായിരുന്നു. ഇന്ന് കർഷകതൊഴിലാളിക്ക് $8\frac{1}{2}$ മുതൽ $1\frac{1}{2}$ മണിവരെ പണിയെടുത്താൽ രണ്ട് ഭക്ഷണവും 50രൂപ കൂലിയുമുണ്ട്. ഇന്ന് മററുള്ളവരെപോലെ വളരെ ശുചിയായി നല്ല വസ്ത്രംധരിച്ച് നടക്കുന്നവരാണ് കർഷകതൊഴിലാളികൾ. കുട്ടികളെ സ്കൂളിലയക്കാനും സംസ്ക്കാരസമ്പന്നന്മാരാക്കാനുമൊക്കെ കർഷകതൊഴിലാളികളായ രക്ഷിതാക്കളും ശ്രദ്ധകാണിക്കുന്നു. കർഷക തൊഴിലാളികൾക്ക് ശക്തമായ ഒരു സംഘടന ഈ പഞ്ചായത്തിലുണ്ട്. കേരള സ്റ്റേററ് കർഷക തൊഴിലാളി യൂണിയനിൽ രണ്ടായിരത്തോളം പേർ അംഗങ്ങളായുണ്ട്. സ്വതന്ത്ര കർഷക തൊഴിലാളി യൂണിയൻ, ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ എന്നീ സംഘടനകളും ചെറിയ തോതിൽ

പ്രവർത്തിക്കുന്നുണ്ട്. കർഷക തൊഴിലാളികളുടെ സംഘടന കെട്ടിപ്പടുക്കുന്നതിൽ ശ്രീ എൻ കെ. കാളിയത്തിൻെറ പങ്ക് സുപ്രധാനമാണ്.

**രോഗങ്ങൾ**

നമ്മുടെ കൃഷിയിടങ്ങളിൽ മിക്കതും രോഗത്തിൻെറ പിടിയിലാണ്. തെങ്ങിന് വ്യാപകമായ തോതിൽ കൂമ്പുചീയൽ കണ്ടുവരുന്നു. ഓലകരംക്ക് മഞ്ഞളിപ്പും ഉണ്ട്. കുരുമുളക് കൊടികരംക്ക് മാരകമായ ദ്രുതവാട്ട രോഗമുണ്ട് ഇഞ്ചിക്കും ഒരു തരം കൂമ്പുചീയലുണ്ട്. നെല്ലിന് കീടാക്രമണമുണ്ട്. വാഴയ്ക്ക് കുറുനാമ്പും. രോഗപ്രതിരോധ നടപടികരം അപര്യാപ്തമാണെന്ന് പറഞ്ഞുകൂട കർഷകരുടെ അജ്ഞത കാരണം യഥാസമയം ആവശ്യമായ ചികിത്സ ചെയ്യാൻ അവൻ തയ്യാറാവുന്നില്ല

**വിലയും വിപണനവും**

നമ്മുടെ പഞ്ചായത്തിൽ കാർഷികോൽപന്ന വിപണന കേന്ദ്രങ്ങളില്ല. തെങ്ങ് കൃഷിക്കാർ പറിച്ച ഉടനെ തേങ്ങ വില്ക്കുന്നവരും കൂടകളിലും, അട്ടങ്ങളിലും സൂക്ഷിച്ച് ഉണക്കി കൊപ്രയാക്കി വില്ക്കുന്നവരും പച്ചത്തേങ്ങ കൊപ്രയാക്കി വില്ക്കുന്നവരും ഉണ്ട്. കുരുമുളക് പറിച്ചെടുക്കാതെ വള്ളിയിൽ നിന്ന് ഊഹകച്ചവടക്കാർക്ക് വില്പന നടത്തുന്നവരും, പറിച്ചെടുത്ത ഉടനെ പൂർണ്ണമായി ഉണക്കാതെ വില്ക്കുന്നവരും, വില കൂടുമ്പോരം വില്ക്കുവാൻ ഉണക്കി സൂക്ഷിക്കുന്നവരുമുണ്ട്. റബർഷീററായി ഉണക്കി വിപണന യോഗ്യമാക്കി സൂക്ഷിക്കുന്നു. അടക്ക പൈങ്ങയായി വില്ക്കുന്നവരും കൊട്ടടക്കയായി ദീർഘകാലത്തേക്ക് സൂക്ഷിക്കുന്നവരും അപ്പോഴപ്പോരം പഴുക്കടക്കയായി വില്ക്കുന്നവരുമുണ്ട് ഒരു ചെറിയ വിഭാഗം ആളുകരം അടക്ക വെളളത്തിലിട്ടും സൂക്ഷിക്കുന്നു. കശുവണ്ടി ഊഹകച്ചവടക്കാർക്ക് വില്ക്കുന്ന ഏർപ്പാടും പറിച്ചെടുത്ത് അതത് സമയങ്ങളിൽ വിപണനം നടത്തുന്നവരും ഉണ്ട്.

**വായ്പാസൗകര്യം**

കൃഷിക്കാർക്ക് പ്രധാനമായും വായ്പ ലഭിക്കുന്നതിന് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻെറ വേളം ശാഖയാണ് പ്രധാനമായുള്ളത്. വേളം സർവ്വീസ് സഹകരണ സംഘം, കെ. ഡി. സി. ബാങ്ക് കുററ്യാടി, വട്ടോളി കനറാബാങ്ക്, വടകര താലൂക്ക് കാർഷിക വികസന ബാങ്ക്, സ്റേററ് ബാങ്ക് ഓഫ് ഇന്ത്യ, കാർഷിക വികസന ശാഖ പേരാമ്പ്ര, സ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ–കുററ്യാടി എന്നീ ധനസ്ഥാപനങ്ങളിൽ നിന്നെല്ലാം നമ്മുടെ പഞ്ചായത്തിന്ന് കാർഷിക വായ്പ ലഭിക്കേണ്ടതാണ്. ഇതിൽ ആയഞ്ചേരി സർവ്വീസ് സഹകരണ ബാങ്കും, വേളം സർവ്വീസ് സഹകരണ ബാങ്കും 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന നിലയിലാണ്. സ്റേററ് ബാങ്ക് ഓഫ് ഇന്ത്യ പേരാമ്പ്രശാഖയാവട്ടെ സ്വർണ്ണപണയത്തിന്മേൽ മാത്രമാണ് ലോൺ കൊടുക്കുന്നത്. കെ.ഡി.സി. ബാങ്കിനും കടമ്പകരം ഏറെയുണ്ട് അത്കൊണ്ട് വേളം പഞ്ചായത്തിനെ സഹായിക്കുന്ന ധനസ്ഥാപനം വെറും വേളം ഗ്രാമീണ ബാങ്ക് മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഇതുമൂലം കർഷകന് ലഭിക്കേണ്ടുന്ന ഒട്ടേറെ ആനുകൂല്യങ്ങരം നഷ്ടമായികൊണ്ടിരിക്കയാണ്. പൊതുവെപറഞ്ഞാൽ വായ്പാസൗകര്യം വളരെ കുറഞ്ഞ ഒരു പ്രദേശമാണ് വേളം തന്മൂലം കഴുത്തറപ്പന്മാർ (ബ്ലേഡ്) പരിഹരിക്കാൻ തുടങ്ങിയിരിക്കുകയാണ്.

**ഉപകരണങ്ങൾ**

കാക്കുനി, തീക്കുനി, ശാന്തിനഗർ എന്നീ പാടശേഖര സമിതികരംക്ക് കൃഷിവകുപ്പിൻെറ സഹായത്തോടെ ട്രില്ലർ ലഭിച്ചിട്ടുണ്ട്. ചെറിയാണ്ടി കുന്നുമ്മൽതാഴ സമിതിക്ക് ഉടൻ ലഭിക്കും. പെരുവയൽ പാടശേഖര സമിതിക്ക് ട്രെയ്ലറും ഉണ്ട്. കേരവികസന സമിതിമുഖേന രണ്ട് തെങ്ങുകയററ യന്ത്രവും കൊടുത്തിട്ടുണ്ട്. ചില പാടശേഖര സമിതികരംക്ക് മെതിയന്ത്രങ്ങളും നല്കിയിട്ടുണ്ട്. കൃഷിക്കാരിൽ പലർക്കും സ്പ്രയർ സെററുകളുണ്ട്. ഞാറുനടലിനും, കൊയ്ത്തിനും തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥയും! ഈ മേഖലയിൽ ക്രമേണ യന്ത്രവത്കരണം നടത്തേണ്ട അവസ്ഥയിലേക്കാണ് കാര്യങ്ങരം നീങ്ങുന്നത്.

**ഗതാഗതം**

മുയ്യോട്ടുമ്മൽതാഴ ചോയിമഠം, കുറിച്ചകം, പാറോത്ത്താഴ, കേളോത്ത്താഴ അരയാക്കൂൽമുക്ക് എന്നീ റോഡുകരം കാഡയിൽ (CADA) അനുവദിക്കപ്പെട്ടിരുന്നു. പത്താം വാർഡിൽ ജലധാരാ സ്കീമിൽ പൂർത്തിയാവാത്ത ഒരു റോഡുമുണ്ട്. ഈ രണ്ടു സ്കീമിലെയും പണി പൂർത്തിയായിട്ടില്ല. കാഡ (CADA) യിലെ റോഡുകളുടെ അനുമതി തടസ്സം സർക്കാർ ഒഴിവാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജലധാര സ്കീമിലെ പണിപൂർത്തിയാക്കുന്നതിന് അടിയന്തിരമായ സർക്കാർ സഹായം പ്രതീക്ഷിക്കുന്നു. കണ്ണങ്കണ്ടിമുക്ക് മുതുവനകടവ് റോഡ് കാഡാസ്കീമിൽ പെടുത്തി വികസിപ്പിക്കുകയും ആലത്തോട്ടത്തിൽ മുക്കിൽ നിന്ന് ചിരികണ്ടൻ പറമ്പത്ത് മുക്കിലേക്ക് കാഡസ്കീമിൽ പുതിയ റോഡ് നിർമ്മിക്കുകയും ചെയ്യുക. ഉദ്ദേശം 500 ഏക്കറോളം വരുന്ന ഒന്നാം വിളക്കും മൂന്നാം വിളക്കും ആവശ്യമായ ജൈവ രാസവളങ്ങളെത്തിക്കുവാനും ഞാറു കററ എന്നിവ എത്തിക്കുവാനും അത് സഹായകമാവുന്നു.

### പാടശേഖര സമിതി

കാക്കുനി, തീക്കുനി, ശാന്തിനഗർ, പെരുവയൽ, ചെറിയാണ്ടികുന്നുമ്മൽ താഴ, പാളളാട്ട് നാരായണിനട വേളം എന്നീ സ്ഥലങ്ങളിൽ പാടശേഖര സമിതികളുണ്ട്. ഇതിലേററവും നന്നായി പ്രവർത്തിക്കുന്ന പാടശേഖര സമിതി പെരുവയലാണ്. ഇതിന് സ്വന്തമായി ട്രാക്ടറും ഒരു വിത്ത് സംഭരണ കേന്ദ്രവുമുണ്ട്. ഓരോ പാടശേഖര സമിതിക്കും ഓരോ വിത്ത് സംഭരണ കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കുകയാണെങ്കിൽ കർഷകർ ഇരുപത്തിയഞ്ച് ശതമാനത്തിൽ കുറയാത്ത വിഭവങ്ങൾ സംഭാവന ചെയ്യാൻ ഒരുക്കമാണ്. പഞ്ചായത്തിൽ ഏററവും കുറഞ്ഞത് 50 ഹാം ഹൗസുകളെങ്കിലും അനുവദിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതിലും വിഭവ സംഭാവനയ്ക്ക് കർഷകൻ സന്നദ്ധനാണ് പൊതുവിൽ പാടശേഖര സമിതിയുടെ പ്രവർത്തനം മികച്ചതാണ് എന്ന് പറയുവാൻ കഴിയില്ല. കേവലം കാർഷിക യന്ത്രങ്ങളുടെയും ഒരു പങ്കുകാരൻ എന്നതിലുപരി പാടശേഖരസമിതി ആവശ്യകത സമിയംഗങ്ങളുടെ അവകാശങ്ങൾ കടമകൾ, ഉൽപാദന വർദ്ധനവ് എന്നീ കാര്യങ്ങളെക്കുറിച്ച് സമിതിയംഗങ്ങൾ വേണ്ടത്ര ബോധവാൻമാരല്ല. നിരന്തരമായ ബോധവൽകരണ പരിപാടികൾ കാർഷിക പാഠങ്ങൾ, പരിശീലനങ്ങൾ, സംവാദങ്ങൾ, വിള, ഉൽപന്ന പ്രദർശനങ്ങൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാൻ പാടശേഖര സമിതികളെ പ്രാപ്തരാക്കേണ്ടിയിരിക്കുന്നു. പൊതുപ്രവർത്തകന്മാരും ഉദ്യോഗസ്ഥരും ആവശ്യമായ സഹായങ്ങൾ ഈ കാര്യത്തിൽ ചെയ്തുകൊടുക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം

### കേര വികസന സമിതി

വേളം പഞ്ചായത്തിൽ ഒരു കേര വികസനസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി രൂപീകരണത്തിന് ശേഷം തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. യോഗം വിളിച്ചു ചേർക്കുകയും കേരകർഷകരുടെആവശ്യങ്ങൾചർച്ചചെയ്ത് അംഗീകരിച്ച് സർക്കാരിൻെറശ്രദ്ധയും സഹായവും കേരകർഷകർക്ക് വാങ്ങികൊടുക്കേണ്ട സമിതി കേവലം പമ്പ്സെററിനും കിണററിനും ലോൺ വാങ്ങികൊടുക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക മാത്രമാണ് ഇപ്പോൾ ചെയ്യുന്നത്. എല്ലാ തെങ്ങ് കൃഷികാർക്കും അംഗത്വമുള്ളതും വോട്ടധികാരം നൽകുന്നതുമായതാകണം ഈ സമിതയുടെ ബൈലോ. എങ്കിൽ മാത്രമെ ഈ സ്ഥിതി കൊണ്ട് തെങ്ങുകൃഷിക്കാരന് ഉദ്ദേശിക്കുന്ന ഗുണം ലഭിക്കുകയുള്ളൂ.

### കുരുമുളക് വികസന സമിതി

നാമമാത്രമായ പ്രവർത്തനം നടത്തുന്ന ഒരു കുരുമുളക് സമിതിയും ഈ പഞ്ചായത്തിലുണ്ട്. ചെറിയ തോതിൽ സഹായവും രോഗപ്രതിരോധ ഔഷധ വിതരണവും മാത്രമാണ് ഇപ്പോൾ നടക്കുന്നത്. ഉല്പാദന ക്ഷമതയുള്ള കുരുമുളകുവള്ളി വിതരണം ചെയ്യുകയും വേണ്ടപ്പെട്ട ഉപദേശ നിർദ്ദേശങ്ങൾ നല്കാൻ സമിതി ശ്രദ്ധിക്കുകയും വേണം.

### ഇല്ലായ്മകളും വല്ലായ്മകളും

1 ജലസേചനത്തിലെ അപര്യാപ്തത.
2 ജൈവവള ദൗർലഭ്യം.
3 അശാസ്ത്രീയമായ രാസവള പ്രയോഗം.
4 അമിതമായ കീടനാശിനി പ്രയോഗം
5 മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം.
6 മണ്ണൊലിപ്പ്
7 കാർഷിക ഉപകരണങ്ങളുടെ ലഭ്യത കുറവ്
8 സംസ്കരണ_വിപണനരംഗത്തെ അസൗകര്യങ്ങളും ഭാരിച്ച ചെലവും
9 ഗതാഗതസൗകര്യങ്ങളുടെഅ പര്യാപ്തത
10 കടങ്ങൾ ലഭിക്കാനുള്ള പ്രയാസം
11 ആചാര രൂപത്തിലുള്ള കൃഷി സമ്പ്രദായം
12 കാർഷികാനുകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞത
13 കാർഷിക രംഗത്ത് കടന്നുവരാനുള്ള യുവജനങ്ങളുടെ വൈമുഖ്യം
14 കാർഷിക വൃത്തി മാന്യതയില്ലാത്ത തൊഴിലാണെന്ന തോന്നൽ
15 ഉപഭോഗ സംസ്കാരത്തിൻെറ കടന്നു കയററം.
16 കാർഷിക രംഗത്തെ കൂട്ടായ്മയുടെ അഭാവവും കൂട്ടുകൃഷിയെ കുറിച്ചുള്ള തെററായ സങ്കല്പങ്ങളും

17 പരമ്പരാഗത കാർഷിക ധാരണകൾ മൂലം ഭൂമിയുടെ കിടപ്പും മണ്ണും നോക്കി വിളകൾ തെരഞ്ഞെടുക്കുന്നതിൽ കാണിക്കുന്ന വിമുഖത.

18 ഇടവിളകൾക്കും പച്ചക്കറി കൃഷികൾക്കും കാർഷിക രംഗത്ത് സ്ഥാനം നൽകാത്ത അവസ്ഥ

19 കാർഷിക പുരോഗതിക്ക് നിലവിലുള്ള സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മ

20 പഴയജല സ്രോതസുകളായ തോടുകളും കുളങ്ങളും നികത്തിയതൊ നികന്നു പോയതോ ആയ അവസ്ഥ

21 കർഷകതൊഴിലാളികളുടെ കൊഴിഞ്ഞ് പോക്ക്.

22 കൃഷിഭവൻ പ്രവർത്തനത്തിലെ അപാകതകൾ

23 കൃഷി നഷ്ടമാണെന്ന തെററായ ധാരണ

## എങ്ങനെ പരിഹരിക്കാം

1 കൃഷി ഒരു വ്യവസായമായി അംഗീകരിക്കുകയും ചെറുകിട വ്യവസായങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കർഷകന് ലഭ്യമാക്കുകയും ചെയ്യുക. എണ്ണക്കുരുവായി പ്രഖ്യാപിക്കപ്പെട്ട നാളീകേരത്തിന് മററ് സംസ്ഥാനങ്ങളിൽ എണ്ണക്കുരുവിന് ലഭിക്കുന്ന എല്ലാ അർഹതപ്പെട്ട ആനുകൂല്യങ്ങളും ലഭ്യമാക്കുക.

2 കുററ്യാടി ജലസേചന പദ്ധതി വേളം ഭാഗത്തേക്ക് യഥാസമയം തുറക്കുകയും അടക്കുകയും ചേയ്യുന്നതിനുള്ള ഏർപ്പാടുകൾ തുടങ്ങുക. പാഴായി കിടക്കുന്ന കനാലുകൾ അററകുററപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുക.

3 കുളങ്ങൾ, തോടുകൾ മററ് ജലസ്രോതസുകൾ എന്നിവ ജലസേചനത്തിന് ഉപയുക്തമാക്കുക.

4 മുടങ്ങിക്കിടക്കുന്ന കമ്മ്യൂണിററി ഇറിഗേഷൻ പദ്ധതികൾ ഉടൻ പൂർത്തിയാക്കുക. ആവശ്യമായ പ്രദേശങ്ങളിൽ പുതിയവ തുടങ്ങുക.

5 ഗ്രാമസഭാ നിർദ്ദേശങ്ങൾക്കനുസൃതമായി ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

6 രാസവളം, കീടനാശിനി എന്നിവ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകുക.

7 ജൈവ കീടനാശിനികൾ ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

8 മാർക്കററിംഗ് സൊസൈററികളും എണ്ണയാട്ട് സൊസൈററികളും മററ് സംഭരണ കേന്ദ്രങ്ങളും ആരംഭിക്കുക.

9 കാർഷിക തൊഴിലിൽ ഏർപ്പെടുന്ന യുവാക്കൾക്ക് വിവിധ തരത്തിലുള്ള സാമ്പത്തിക പ്രോൽസാഹനങ്ങൾ നൽകുക.

10 കർഷക സംഘടനകളുടെ സംയുക്ത പ്രവർത്തനത്തിലൂടെ യുവാക്കളിൽ പുതിയകാർഷിക സംസ്കാര അവബോധം വളർത്തുക.

11 ഫാംറോഡുകൾ നിർമ്മിക്കുക, ജലധാരാ റോഡ് ഉടൻ പൂർത്തീകരിക്കുക.

12 പ്രാഥമിക വിദ്യാലയങ്ങൾ മുതൽ വിദ്യാർത്ഥികളും അദ്ധ്യാപകരും പച്ചക്കറി കൃഷി നടത്തുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

13 എല്ലാ ക്ലാസിലും പാഠ്യ പദ്ധതിയിൽ മൂന്ന് പിരീഡെങ്കിലും കൃഷിപാഠങ്ങൾക്കായി മാററി വെക്കുക.

14 അഞ്ചാം ക്ലാസ് മുതലെങ്കിലും മണ്ണിനെ പററി കുറേക്കൂടി വിശദമായും പ്രാദേശിക മണ്ണിൻെറ തരാതരങ്ങളും പഠിപ്പിക്കുക.

15 വെററിലകൃഷി പ്രോൽസാഹിപ്പിക്കുക.

16 കുന്നിൻ പ്രദേശങ്ങളിലും "കാച്ചൽ" പ്രദേശങ്ങളിലും (ജല ലഭ്യത കുറഞ്ഞ പ്രദേശം) റബ്ബർ, കശുമാവ്കൃഷി പ്രോൽസാഹിപ്പിക്കുക.

17 സ്വന്തമായും പങ്കുപാട്ട വ്യവസ്ഥയിലും പയർവർഗങ്ങൾ, എള്ള് മുതലായ കൃഷി പ്രോൽസാഹിപ്പിക്കുക.

18 മലയോര പ്രദേശങ്ങളിൽ സ്വന്തമായോ പങ്കുപാട്ട വ്യവസ്ഥയിലോ ചേന, ചേമ്പ് എന്നിവ കൂട്ടായി കൃഷിചെയ്യുക.

19 വയലുകളിലും പൊയിലുകളിലും വെള്ളരി, തണ്ണീർമത്തൻ, വെള്ളരിമത്തൻ എന്നിവ മൽസരാടിസ്ഥാനത്തിൽ കൃഷിചെയ്യാൻ പ്രോൽസാഹനം നൽകുക.

20 സ്വന്തമായും പങ്കുപാട്ടമായും മരച്ചീനി കൃഷി വ്യാപിപ്പിക്കുക.

21 പുഴയോര സംരക്ഷണത്തിനായി മരങ്ങൾ വെച്ചു പിടിപ്പിക്കുക.

22 കുന്നിൻപ്രദേശങ്ങളിൽ വളരുന്ന പ്രത്യേകതരം കൈതച്ചെടി വളർത്തുന്നതിന് പ്രോൽസാഹനം നൽകുക.

23 പുഴയോരങ്ങളിലും തോടുവക്കിലും കുളക്കരയിലും താഴ്ന്നപ്പായ കൈത വളർത്തുന്നതിന് പ്രോൽസാഹിപ്പിക്കുക.

24 എല്ലാ തോപ്പുകളിലും മാവും പ്ലാവും വെച്ചുപിടിപ്പിക്കുക.

25 കൈതച്ചക്ക ഒററക്കും കൂട്ടായും കൃഷി ചെയ്യുക.

26 ഞാററടികളും പുഞ്ചക്കൃഷിയും പരമാവധി കൂട്ടുകൃഷി വ്യവസ്ഥയിൽ നടത്തുന്നത് പ്രോൽസാഹിപ്പിക്കുക.

27 ഒരു തോപ്പിൽ ഒരു വേപ്പ്, നാലുതേക്ക് ഒരു നെല്ലി, ഒരു പുളി എന്നിങ്ങനെ വെച്ചുപിടിപ്പിക്കുന്ന പദ്ധതി ആരംഭിക്കുക.

28 വൃക്ഷപട്ടയം വാങ്ങി വഴിയരികിൽ മരംപിടിപ്പിക്കാൻ പ്രോൽസാഹനം നൽകുക.

29 ഹരിജനങ്ങൾക്ക് നെൽവയലുകൾ വാങ്ങിച്ചുകൊടുക്കാനുള്ള അധികാരവും പണവും പഞ്ചായത്തുകൾക്ക് നൽകുക

30 ആവശ്യത്തിന് കാർഷികഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ഇപ്പോഴുള്ള സാങ്കേതിക തടസങ്ങൾ പൂർണ്ണമായും ഒഴിവാക്കുക.

31 തെരഞ്ഞെടുക്കപ്പെട്ട 100പേർക്കെങ്കിലും തെങ്ങുകയററത്തിൽ പരിശീലനം നൽകുക. 10 എങ്കിലും തെങ്ങുകയററ യന്ത്രങ്ങൾ നൽകുക.

32 ഒരു വാർഡിന് ഒരു കൃഷി ഡമോൺസ്ട്രേററെ നിയമിക്കുകയും അവരുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുഎന്ന് ഉറപ്പുവരുത്തുകയും ചെയ്യുക

33 ഓരോ വീട്ടിലും ഒരു വളക്കുഴി എന്ന പദ്ധതി നടപ്പിലാക്കുക.

34 പത്ത് ഗോബർഗ്യാസ് പ്ലാൻറുകൾ ആരംഭിക്കുക.

35 വ്യാപകമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

36 കൂവ (Arrowroot) കൃഷിയായി ആരംഭിക്കുക.

37 കശുമാങ്ങയിൽനിന്നും ചുറുക്ക (Vina-gari) ഉൽപ്പാദിപ്പിക്കുക.

38 തേങ്ങവെള്ളം ശീതളപാനീയമായി സംസ്കരിച്ചെടുക്കാനുള്ള സാങ്കേതികോപദേശം നൽകുക. ചെറുകിട വ്യവസായ യൂനിററാരംഭിക്കുക.

കാർഷികരംഗത്തെ നീറുന്ന പ്രശ്നങ്ങൾ വരച്ചുകാട്ടാനുള്ള ഒരു ശ്രമമാണ് ഞങ്ങളിവിടെ നടത്തിയിട്ടുള്ളത്. ഒട്ടേറെ പോരായ്മകളുണ്ടാവാം. നിർദ്ദേശങ്ങൾ മതിയാവാതെ പോയിട്ടുമുണ്ടാവാം. ഈ മേഖല സംപുഷ്ടമാക്കാനാവശ്യമായ ചർച്ചകൾ ക്ഷണിച്ചുകൊള്ളുന്നു.

(അനുബന്ധപട്ടികകൾ വിവിധ ഡിപ്പാർട്ട്മെൻറുകളുടേതാണ്.)

## 1995-96 വർഷത്തിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളും ആനുകൂല്യങ്ങളും

| ക്രമ നമ്പർ | പദ്ധതി | ഏത് കൃഷി/എന്ത് സഹായം | തുക/എണ്ണം |
|---|---|---|---|
| 1 | പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി | വിവിധവിളകൾ | 54470രൂപ |
| 2 | ദ്രുതവാട്ടം (കുരുമുളക്) | കുരുമുളക് | നീററുകക്ക, തുരിശ് കോപ്പർഓക്സി ക്ലോറൈഡ് 10g, 10g, 5g |
| 3 | പ്രത്യേക ഘടകപദ്ധതി | വാഴ | 3000/- വീതം 10 പേർക്ക് |
| 4 | സ്മോൾഫാം മെക്കനൈസേഷൻ | പവ്വർടില്ലർ | 2 എണ്ണം 78105രൂപ |
| 5 | നടീൽ വസ്തുക്കൾ | WCT 400 എണ്ണം | 1 എണ്ണത്തിന് 15രൂപ വീതം |
| | | TXD 70 ,, | ,, ,, |
| | | DXT 30 ,, | ,, ,, |
| | | മംഗള കമുങ്ങ് 300 എണ്ണം | ,, 1 രൂപ വീതം |
| | | ഗ്രാമ്പു 50 ,, | ,, 3 രൂപ വീതം |
| | | കരിമുണ്ട 6000 ,, | ,, 75 പൈസ |
| | | പൂവ്വൻകന്ന് 150 ,, | 1രൂപ വീതം |
| | | പ്ലാവ് (ഒട്ട്) 25 എണ്ണം | |
| | | മാവ് ( ,, ) 48 | |
| | | ചാമ്പ 10 ,, | |
| | | പേര 10 ,, | |
| | | സപ്പോട്ട 15 ,, | |
| | | നാരകം 50 ,, | |
| | | അരിനെല്ലി 50 ,, | |
| | | നെല്ലി 10 ,, | |
| | | മാതളം 5 ,, | |
| | | ജയ (നെൽവിത്ത്) 120kg | 1കിലോവിന് 5 രൂപ വീതം |
| | | ജ്യോതി ,, 5200kg | പ്രകൃതിക്ഷോഭദുരിതാശ്വാസം |
| | | കാഞ്ചന (നെൽവിത്ത്) 100kg | 2കി. ഗ്രാം വിത്ത |
| | | | പേക്കററിന് 1രൂപ |
| | | പച്ചക്കറിവിത്ത് കിററ് 4പേക്കററ് | 10 രൂപ ഒരു പേക്കററിന് |
| | | പച്ചക്കറിവിത്ത് 980 എണ്ണം സൗജന്യം (സ്കൂൾ കുട്ടികൾക്ക്) | |
| 6 | കമ്പോസ്റ്റ്കുഴി | 300 എണ്ണം | ഒരു കുഴിക്ക് 25രൂപ വീതം |
| | ട്രെയിനിംഗ് | 5 ,, | 1 ട്രെയിനിംഗ് 200 രൂപ വീതം |
| 7 | സുഗന്ധവർഗ വിള വികസന പദ്ധതി (ഇഞ്ചി) | 1 ഹെക്ടർ വിത്ത്, ജൈവവളം, 75രൂപ രാസവളം, കീടനാശിനി125രൂപ = 100 × 50 പേർക്ക് | |
| | ഇഞ്ചി (മാതൃകാപ്രദർശനതോട്ടം) | 25 സെൻറ് | വിത്ത്, ജൈവവളം 870രൂപ രാസവളം കീടനാശിനി, 330രൂപ = 1200 × 1 ആൾ |

| | | | |
|---|---|---|---|
| | മഞ്ഞൾ | 1 ഹെക്ടർ | വിത്ത്, വളം 135രൂപ രാസവളം, കീടനാശിനി 25 രൂപ = 160 × 25 പേർക്ക് |
| | മഞ്ഞൾ (പ്രദർശന തോട്ടം) | 25 സെൻറ് രണ്ട് പേർ | വിത്ത്, വളം 1500രൂപ. രാസവളം കീടനാശിനി 150രൂപ 1650 |
| | കുരുമുളക് | (1 ഹെക്ടർ 2 പേർക്ക്) | വള്ളി, താങ്ങുകാൽ, ജൈവ വളം = 3300രൂപ, വളം, കീടനാശിനി 875/- |
| | റോക്കർ സ്പ്രെയർ | 1 എണ്ണം | 750രൂപ (സബ്സിഡി) |
| 8 | സമഗ്രനാളികേര വികസനപദ്ധതി | കിണർ 42 എണ്ണം<br>പമ്പ്സെററ് 30 എണ്ണം<br>S/C കിണർ 1 എണ്ണം<br>റോക്കർ സ്പ്രെയർ 2 എണ്ണം | |
| 9 | പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി നെൽകൃഷി<br>തോട്ടുകോവുമ്മൽ ലിഫ്ററ് ഇറിഗേഷൻ | | 87500/- |
| 1 | സംയോജിത കീടനിയന്ത്രണം | 10 ദിവസത്തെ പരിശീലനം | 30 പേർക്ക് |
| 2 | ഉൽപാദന ബോണസ് | മുണ്ടകൻ, പുഞ്ച അപേക്ഷ ലഭിച്ചു. | |
| 3 | രജിസ്ട്രേഡ് സീഡ്ട്രോപേഴ്സ് പ്രോഗ്രാം | 5ഹെക്ടർ | വിത്ത് + 1000 5 പേർക്ക് സമിതിക്ക് 300 വീതം |
| 10 | വിള ഇൻഷൂറൻസ് | തെങ്ങ്, വാഴ, മരച്ചീനി, കശുമാവ് തുടങ്ങിയ വിളകൾ 14 അപേക്ഷ | |
| 11 | പ്രത്യേക തൊഴിൽദാന പദ്ധതി | 57 പേർക്ക് | |
| 12 | വിളമത്സരം | തെങ്ങ്, നെല്ല്, കുരുമുളക് വിവിധ വിളകൾ ഓരോ ഇനത്തിനും 500രൂപ വീതം സമ്മാനം | |
| 13 | വീട്ടുവളപ്പിൽ പച്ചക്കറികൃഷി | വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ 200, 150, 100 രൂപവീതം | |
| 14 | പയറുവർഗ വിളവികസന പദ്ധതി | 2[illegible]0kg പയർവിത്ത്, 6 കി. ഗ്രാം റൈസോബിയം | |
| 15 | അസോഡ് പൈറില്ലം (ജൈവവളം) | 1 കി. ഗ്രാം. | |
| 16 | കീടനാശിനികൾ | | |

1. ക്വിനാൻഫോസ് — 1 ലിററർ
2. ഡി. ഡി. പി — 1 900 ലിററർ
3. ഫോസ്ഫോമിസാൻ — 1 ലിററർ
4. കാർബറിൻ — 1 കി.ഗ്രാം
5. മലാത്തിയോൺ — 1 ലിററർ

# 1996—97

## I പ്രത്യേക തൊഴിൽദാന പദ്ധതി

പട്ടികജാതി, പട്ടികവർഗം തേനീച്ചവളർത്തൽ ഒരാൾക്ക് ധനസഹായം Rs. 5370/

2. ജനറൽ

| | | |
|---|---|---|
| 1. | പശുവളർത്തൽ തൊഴിലായി സ്വീകരിച്ചവർക്ക് സൈക്കിൾ (ഒരാൾക്ക് സബ്സിഡി) | Rs. 700/ |
| 2. | മിനറൽ മിക്സ്ചർ (5 പേർക്ക് സബ്സിഡി) | Rs. 106/ |
| 3. | സാനിറററി മിൽക്ക് വെയിൻ (5 പേർക്ക് സബ്സിഡി) | Rs. 500/ |
| 4. | മൊബൈൽ വെജിററബിൾ സ്റ്റാൾ | Rs. 500/ |
| 5. | 20 സെൻറ് പച്ചക്കറി കൃഷി | Rs 5000/ |

## II സമഗ്ര നാളികേര വികസനം

| | |
|---|---|
| കിണർ | 19 പേർ |
| പമ്പ്സെററ് | 25 എണ്ണം |
| പട്ടികജാതി, പട്ടികവർഗം കിണർ | 1 |
| സാമൂഹ്യജലസേചനം | 10 |
| ഗ്രൂപ്പ് ഇറിഗേഷൻ | 1 |
| തെങ്ങുകയററയന്ത്രം | 2 |
| സ്പ്രെയർ | 4 |
| ട്രെയിനിംഗ് | 2 |

## III പ്രകൃതിക്ഷോഭ ദുരിതാശ്വാസം

| | |
|---|---|
| ജൂൺ 96 | Rs. 29128/ |
| ജൂലായ് 96 | Rs. 2035/ |
| കണ്ടിജൻസി പേഡീസ്ഡ് | 1020 കി. ഗ്രാം. |

## IV പ്രത്യേക ഘടകപദ്ധതി

| | |
|---|---|
| 10 സെൻറ് ഭൂമി വാങ്ങാൻ സഹായം | എണ്ണം കണക്കാക്കിയിട്ടില്ല |
| ജലസേചന സൗകര്യം | |
| ഫാം സ്റ്റോർ നിർമ്മിക്കാൻ സഹായം | |
| പച്ചക്കറിവിത്ത്, വളം മിനികിററ് | 50 പേർ |

## V വിതരണം ചെയ്ത തൈകൾ

| | |
|---|---|
| കുരുമുളക് | 5600 എണ്ണം |
| ഡി × ടി | 45 എണ്ണം |
| ടി × ഡി | 80 എണ്ണം |
| മംഗള അടക്കാതൈ | 125 എണ്ണം |
| ഗ്രാമ്പൂതൈ | 50 എണ്ണം |
| പ്രകൃതിക്ഷോഭ ദുരിതാശ്വാസം നെൽവിത്ത് | 1020 കി. ഗ്രാം. |

## VI സമഗ്ര സുഗന്ധവിള വികസനപദ്ധതി

| | |
|---|---|
| മഞ്ഞൾ | 1 ഹെക്ടർ |
| ഇഞ്ചി പ്രദർശനത്തോട്ടം 60 പേർക്ക് | 25 സെൻറ് |
| കുരുമുളക് വികസനപദ്ധതി | 1 ഹെക്ടർ |
| പച്ചമുളക് മിനികിററ് | 2 എണ്ണം |

**വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇവിടെ 14 കർഷകർ അംഗങ്ങളായിട്ടുണ്ട്.**

# ഗ്രാമസഭാ നിർദ്ദേശങ്ങൾ—സംഗ്രഹം

1 കാക്കുനിയിൽ ഒരു വളം ഡിപ്പോ സ്ഥാപിക്കുക.
2 പുതിയോട്ടിൻ താഴ മുതൽ തീക്കുനിവരെ 1കി. മീ. തോട നിർമ്മിച്ച് നീർകെട്ട് പ്രശ്നം പരിഹരിക്കുക.
3 നിലവിലുള്ള കനാലുകളും ഫീൽഡ് ബോത്തികളും ഉപയോഗയോഗ്യമാക്കുക.
4 നാലു കമ്മ്യൂണിററി ഇറിഗേഷൻ പ്രോജക്ട്സ്, നാല് ഭാഗങ്ങളിലായീ സ്ഥാപിച്ചാൽ 200 ഏക്കർ കൃഷി ഭൂമിയിൽ ജലസേചന സൗകര്യം ഉണ്ടാക്കാം.
5 വിത്ത്, നടീൽ വസ്തുക്കൾ, സസ്യസംരക്ഷണ ഉപകരണങ്ങൾ എന്നിവ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക.
6 അഞ്ച് വർഷം കൊണ്ട് 400 കമ്പോസ്ററ് കുഴി നിർമ്മിച്ച് ജൈവവളത്തിന്റെ ദൗർലഭ്യം ഇല്ലാതാക്കുക.
7 ചാലിൽ സ്രാമ്പിമുതൽ കിഴക്കെവീട്ടിൽ മണ്ണ്കണ്ടിതാഴവരെ 600മീററർ നീളത്തിൽ തോട് നിർമ്മിക്കുക.
8 ആധുനിക കൃഷിസമ്പ്രദായങ്ങളെ കുറിച്ച് ബോധവൽകരണ ക്ലാസ് സംഘടിപ്പിക്കുക.
9 വാർഡിന്റെ മധ്യഭാഗത്ത് കൃഷി സബ് സെൻറർ സ്ഥാപിക്കുക.
10 മൽസരാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തി സമ്മാനം നൽകുക.
11 സൗജന്യവിത്ത് വിതരണം നടത്തുക.
12 ഔഷധകൃഷി പ്രോത്സാഹിപ്പിക്കുക.
13 കൈതച്ചക്ക കൃഷി പ്രോത്സാഹിപ്പിക്കുക.
14 കിണറും മോട്ടോറും സ്ഥാപിക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കുക
15 നീരുറവ ഉപയോഗപ്പെടുത്തി കൃഷി മെച്ചപ്പെടുത്തുക.
16 പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുക. (ഓർക്കിഡ്, ആന്തൂറിയം )
17 മേത്തരം വിത്തുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
18 ഈർച്ചപ്പൊടി ഉപയോഗിച്ച് ജൈവവള നിർമ്മാണത്തിനുള്ള സാമ്പത്തിക സാങ്കേതിക സഹായം നൽകുക.
19 കുന്നിൻപ്രദേശങ്ങളിൽ റബർകൃഷിയും, കശുമാവിൻതോട്ടവും പ്രോത്സാഹിപ്പിക്കുക
20 ഇടവിളകൃഷിയെ പ്രോത്സാഹിപ്പിക്കുക.
21 തേനീച്ചകൃഷി അഭിവൃദ്ധിപ്പെടുത്തുക.
22 പഞ്ചായത്തിലെ വിത്ത് ശേഖരമുപയോഗിച്ച് തൈകൾ ഉൽപാദിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുക.
23 കേരഫെഡ് പോലെയുള്ള സൊസൈററികൾ, സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക.
24 കൃഷിവകുപ്പ് മുഖേനയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുക.
25 രയരോത്ത്താഴമുതൽ ചോയിമഠം വരെയുള്ള തോട് പരിഷ്കരിക്കുക.
26 ഫാം റോഡ് നിർമ്മിക്കുക.
27 മണ്ണ് പരിശോധനാ കേന്ദ്രം പഞ്ചായത്തിൽ ലഭ്യമാക്കുക.
28 തിരുവഞ്ചേരി തുറയെ കൃഷിക്കുപയോഗപ്പെടുത്തുക.
29 കുളങ്ങളുപയോഗിച്ചുള്ള ജലസേചന സൗകര്യം ഫലപ്രദമാക്കുക.
30 പുഴവക്കിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
31 രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമാക്കുക.
32 പുഴതീരം കെട്ടിസംരക്ഷിക്കുക.
33 പുഴയിൽ നിന്ന് മണൽ വാരുന്നത് നിയന്ത്രിക്കുക.
34 ചെന്നിലോട്ട്താഴ, നാഗത്ത് താഴ, വലിയകുനിതാഴ എന്നിവിടങ്ങളിൽ കൃഷിക്കാവശ്യമായ ജലം പുഴയിൽ നിന്ന് പമ്പ് ചെയ്യാൻ സൗകര്യമേർപ്പെടുത്തുക.

35 നെൽപാടങ്ങൾ നികത്തുന്നത് തടയുക.
36 കൃഷിയാവശ്യത്തിനുള്ള സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുക.
37 കൃഷിയാവശ്യത്തിന് വൈദ്യുതി സൗജന്യമായി ലഭ്യമാക്കുക.
38 വാർഡ് അടിസ്ഥാനത്തിൽ കേര സംരക്ഷണ സമിതി രൂപീകരിച്ച് കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുക.
39 അടിവയൽ മുഴിക്കൽ തോട് പരിഷ്കരിക്കുക.
40 റബ്ബർകൃഷി പ്രോത്സാഹിപ്പിക്കുക.
41 ചമ്പോട്തോട് ചീപ്പ്കെട്ടി ജലസേചന സൗകര്യമേർപ്പെടുത്തുക
42 കൂളിക്കുന്നിൽ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക.
43 കൊളശ്ശേരികുന്നിൽ കൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുക.
44 വാച്ചാൽ നാരായണിതോട് പരിഷ്കരിക്കുക.
45 പാടശേഖര സമിതികൾക്ക് സ്പെയറുകൾ സൗജന്യമായിനൽകുക.
46 മണിമലയിലെ തരിശായി കിടക്കുന്ന പ്രദേശങ്ങളിൽ കൈതചക്ക കൃഷിയെ പ്രോത്സാഹിപ്പിക്കുക.
47 പള്ളാട്ട് വയലിൽ നിന്നും ഗുളികപുഴയിലേക്കുള്ള തോട് പരിഷ്ക്കരിക്കുക.
48 അടുക്കളതോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവൻ മുഖേന പച്ചക്കറി കിററ് വിതരണം ചെയ്യുക.
49 കുന്നിൻപ്രദേശങ്ങളിൽ കയ്യാല നിർമ്മിക്കാൻ സഹായം നൽകുക.
50 കാക്കുനി മുതൽ മുതലകുഴി വരെയുള്ള തോട് നിർമ്മാണം പൂർത്തിയാക്കുക.
51 മാണിക്കോത്ത്താഴ മുതൽ പറക്കുളംവരെ തോട് നിർമ്മിക്കുക
52 മാതൃകാ ഞാററി പ്രോത്സാഹിപ്പിക്കുക.
53 തെങ്ങിൻതോപ്പുകളിൽ ഇടവിളയായി നെൽകൃഷി (മോടൻ കൃഷി) പ്രോത്സാഹിപ്പിക്കുക.
54 പുത്തൻപുരയിൽ മൂന്നാം കൊയ്ത്ത് നാരാണികാവിൽ തുടങ്ങിയ സ്ഥലങ്ങളിൽ കമ്മ്യൂണിററി ഇറിഗേഷൻ ആരംഭിക്കുക.
55 ഇളനീർ വിപണനം പ്രോത്സാഹിപ്പിക്കുക.
56 തറമൽ പൊയിലിൽ പച്ചക്കറി കൃഷി ആരംഭിക്കുക.

B

# മൃഗസംരക്ഷണം

നിങ്ങളുടെ കുഞ്ഞിന് നിശാന്ധത[രാക്കണ്ണ്] യുണ്ടോ
ആട്ടിൻകരൾ കൊടുക്കൂ.
ആട്ടിനെവളർത്തൂ പണംനേടൂ

**Goat is gold**

ആട്ടിൻ പാൽ ഒരു ഔഷധം !ആട്ടിൻപാൽ കുടിക്കൂ;
ആടിനെവളർത്തൂ

**ആട്**

**പാലിന്, തോലിന്, മാംസത്തിന്**
**- ഒരു വീട്ടിന്ഒരാട് -**
**തീററപ്പുല്ലിനും കാലിത്തീററക്കും**
**സാധ്യതയേറെ വേളംഗ്രാമത്തിൽ**

**ഒരുവീടിന് ഒരുമാട് പശു; കാമധേനു**
**പാൽ ഒരുത്തമാഹാരം**
**പാൽ കുടിക്കൂ ആരോഗ്യംനേടൂ**
**പാൽകൊടുക്കൂ പണംനേടൂ.**

" തേനാകമന്നിടം "

—ഋഗ്വേദം

ഒരു വീട്ടിൽ ഒരു കൂട് !!
വേളം പൂക്കളുടെ നാട് !

തേനീച്ച വളർത്തുക.
തേൻ സംഭരിക്കുക !
- തേൻ സർവ്വരോഗവിനാശിനി -

**പന്നിയെ വളർത്താം,**
**ഒപ്പം മത്സ്യത്തെയും.**
**പന്നിയിറച്ചി അത്യുത്തമം!**
**മത്സ്യം ജീവകസമാഹാരം!**

**മുട്ടയുടെ വെള്ളപ്രോട്ടീൻതന്നെ !**
**നിങ്ങളുടെ പിന്നാമ്പുറത്തൊരു**
**കോഴിക്കൂട്.**

**കോഴിവളർത്തുക; മുട്ട സംഭരിക്കുക!**

ഇറച്ചിക്കോഴി വളർത്തുക; പണം സംഭരിക്കുക!

# മൃഗ സംരക്ഷണം

കാർഷിക ഗ്രാമമായ വേളം പഞ്ചായത്തിലെ ഇന്നത്തെ തലമുറയ്ക്ക് ''ആനവാതിലുകളോ'' ''കടേക്കെട്ടുകളോ'' പരിചിതമല്ല. കന്നുകാലികളെ വളർത്തുക ഗ്രാമീണരുടെ ഒരു പ്രധാനതൊഴിലായി അംഗീകരിക്കുന്നു. ഉഴവുകാളകൾ സമ്പന്നരുടെ പ്രൗഢിയുടെ ലക്ഷണമായി കരുതിയിരുന്നു. ഗാർഹികാവശ്യത്തിന് കന്നുകാലികളെ വ്യാപകമായി വളർത്തിയിരുന്നു. കറവപ്പശുക്കളെയൊഴികെ കയറൂരി വിട്ട് കൂട്ടംകൂട്ടമായി മേയുന്നത് പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും കാണാമായിരുന്നു. കൂട്ടമായിനടക്കുന്ന കന്നുകാലികൾ പ്രസവിച്ചാൽ ഉടമസ്ഥർ കയറിട്ടു കൊണ്ടു പോവുകയാണ് പതിവ്. മൂന്നിലൊന്ന് ഭാഗത്തോളം നെൽവയലുകളായ ഈ ഗ്രാമത്തിൽ ജൈവവളപ്രയോഗം ഇങ്ങിനെ സാദ്ധ്യമായി തീർന്നു.

ക്രമേണ പഞ്ചായത്തിൻെറ രൂപീകരണത്തോടുകൂടി കന്നുകാലികളെ കയറൂരിവിടുന്ന സമ്പ്രദായത്തിനെതിരെ കൃഷിക്കാരുടെ ഭാഗത്തുനിന്നും പ്രതിഷേധമുയർന്നു. കൃഷി സംരക്ഷിച്ചെടുക്കുക എന്നത് ഒരു ബാദ്ധ്യതയായി. പാർപ്പിടങ്ങളുടെ വർധനവ് വന്നതോടെ ഭൂമികൾ തുണ്ടുതുണ്ടാകാൻ തുടങ്ങി. ഇതിൻെറയെല്ലാം അന്തിമഫലമായി പശുക്കളെയും മററും കെട്ടി വളർത്തുന്ന സമ്പ്രദായത്തിലേക്ക് എത്തിച്ചേർന്നു.

ഇന്ന് ഗ്രാമത്തിലെ 80% വീടുകളിലും കന്നുകാലികളെയോ പക്ഷികളെയോ വളർത്തുന്നുണ്ട്. എന്നാൽ ഇതിന്നൊരപവാദമായി ഉഴവുകാളകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു ഇതിനു പ്രധാന കാരണം കാർഷിക രംഗത്തെ യന്ത്രവൽക്കരണവും വർദ്ധിച്ച സംരക്ഷണച്ചെലവുകളുമാണ്. വളർത്തു പശുക്കളിൽഭൂരിഭാഗവും നാടൻഇനങ്ങളാണ്. സങ്കര ഇനം പശുക്കളെവളർത്തുന്നത് വലിയ സാമ്പത്തിക ബാദ്ധ്യതയായി മാറുന്നു. ഉപജീവനത്തിനു് കന്നുകാലികളെ വളർത്തുന്നത് വളരെ കുറവാണ് പാൽ ഉല്പാദിപ്പിക്കുന്നത് പൂർണ്ണമായി വിപണനം നടത്താൻ സൗകര്യകുറവ് ഇതിനൊരു കാരണമാണ്. വളരെ ചുരുങ്ങിയ വീടുകളിൽ മാത്രമാണ് ആടുകളെ വളർത്തുന്നത്. വളരെ ലാഭകരമായി ഈതൊഴിൽ സ്വീകരിക്കാൻ പലരും വൈമുഖ്യം കാണിക്കുന്നു. കാലാകാലങ്ങളായി തുടർന്നുവരുന്നരീതി എന്നതിൽ കവിഞ്ഞ് ഗുണമേന്മയുള്ളവയെ വളർത്താനോ പാൽ ലഭ്യത കൂട്ടാനോ ആദായകരമാക്കാനോ ആവശ്യമായ ബോധപൂർവ്വമായ ശ്രമം ഉണ്ടാകുന്നില്ല.

കോഴിവളർത്തൽ വീടുകളിൽ ഉണ്ടെങ്കിലും ഇന്ന വളരെ കുറഞ്ഞുവരികയാണ്. കോഴിവസന്ത പിടിപെട്ട്നശിച്ചുപോകുന്നത് ഇതിനൊരുകാരണമാണ്. ഇറച്ചിക്കോഴി വില്പനനടത്തുന്ന മൂന്ന് സ്റ്റാളുകൾ ഇന്ന നിലവിലുണ്ട്. മുട്ടക്കോഴികളെ കൂട്ടമായി വളർത്തുന്ന സമ്പ്രദായം തീരെ ഇല്ല.

വളർത്തു മൃഗങ്ങൾ

| കാള | | പശു | | ആട് | പട്ടി | ആന |
|---|---|---|---|---|---|---|
| സ: | നാടൻ | സങ്കര ഇനം | നാടൻ | | | |
| — | 100 | 500 | 3000 | 3000 | 150 | |

താറാവ്:— ഇല്ല

പക്ഷികൾ:—

കോഴി — 14964

ഇന്ന് ഭൂരിപക്ഷവീടുകളിലും കന്നുകാലികളെ വളർത്തുന്നുണ്ടെങ്കിലും കന്നുകാലിവളവും പാലുംപുറമെനിന്ന് കൊണ്ടുവരുന്ന അവസ്ഥയാണുള്ളത്. കോഴിമുട്ടയും കോഴിഇറച്ചിയും വ്യാപകമായി കൊണ്ടുവന്ന് വില്പന നടത്തുന്നഅവസ്ഥയും നിലനില്ക്കുന്നു കാർഷികവൃത്തിയിൽനിന്ന ലഭിക്കുന്നപുല്ല് വളരെ കുറഞ്ഞതാണ്. ഇത്കൊണ്ടുതന്നെ വ്യാപകമായി വൈക്കോൽഇറക്കി പശുക്കളെ വളർത്തേണ്ടസ്ഥിതിയാണുള്ളത്. കാലിതീററ പൂർണ്ണമായി പുറമെനിന്ന വരുന്നതിനെ ആശ്രയിക്കുകയാണ്. കന്നുകാലികൾക്ക് കുളമ്പുരോഗം, വയറിളക്കം, പനി, വിരശല്യം ഭക്ഷണസംബന്ധമായ രോഗങ്ങൾ എന്നിവ വ്യാപകമായി വരുന്നു. ഈ രോഗങ്ങൾക്ക് ചികിത്സ നടത്താൻ പഞ്ചായത്തിൽ വെററനറിഡിസ്പൻസറി മാത്രമാണുള്ളത് പഞ്ചായത്തിൻെറ ഒരററത്താണ് സ്ഥിതിചെയ്യുന്നത്. ശരാശരിദിവസത്തിൽ 15 രോഗങ്ങൾ മാത്രമാണ് ഇവിടെ റിപ്പോർട്ട് ചെയ്യുന്നത്. കൃത്രിമ ബീജസങ്കലനം മാസത്തിൽ 10 എന്നതോതിലെ നടക്കുന്നുള്ളു. പക്ഷികൾക്ക് കോഴിവസന്ത വ്യാപകമായി വന്ന് നശിച്ചുപോകുന്നതും നിത്യസംഭവമാകുന്നു. ഇതിനെതിരെയുള്ള കുത്തിവെപ്പ് നടക്കുന്നില്ലെന്നു തന്നെപറയാം. പഞ്ചായത്തിലെ പല ഭാഗങ്ങളിലുമുള്ളവർ വാഹനസൗകര്യം മുൻനിർത്തി മററുപല പ്രദേശത്തുമുള്ള മൃഗാശുപത്രികളെയാണ് ശരണം പ്രാപിക്കുന്നത്.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീററ ചെറിയവിലക്ക് ലഭിക്കുന്നില്ല.

2. തീററപ്പുല്ലിന്റെ ദൗർലഭ്യം

3. ക്ഷീരോല്പാദനത്തിന്റെ വർദ്ധനവില്ലായ്മ

4. ക്ഷീരവിപണനത്തിനുള്ള സൗകര്യമില്ലായ്മ

5. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനത്തിനുള്ള കുറവ്

6. കോഴി തീററ ചെറിയ വിലയ്ക്ക് ലഭിക്കാത്തതിനാൽ കോഴികളെ ലാഭകരമായി വളർത്താൻ കഴിയുന്നില്ല.

ക്ഷീരസഹകരണ സംഘങ്ങൾ കാലിത്തീററയും തീററപ്പുല്ലും മിതമായവിലയ്ക്ക് ലഭ്യമാക്കണം പഞ്ചായത്തിൽ മൂന്ന് ക്ഷീരോല്പാദക സഹകരണ സംഘങ്ങളെങ്കിലും സ്ഥാപിച്ച് പാൽ വിപണനത്തിന് സൗകര്യമുണ്ടാക്കിയെടുക്കുക. കൂടുതൽ ബീജദാനഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും പള്ളിയത്ത്, ശാന്തിനഗർ, പെരുവയൽ എന്നിവടങ്ങളിൽ സബ്സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.

വൃത്തിയുള്ള ആലനിർമ്മാണത്തിന് ക്ഷീരവികസന വകുപ്പിൽ നിന്നും സഹായം ലഭ്യമാക്കണം. ഇപ്പോൾപ്രോത്സാഹനമോ സഹായമോ ഇല്ല. പഞ്ചായത്തിൽ ആഴ്ചയിലൊരിക്കലെങ്കിലും ക്ഷീരവികസന വകുപ്പുദ്യോഗസ്ഥന്മാർ സന്ദർശനം നടത്തി ഉപദേശനിർദ്ദേശങ്ങൾ നല്കണം.

ക്ഷീരോല്പന്നോല്പാദനത്തിൽ പരിശീലനംനല്കണം.

വൃത്തിയും വെടിപ്പുമുള്ള മാംസം ലഭ്യമാക്കണം മാംസം കേടുകൂടാതെ സൂക്ഷിക്കാനുള്ള ഏർപ്പാടുകൾ വേണം.

4 കേന്ദ്രങ്ങളിൽ അറവുശാലകൾ വേണം

ഓരോ വീടിനും ഓരോ ആട് എന്ന സ്കീം നടപ്പാക്കണം.

ഓരോ വീടിനും ഓരോ മാടും എന്ന സ്കീം നടപ്പാക്കണം.

തേനീച്ച വളർത്താൻ ഓരോ വീടിനും ഓരോ കൂട് പദ്ധതി നടപ്പാക്കണം.

മികച്ചക്ഷീരകർഷകരെ കണ്ടെത്തുകയും അവർക്ക് അവാർഡുകൾ നൽകുകയും ചെയ്യുക. ഇതുവഴി ഈ രംഗത്തുള്ളവർക്ക് വൻതോതിൽ പ്രോത്സാഹനം ലഭിക്കും.

അത്യുല്പാദന ശേഷിയുള്ള കന്നുകാലികളെ ഒരു വാർഡിൽ തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് വിതരണം ചെയ്യുകയും ഇതിന്റെ കുട്ടികളെ തിരിച്ചു വാങ്ങി മറെറാരുകുടുംബത്തിന് നൽകുകയുംചെയ്യുക. ഇങ്ങിനെ അഞ്ച്വർഷംകൊണ്ട് പഞ്ചായത്തിലെ പാവപ്പെട്ട 500 കുടുംബങ്ങൾക്ക് സങ്കരയിനം പശുക്കളെ ലഭ്യമാക്കുക. തീററപുൽകൃഷി വ്യാപകമാക്കുകയും തരിശായികിടക്കുന്ന ഭൂമികൾ ഇതിന് ഉപയോഗപ്പെടുത്തുകയും ചെയ്യുക മൃഗഡോക്ടറുടെ സേവനം പഞ്ചായത്തിന്റെ എല്ലാഭാഗത്തും ലഭ്യമാക്കുക. വികേന്ദ്രീകൃത കോഴിവളർത്തലും കേന്ദ്രീകൃതമായ വിപണന സൗകര്യമുണ്ടാക്കിയെടുക്കുക. കോഴിവളർത്താൻസാമ്പത്തികസഹായം ലഭ്യമാക്കി 10 യൂനിററുകൾ തുടങ്ങാൻ സൗകര്യമുണ്ടാക്കുക, ആട് വളർത്തൽ വ്യാപകമാക്കാൻ ധനസഹായം ലഭ്യമാക്കുക. റബ്ബർ എസ്റ്റേററ് സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ തേനീച്ച വളർത്തൽ, മുയൽ വളർത്തൽ എന്നിവ തുടങ്ങാവുന്നതാണ്. താറാവ് വളർത്താൻ പററിയ സാഹചര്യമുള്ള പാണ്ടി വയൽഭാഗത്ത് അതിന് പ്രോത്സാഹനം നൽകുക. ഇന്ന് അന്യപ്രദേശത്തുകാർ താറാവിനെ ഇവിടെ കൊണ്ടുവന്നു വളർത്തുന്നത് നമുക്ക്കാണാൻ കഴിയാവുന്നതാണ്.

## മത്സ്യബന്ധനം

വേളം പഞ്ചായത്തിന്റെ കിഴക്കും തെക്കും അതിരുകളിലൂടെ ഒഴുകുന്ന കുററ്യാടിപ്പുഴയുടെ ഭാഗമായമുളികപ്പുഴയും പടിഞ്ഞാറുഭാഗത്ത് നീണ്ട വിശാലമായി കിടക്കുന്ന പാണ്ടിപ്രദേശവും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലൂടെ ഒഴുകുന്ന 15 കി. മീററോളം തോടുകളും തിരുവഞ്ചേരി തുറയും ആക്കീക്കുളവും സ്വകാര്യകുളങ്ങളുമാണ് പ്രധാന ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യബന്ധന സാദ്ധ്യതകൾ ഈ ജല സ്രോതസ്സുമായി ബന്ധപ്പെട്ടുകിടക്കുന്നു.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ ആളുകൾ ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഭാഗികമായി മത്സ്യബന്ധനംനടത്തുന്ന 50 ആളുകൾഉണ്ട്.

പുഴ, തോടുകൾ, പാണ്ടിപ്രദേശങ്ങൾ എന്നിവിടങ്ങളിൽനിന്ന് പലരീതികളുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവരുണ്ട്. പലതരത്തിലുള്ള മത്സ്യങ്ങൾ ഇവിടങ്ങളിൽ ലഭ്യമാണെങ്കിലും ഇവയുടെ വർധനവിനും ബന്ധനത്തിനും ആധുനിക സംവിധാനങ്ങളൊന്നും ഇന്ന് ഉപയോഗിക്കുന്നില്ല.

മത്സ്യവിപണന തൊഴിലാളികൾ 90 പേർ ഈ പഞ്ചായത്തിലുണ്ട്. വളരെ ചുരുക്കംപേർ വല നന്നാക്കുന്ന ജോലിക്കാരായുണ്ട്. വടകര, കക്കട്ട്, പേരാമ്പ്ര എന്നിവിടങ്ങളിൽ നിന്നാണ് പഞ്ചായത്തിൽ വില്പനക്കുള്ള മത്സ്യം കൊണ്ടുവരുന്നത് വാഹനങ്ങളിൽ കൊണ്ട്‌വന്ന് അങ്ങാടികളിൽ വില്കുന്നവരും സൈക്കിളുകളിലും ചുമടായും നടന്നുവില്കുന്നവരുമുണ്ട്. ഇപ്പോൾ 11 പേർക്ക് (SLST) സൈക്കിളും പെട്ടിയും പഞ്ചായത്ത് വകയായി നല്കിയിട്ടുണ്ട്.

തോടുകളിൽനിന്നും പുഴയിൽനിന്നും മത്സ്യം പിടിക്കുന്ന സമ്പ്രദായം വളരെ കാലങ്ങൾക്കുമുമ്പേ നടപ്പിലുണ്ട്. ഗാർഹികആവശ്യത്തിനും കൂടുതലുള്ളത് അയൽവാസികൾക്കുംസുഹൃത്തുക്കൾക്കും സമ്മാനമായികൊടുക്കുന്ന പതിവാണുണ്ടായിരുന്നത്. അടുത്തകാലത്ത് മീൻ പിടിക്കുന്ന സീസണിൽ സംഘടിതമായി മത്സ്യം പിടിക്കുകയും വില്പനനടത്തുകയും ചെയ്തുവരുന്നു. വർഷകാല ആരംഭത്തിലും അവസാനത്തിലുമാണ് പുഴയിൽനിന്നുംതോടുകളിൽനിന്നും ശുദ്ധമത്സ്യം പിടിക്കുന്നത്. പഞ്ചായത്തിലെ കുററള്ളൂർ എന്നസ്ഥലം ഇതിനുപ്രസിദ്ധമാണ്. ''ഏററ്മീൻപിടുത്തം'' എന്നാണ് വർഷകാലാരംഭ മത്സ്യബന്ധനത്തിന് പറയുന്നത്.

ഈസമയത്ത് അടുത്തപഞ്ചായത്തുകളിൽനിന്നും വലയുമായി ആളുകൾ ഈ സ്ഥലങ്ങളിൽ എത്തുന്ന പാണ്ടി എന്നറിയപ്പെടുന്ന ചതുപ്പ്പ്രദേശത്ത്നിന്ന് മീൻപിടിച്ച് വിററ് ഉപജീവനം നടത്തുന്നവർ ഉണ്ട്. വേനൽക്കാലത്ത് ഗുളികപ്പുഴയിൽ നിന്ന് മീൻപിടിക്കാൻ വിദൂരസ്ഥലങ്ങളിൽനിന്ന് സംഘമായി ആളുകൾവന്ന് മീൻപിടിച്ച് വൻതുക സമ്പാദിക്കുന്നു. പ്രധാനമായും വാള, ചെമ്പല്ലി, കണ്ണിക്കൻ, ചിററാൻ, വരാൽ, ചേർമീൻ, മാലാൻ, ഏട്ട കട്‌ഞ്ഞാലി, മുഴ, കട്ട, ചെമ്മീൻ, കട്ട്‌ല തുടങ്ങിയവയാണ് ഈ പഞ്ചായത്തിലെ ജലസ്രോതസ്സുകളിൽ കണ്ടുവരുന്നമത്സ്യങ്ങൾ. ഭക്ഷ്യാവശ്യത്തിൽ എളമ്പക്ക ജീവിയെയും പുഴയിൽ നിന്ന ശേഖരിക്കുന്നു. പുഴിവാരുന്നത്കൊണ്ട് എളമ്പക്ക നാമാവശേഷമായിട്ടുണ്ട്.

മത്സ്യകൃഷിക്ക് സൗകര്യക്കുറവുണ്ടെങ്കിലും സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാലും സാമ്പത്തികശേഷി ഇല്ലാത്തതുകൊണ്ടും നടക്കുന്നില്ല. ഭക്ഷ്യാവശ്യത്തിന് കടൽമത്സ്യമാണ് വ്യാപകമായി ഉപയോഗിക്കുന്നത്. മത്സ്യവിപണനത്തിന് അങ്ങാടികളിൽ മാർക്കററ് സൗകര്യമില്ലാത്തതിനാൽ മലിനീകരണപ്രശ്നങ്ങൾ ഈ പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ഉണ്ട്. പലമത്സ്യങ്ങളും പ്രധാനമായും വരൽരോഗം പിടിപെട്ട് കൂട്ടമായി നശിച്ചുപോയിട്ടുണ്ട്. ചൂരി, ഇണററപോലുള്ള ചില മത്സ്യങ്ങൾ പണ്ട് കാലത്ത് ലഭ്യമായിരുന്നു. ഇപ്പോൾതീരെ കാണുന്നില്ല.

## പ്രധാന പ്രശ്നങ്ങൾ

1. കീടനാശിനി പ്രയോഗം മത്സ്യ സമ്പത്തിനെ ബാധിക്കുന്നു
2. പായലുകളുടെ വളർച്ച മത്സ്യങ്ങളെബാധിക്കുന്നു
3. ഭാഗികമായി മത്സ്യബന്ധന തൊഴിലിൽ ഏർപ്പെട്ട തൊഴിലാളികളെ മത്സ്യതൊഴിലാളികളായി പരിഗണിച്ച് ആനുകൂല്യം ലഭിക്കുന്നില്ല
4. പുഴയോരത്ത് മത്സ്യം കേടുകൂടാതെ സൂക്ഷിക്കാനുള്ള സൗകര്യങ്ങളില്ല.
5. തോട്ടപൊട്ടിച്ചും വിഷംകലർത്തിയും മീൻപിടിക്കുന്നത് മത്സ്യത്തിൻെറ നാശത്തിന് ഇടയായിതീരുന്നു.
6. അങ്ങാടികളിൽ മത്സ്യവിപണത്തിന് സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ.
7. സ്വകാര്യ കുളങ്ങളിലും പൊതു ജലാശയങ്ങളിലും വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ മത്സ്യകൃഷിചെയ്യാൻ സഹായം ലഭിക്കുന്നില്ല.
8. മത്സ്യ കൃഷിയെപ്പററിയുള്ള അജ്ഞത.

### സാധ്യതകൾ

1. ശുദ്ധജല മത്സ്യ കൃഷിക്ക് അനുയോജ്യമായ 5 പ്രദേശങ്ങളും സ്വകാര്യകുളങ്ങളും ഉണ്ട്

2. മത്സ്യ ബന്ധനത്തിനും വിപണനത്തിനും തല്പരരായ ആളുകളും ഉണ്ട്.
3. പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്ന ആളുകളും ഉണ്ട്.
4. മത്സ്യം ഒരു പ്രധാന ആഹാരമായി ഇവിടെ ജനങ്ങളും ഉപയോഗിക്കുന്നു.

## പ്രധാനമായും ചെയ്യേണ്ട കാര്യങ്ങൾ

1. ശുദ്ധജല മത്സ്യ കൃഷിക്ക് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സാമ്പത്തിക സഹായം നൽകുക
2. ചെമ്മീൻ കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.
3. വള്ളവും വലയും വാങ്ങാനുള്ള സാമ്പത്തിക സഹായം നൽകുക.
4. മത്സ്യ വിതരണ തൊഴിലാളി സഹകരണ സംഘം രൂപീകരിക്കുക.
5. മത്സ്യ വിപണന സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
6. നാലുകേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് അടിയന്തരമായി പണിയുക.
7. മത്സ്യം വളർത്തൽ, മത്സ്യ ബന്ധനം, മത്സ്യം വിപണനം എന്നിവക്കായി പഞ്ചായത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കുക.

## പഞ്ചായത്തിലെ കുളങ്ങൾ

### വാർഡ് 1

1. കൈതയിൽ കുളം
2. അരയാക്കീന്റവിട
3. ഇടച്ചേരിക്കണ്ടി
4. ചീനേന്റവിട
5. കണിയാങ്കണ്ടി
6. ചമ്പാന്റവിട
7. കുറിക്കളവിട
8. വലിയ പാതിരിക്കോട്ട്
9. വണ്ണാത്തി മാക്കൽ

### വാർഡ് 2

1. ആറ്റിലാങ്കണ്ടി
2. പുളയുള്ളതിൽ
3. വരപ്പുറത്ത്
4. ചെറുകുന്നുമ്മൽ
5. കോമത്ത്
6. നരിക്കോട്ട്
7. രയരോത്ത്

### വാർഡ് 3

1. തിരിക്കോത്ത്
2. മഠത്തിൽ
3. താനിക്കുന്നുമ്മൽ
4. ചേരിക്കുളം
5. തണ്ടാൻകണ്ടി
6. പടിഞ്ഞാറയിൽ
7. പുത്തൻകൊയിലോത്ത്
8. ആയടത്തിൽ ചിറ
9. ചിത്തിലോട്ട്
10. കോരൻകുളങ്ങര
11. കളരിക്കണ്ടി

### വാർഡ് 4

1. എടവലത്ത്
2. കിഴക്കെഇല്ലത്ത്
3. രയരോത്ത് പറമ്പത്ത്
4. തച്ചർകണ്ടി
5. പനയുള്ള കണ്ടി
6. കൊരണ്ട്യേനി
7. തൊട്ടുവയിൽ
8. അക്ലിയത്ത്
9. കനിയേൽ
10. കുരുടയിൽ
11. പുതിയോട്ടിൽ
12. കണിയാൻകണ്ടി
13. കൈപ്രത്ത്

### വാർഡ് 5

1. തൊട്ടുവയിൽതാഴ
2. തച്ചർകണ്ടിത്താഴ
3. പറപ്പയിൽ താഴ
4. പുത്തൂർതാഴ
5. നൊച്ചിക്കാട്ട്

## വാർഡ് 6

1. പുതിയടത്ത്
2. മൂലേൽപീടികയിൽ
3. കരുവോത്ത് കണ്ടി
4. പെരിങ്ങാട്ട്
5. എരവത്ത്
6. മമ്മള്ളി
7. എലക്കാട്ടിൽ

## വാർഡ് 7

1. തായന
2. നടക്കണ്ടി
3. തട്ടാൻമുക്കിൽ
4. പരോത്ത് താഴ
5. ഒള്ളോടി താഴ
6. ചാലിൽ താഴ

## വാർഡ് 8

1. പൈങ്ങോളി
2. മെമ്മേത്ത്
3. കല്ലട
4. മൂന്നൽ
5. കേളോത്ത്
6. അക്കാളി
7. ഒതയോത്ത്
8. തറമൽ
9. പുത്തൻപുരയിൽ
10. വണ്ണത്താൻകണ്ടി
11. പനോളി
12. തിരുവൻകോമത്ത്
13. കുനിയിൽ

## വാർഡ് 9

1. ആക്കിക്കളം
2. നൈററ്യത്ത്
3. കൊറേറാത്ത്

## വാർഡ് 10

1. മൂന്നാം കൊയിലോത്ത്
2. അനന്തോത്ത്
3. കേളോത്ത് താഴ
4. നാരായണിക്കാവിൽ
5. പുത്തൻ പുരയിൽ

ഈ കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ കഴിയുന്നതോടൊപ്പം 500 ഏക്കറോളം ഭൂമിയിൽ കൃഷിക്ക് ജലസേചനം നടത്താനും കഴിയും.

C

# വിദ്യാഭ്യാസം

# വിദ്യാഭ്യാസം

സ്വാതന്ത്ര്യ സമ്പാദനത്തിന് മുമ്പുതന്നെ വേളം പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന സാഹചര്യത്തിൻെറപ്രതിഫലമെന്നോണംസമൂഹത്തിൻെറഅടിത്തട്ടിൽ, പ്രത്യേകിച്ച് ഹിന്ദുമതവിഭാഗത്തിൽപ്പെട്ട അവർണ്ണർക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. അയിത്തവും നാടുവാഴിത്തവും നിലനിൽക്കുന്ന കാലഘട്ടമായിരുന്നു, അന്ന്. ഐക്യകേരളം നിലവിൽ വരുന്നതിനുമുമ്പുതന്നെ വേളം പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന സ്വകാര്യ സ്ക്കൂളുകൾ പൊതുവിൽ ഉന്നതവിഭാഗത്തിൻെറ കൈയ്യിലായിരുന്നു. അധ്യപകർക്കാണെങ്കിൽ തുഛമായ ശമ്പളവും ചേരാപുരംഭാഗത്ത്, സ്വാതന്ത്ര്യത്തിന്ന് മുമ്പുണ്ടായിരുന്ന ചേരാപുരം യു.പി. സ്ക്കൂളിൽ മാത്രമായിരുന്നു അപ്പർപ്രൈമറി വിദ്യാഭ്യാസത്തിന്ന് കുറച്ചെങ്കിലു സൗകര്യം ലഭിച്ചിരുന്നത്. സമുദായത്തിൻെറ ഏററവും അടിത്തട്ടിലുള്ള ഹരിജൻ കുട്ടികളെ സ്ക്കൂളിൽ ചേർക്കാൻ തന്നെ കഴിഞ്ഞിരുന്നില്ല. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി ഹരിജനോദ്ധാരണ പ്രവർത്തനംനടക്കവേ ഒരു സാമൂഹ്യപരിഷ്ക്കർത്താവും ധീര ദേശാഭിമാനിയുമായിരുന്ന ശ്രീ മാണിക്കോത്തറമൽ ഗോപാലക്കുറുപ്പ് ഒരു ഹരിജൻ ബാലനെ സ്കൂളിൽ ചേർക്കാൻ വളരെദൂരം നടന്ന് ചേരാപുരം സൗത്തിൽ ഉണ്ടായിരുന്ന ഗവൺമെൻറ് സ്കൂളിൽ വന്നപ്പോൾ സവർണ്ണ മേധാവികളായിരുന്ന സ്ക്കൂൾഅധികൃതർ കുട്ടിക്ക് പ്രവേശനം നിഷേധിച്ചു എന്ന് മാത്രമല്ല യാഥാസ്ഥിതിക സവർണ്ണമേധാവികളായ പുറത്തുള്ളവരും കൂടിച്ചേർന്ന് മേൽപ്പറഞ്ഞ ഗോപാലക്കുറുപ്പിനെ അടിച്ചോടിച്ച് ഗുളികപ്പുഴയിൽ തുള്ളിച്ചതായി സംഭവമുണ്ട് അതിന്ന് ദൃക്സാക്ഷികളായിരുന്ന പലരും ഉണ്ടായിരുന്നു.

എങ്കിലും സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനത്തിൻെ ഭാഗമായും പൊതുരാഷ്ട്രീയ പ്രസ്ഥാനത്തിൻെറ വളർച്ചയിലും ജനങ്ങളിൽ ഉണ്ടായ പുതിയ അവബോധത്തിൻെറ വെളിച്ചത്തിൽ പൊതുവിദ്യാഭ്യാസരംഗത്ത് വേളം ബഹുദൂരം പിറകിലായിരുന്നില്ല. ഓത്ത്പള്ളിയും, എഴുത്ത്പള്ളിയും ആ കാലത്ത് നിലവിലുണ്ടായിരുന്നു.. അതുകൊണ്ടുതന്നെയായിരിക്കണം കാക്കുനി ചാലിൽപാറക്ക്സമീപം എഴുത്തുപള്ളിച്ചാൽ എന്നപേരുതന്നെ ഒരു വീട്ടിന്ന് നാമകരണം ചെയ്തതെന്ന് തോന്നുന്നു. ലോകം അറിയപ്പെടുന്ന അത്ലററിക്ക് കോച്ച് ശ്രീ ഒ. എം നമ്പ്യാർക്ക് ജൻമം നൽകിയ നാടാണ് വേളം. അദ്ധ്യാപക സംഘടനാ നേതൃനിരയിലെത്തിയ (സംസ്ഥാനത്ത്) ശ്രീ പി. കെ. നമ്പ്യാർ അവർകളുടെ പ്രാഥമിക വിദ്യാഭ്യാസം വേളത്തായിരുന്നു. ശ്രീ മാണിക്കോത്ത് മൊയ്തീൻമാസ്ററർ ഒരു സാമൂഹ്യ പരിഷ്കർത്താവും, വിദ്യാഭ്യാസ പരിഷ്ക്കരണ പ്രസ്ഥാനത്തിൻെറ ഭാഗത്ത് പ്രത്യേകിച്ച് മുസ്ലീം വിഭാഗത്തിന് ഭൗതിക വിദ്യഭ്യാസത്തിൻെറ ആവശ്യകതയെപ്പററി ശബ്ദമുയർത്തിയ വ്യക്തിത്വമായിരുന്നു.

സ്വാതന്ത്ര്യസമ്പാദനത്തിന്ന് മുമ്പുള്ള വിദ്യാലയങ്ങളായിരുന്നു (1) ചേരാപുരം യു. പി. മാനേജ്മെൻറ് (2) ചേരാപുരം ഈസ്ററ് എം. എൽ. പി. (3) ചേരാപുരം സൗത്ത് എം.എൽ.പി. (4) ചേരാപുരം നോർത്ത് എം. എൽ. പി. (5) ചേരാപുരം ഗവൺമെൻറ് എൽ. പി, പൂളക്കൂൽ [ നേരത്തെ ഉണ്ടായിരുന്ന ഒതയോത്ത്സ്കൂൾ, മാടയുള്ളതിൽ സ്ക്കൂൾ എന്നിവ ഇല്ലാതായി രൂപീകരിക്കപ്പെട്ടതാണിത് ] (6) ചെറുകുന്ന് ഗവ: യു. പി. സ്ക്കൂൾ (7) എം. ഡി.എൽ.പി. ശാന്തിനഗർ മാനേജ്മെൻറ്, (8) വേളം സൗത്ത് എൽ. പി. പെരുവയൽ എന്നിവ.

സ്വാതന്ത്ര്യാനന്തരം വന്ന സ്ക്കൂളുകൾ (1) ചേരാപുരം ന്യൂ എൽ. പി. സ്ക്കൂൾ, (2) കുറിച്ചകം സിംഗിൾ ഗവൺമെൻറ് സ്ക്കൂൾ (3) അരിമ്പോൽ ഗവ: എൽ. പി. സ്ക്കൂൾ വേളം (4) വേളം ഹൈസ്ക്കൂൾ, ചേരാപുരം.

സ്വാതന്ത്ര്യ സമ്പാദനത്തിന് മുമ്പേ നിലത്തെഴുത്ത് കളരികൾ, നാട്ടെഴുത്ത് പള്ളിക്കൂടങ്ങൾ എന്നിവ സാർവത്രികമായി ഇല്ലെങ്കിലും പഞ്ചായത്തിൽ അവിടവിടെയായി കാണാറുണ്ടായിരുന്നു. മതപാഠശാലകളായി പിൽക്കാലത്ത് രൂപാന്തരം പ്രാപിച്ച ഓത്ത് പള്ളികളും വേളത്ത് പലഭാഗങ്ങളിലും നിലവിലുണ്ടായിരുന്നു. ഹിന്ദുമതാചാരത്തിൻെറ ഭാഗമായി നവരാത്രി കാലത്തുള്ള വിജയദശമി പൂജകളിൽ കുട്ടികളെ എഴുത്തിനിരുത്തുന്ന മുൻകാല ആചാര രീതി പഴയതുപോലെ ഇല്ലെങ്കിലും ഇപ്പോഴും നില നിൽക്കുന്നുണ്ട്.

പണ്ട്കാലത്ത് ഇത് സ്കൂളുകളിൽ വെച്ചായിരുന്നെങ്കിൽ ഇപ്പോൾ ക്ഷേത്രങ്ങളിലും നിലത്തെഴുത്താശാൻമാരുടെ വീടുകളിലുമായി ചുരുങ്ങിയിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് വേളത്ത് ഒരു ഹൈസ്കൂൾ ആരംഭിച്ചത് 1975ൽ ആണ്. അതേവരെ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയത് അയൽ പഞ്ചായത്തിലെ വട്ടോളി നാഷണൽ ഹൈസ്ക്കൂൾ, ആയഞ്ചേരി റഹ്മാനിയാ ഹൈസ്ക്കൂൾ, പേരാമ്പ്ര ഹൈസ്ക്കൂൾ, കല്ലാച്ചി ഗവ: ഹൈസ്ക്കൂൾ, തിരുവള്ളൂർ ശാന്തിനികേതൻ ഹൈസ്ക്കൂൾ, പുറമേരി കെ. ആർ. ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ നിന്നാണ്. ശരാശരി 10 കി. മീററർ നിത്യേന നടന്നിട്ടാണ് ആ കാലയളവിൽ വേളത്തുള്ളവർ ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയത്,

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളുടെ പട്ടികയിൽ കൊടുത്തിരിക്കുന്നു. പട്ടികയിൽ ചൂണ്ടിക്കാണിച്ച എൽ. പി. സ്ക്കൂളുകളിൽ നിന്നും വർഷം പ്രതി പുറത്തുവരുന്ന വിദ്യാർത്ഥികളെ ഉൾക്കൊള്ളുവാൻ വേളത്ത് - യു. പി. സ്ക്കൂളുകൾ മാത്രമാണുള്ളത്. ദൗർഭാഗ്യമെന്ന് പറയട്ടെ, എൽ. പി. ക്ലാസുകളിൽനിന്നും വിജയികളായി 5-ാം ക്ലാസിൽ ചേരേണ്ടുന്ന നല്ലൊരു ശതമാനം കുട്ടികൾക്ക് മേൽപറഞ്ഞ യു. പി. സ്കൂളുകളിൽ പ്രവേശനം ലഭിക്കുവാനുള്ള സാഹചര്യമില്ലാത്തതിനാൽ സമീപ പഞ്ചായത്തുകളിലെ അരൂർ യു. പി. സ്ക്കൂൾ, കടമേരി യു. പി. ചീക്കിലോട് യു. പി, കുററ്യാടി എം. ഐ. എം. യു. പി; ആവള യു. പി. തുടങ്ങിയ സ്ക്കൂളുകളെ ആശ്രയിക്കേണ്ടിവരുന്നു. വർഷകാലത്ത് മിക്ക കുട്ടികൾക്കും വെള്ളപ്പൊക്കം കാരണം സ്ക്കൂളുകളിൽ പോകാൻ കഴിയാറില്ല. കൂടാതെ, സമീപ പഞ്ചായത്തുകളിൽപ്പോയി പഠിക്കാൻ കഴിയാതെ 4-ാംക്ലാസ് വിദ്യാഭ്യാസത്തോടെ പഠനം അവസാനിപ്പിക്കേണ്ടുന്ന ദുഃസ്ഥിതിയും ഉണ്ട്. പെരുവയൽ, മണിമല, തിയ്യൂർകുന്ന്, പൂളക്കൂൽ എന്നീ സ്ഥലങ്ങളിൽ യു. പി. സ്ക്കൂളിന്റെ ആവശ്യകത ഉയർന്നുവന്നിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ, ഒരു പാരലൽകോളേജും മൂന്ന് ട്യൂഷൻ സെൻററും, ഒരു ടൈപ്പ് റൈററിങ്ങ് ഇൻസ്ററിറ്റ്യൂട്ടും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി അടുത്ത കാലത്ത് പൂളക്കൂലിനടുത്ത് ആരംഭിച്ചിട്ടുണ്ട്.

സാമ്പത്തികമായി ഉയർന്ന വരുമാനമുള്ള വീടുകളിലെ കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്നതായി കാണുന്നു. അവരിൽ ഭൂരിഭാഗവും ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന ആളുകളുള്ള വീടുകളിലെ കുട്ടികളാണ്. ശരിയായ കണക്ക് ലഭ്യമല്ലെങ്കിൽപ്പോലും 84കുട്ടികളെങ്കിലും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിക്കുന്നുണ്ട്.

വടകര, കല്ലാച്ചി, മൊകേരി തുടങ്ങിയ പാരലൽ കോളേജുകൾ, മടപ്പള്ളി, മൊകേരി, പേരാമ്പ്ര തുടങ്ങിയ ഗവൺമെൻറ്കോളേജുകൾ എന്നിത്യാദി സ്ഥാപനങ്ങളിൽ കലാശാലാ വിദ്യാഭ്യാസം നേടുന്നവരുമായി വേളത്തുമുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരും പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികൾ ഈ പഞ്ചായത്തിൽ ഉണ്ട്.

## പ്രശ്നങ്ങൾ

1. വേളം ഹൈസ്കൂളിലെ വിജയശതമാനം S.S.L.C വർഷംതോറും കുറഞ്ഞുവരുന്നു.
2. പഞ്ചായത്തിലെ ഏതാണ്ട് എല്ലാസ്കൂളുകൾക്കും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല.
3. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാധ്യത മിക്ക സ്കൂളുകളിലും നിലനിൽക്കുന്നു. തത്ഫലമായി അധ്യാപകർക്ക് ജോലി നഷ്ടപ്പെട്ടുപോകുന്ന ഗുരുതരമായ ഭീഷണിയുണ്ട്.
4. നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലെയും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നു.
5. സർക്കാർ സ്കൂളുകളിൽ സ്കൂൾ തുറക്കുന്ന അവസരത്തിൽ അധ്യാപകരുടെ നിയമനം നടത്താത്തത് അധ്യയനത്തെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്.
6. വിദ്യാർത്ഥികളിൽ ഗുണനിലവാരത്തകർച്ച വ്യാപകമായി കാണുന്നു.
7. അക്കജ്ഞാനവും അക്ഷരജ്ഞാനവും ഉറക്കാത്ത കുട്ടികൾ പഞ്ചായത്തിലെ സ്കൂളുകളിൽ ഏകദേശം 45% ഉണ്ട്.
8. പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുലോം പരിമിതമാണ്.
9. ഗവ: എൽ. പി. സ്കൂളി (ചേരാപുരം) ന് സ്വന്തമായി കെട്ടിടം ഇല്ല.

# വേളം ഗ്രാമ പഞ്ചായത്ത്
## ഭരണ നിർവ്വഹണ ഭൂപടം



10. മൂത്രപ്പുര, ക്ലസ്സ്, കളിസ്ഥലം, കുടിവെള്ള സൗകര്യം, ഫർണിച്ചർ [ആവശ്യമായത്] തുടങ്ങിയവ മിക്ക വിദ്യാലയങ്ങൾക്കും ഇല്ല.

11. വൈദ്യുതി സൗകര്യമുള്ള ഒരു വിദ്യാലയം മാത്രമേ വേളത്തുള്ളൂ.

12. കലാ – കായിക പ്രതിഭകളെ വളർത്താൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ സ്കൂളുകളിൽ ഇല്ല. കായിക പരിശീലനം സ്കൂളുകളിൽ നടക്കുന്നില്ല.

13. കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ ശ്രദ്ധക്കുറവുണ്ട്.

14, പി. ടി. എ. മിക്ക വിദ്യാലയങ്ങളിലും രൂപീകരണത്തിൽ കാണിക്കുന്ന ജാഗ്രത പിന്നീട് ഉണ്ടാവുന്നില്ല.

15. ഒരൊററ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും വേളം പഞ്ചായത്തിലില്ല.

16. 'മാതൃസംഗമം' —വിളിച്ചുചേർക്കാറുണ്ടെങ്കിലും തുടർപ്രവർത്തനങ്ങളിൽ അമ്മമാരുടെ പങ്കാളിത്തവും സഹകരണവും വേണ്ട രംഗങ്ങളിൽ ഉപയോഗപ്പെടുത്തുന്നില്ല.

17, സ്കൂൾ–കോംപ്ലക്സിന്റെ പ്രവർത്തനം ലക്ഷ്യമിട്ട രീതിയിൽ നടക്കുന്നില്ല.

18. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് സംഭാവനകൾ നല്കുന്ന വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും പ്രവർത്തന മേഖല വിപുലമാക്കേണ്ടതുണ്ട്.

19. ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വിദ്യാഭ്യാസ സമിതി പ്രവർത്തനം കൂടുതൽ ശക്തമാകാത്ത പ്രശ്നമുണ്ട്.

## നിർദ്ദേശങ്ങൾ.

1. ഓരോ വാർഡിലും ഏററവും ചുരിങ്ങിയത് ഓരോ പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ (മലയാളം മീഡിയം)

2. ഗവ: എൽ. പി. സ്ക്കൂൾ അരമ്പോൽ, ഗവ: എൽ. പി. സ്ക്കൂൾ ചേരാപുരം എന്നിവക്ക് സ്വന്തം കെട്ടിടം.

3. എൽ. പി. സ്കൂളിൽ പ്യൂണും യു. പി. സ്ക്കൂളിൽ ക്ലാർക്കിനേയും നിയമിക്കുക.

4. മണിമല, പെരുവയൽ, കൂളിക്കുന്നിന്റെ (ഭാഗം) എന്നീ സ്ഥലങ്ങളിലോ അല്ലെങ്കിൽ പൂളക്കൂലിലുമോ യു. പി. സ്കൂളിന്റെ ആവശ്യകത.

5. ഉച്ചക്കഞ്ഞി കാര്യക്ഷമമായി നടപ്പിലാക്കുക.

6. മൂത്രപ്പുര, ക്ലസ്സ്, കുടിവെള്ള സൗകര്യം ലഭ്യമാക്കുക.

7. ജനകീയ മോണിററിങ്ങ് നടപ്പിലാക്കുക.

8. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക

9. അദ്ധ്യാപക നിയമനത്തിൽ തദ്ദേശവാസികൾക്ക് മുൻഗണന നൽകുക.

10. എല്ലാ വിദ്യാലയങ്ങൾക്കും ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുക.

11. നിർദ്ധനരായ കുട്ടികൾക്ക് പാഠപുസ്തകം, യൂണിഫോം, കുട തുടങ്ങിയവ സൗജന്യമായി നൽകുക.

12. അദ്ധ്യാപകർക്ക് നൂതന ബോധന രീതികളിൽ ആവശ്യമായ ഇൻസർവ്വീസ് കോഴ്സ് അർദ്ധവാർഷികാടിസ്ഥാനത്തിൽ നൽകുക.

13. P.T.A. ശക്തമാക്കുക, മാതൃസംഗമം സജീവമാക്കുക.

14. D. P. E. P. പദ്ധതി കോഴിക്കോട് ജില്ലയിലും ഉൾപ്പെടുത്തുക.

15. വിദ്യാലയങ്ങളിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

****

## വേളം ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം

| സ്കൂളിൻെറ പേര്. | ഹൈസ്കൂൾ യൂപി എൽപി പ്രീ പ്രൈമറി | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുളളവരുടെ എണ്ണം | ഒഴിവുകൾ | ദീർഘകാല ലീവിലുളളവർ | സ്കൂൾ ക്യാമ്പസ്സിൻെറ വിസ്തീർണ്ണം | കളി സ്ഥല വിസ്തീർണ്ണം | ഉപയോഗിക്കാത്ത സ്ഥലം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റ പണികൾ, ഫർണിച്ചർ റിപ്പേർ തുടങ്ങിയവ സംബന്ധിച്ച |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| ചേരാപുരം ഇ. എം. എൽ. പി സ്കൂൾ | L.P | - | ✓ | - | - | 82 | 87 | 169 | 6+1 | 6+1 | - | - | - | ഇല്ല | - | - |
| ജി. എൽ. പി. സ്കൂൾ കുറിച്ചകം | L.P | ✓ | - | - | - | 44 | 48 | 92 | 4 | 2 | 2 | - | 20cent | 10cent | - | 20000ക ആവശ്യം |
| ജി. എൽ. പി. എസ്. ചേരാപുരം | L.P | ✓ | - | - | - | 85 | 84 | 169 | 6+1 | 6 + 1 | - | - | 500sqft | ഇല്ല | ഇല്ല | 10000ക ആവശ്യം |
| ജി. യു. പി. ചെറുകുന്ന് | U.P | ✓ | - | - | - | 442 | 482 | 924 | 26+1 | 26 | 1 PT | ഇല്ല | 90cent | 30cent | ഇല്ല | 10000ക ആവശ്യം |
| ചേരാപുരം നോർത്ത് എം. എൽ. പി | L.P | - | ✓ | - | - | 68 | 51 | 119 | 5 | 5 | ഇല്ല | ഇല്ല | 7½cent | ഇല്ല | ഇല്ല | 10000ക ആവശ്യം |
| വേളം സൗത്ത് ഗവ. എൽ. പി. | L.P | - | ✓ | - | - | 136 | 90 | 226 | 8+1 | 8+1 | - | - | .75cent | .15cent | ഇല്ല | 10000ക ആവശ്യം |
| ജി. എൽ. പി. അരിതോമ്മൽ | L.P | ✓ | - | - | - | 85 | 93 | 178 | 6 | 4 | 2 | - | - | - | - | - |
| ന്യൂ എൽ. പി. ചേരാപുരം | L.P | - | ✓ | - | - | 112 | 83 | 195 | 8 | 8 | - | - | 15cent | ഇല്ല | ഇല്ല | 10000ക ആവശ്യം |
| സി. യു. പി. എസ്. ചേരാപുരം | U.P | - | ✓ | - | - | 473 | 438 | 911 | 30 | 30 | - | - | 50cent | ഇല്ല | ഇല്ല | - |
| വേളം ഹൈസ്കൂൾ | H.S | - | ✓ | - | - | 600 | 677 | 1277 | 56 | 56 | ഇല്ല | 2 | 3Acres | 50cent | 50cent | ചുറ്റുമതിലില്ല |
| വേളം എം.ഡി. എൽ. പി. സ്കൂൾ | L.P | - | ✓ | - | - | 144 | 153 | 297 | 9 | 9 | - | - | 99cent | ഇല്ല | കെട്ടിട സ്ഥലം കഴിച്ച് | 10000ക ആവശ്യം |
| ചേരാപുരം എസ്. എം. എൽ. പി | L.P | - | ✓ | - | - | 135 | 85 | 220 | 9 | 9 | ഇല്ല | ഇല്ല | - | - | - | - |
| ആകെ | | | | | | 2406 | 2371 | 4777 | 177 | 172 | 5 | 2 | | | | |

## വിദ്യാഭാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

Ref: AV G.

| വാർഡ് നമ്പർ | സ്കൂളുകൾ — H.S.S / H.S — സർക്കാർ | എയിഡഡ് | അൺഎയിഡഡ് | മറ്റുള്ളവ | ആകെ | U.P.S — സർക്കാർ | എയിഡഡ് | അൺഎയിഡഡ് | മറ്റുള്ളവ | ആകെ | L.P.S — സർക്കാർ | എയിഡഡ് | അൺഎയിഡഡ് | മറ്റുള്ളവ | ആകെ | നഴ്സറി — സർക്കാർ | പഞ്ചായത്ത് വക | സ്വകാര്യം | ആകെ | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) — സർക്കാർ | സ്വകാര്യം | ആകെ | കോളേജുകൾ — സർക്കാർ | സ്വകാര്യം | ആകെ | പാരലൽ കോളേജുകൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | - | - | - | - | - | - | ✓ | - | - | 1 | - | ✓ | - | - | - | - | - | ✓ | - | - | - | - | - | - | - | - | - | - |
| II | - | ✓ | - | - | 1 | - | - | - | - | - | - | - | - | - | - | - | - | ✓ | - | - | - | - | - | - | - | ✓ | - | ✓ |
| III | - | - | - | - | - | ✓ | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| IV | - | - | - | - | - | - | - | - | - | - | - | ✓ | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| V | - | - | - | - | - | - | - | - | - | - | ✓ | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| VI | - | - | - | - | - | - | - | - | - | - | - | ✓ | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| VII | - | - | - | - | - | - | - | - | - | - | ✓ | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| VIII | - | - | - | - | - | - | - | - | - | - | ✓ | ✓ | - | - | - | - | - | ✓ | - | - | - | - | - | - | - | | - | - |
| IX | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| X | - | - | - | - | - | - | - | - | - | - | - | 2 | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| Total | - | 1 | - | - | - | 1 | 1 | - | - | - | 3 | 6 | - | - | - | - | - | 4 | - | - | - | - | - | - | - | 1 | - | 1 |

# D

# കുടിവെള്ളവും പൊതുജനാരോഗ്യവും

# കുടിവെള്ളവും പൊതുജനാരോഗ്യവും.

വേളം പഞ്ചായത്തിലെ പ്രധാന കുടിനീർ സ്രോതസ് കിണറുകളാണ്. ചുരുക്കം ചിലർ നീരുറവകളെ ആശ്രയിക്കുന്നു.

4600 വീടുകളുള്ള ഈ പഞ്ചായത്തിൽ വർഷങ്ങൾക്കുമുമ്പ് പകുതി കുടുംബങ്ങൾക്കും സ്വന്തമായി കിണറുകൾ ഉണ്ടായിരുന്നില്ല. സാമ്പത്തികമായ പിന്നോക്കാവസ്ഥയായിരുന്നു ഇതിന്റെ മുഖ്യ കാരണം കുടിവെള്ളത്തിനുവേണ്ടി കാത്തിരിക്കുന്ന സ്ത്രീകളെയും കുട്ടികളെയും അധിക കിണറിനടുത്തും കാണാമായിരുന്നു. അലക്കാനും കുളിക്കാനും പുഴയെയും, തോടിനെയും ആശ്രയിക്കുന്ന പതിവും ഉണ്ടായിരുന്നു.

കുടിവെള്ളത്തിനുവേണ്ടി സമ്പന്നരുടെ കിണറുകളെ ആശ്രയിക്കേണ്ടിവരുന്നത് അവരോടുള്ള വിധേയത്വമായി മാറുകയും അവർക്ക് അനിഷ്ടകരമായ വല്ലതും ഉണ്ടായാൽ കുടിവെള്ളം മുടക്കുകയും അതിന്റെ പേരിൽ സാമൂഹ്യ പ്രശ്നങ്ങൾവരെ ഇവിടെ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. താഴ്ന്ന ജാതിക്കാർക്ക് സവർണജാതിക്കാരുടെ വീട്ടിൽനിന്ന് വെള്ളമെടുക്കുന്നത് അന്ന് നിഷേധിക്കപ്പെട്ടിരുന്നു.

സാധാരണക്കാരായ ആളുകൾ പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾ ജോലിക്ക് പോകുന്നതിനു മുമ്പും ജോലി കഴിഞ്ഞ് വന്ന് സന്ധ്യയ്ക്കും വെള്ളം കൊണ്ടുവരിക ഒരു മുഖ്യ ജോലിയായിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവിർഭാവവും ഗൾഫ് നാടുകളിൽ നിന്നുള്ള പണത്തിന്റെ വരവും നിമിത്തമുണ്ടായ സാമ്പത്തിക പുരോഗതിയുമാണ് ഈ മേഖലയിൽ മാററത്തിന് തുടക്കം കുറിച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നിമിത്തം അത്യാവശ്യം സ്ഥലങ്ങളിൽ പൊതു കിണർ കുഴിച്ചും സാമ്പത്തിക പുരോഗതിയുടെ ഫലമായി ഓരോ കുടുംബങ്ങളും മററുള്ളവരെ ആശ്രയിക്കാതെ സ്വന്തമായി കിണർ കുഴിച്ചും കുടി വെള്ള പ്രശ്നം ഒരളവുവരെ പരിഹരിച്ചിട്ടുണ്ട്.

കാർഷികാവശ്യത്തിന് കിണർ കുഴിക്കാനുള്ള സാമ്പത്തിക സഹായം സർക്കാരിൽനിന്ന് ലഭിച്ചപ്പോൾ ആ ആനുകൂല്യം ഉപയോഗപ്പെടുത്തി കുഴിച്ച കിണറുകൾ കുടിവെള്ളത്തിനായിഉപയോഗിക്കുകയും ചെയ്യുന്നു. കൃഷിഭവന്റെ സഹായവും ഇതിനായി ഉപയോഗപ്പെട്ടിട്ടുണ്ട്. പാവപ്പെട്ടവർക്ക് പൊതുജന പങ്കാളിത്തത്തോടുകൂടിയും, റിലീഫ് കമ്മിററികളുടെ വകയായും ചുരുക്കം കിണറുകൾ കുഴിച്ചുകൊടുത്തിട്ടുണ്ട്.

ഇപ്പോഴുള്ള 4600 വീടുകളിൽ സ്വന്തമായി കിണറുകളില്ലാത്തവരുടെ എണ്ണം നാലിൽ ഒന്നുവരും. ഭൂമിശാസ്ത്രപരമായ കിടപ്പും സാമ്പത്തികമായ പിന്നോക്കാവസ്ഥയുമാണ് ഇതിന് പ്രധാന കാരണങ്ങൾ. 1-ാം വാർഡിലെ ഞള്ളേരിക്കുന്ന്. ഓഞ്ഞാരക്കുന്ന്, പൈങ്ങാംകുളങ്ങര ഭാഗം, രണ്ടാം വാർഡിലെ പുലക്കുന്നത്ത്പ്രദേശം, തുവ്വമല, നീരവ് പറമ്പ്, കല്ലൂനിര, മൂന്നാം വാർഡിലെ കാപ്പുമല, പുല്ലൂരത്തറ, ഒഴിഞ്ഞിലോട്ട് കുന്ന്, മൂശാരികണ്ടി കുന്ന്, കോട്ടക്കുന്ന്, ഒളോടിക്കുന്ന്, ചമ്പേൻകുന്ന്, കാഞ്ഞിരോറക്കുന്ന്, നാലാം വാർഡിലെ കുണ്ടുവീടുകുന്ന്, കുഞ്ഞൂന്നമ്മൽകുന്ന്, അഞ്ചാം വാർഡിലെ ആലക്കാട്ട്തറ കുന്ന്, ചോയിമഠംകുന്ന്, കൊമ്മാട്ട് കുന്ന്, മലാപൊയിൽ കുന്ന്, ആറാം വാർഡിലെ മുള്ളൻകുന്ന്, മാമ്പറമല, നെല്ലിക്കുന്ന്, അത്യോട്ടുമ്മൽക്കുന്ന്, ഏഴാം വാർഡിലെ മണിമല, വെള്ളാക്കുടിക്കുന്ന്, വല്ലത്ത്മീത്തൽ കുന്ന്, എട്ടാം വാർഡിലെ കോയ്യൂറക്കുന്ന്, മങ്ങാട്ടുകുന്ന്, ഒമ്പതാം വാർഡിലെ മുതുകുന്ന്, എളംക്കുറൻകോട്ട, കോട്ടക്കുന്ന്, തിയ്യർകുന്ന്, ചാമക്കാലായിക്കുന്ന്, മണിമല, പുത്തലത്ത്കുന്ന്, പത്താം വാർഡിലെ വാച്ചാൽകുന്ന് എന്നീപ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമത്തിന് കിണർ ഒരു പരിഹാര മാർഗമല്ല ഇവിടങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന 75% കുടുംബങ്ങളും ഉണ്ട്.

ഈ പഞ്ചായത്തിൽ 60% കുടുംബങ്ങൾ സ്വന്തമായി കിണറുകൾ ഉള്ളവരാണ്. ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി പൊതുടാപ്പ്, പൈപ്പ് എന്നിവ നിലവിലില്ല കുന്നിൻ പ്രദേശങ്ങളിലേക്ക് വരൾച്ചക്കാലത്ത് ലോറികളിൽ കുടിവെള്ളമെത്തിക്കാൻ ശ്രമിക്കുന്ന പതിവാണ് ഇന്നുള്ളത്.

ആ വെള്ളം വാങ്ങിക്കൊണ്ടു പോകാൻ അര കിലോ മീററോളം കുന്നിറങ്ങി കയറേണ്ട അവസ്ഥയും !

കുടിവെള്ളക്ഷാമ പരിഹാരത്തിനായി വിവിധ വാർഡുകളിൽ 21 പൊതു കിണറുകളും 4 കുഴൽകിണറുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്. 6%ത്തോളം ജനങ്ങൾ പൊതു കിണറുകളുടെ ഗുണഭോക്താക്കളാണ്. 19% കുടുംബങ്ങൾ സ്വകാര്യ കിണറുകളെ ആശ്രയിക്കുന്നവരാണ്.

വേളം പഞ്ചായത്തിലെ കൂരംകോട്ടുകടവിൽനിന്നും വെള്ളം കാപ്പുമലയിൽ ശേഖരിച്ച് ശുദ്ധീകരിച്ച് വടകര മുൻസിപ്പാലിററിയിൽ വെള്ളം വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ഈ ടാങ്കിൽനിന്നും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ശുദ്ധജല വിതരണം നടത്താൻ 88½ ലക്ഷം രൂപയുടെ വേളം പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി 40 K. M. പൈപ്പ്ലൈൻ ഇടേണ്ടതിൽ 6K.M. പൈപ്പ്ലൈൻ ഇട്ടുകഴിഞ്ഞു. ഇതു പൂർത്തിയായാലും കുന്നിൻ പ്രദേശങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയാത്തതിനാൽ അതിനായി 35 ലക്ഷം രൂപയുടെ അഡീഷനൽ എസ്റ്റിമേററ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ ചോയിമഠം, നാരായണിക്കുന്ന്, എ. ടി ഹരിജൻ കോളനികളിൽ ശുദ്ധജലമെത്തിക്കാൻ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപയുടെ പ്രപ്പോസലും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ഭൂമിശാസ്ത്രപരമായി പട്ടണ പ്രദേശങ്ങളുമായി ബന്ധപ്പെടാൻ ബുദ്ധിമുട്ടുണ്ടായിരുന്നതിനാൽ പണ്ടു കാലത്ത വേളത്തുകാരുടെ ആരോഗ്യപ്രശ്നങ്ങൾക്ക പരിഹാരം നിർദ്ദേശിച്ചിരുന്നത് പരമ്പരാഗത നാട്ടു വൈദ്യൻമാർ ആയിരുന്നു.

ഔഷധ ചെടികളിൽനിന്നും ഉൽപാദിപ്പിച്ചെടുക്കുന്ന മരുന്നുകൾ, എണ്ണകൾ, കഷായങ്ങൾ, ഒററമൂലി എന്നിവയായിരുന്നു ഒട്ടുമിക്ക ആരോഗ്യ പ്രശ്നങ്ങൾക്കും ചികിത്സയായി നിർദ്ദേശിക്കപ്പെട്ടിരുന്നത്. ഇതിനാവശ്യമായ ഔഷധച്ചെടികൾ മിക്ക വീടുകളിലും നട്ടു വളർത്തിയിരുന്നു.

പൊട്ടുന്നുണ്ടാകുന്ന മുറിവ്, ചതവു പോലുള്ളവയ്ക്ക് കളരി ഗുരുക്കൻമാരുടെ പരമ്പരാഗത ചികിത്സ, വിഷ ചികിത്സ, മർമ്മ ചികിൽസ തുടങ്ങിയവയും ഇവിടെ ലഭ്യമായിരുന്നു. പേരുകേട്ട പല പരമ്പരാഗതവൈദ്യൻമാരുടെയുംനാടായിരുന്നുവേളം

അരോഗ ദൃഢഗാത്രരായ ഒരു ജനവിഭാഗമായിരുന്നു അന്ന് വേളത്തുണ്ടായിരുന്നത്. ഉത്സവ പറമ്പുകളിൽ അങ്കം കുറിക്കാൻ വേളത്തുകാർ എന്നും മുമ്പിലായിരുന്നെന്നും അവരെ ഇതിനായി മററു സ്ഥലങ്ങളിലേക്ക് ക്ഷണിച്ചുകൊണ്ടുപോകുന്ന പതിവുണ്ടായിരുന്നെന്നും പഴമക്കാർ പറയുന്നു. ഇവിടുത്തെ ബഹുഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികൾ അവരുടെ ആരോഗ്യ പരിപാലന കാര്യത്തിൽ ബദ്ധശ്രദ്ധരായിരുന്നില്ല, സ്വന്തം മണ്ണിൽ ഉണ്ടാകുന്ന, ഉല്പാദിപ്പിച്ചെടുക്കുന്ന ഭക്ഷ്യവസ്തുക്കളായിരുന്നു അവരുടെ പ്രധാന ആഹാരം.

വസൂരി, പൊട്ടി, കരുവൻ മുതലായ പകർച്ച വ്യാധികൾക്ക് കാരണം ഭഗവതി കോപമാണെന്ന അന്ധവിശ്വാസത്തിൻെറ പേരിൽ മന്ത്രവാദമുൾപ്പെടെയുള്ള പല കർമ്മങ്ങളും അനുഷ്ഠിക്കുകവഴി ശരിയായ ചികിത്സ കിട്ടാതെ ഒട്ടനവധി പേർ അകാല മൃത്യുവിന്നിരയായിട്ടുണ്ട്.

വർഷങ്ങൾക്കുശേഷം പഞ്ചായത്തിൽ ഹോമിയോ ചികിത്സ സാർവ്വത്രികമായി, ചെലവു കുറഞ്ഞ ഒരു ചികിത്സാരീതി കൂടി ആയതിനാൽ അധിക പേരും ഈ ചികിത്സാരീതിയിലേക്കു നീങ്ങുവാൻ ഒരു കാരണമായി.

നാട്ടുചികിൽസകൊണ്ടും മററും ഭേദമാകാത്ത രോഗങ്ങൾ 16 കി മി ദൂരത്തുള്ള വടകര ഗവ: ആശുപത്രി നാദാപുരം ആശുപത്രി എന്നിവയെയാണ് ആശ്രയിച്ചിരുന്നത്. മഞ്ചലായിരുന്നു അന്നുരോഗികളെ കൊണ്ടുപോകുവാൻ ഉപയോഗിച്ചിരുന്നത്, കൂടാതെ വേളത്തുകാർ വളരെക്കാലം ആശ്രയിച്ചത് മൊകേരിയിലും കുററ്യാടിയിലുമുള്ള ഡോക്ടർമാരെയായിരുന്നു.

പള്ളിയത്തങ്ങാടിയിൽ തുടങ്ങിയ ആയ്യൂർവേദ ഡിസ്പൻസറിയായിരുന്നു വേളം പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ മേഖലയിലെ ആരോഗ്യകേന്ദ്രം പിന്നീട് പൂളക്കൂലിലെ സബ്സെൻറർ, ചെറുകുന്നിലെ P. H. C. പണിപൂർത്തിയായിട്ടും പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത വേളത്തെ സബ്സെൻറർ എന്നിവയാണ് മററു സ്ഥാപനങ്ങൾ.

# വേളം ഗ്രാമ പഞ്ചായത്ത്
## ജല ലഭ്യതാ ഭൂപടം



സ്വകാര്യമേഖലയിൽ പൂമുഖത്തെ എം. എം. ആശുപത്രി, പൂളക്കൂലിലെ എൻ. കെ. ആശുപത്രി എന്നിവയാണ്.

അതേ പോലെ പുറമേരി പഞ്ചായത്തിലെ അരൂർ അതൃത്തിയിൽ ഉണ്ടായിരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം ഇവിടുത്തുകാർ കൂടുതലായി ഉപയോഗപ്പെടുത്തിയിരുന്നു.

വേളം പഞ്ചായത്തിലെ പൊതുമരണനിരക്ക സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് ശിശുമരണനിരക്ക് സംസ്ഥാന ശരാശരി 10.6 ആകുമ്പോൾ പഞ്ചായത്തിലെ ശരാശരി4ആണ് പഞ്ചായത്തിലെ മാതൃമരണനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ താഴ്ന്നു നിൽക്കുന്നു.

കുടുംബക്ഷേമ പദ്ധതിയുടെ പരിധിയിൽവരുന്ന 30% ദമ്പതികളും സ്ഥിരമായ സന്താന നിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്.

കുട്ടികളുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. 70% കുടുംബങ്ങളിലും നാലിലധികം കുട്ടികളുണ്ട്.

പരിസരജന്യരോഗങ്ങൾ പൊതുവെ ഈ പഞ്ചായത്തിൽ കുറവാണ്. വയറിളക്കം, ത്വക്ക്രോഗങ്ങൾ എന്നിവ ചുരുക്കം ചില പ്രദേശങ്ങളിൽ കാണപ്പെടുന്നു.

പോഷകാഹാരക്കുറവുകൊണ്ടുണ്ടാകുന്ന വിളർച്ച ഗ്രഹണി, നിശാന്ധത, ദന്തക്ഷയം മുതലായ രോഗങ്ങൾ ഉള്ളതായി ഹെൽത്ത്സെൻറർ റിപ്പോർട്ടുകളിൽ കാണപ്പെടുന്നു. ഇവ കുട്ടികൾ, ഗർഭിണികൾ, അമ്മമാർ എന്നിവരിൽ കൂടുതലായി കാണപ്പെടുന്നു.

എടുത്തുപറയത്തക്ക തൊഴിൽജന്യ രോഗങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്.

കാൻസർ, കുഷ്ഠം മുതലായ രോഗങ്ങൾ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലായി ഇവിടെ കാണപ്പെടുന്നു. ഹൃദ്രോഗ നിരക്കും വർധിച്ചു വരുന്നതായി കാണുന്നു. പ്രമേഹ രോഗം വലിയൊരു ജനവിഭാഗങ്ങളിൽ കാണപ്പെടുന്നു. ചുരുക്കം ചിലർക്ക് ടി. ബി. രോഗം ഉള്ളതായി ആശുപത്രി കണക്കുകൾ കാണിക്കുന്നു. ജനസംഖ്യയിൽ 33%ജനങ്ങളിൽ വാതരോഗം: ഉള്ളതായി ആയുർവേദ ഡിസ്പൻസറിയിലെകണക്കുകൾവെളിവാക്കുന്നു.മിക്ക കുട്ടികളിലും Prinary Complex കാണപ്പെടുന്നു.

അനൗദ്യോഗിക കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ ശരാശരി ആയുർദൈർഘ്യം 65 ആണ്. പഞ്ചായത്തിലെ വൈകല്യം 1.11% ആണ്.

ഭക്ഷ്യ കാര്യത്തിൽ ഇവിടുത്തെ ജനങ്ങളിൽ ഒരതിജീവന വിദ്യ നടക്കുന്നതുകൊണ്ട് സാമാന്യമായി പോഷകമൂല്യം ലഭ്യമാകുന്നുണ്ട്.

പ്രൈമറി ഹെൽത്ത്സെൻററിലും, സബ് സെൻററിലും കൂടി ഒരു മെഡിക്കൽ ആഫീസർ ഉൾപ്പെടെ പത്ത് ജീവനക്കാർ പ്രവർത്തിക്കുന്നു. ഒരു മെഡിക്കൽ ആഫീസർ ഉൾപ്പെടെ മൂന്ന് ജീവനക്കാർ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പൻസറിയും, രണ്ട് സ്വകാര്യ ആശുപത്രികളും ഇവിടെ പ്രവർത്തിക്കുന്നു. കെട്ടിടം പൂർത്തിയായ പ്രവർത്തന സജ്ജമായ ഒരു സബ് സെൻററും ഇവിടെയുണ്ട്.

ചെറുകുന്ന് കാക്കുനി എന്നീ പ്രദേശങ്ങളിൽ ഓരോ സബ് സെൻററുകൾ ആവശ്യമാണ്. കെട്ടിടങ്ങളില്ല. അഞ്ച് പോഷകാഹാരവിതരണ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആവശ്യമായ മരുന്നുകൾ പ്രസ്തുത ഹെൽത്ത് സെൻററുകളിൽ ഉണ്ടെങ്കിലും വേണ്ടത്ര ഇല്ല. ഉള്ളവ സൂക്ഷിക്കുവാനുള്ള സൗകര്യവും അപര്യാപ്തമാണ്.

ആയുർവേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഇല്ല. കെട്ടിടം നിർമ്മിക്കുന്നതിന് രാജ്യസഭാംഗം ശ്രീ. ബി. വി. അബ്ദുള്ളക്കോയയുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും അനുവദിച്ചുകിട്ടിയ 4½ ലക്ഷം രൂപ ഉപയോഗിച്ച് പഞ്ചായത്തിന്റെയും നാട്ടുകാരുടെയും സഹായത്തോടെ കെട്ടിടം പണിയാനുള്ള ശ്രമം നടന്നുവരുന്നു.

എടുത്തുപറയത്തക്ക പരമ്പരാഗത ചികിൽസാരീതി ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. അത്യാവശ്യ ചികിൽസ നിർദ്ദേശിക്കുന്ന ചില നാട്ടുവൈദ്യൻമാരുടെ സേവനം ഇന്നും നിലവിലുണ്ട്.

## പ്രശ്നങ്ങൾ സാധ്യതകൾ

വരൾച്ചക്കാലത്ത് എല്ലാ വാർഡുകളിലും സ്ഥിരമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

കുന്നിൻ പ്രദേശങ്ങൾ കൂടുതൽ ഉള്ളതിനാൽ കിണർ കുഴിച്ചാലും വെള്ളം കിട്ടാത്ത അവസ്ഥ

വാർഡുകളിൽ ചില സ്ഥലങ്ങളിൽ മണ്ണിനടിയിൽ കരിങ്കൽപാറകൾ ഉള്ളതിനാൽ കിണറുകൾ കുഴിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു.

കിണർ കുഴിക്കാനുള്ള സാമ്പത്തികച്ചെലവ്. കുഴൽ കിണറുകളിലെ വെള്ളത്തിനനുഭവപ്പെടുന്ന രുചി വ്യത്യാസം.

മന്ദഗതിയിൽ നീങ്ങുന്ന വേളം പഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം

ജനസംഖ്യാനുപാതമായി അർഹമായ സബ്-സെൻററുകൾ ഇല്ല.

നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരുടെ കുറവ്, ഉള്ളവരുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനം.

ഹെൽത്ത് സെൻററുകളിൽനിന്നും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടരീതിയിൽ ചികിത്സാസൗകര്യങ്ങൾ ലഭിക്കുന്നില്ല.

ദുർബ്ബല വിഭാഗങ്ങളുടെ വീടുകളിൽ കക്കൂസ് ഇല്ല. അങ്ങാടികളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് സൗകര്യങ്ങളില്ല.

മലിനജലം ഒഴുക്കികളയാനുള്ള പദ്ധതികൾ നിലവിലില്ല.

ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം വിതരണംചെയ്യുന്ന കേന്ദ്രങ്ങൾ അപര്യാപ്തമാണ്.

വേളം പ്രദേശത്ത് ആരോഗ്യകേന്ദ്രങ്ങൾ ഒന്നും ഇല്ല.

പരിസര-ജല-മലിനീകരണ നിവാരണമാർഗ്ഗങ്ങൾ അപര്യപ്തമാണ്.

വേളം പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ മന്ദഗതിയിൽ നീങ്ങുന്ന പഞ്ചായത്ത് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുക.

കുന്നിൻ പ്രദേശങ്ങളിൽകൂടി പൈപ്പ് ലൈൻ ഇട്ട് പൊതു ടാപ്പ് സ്ഥാപിക്കുക.

ദുർബ്ബല വിഭാഗങ്ങൾക്ക് കിണർ കുഴിക്കാൻ സാമ്പത്തിക സഹായം നൽകുക.

ജല മലിനീകരണ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

നീരുറവകൾ സംരക്ഷിക്കുക.

ചെറുകുന്ന്, കാക്കനി, വേളംപെരുവയൽ എന്നീപ്രദേശങ്ങളിൽ ആരോഗ്യ സബ് സെൻററുകൾ സ്ഥാപിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.

ദുർബ്ബലവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

അങ്ങാടികളിൽ മാലിന്യങ്ങൾ നീക്കംചെയ്യാനും മലിന ജലം ഒഴുക്കികളയാനും ഉള്ള സംവിധാനം ഉണ്ടാക്കുക.

പോഷകാഹാര വിതരണകേന്ദ്രങ്ങൾ പുതുതായി സ്ഥാപിക്കുകയും ഉള്ളവ കാര്യക്ഷമമാക്കുകയും ചെയ്യുക.

ഇപ്പോഴുള്ള ആയുർവേദ ഡിസ്പൻസറിയും, P. H. C.യും കിടത്തി ചികിത്സിക്കാനുള്ളസൗകര്യം ഏർപ്പെടുത്തുക.

ജല സംരക്ഷണത്തെക്കുറിച്ചും ജലജന്യ രോഗങ്ങളെന്നറിച്ചും ബോധവൽക്കരണപരിപാടികൾ തയ്യാറാക്കുക.

****

E

# വ്യവസായം

കേരളത്തിൽ വ്യവസായം തുടങ്ങാൻ
ഏററവും അനുയോജ്യമായ സ്ഥലം

# വേളം ഗ്രാമ പഞ്ചായത്ത്

ഇവിടെ വെള്ളമുണ്ട്; വൈദ്യുതിയുണ്ട്;
അസംസ്കൃത വസ്തുക്കളുണ്ട്.
(കരിങ്കല്ല്, മണൽ, കളിമണ്ണ്, ചകിരി, റബർ)
ഗതാഗത സൗകര്യമുണ്ട്

**നമുക്ക് തുടങ്ങാം ഒരു വ്യവസായം**

# വ്യവസായം

**വേ**ളം പഞ്ചായത്തിലെ ജനജീവിതത്തെ രൂപപ്പെടുത്തുകയും വളർച്ചയിൽ മുഖ്യപങ്ക് വഹിക്കുകയും ചെയ്യുകയെന്ന കടമ നിറവേററാൻ ഈ പഞ്ചായത്തിലെ ഇന്നവരെ വ്യവസായമേഖലക്ക് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിനകത്ത് വ്യാവസായിക വളർച്ചയെ സഹായിക്കുന്ന പ്രധാനഘടകങ്ങളായ റോഡ്, വൈദ്യുതി, വാർത്താവിനിമയം. വിദഗ്ദ്ധതൊഴിലാളികൾ എന്നിവയുടെ അഭാവമാണ്. വ്യാവസായികമേഖല അന്നൊന്ന് ഇല്ലാതായതു്. പണ്ട് കാലത്ത് ഇവിടെ ജീവിച്ചിരുന്ന താഴ്ന്ന ജാതിക്കാരും അധ:സ്ഥിത വർഗ്ഗക്കാരും അടിമത്തകാലഘട്ടത്തിൽ മേലാളൻമാരുടെ വീടുകളിലെയും കൃഷിയിടങ്ങളിലെയും ആവശ്യം നിറവേററാനായി ഒരോവർഷവും അവരവരുടെ വീടുകളിൽ നിന്ന് നിർമ്മിച്ച് നൽകിയിരുന്ന പണിയായുധങ്ങൾ, വീട്ടാവശ്യത്തിനു കൃഷിയാവശ്യത്തിനുമുള്ള കൈതോലപ്പായ, മുളയുപയോഗിച്ചുള്ളകൊട്ട, മുളമ്പായ, മുറം എന്നിവയുടെ നിർമ്മാണം പ്രാകൃതമായ കുടിൽ വ്യവസായ രൂപമായിരുന്നു. ഇവയ്ക്കൊന്നും മേലാളൻ വില നൽകിയിരുന്നില്ല. മറിച്ച് വർഷാവർഷം ധാന്യങ്ങളോ, മററു സാധനങ്ങളോ ദാനമായി നൽകുകയായിരുന്നുപതിവ്. അതുകൊണ്ടുതന്നെ ഈമേഖലയിലെ തൊഴിലാളികൾക്ക് ഈരംഗത്ത് പിടിച്ചുനിൽക്കാനുമായില്ല. ക്രമേണ ഇവർ മററുതൊഴിൽരംഗങ്ങളിലേക്ക് മാറുകയും കൈത്തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിനകത്ത് പാടേതകരുകയും ചെയ്തു. കൈതോലയുടെ ഉടമസ്ഥത സ്വകാര്യവ്യക്തിയുടേതാവുകയും ക്രമാതീതമായി വിലവർദ്ധിക്കുകയും ചെയ്തപ്പോൾ പായനെയ്ത്ത് തീരേ ഇല്ലാതായി. മുളയുടെ ലഭ്യതയും പുഴയോരങ്ങളിലെ പൂഴിവാരൽ ഹേതുവായിട്ടില്ലാതായി. അതോടെ കൂട്ട നിർമ്മാണവും നിലച്ചു. എല്ലാ ഉല്പന്നങ്ങളും വിപണന സൗകര്യമില്ലായ്മമൂലം തൊഴിലാളിക്ക് നഷ്ടം വരുത്തി വെക്കുന്നതായിതീർന്നു. പ്ലാസ്റ്റിക് സാധനങ്ങളുടെ ഈരംഗത്തുള്ള തള്ളിക്കയററം ഈ രംഗത്തെ പിന്നോക്കാവസ്ഥക്ക് പ്രധാനകാരണമായി. ഇതുപോലെമററൊരു കുടിൽ വ്യവസായമായ കളിമൺപാത്രനിർമ്മാണവും, അസംസ്കൃത വസ്തുവിൻെറ ലഭ്യതക്കുറവും അലൂമിനിയം പാത്രത്തിൻെറ വർദ്ധിച്ചഉപയോഗവും, പുത്തൻസങ്കേതികവിദ്യയുപയോഗിച്ച് പുറത്ത്നിന്ന് ഭംഗിയും ഉറപ്പുംകൂടതലുള്ള മൺപാത്രങ്ങൾതന്നെ പഞ്ചായത്തിനകത്തേക്ക് ധാരാളമായി വില്പനക്കെത്തിയതും കാരണമായി, തകർച്ചയെനേരിട്ടു. കുലത്തൊഴിലായി നടത്തിയിരുന്ന നെയ്ത്ത് ഈപഞ്ചായത്തിൽകാര്യമായിമുമ്പ്തന്നെ ഉണ്ടായിരുന്നില്ല. പിൽക്കാലത്ത് ഒരുകുടിൽ വ്യവസായമെന്ന നിലയിൽ അത് വളർത്തിയെടുക്കാൻ തൊഴിൽമേഖലയിൽ കാര്യമായ ശ്രമവും നടന്നില്ല.

1985 ലാണ് S. S.I യൂനിററ്കളുടെ റജിസ്ട്രേഷൻ പഞ്ചായത്തിനകത്ത് ആരംഭിക്കുന്നതുതന്നെ. അതേവരെ ഒററപ്പെട്ടനിലയിൽ വ്യക്തികൾക്ക് സ്വയംതൊഴിൽ വായ്പയായി ബേങ്കുകൾ മുഖേന തയ്യൽതുടങ്ങിയ ചില സ്കീമുകൾക്ക് സാമ്പത്തിക സഹായം നൽകിയിരുന്നു. ഇന്ന് 21 S.S.I യൂണിററുകൾ ഈ പഞ്ചായത്തിൽ റജിസ്ട്ര് ചെയ്തിട്ടുണ്ട്. ഈ യൂനിററിന് സമാനമായ 10 ഓളം മററ് യൂണിററുകളും പഞ്ചായത്തിൽ റജിസ്ട്ര് ചെയ്തിട്ടുണ്ട്. റജിസ്ട്ര് ചെയ്യാത്ത സ്വകാര്യ സ്ഥാപനങ്ങളും ഇടക്കിടെ കാണാം ഈ മേഖലയിൽ അധികവും പുതിയ ഉല്പന്നങ്ങൾ സൃഷ്ടിക്കുന്നവയല്ല. മറിച്ച് നിർമ്മിത വസ്തുക്കളുടെ റിപ്പെയർ, പാർട്ട്സുകൾ വാങ്ങി സംയോജിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. റജിസ്ട്ര് ചെയ്ത SSI യൂണിററുകളിൽ 42 തൊഴിലാളികളാണ് പണിയെടുക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇവർ തന്നെ ഭാഗികമായി മാത്രം തൊഴിൽ ലഭിക്കുന്നവരുമാണ്.

പഞ്ചായത്തിൽ 91ൽ രണ്ട് തടിയറപ്പുമില്ലുകൾ റജിസ്ട്ര് ചെയ്തിട്ടുണ്ട്, രണ്ടും സ്വകാര്യമേഖലയിൽ. 5 പേർ വീതം ഈ മില്ലുകളിൽ തൊഴിലെടുക്കുന്നു. ഷൈജു വുഡ്ഡ് ഇൻഡസ്ട്രീസ് തീക്കുനിയും പള്ളിയത്ത് വുഡ്ഡ് ഇൻഡസ്ട്രീസുമാണിവ. വൈദ്യുതി ലഭ്യതയുടെ അപര്യാപ്തത ഈ യൂണിററുകളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. നവോദയ ഫർണിച്ചർ എന്ന പേരിൽറജിസ്ട്ര് ഒരു യൂനിററ്കാക്കുനിയിലും പൂമുഖം, ശാന്തിനഗർ ചെറുകുന്ന് എന്നിവിടങ്ങളിലായി SSI യൂണിററായി റജിസ്ട്രർ ചെയ്യാത്ത അഞ്ച് ഫർണിച്ചർ യൂണിററുകളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഗാർഹികാവശ്യത്തിനുള്ള ഫർണിച്ചറുകളാണ് ഇവിടങ്ങളിൽ നിർമ്മിക്കപ്പെടുന്നത്. സ്വകാര്യ ഉടമസ്ഥതയിലുള്ള ഈ സംരംഭങ്ങളിൽ ഓരോന്നിലും രണ്ടോ, മൂന്നോ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ആധുനിക യന്ത്ര സംവിധാനങ്ങളുടെ അപര്യാപ്തത ഈ യൂണിററുകളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളിലൊ

ന്നാണ്. ഗുണമേന്മയുള്ള മരത്തിന്റെ ലഭ്യതക്കുറവ് മററ് അവശ്യ വസ്തുക്കളുടെ വിലവർദ്ധന, വിദഗ്ദതൊഴിലാളികളുടെ കുറവ് എന്നിവയും ഫൈബർ, അലുമിനിയം ഉല്പന്നങ്ങളോടുള്ള ഉപഭോക്താവിന്റെ പ്രത്യേക താല്പര്യവും ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

കീർത്തി ഇൻഡസ്ട്രീസ് എന്നപേരിൽ പള്ളിയത്തും ബ്യൂറോ എഞ്ചിനിയറിങ്ങ് വർക്സ് എന്ന പേരിൽ ചേരാപുരത്തും SSI യൂണിററിൽ റജിസ്ട്രർ ചെയ്ത രണ്ട് സംരംഭങ്ങളുണ്ട്. ഗ്രിൽസ് നിർമ്മാണം, ലോഹനിർമ്മിത വസ്തുക്കളുടെ റിപ്പയറുമാണ് ഇവിടെ നടക്കുന്നത്. 3 വീതം തൊഴിലാളികൾ പണിയെടുക്കുന്നതായാണ് അറിവ്.

റോയൽ റെഡിമെയിഡ്സ് ഏൻറ് ഗാർമെൻറ്സ് കുറിച്ചകം, സുബൈദ റെഡിമെയിഡ്സ് ഏൻറ് ഗാർമെൻറ്സ് പൂളക്കൂൽ എന്നീപേരുകളിൽ രണ്ട് S.S.I. യൂണിററുകൾ റജിസ്ട്രർ ചെയ്തിട്ടുണ്ട്. രണ്ട് വീതം തൊഴിലാളികൾക്ക് പണി നല്കുന്നുണ്ട്. കുളിക്കുന്നിൽ S.S.I. സ്കീമിൽ റജിസ്ട്രർ ചെയ്യാത്ത ഒരു വസ്ത്ര നിർമ്മാണ യൂനിററും പ്രവർത്തിച്ചു വരുന്നുണ്ട്. 5 കൊഴിലാളികൾ പ്രവർത്തിക്കുന്നു.

മിസിസ് ശ്യാമളാവിലാസം, ഔഷധശാല ചേരാപുരം, ധന്വന്തരി ആയുർവ്വേദ ഫാർമസി പള്ളിയത്ത് എന്നീ രണ്ട് ആയുർവേദ ഔഷധനിർമ്മാണ യൂണിററുകൾ S.S.I. യിൽ റജിസ്ട്രർ ചെയ്തിട്ടുണ്ട്. കരുണാകര ആയുർവേദിക് ഫാർമസി എന്ന ഒരു സ്ഥാപനവും നിലവിലുണ്ട്. 3 വീതം തൊഴിലാളികൾക്ക് തൊഴിൽ നല്കുന്നവയാണിവ.

പൂളക്കൂലിൽ ലിപി പ്രിൻേറഴ്സും, തീക്കുനിയിൽ ബാലകൃഷ്ണാ പ്രിൻേറഴ്സും S.S.I. യിൽ റജിസ്ട്രർ ചെയ്ത രണ്ട് അച്ചടി യൂണിററുകളാണ്. 5 വീതം തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നു. സ്വകാര്യ ഉടമയിലുള്ള രണ്ട് ചെറിയ യൂനിററുകളാണിവ.

മുളയുപയോഗിച്ച് കുട്ട നിർമ്മിക്കുന്ന കുമാർ ബാസ്കററ്, വേളം S.S.I. യൂണിററായി റജിസ്ട്രർ ചെയ്തിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ N.A. ഫ്ളോർമിൽ പൂളക്കൂൽ ലക്ഷ്മി ഫ്ളോർമിൽ ശന്തിനഗർ, ക്രസൻറ് ഓയിൽ ആൻറ് ഫ്ളോർമിൽ പൂമുഖം ശ്രീജ ഫ്ളോർ ആൻറ് ഓയിൽ മിൽ കാക്കുനി, നവാസ് ഫ്ളോർ & ഓയിൽ മിൽ ശാന്തിനഗർ, ചീറക്കൽ ഫ്ളവർ മിൽ, കുറിച്ചകം എന്നിവ S.S.I. യിൽ റജിസ്ട്രർ ചെയ്ത യൂണിററുകളാണ്. ഇതിൽ ലക്ഷ്മി ഫ്ളവർ മിൽ ഡീസൽ ഉപയോഗിച്ചും ബാക്കിയുള്ളവ വൈദ്യുതി ഉപയോഗിച്ചും പ്രവർത്തിച്ചു വരുന്നു. ഗാർഹികാവശ്യത്തിനുള്ള ധാന്യങ്ങളും ഓയിലും നിർമ്മിച്ചുകൊടുക്കാനെ ഇവിടെ സംവിധാനമുള്ളൂ. രണ്ട് വീതം തൊഴിലാളികൾ പണിയെടുക്കുന്നു.

S.R. ബേക്കറി, പള്ളിയത്ത്, ക്രസൻറ് ബേക്കറി, പൂമുഖം എന്നിവ S.S.I.ൽ റജിസ്ട്രർ ചെയ്ത രണ്ട് ബേക്കറി യൂണിററുകളാണ്. 5 വീതം തൊഴിലാളികൾ പണിയെടുക്കുന്നു. 3 പേർക്ക് തൊഴിൽ നൽകുന്ന ഇന്ത്യൻ ലൈം എന്ന പേരിൽ ഒരു കുമ്മായ നിർമ്മാണ യൂണിററും S.S.I.ൽ റജിസ്ട്രർ ചെയ്തിട്ടുണ്ട്.

— മേൽപ്പറഞ്ഞ S.S.I. യൂണിററുകൾ അനുവദിക്കുമ്പോഴും അവയുടെ തുടർന്നുള്ള പ്രവർത്തനത്തെ വിലയിരുത്തുമ്പോഴും, ബ്ലോക്ക് തലത്തിലുള്ള വ്യവസായ വികസന ആപ്പീസുകൾ ഈ യൂണിററുകളുടെ സാധ്യത, അസംസ്കൃത വസ്തുക്കളുടെ ലഭ്യത പ്രവർത്തന, പശ്ചാത്തല സൗകര്യങ്ങൾ വിപണന സൗകര്യങ്ങൾ എന്നിവ ഗൗരവപൂർണ്ണമായി പരിശോധിക്കാത്തതിനാൽ ഈ മേഖലയിലെ സാമ്പത്തിക മുടക്കം സർക്കാർ സഹായവും വ്യർഥാവിലവുകയാണ് ചെയ്യുന്നത്. ശരിയായ മോണിററിംഗ് ഈ രംഗത്ത് അത്യാവശ്യമാണ്. ഇതിനായി പഞ്ചായത്ത് സമിതികളുടെ മേൽനോട്ടത്തിൽ ജനകീയസമിതികളെ ഏൽപ്പെടുത്തുന്നത് കൂടുതൽ നല്ലതായിരിക്കും.

— ഓരോ മേഖലയിലും പ്രവർത്തിക്കേണ്ടി വരുന്ന വിദഗ്ദ തൊഴിലാളികളെ പരിശീലിപ്പിക്കുന്ന പരിശീലന കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ ആരംഭിക്കുകയും ഓരോ മേഖലയ്ക്കും ആവശ്യമുള്ളത്ര തൊഴിലാളികളെ പരിശീലിപ്പിച്ചു നല്കുകയും ചെയ്താൽ ഈ രംഗത്ത് കാര്യക്ഷമവും ലാഭകരവും നൂതനവുമായ ഉല്പന്നങ്ങൾ നിർമ്മിക്കപ്പെടുകയും വിപണിയിൽ ഉല്പന്നങ്ങൾക്ക് മത്സരത്തെ നേരിടാൻ കഴിയുകയും ചെയ്യും.

### *പ്രശ്നങ്ങൾ:*

1. അസംസ്കൃത വസ്തുക്കൾ ആവശ്യമായത്ര ലഭിക്കുന്നില്ല.
2. വിദഗ്ദതൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല
3. വിപണിയിലെ മത്സരത്തിൽ പാരമ്പര്യ, ചെറുകിട വ്യവസായങ്ങൾക്ക് മത്സരിച്ചു നിലനില്ക്കാൻ കഴിയുന്നില്ല.

4. വ്യവസായ സംരംഭകർക്കുള്ള പരിശീലനവും പുത്തൻ അറിവുകളുടെ ലഭ്യതയും പഞ്ചായത്തിലെ സംരംഭകർക്ക് വേണ്ടരീതിയിൽ ലഭിക്കുന്നില്ല.

5. സഹകരണ സംരംഭങ്ങൾ ഈ മേഖലയിൽ തീരെയില്ല.

6. വ്യാപാര മൂലധനം വ്യവസായ മൂലധനമായി മാററാൻ കഴിയുന്നില്ല.

## വികസനപ്രശ്നങ്ങളെ സംബന്ധിച്ച വിവരണം

1. തേങ്ങയും തെങ്ങിൽനിന്ന് കിട്ടുന്ന മററു വസ്തുക്കളും അടിസ്ഥാനമാക്കിയുള്ളവ.
(a) ഓയിൽമില്ലുകൾ (b) വാസനദ്രവ്യങ്ങൾ, ഷാംപൂ (c) സോപ്പ്. (d) കയർ, കയറുല്പന്നങ്ങൾ (e) ഇളനീർ - ശീതളപാനീയം. ഇത്രയും ഉൽപാദന മേഖലകളിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ, മുന്നൊരുക്കങ്ങൾ ഇവ നൽകിയാൽ വികസനത്തിന് സാധ്യതയുണ്ട് സ്വകാര്യമേഖലയിലും സഹകരണമേഖലയിലും ഈ സംരംഭങ്ങൾക്ക് സാധ്യതയുണ്ട്.

2. ***തടിയുമായി ബന്ധപ്പെട്ടവ***
(a) അറപ്പുമില്ലുകൾക്കും ഫർണിച്ചർ സ്ഥാപനങ്ങൾക്കും സാധ്യതയുണ്ട്.

3. ***ഭക്ഷണസാധനങ്ങളെ കേന്ദ്രീകരിച്ചുള്ളവ***
1) അച്ചാർ,കറിപ്പൊടി,ബെയ്ക്കറിഉൽപന്നങ്ങൾ സ്കാഷ്, പപ്പടം.
വിപണന സൗകര്യവും സാങ്കേതിക പരിജ്ഞാനവും നല്കിയാൽവളച്ചാസാധ്യതയുള്ളതാണ്

4. മണൽ, വെള്ളം, സിമൻറ് ഇവ ഉപയോഗിച്ച് സിമൻറ് കട്ട നിർമ്മാണം, എലക്ട്രിക് പോസ്റ്റ് എന്നിവയ്ക്കും സാധ്യതയുണ്ട്.

5. ***വസ്ത്രനിർമ്മാണം:*** റെഡിമെയിഡ് വസ്ത്രങ്ങൾ നിർമ്മിച്ചുവിപണനം നടത്തൽ സാങ്കേതിക പരിജ്ഞാനവും വിപണന സൗകര്യവും ഉണ്ടായാൽ സാധ്യതയേറെയാണ്.

6. ***നോട്ടുപുസ്തകനിർമ്മാണം:*** വനിതകളുടെ ഉടമസ്ഥതയിൽ തൊഴിൽ പരിശീലനം ലഭിച്ചാൽ സാധ്യതയുണ്ട്.

7. മെററൽ, ജെല്ലിനിർമ്മാണം: നല്ല പാറകൾ ഈ പ്രദേശങ്ങളിൽ അവിടവിടയായി കാണാറുണ്ട് അതിനാൽ സാധ്യതയേറെയാണ്.

8. ***മൺപാത്രനിർമ്മാണം:*** വെള്ളാട്ടുവയലിലെ പുറമ്പോക്കിലെ കളിമൺ ഇതിനുപയോഗിക്കാമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അടുക്കളപാത്രങ്ങൾ അലങ്കാര വസ്തുക്കൾ, പൂച്ചട്ടികൾ ഇവയ്ക്ക് സാധ്യതയുണ്ട്.

9. ***പാൽപ്പൊടി നിർമ്മാണം:*** സാങ്കേതിക പരിജ്ഞാനം, വിപണനസൗകര്യം ഇവ കിട്ടിയാൽ സാധ്യയുണ്ട്.

10. ***സോഡമിർമ്മാണം***
11. ***അച്ചടിശാല***
12. ***കമ്പിയാണി,സ്ക്രൂ ഇവയുടെ നിർമ്മാണം***
13. ***കുടനിർമ്മാണം***
14. ***ഗോൾഡ് കവറിംഗ്, ഫാൻസി സാധനങ്ങളുടെ നിർമ്മാണം***
15. ***പേപ്പർ ബേഗ്, സ്യൂട്ട് കെയിസ് നിർമ്മാണം***
16. ***അലൂമിനിയ പാത്ര നിർമ്മാണം***
17. ***റബ്ബർ ചെരിപ്പുകൾ***
18. ***കുമ്മായച്ചൂള***
19. ***വർക്ക്ഷോപ്പ്***
20. ***സൂപ്പർവൈററ് യൂണിററ്***
21. ***ബോൾപെൻനിർമ്മാണ യൂണിററ്***
22. ***ചന്ദനതിരി, മെഴുക്തിരി നിർമ്മാണം***
23. ***കശുമാങ്ങഉപയോഗിച്ചു ചുറുക്ക (Vinegar) ശീതളപാനീയങ്ങൾ***
24. ***തീപ്പെട്ടിനിർമ്മാണയൂണിററ്***
25. ***എലക്ട്രിക്-കപ്പ്നിർമ്മാണം***

### ***സാധ്യതകൾ പരിഹാരനിർദ്ദേശങ്ങൾ***

1. സംരംഭകത്വ പരിശീലനം എല്ലാ സംരംഭകർക്കും ആവശ്യമായ ഘട്ടങ്ങളിലെല്ലാം ചെയ്തുകൊടുക്കുക
2. വ്യവസായ സംരംഭങ്ങളുടെ ആവശ്യാർത്ഥം വ്യവസായ എസ്റ്റേററ് സ്ഥാപിക്കുക.
3. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളെ അടിസ്ഥാനപ്പെടുത്തി വ്യവസായ വികസനത്തിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
4. സഹകരണമേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
5. പഞ്ചായത്തിലെ ഗൾഫ് കുടിയേററക്കാരെ വ്യവസായങ്ങൾ തുടങ്ങാൻ പ്രോത്സാഹിപ്പിക്കുകയും അവരുടെ വരുമാനം ലാഭകരമായ മേഖലകളിലേക്ക് തിരിച്ച്‌വിട്ട് തൊഴിൽ രംഗത്ത് അവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

# F

# സഹകരണ മേഖല

## സഹകരണം

തികച്ചും കാർഷിക സമ്പദ്‌വ്യവസ്ഥ നിലനില്ക്കുന്നതും, മനുഷ്യ പ്രകൃതി വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതുമായ അനുകൂല സാഹചര്യങ്ങൾ നിലനില്ക്കുന്നതുമായ പ്രദേശമാണെങ്കിലും വേളം പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനം ഇന്നും ശൈശവാവസ്ഥയിലാണെന്ന് പറയാം.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷമുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമത്തിൽ നിന്ന് ആശ്വാസം നേടാൻ കെ. കേളപ്പൻ, സി. കെ. ഗോവിന്ദൻനായർ തുടങ്ങിയ നേതാക്കന്മാരുടെ പ്രവർത്തനത്തിന്റെ ഫലമായി, പഴയ മദിരാശി സംസ്ഥാനത്തിന്റെ 'ഭാഗമായിരുന്ന മലബാർ ഭാഗത്തേക്ക് സഹകരണാടിസ്ഥാനത്തിൽ സൊസൈററികളുണ്ടാക്കി റേഷൻ വിതരണം നടത്താനുള്ള ശ്രമത്തിന്റെ ഫലമായി ആയഞ്ചേരിയിൽ രൂപംകൊണ്ട ഉത്പാദക-ഉപഭോക്തൃ സഹകരണസംഘത്തിന്റെ പ്രവർത്തന പരിധിയിൽ വേളം പഞ്ചായത്ത് ഉൾപ്പെട്ടതായിരുന്നു സഹകരണ രംഗത്ത് വേളം പഞ്ചായത്തിന്റെ ആദ്യത്തെ കാൽവെപ്പ്.

സ്വാതന്ത്ര്യസമരത്തിന് ശേഷം 1956ൽ ആണ് വേളം പഞ്ചായത്ത് സഹകരണ മേഖലയിലേക്ക് സ്വന്തമായ കാൽവെപ്പ് നടത്തുന്നത് നാൽപ്പത് വർഷങ്ങൾക്ക് മുമ്പ് ശ്രീ. തിരിക്കോത്ത് ശങ്കരക്കുറുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച വിവിദ്ദോദ്ദേശ സഹകരണ സംഘമായിരുന്ന അത് – ശ്രീ. ശങ്കരക്കുറുപ്പ് പ്രസിഡണ്ടും, വി. കേളനായർ സിക്രട്ടറിയുമായി ആരംഭിച്ച സംഘത്തിന്റെ ആസ്ഥാനം വലകെട്ടും, പ്രവർത്തന പരിധി വേളം റവന്യൂ വില്ലേജുമായിരുന്നു. പിന്നീട് വേളം പഞ്ചായത്ത് മുഴുവൻ ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുകയും പ്രവർത്തന സൗകര്യാർത്ഥം ആസ്ഥാനം വലകെട്ടിൽ നിന്ന് പൂമുഖത്തേക്ക് മാററുകയും ചെയ്തിട്ടുണ്ട്.

പിന്നീട് വർഷങ്ങളോളം ഈ മേഖലയിൽ പുതിയ കാൽവെപ്പുകളോ കാര്യമായ മാററങ്ങളോ ഉണ്ടായിട്ടില്ല. നോൺ ക്രഡിററ് മേഖലയിൽ രണ്ടു മൂന്നു സംഘങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിച്ചെങ്കിലും അവയൊക്കെ മുളയിലെ കുമ്പടഞ്ഞു പോകുകയാണുണ്ടായത്. 25000 ത്തിലധികം ജനസംഖ്യയുള്ള വേളം പഞ്ചായത്തിൽ സഹകരണ സംഘങ്ങളിൽ അംഗമായിട്ടുള്ളവർ പത്ത് ശതമാനത്തിൽ താഴെയാണെന്ന് കണക്കുകൾ പറയുമ്പോൾ നമുക്ക് സഹകരണസംഘങ്ങളുമായുള്ള ബന്ധത്തെപ്പററി ഊഹിക്കാവുന്നതേയുള്ളൂ. ഈ ദുസ്ഥിതിക്ക് പ്രധാന കാരണം സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ഗവർമെൻറിന്റെ ഭാഗത്തു നിന്നോ ജനങ്ങളുടെ ഭാഗത്തുനിന്നോ കാര്യമായ ശ്രമങ്ങളുണ്ടായിട്ടില്ല എന്നതാണ്.

താലൂക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വടകര താലൂക്ക് സഹകരണ കാർഷിക വികസന ബേങ്കിന്റെ പരിധിയിൽ വേളം പഞ്ചായത്ത് ഉൾപ്പെടുന്നത്. നേരത്തെ കൊയിലാണ്ടി താലൂക്കിലായിരുന്ന വേളം പഞ്ചായത്ത് താലൂക്ക് മാററത്തോടെയാണ് വടകരയുടെ പരിധിയിൽ ഉൾപ്പെട്ടത്. കക്കട്ടിൽ പ്രവർത്തിക്കുന്ന കുന്നുമ്മൽ ബ്ലോക്ക് കോ-ഓപ്പറേററീവ് ഹൗസിം സൊസൈററിയുടെ പരിധിയിലും വേളം പഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്.

## അവലോകനം

ക്രെഡിററ് മേഖലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ഏക സഹകരണ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്ന വേളം സർവ്വീസ് സഹകരണ സംഘമാണ്. 1956ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത സംഘത്തിന്റെ പ്രവർത്തന പരിധി വേളം പഞ്ചായത്തും. 10 രൂപ ഓഹരി വിലയിൽ 2703 അംഗങ്ങളുമുണ്ട്. 30,300 രൂപ അംഗീകൃത ഓഹരി മൂലധനമാണ് ഈ സ്ഥാപനത്തിനുള്ളത് പിരിഞ്ഞു കിട്ടിയ മൂലധനം 70358 രൂപയാണ് സർക്കാർ മൂലധനം ഇപ്പോൾ നിലവിലില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് 10000 രൂപ വരെ കടംകൊടുക്കാം. – 813 896 രൂപ ഹ്രസ്വകാല, സ്ഥിരം നിക്ഷേപമായി പ്രസ്തുത സംഘം പിരിച്ചെടുത്തിട്ടുണ്ട്. 1,58776 രൂപ ഹ്രസ്വകാല മധ്യകാല ദീർഘകാല വായ്പ–യിനത്തിലും 419017 രൂപ ഈട് വായ്പാ (gold) അടിസ്ഥാനത്തിലും വായ്പ നൽകിയിട്ടുണ്ട്. – 892070 രൂപ ജില്ലാ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്. 252972 രൂപ വിവിധവായ്പയിനത്തിൽ സ്ഥാപനത്തിന് പിരിഞ്ഞു കിട്ടാനുണ്ട്. 127620 രൂപ വിവിധയിനത്തിൽ ചിലവുകളും വന്നിട്ടുണ്ട്. വളംവില്പന, സഹകരണ മാവേലി സ്റ്റോർ, കശുഅണ്ടി കുത്തകസംഭരണം, ഓണച്ചന്ത, പച്ചക്കറിച്ചന്ത, തുണി വിപണനം കൺസ്യൂമർ സ്റ്റോർ, റേഷൻകട എന്നിവ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവന്നെങ്കിലും ജനങ്ങളുടെ പുത്തൻ ഉപഭോഗ സംസ്കാരവും യാത്രാ–കൂലി മററിനത്തിൽ വരുന്ന ചിലവുകൾ തുടങ്ങിയ കാരണം കൊണ്ട് പലതും പരാജയമായിരുന്നു. റേഷൻ കട, തുണിവിപണനം, പച്ചക്കറി തുടങ്ങിയവയിൽ പലതും എഴുതി തള്ളേണ്ടതായും വന്നിട്ടുണ്ട്. നോൺക്രഡിററ് മേഖലയിൽ 1995 വർഷത്തിൽ വേളം പഞ്ചായത്തിലെ 1, 2, 8 വാർഡുകളെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനമാരംഭിച്ച തീക്കുനി കോ–ഓപ്പറേററീവ് കൺസ്യൂമർ സ്റ്റോർ ഇന്നു പ്രവർത്തിക്കുന്നത്. 30 രൂപ ഓഹരി വിലയിൽ 25 അംഗങ്ങളിൽ നിന്ന് പിരി

ഞ്ഞുകിട്ടിയ 750 രൂപ ഓഹരി മൂലധനത്തിലാണിത് പ്രവർത്തിക്കുന്നത്. വേളം പഞ്ചായത്തിലെ 3, 4, 5, 6 വാർഡുകളുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശത്ത് കുളിക്കുന്നിൽ 1994ൽ ആരംഭിച്ച കൺസ്യൂമർ സ്റ്റോർ ഇന്ന് പ്രവർത്തിക്കുന്നില്ല. 1992 വർഷത്തിൽ പൂളക്കൂലിൽ ആരംഭിച്ച ക്ഷീരസഹകരണ സംഘവും ഇന്ന് പ്രവർത്തനം നിലച്ച അവസ്ഥയിലാണ്.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും സഹകരണ മേഖലയോട് പ്രത്യേക മമത കാണിക്കാത്ത അവസ്ഥയാണിന്നുള്ളത്. സഹകരണ മേഖലയെ കുറിച്ചുള്ള അജ്ഞത ഇതിനൊരു പ്രധാന ഘടകമാണ്. എങ്കിലും ഈ മേഖലയിൽ ശക്തമായ പ്രവർത്തനം നടക്കാത്തതാണിതിന് പ്രധാന കാരണം. വേളം പഞ്ചായത്തിൽ നിലനില്ക്കുന്ന സഹകരണ സ്ഥാപനങ്ങൾ പരാജയപ്പെടുവാനുള്ള കാരണങ്ങൾ നിരവധിയാണ്. ക്രഡിററ് മേഖലയിൽ പ്രവർത്തിക്കുന്ന വേളം സർവ്വീസ് സഹകരണ സംഘത്തിൽ വേണ്ടത്ര നിക്ഷേപങ്ങൾ നിക്ഷേപിക്കപ്പെടുന്നില്ല എന്നത് ഒരു വസ്തുതയാണ് വിദേശത്ത് നിന്ന് ധാരാളം പണം നമ്മുടെ പഞ്ചായത്തിൽ എത്തുന്നുണ്ടെങ്കിലും അവയിൽ 95% വും നിക്ഷേപിക്കപ്പെടുന്നത് പഞ്ചയാത്തിലെയും മററു പുറത്തുള്ള വാണിജ്യ സ്ഥാപനങ്ങളിലാണ് നമ്മുടെ പഞ്ചായത്തിൽ നടക്കുന്ന സഹകരണസംഘത്തോട് ഉള്ള മനോഭാവം ഇതിൽ നിന്ന് മനസ്സിലാക്കാം. കാർഷിക മേഖലയിൽ ആവശ്യമായ സാമ്പത്തിക സഹായത്തിൽ 1% പോലും ലഭ്യമാക്കാൻ പ്രസ്തുത സംഘത്തിന് കഴിയുന്നില്ല. ചുരുക്കത്തിൽ പ്രസ്തുത സ്ഥാപനവുമായി പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെ ചുരുങ്ങിയ ബന്ധം മാത്രമേ ഉള്ളൂ. പ്രസ്തുത സ്ഥാപനം ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ മാനേജ്മെൻറിൻെറ ഭാഗത്തുനിന്ന് ആത്മാർത്ഥമായ പ്രവർത്തനം പൂർണ്ണമായും ഉണ്ടാകുന്നതാണ് എന്നു പറയാൻ കഴിയില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് ഈ മേഖലയോട് ഉള്ള അവബോധവും പൂർണ്ണസമയ പ്രവർത്തകരായ സഹകാരികരുടെ കുറവും ഇതിന് കാരണമായേക്കാം. തീക്കുനിയിൽ 1995ൽ ആരംഭിച്ച സഹകരണ കൺസ്യൂമർസ്റ്റോറും പുത്തൻ ഉപഭോഗ സംസ്കാരത്തിൻെറ നിരാളി പിടുത്തത്തിൽ വീർപ്പുമുട്ടുന്നതാണ് – ജനങ്ങൾക്ക് പുത്തൻ കമ്പോള വ്യവസ്ഥയോടുള്ള ആഭിമുഖ്യം ജനങ്ങൾ വിവിധ ടൗണുകളുമായി ബന്ധപ്പെടുന്നത് എന്നിവ ഇതിന് കാരണങ്ങളാണ്. കുളിക്കുന്നിൽ ആരംഭിച്ച സഹകരണ സ്റ്റോർ ശൈശവത്തിൽ തന്നെ മൂതിയടഞ്ഞതാണ്. പൂളക്കൂലിൽ ആരംഭിച്ച ക്ഷീരവികസന സഹകരണസംഘം ആവശ്യമായ പാൽ ലഭ്യമാകാതെ പ്രവർത്തനം നിലച്ചതാണ്. ഈ മേഖലയിൽ എല്ലാകാലത്തും ആവശ്യമായ പാൽ ലഭ്യമാകാത്തതും ഇത്തരം പ്രവർത്തനം ജീവിതോപാധിയായി കാണാൻ കഴിയാത്തതുമാണിതിന് പിന്നിലെ പ്രധാന കാരണം.

## സാധ്യതകൾ

എന്നാൽ വേളം പഞ്ചായത്തിൽ ഒട്ടേറ സാധ്യതയുള്ള മേഖലയാണ് സഹകരണ മേഖല ആവശ്യമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതു മാത്രമല്ല ജനങ്ങൾക്ക് ഈ മേഖലയോടുള്ള മനോഭാവവും അടിയന്തിരമായി മാറേണ്ടിയിരിക്കുന്നു.

അത്തരം സാധ്യതകൾ താഴെ പറയും വിധമാണ്.

1. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

(a) വേളം പ്രാഥമിക സഹകരണ സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി തഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

(b) സഹകരണ സ്ഥാപനത്തോട് പഞ്ചായത്തിലെ ജനങ്ങൾക്കുള്ള സമീപനത്തിൽ മാററം വരുത്താനാവശ്യമായ നടപടി സ്വീകരിക്കുക.

2. പഞ്ചായത്തിൽ നിന്ന് മററു വാണിജ്യ ബേങ്കുകളിലേക്ക് ഒഴുകുന്ന നിക്ഷേപങ്ങളിൽ ഏററവും ചുരുങ്ങിയത് അമ്പത് ശതമാനം എങ്കിലും വേളം സർവ്വീസ് സഹകരണ ബേങ്കിൽ നിക്ഷേപിക്കാനുള്ള അവസ്ഥ ഉണ്ടാക്കുക.

(b) കാർഷിക, കാർഷികേതര ഹ്രസ്വകാല, ദീർഘകാല വായ്പകൾ യഥാസമയം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക.

(c) പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും പ്രസ്തുത സ്ഥാപനത്തിൽ അംഗങ്ങളായി കൊണ്ടുവരിക.

(d) ഗവർമെൻറ്, ജില്ലാ ബേങ്ക് എന്നിവയിൽ നിന്ന് കൂടുതൽ തുക വായ്പയായി അനുവദിക്കുക.

2. തീക്കുനിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോറിൻെറ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുക. കൺസ്യൂമർ സ്റ്റോർ വഴി ലാഭകരമായി വസ്തുക്കൾ വില്പന നടത്താൻ സർക്കാർ സഹായം കൂടുതൽ ഉദാരമാക്കുക.

3 ഇതൊക്കെ സാധ്യമാകണമെങ്കിൽ സഹകരണ സംഘങ്ങളുമായി ജനങ്ങൾ കൂടുതൽ ബന്ധപ്പെടാനുതകുന്ന മാവേലി സ്റ്റോർ പോലെയുള്ള ജനാകർഷക പദ്ധതികൾ ആവിഷ്കരിക്കണം.

4. പൂളക്കൂലിൽ നിലച്ചുപോയ ക്ഷീരസഹകരണ സംഘത്തിൻെറ പ്രവർത്തനം പുനർജീവിപ്പിക്കുന്നതിന് വേണ്ടി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുക.

(a) സംഘത്തിൽ അംഗങ്ങളായ ഏററവും ചുരുങ്ങിയ 20 പേർക്കെങ്കിലും ഗവർമെൻറ് വായ്പാ

യിനത്തിൽ പശുക്കളെ രണ്ട് തവണയായി നൽകുക. പുൽകൃഷി നടത്താനുള്ള വിത്തും വളവും സാമ്പത്തിക ആനുകൂല്യങ്ങളും ലഭ്യമാക്കുക. കൂടാതെ പഞ്ചായത്തിൽ വിവിധ മേഖലകളിൽ പുതിയ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള സാധ്യതയും നിലവിലാക്കുക.

## 1 കാർഷിക വിപണന സംഘം

കുറഞ്ഞ ഉത്പാദന ക്ഷമത കാരണം വളരെ പരിമിതമായി ലഭിക്കുന്ന കാർഷിക വിളവുകൾക്ക് ന്യായമായ വില കിട്ടാത്തത് കർഷകരെ സംബന്ധിച്ച് കുനിന്മേൽകുരു പോലെയുള്ള അവസ്ഥയാണ് ഒരു കാർഷിക വിപണന സംഘത്തിന്റെ അഭാവത്തിൽ ഭീമമായ കടത്തുകൂലി വഹിച്ച് ഉല്പന്നങ്ങൾ വിദൂരമായ വടകര മുതലായ സ്ഥലങ്ങളിലെ സ്വകാര്യ കച്ചവടക്കാർക്ക് ചുരുങ്ങിയ വിലക്ക് വിൽക്കാൻ നിർബന്ധിക്കപ്പെടുന്നു ഇതിനൊരറുതി വരുത്താൻ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കർഷകർക്ക് എത്തിപ്പെടാനുതകുന്ന പ്രദേശം കേന്ദ്രമാക്കി ഒരു കാർഷിക വിപണന സംഘം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.

## 2 ലേബർ കോൺട്രാക്ട് സൊസൈററി

ചെങ്കൽ ഉത്പാദനമേഖലയാൽ മററു പഞ്ചായത്തുകളെ അപേക്ഷിച്ച് പ്രഥമ സ്ഥാനമാണ് വേളം പഞ്ചായത്തിനുള്ളത് കെട്ടിട നിർമ്മാണ രംഗത്ത് ആവശ്യമായി വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യതയും ഈ പഞ്ചായത്തിലുണ്ട് ദൈനംദിനം വർദ്ധിച്ചുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനവും പാർപ്പിട നിർമ്മാണവും കുറച്ചുകൂടി ലാഭകരമാക്കാനും തൊഴിൽ മേഖലയിൽ കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സൊസൈററിക്ക് സാധ്യതയുണ്ട് ഇതിന്റെ സുഖകരമായ പ്രവർത്തനത്തിന് അംഗങ്ങളിൽ നിന്ന് മൂലധനം സ്വരൂപിക്കുകയും പഞ്ചായത്തിൽ നിന്ന് സാമ്പത്തികസഹായം ലഭ്യമാക്കുകയും വേണം.

## 3. പാൽ സൊസൈററികൾ

പഞ്ചായത്തിലെ കാക്കുനി, തീക്കുനി, വലകെട്ട്. (ശാന്തിനഗർ), പെരുവയൽ, ഒളോടിതാഴ, പൂളക്കൂൽ, പള്ളിയത്ത് കേന്ദ്രമാക്കി സഹകരണാടിസ്ഥാനത്തിൽ പാൽ സൊസൈററിക്ക് സാധ്യതകളുണ്ട് എന്നാൽ പശുക്കളെ വാങ്ങാനും സംരക്ഷിക്കാനുമുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം.

4. 2ാം വാർഡിലെ തീക്കുനി ആസ്ഥാനമായി ഒരു സഹകരണ തുണിക്കടയ്ക്ക് സാധ്യതയുണ്ട്.
5. നമ്മുടെ പഞ്ചായത്തിൽ വൻ തുകയുടെ ബേക്കറി ചിലവാകുന്നുണ്ട് മററു സ്ഥലങ്ങളിൽ ഉത്പാദിപ്പിക്കുന്ന ബേക്കറികളാണ് ഇവിടെ ചിലവാകുന്നത് ആയതിനാൽ സഹകരണാടിസ്ഥാനത്തിൽ വനിതകളുടെ ആഭിമുഖ്യത്തിൽ ഒരു ബേക്കറി യൂനിററ് തുടങ്ങാവുന്നതാണ്.
6. ആതുര ശുശ്രൂഷാ രംഗത്ത് അവഗണന അനുഭപ്പെടുന്ന ഒരു പ്രദേശമാണ് വേളം. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ വേളം പ്രദേശത്ത് സഹകരണാടിസ്ഥാനത്തിൽ ഒരു അലോപ്പതി ആശുപത്രി ആരംഭിക്കാം.

## 7 ഹരിജൻ സർവ്വീസ് സഹകരണസംഘം

ധാരാളം ഹരിജനങ്ങൾ താമസിക്കുന്ന ഒരു പ്രദേശമാണ് വേളം പഞ്ചായത്ത്-ഇവരിലധികവും പരമ്പരാഗതമായ തൊഴിലുകൾ ചെയ്യുന്നവരുമാണ് ആയതിനാൽ വേളം, ചേരാപുരം കേന്ദ്രമാക്കിരണ്ടുഹരിജൻ സർവ്വീസ് സഹകരണ സംഘത്തിന് സാധ്യതയുണ്ട്. ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.

8. എണ്ണയാട്ടു സഹകരണസംഘം:– 8-ാം വാർഡിലെ പൂളക്കൂൽ ആസ്ഥാനമാക്കി സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
9. 8, 9 വാർഡ് കേന്ദ്രമാക്കി ഖാദി നൂൽനൂൽപ്പ് നെയ്ത്ത് സഹകരണസംഘം പൂളക്കൂലിൽ ആരംഭിച്ചാൽ വിജയ സാധ്യതയുണ്ട്.
10. ഇഷ്ടിക നിർമ്മാണ യൂണിററ് (കളിമൺ നിർമ്മാണയൂണിററ്) 9, 10 വാർഡുകൾ കേന്ദ്രമായി സഹകരണാടിസ്ഥാനത്തിൽ ആരംഭിച്ചാൽ വിജയ സാധ്യതയുണ്ട്.
11. ഗാർമെൻറ് മേക്കിം കോ-ഓപ്പറേററീവ് സൊസൈററി,
12. ചെങ്കൽ തൊഴിലാളി സഹകരണ സംഘം, 5, 6, 7 വാർഡുകൾ കേന്ദ്രമാക്കി കുളിക്കുന്നിൽ രൂപീകരിച്ചാൽ വിജയസാധ്യതയുണ്ട്.
13. പഞ്ചായത്തിൽ ഒരു പ്രധാന കേന്ദ്രത്തിൽ ഒരു സഹകരണ പൗൾട്രിഫാമിന് സാധ്യതയുണ്ട്.
14. പഞ്ചായത്തിലെ മധ്യ ഭാഗം കേന്ദ്രീകരിച്ച് ഒരു സഹകരണ കാലിതീററ നിർമ്മാണ യൂണിററ് സ്ഥാപിച്ചാൽ വിജയ സാധ്യതയുണ്ട്.
15. പഞ്ചായത്തിൽ ഒരു മാർക്കററിംഗ് സൊസൈററിക്ക് സാധ്യതയുണ്ട്.

16. സഹകരണാടിസ്ഥാനത്തിൽ ഒരു വനിത കയർ നിർമ്മാണ യൂണിററ് 3-ാം വാർഡ് കേന്ദ്രീകരിച്ച് ആരംഭിച്ചാൽ കയറുൽപന്നങ്ങൾ നിർമ്മിക്കാനും വില്ക്കാനും അതുവഴി വനിതകൾക്ക് തൊഴിൽ ലഭിക്കാനും സാധ്യതയുണ്ട്.

17. സിമൻറ് കട്ട നിർമ്മാണ യൂണിററ്.
സിമൻറ്കട്ട നിർമ്മാണ രംഗത്ത് വൈദഗ്ധ്യം നേടിയ 3-ാം വാർഡിലെ തൊഴിലാളികളെ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ഒരു സിമൻറ്കട്ടനിർമ്മാണ യൂണിററ് പ്രവർത്തിപ്പിക്കാൻ സാധ്യതയുണ്ട്. ഇതിന് ദീർഘകാല അടിസ്ഥാനത്തിലുള്ള വായ്പകളാവശ്യമാണ്

### ക്രെഡിററ് സൊസൈററി

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭത്തിലോ നഷ്ടത്തിലോ |
|---|---|---|---|---|---|
| 1956 | 2703 | 4 | 5, 35000 | | നഷ്ടത്തിൽ |

### നോൺ ക്രെഡിററ് സൊസൈററി (പ്രവർത്തിക്കുന്നില്ല.)

| സ്ഥാപിച്ച വർഷം | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭത്തിലോ നഷ്ടത്തിലോ |
|---|---|---|---|---|---|
| 1995 | 25 | | 750 | — | — |

തീക്കുനി കോ-ഓപറേററിവ്
കൺസ്യൂമർ സ്റ്റോർ.

G

# പാർപ്പിടവും സാമൂഹ്യക്ഷേമവും

വേളത്ത് ചെങ്കല്ലും കരിങ്കല്ലും സുലഭം
ഗൃഹനിർമ്മാണ സഹായനിധി
രൂപീകരിക്കുക.
പാവപ്പെട്ടവർക്കോരോവീട്
നിർമ്മിച്ചുനൽകുക.

ഫീഡിംങ്ങ് സെൻററുകളിൽ, കുട്ടികളുടേയും
അമ്മമാരുടേയും എണ്ണം 25 ആക്കുക.

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

## പാർപ്പിടം

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരായിരുന്ന വേളംപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും, അത്കൊണ്ട്തന്നെ പാർപ്പിടത്തിന്റെ കാര്യത്തിലും വേളം പഞ്ചായത്ത് മററ് പഞ്ചായത്തുകളെ അപേക്ഷിച്ച ശോചനീയാവസ്ഥയിലായിരുന്നു. മിക്കവാറും വീടുകളിൽ ഒന്നിൽകൂടുതൽ കുടുംബങ്ങൾ ഒന്നിച്ചായിരുന്നു താമസം. തൽഫലമായി കുടുംബ കലഹങ്ങളും അസ്വാരസ്യങ്ങളും അക്കാലത്തൊരു സാമൂഹ്യ പ്രശ്നമായിരുന്നു.

ഈ പഞ്ചായത്തിലെ പാർപ്പിടങ്ങളിൽ ബഹുഭൂരിഭാഗവും ഓലപ്പുരകളും കുടിലുകളുമായിരുന്നു. ഒററപ്പെട്ട ഓടുമേഞ്ഞ വീടുകൾ കാണാമെങ്കിലും അമ്പത് വർഷങ്ങൾക്കുമുമ്പ് ടെറസ്സ്‌വീടുകൾ തീരെ ഇല്ലായിരുന്നു. വീടില്ലാത്തവരേയും വീട്‌വെക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവരേയും അക്കാലത്ത് നിരവധി കാണാമായിരുന്നു. കുടിഒഴിപ്പിക്കലിന്റെ പേരിൽ വീട്നഷ്ടപ്പെട്ട് വീട്ടുപകരണങ്ങളും വസ്ത്രങ്ങളുമെടുത്ത് വഴിയാധാരമായ ആളുകൾ ഇന്നും ആ ദയനീയാവസ്ഥ ഒരു പേടിസ്വപ്നമായി ഓർക്കുന്നു. ഭൂപരിഷ്ക്കരണ നിയമങ്ങൾ വരുന്നതിന്നു മുമ്പ് സമ്പന്നന്മാരുടെ കുടികിടപ്പുകാരായിരുന്നു പലതൊഴിലാളി കുടുംബങ്ങളും.

ഒരു കുടുംബത്തിന്ന് ഒരുവീട് എന്നബോധം, സമൂഹത്തിൽ വളർന്നതും ഗൾഫ്പണത്തിന്റെ വരവോടുകൂടിയുണ്ടായ സാമ്പത്തികാഭിവൃദ്ധിയുമാണ് പാർപ്പിട പ്രശ്നത്തിൽ മാററത്തിന്റെ തുടക്കം കുറിച്ചത്. ഭൂപരിഷ്ക്കരണനിയമങ്ങൾ നടപ്പിലാക്കിയതോടുകൂടി ദരിദ്രകുടുംബങ്ങളിൽ പലർക്കും വീട്‌വെക്കാനുള്ള സ്ഥലം സ്വന്തമായി ലഭിച്ചതും ഈരംഗത്തുണ്ടായ മാററത്തിന്റെ കാരണങ്ങളിലൊന്നാണ്. ലക്ഷംവീട് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ചുരുക്കം കുടുംബങ്ങൾക്ക് വീട് ലഭിക്കുകയുണ്ടായി. സാമ്പത്തികശേഷിയനുസരിച്ച് ഓലപ്പുരകൾ പലതും ഓടുമേയുകയും പുതിയ ഓടിട്ടവീടുകൾ നിർമ്മിക്കപ്പെടുകയും ചെയ്യുകയുണ്ടായി. എഴുപതുകൾക്ക് ശേഷമാണ് വേളം പഞ്ചായത്തിൽ അങ്ങിങ്ങായി ടെറസ്സവീടുകൾ ഉയർന്നുവന്നത്. ഇപ്പോൾ പഞ്ചായത്തിൽ നാലുതരത്തിലുള്ള വീടുകൾ നിലവിലുണ്ട്.

| വാർഡ് നമ്പർ | കുടിൽ | ഓല | ഓട് | ടെറസ്സ് | ആകെ |
|---|---|---|---|---|---|
| I | 134 | 175 | 260 | 61 | 630 |
| II | 202 | 67 | 143 | 56 | 468 |
| III | 277 | 101 | 261 | 59 | 698 |
| IV | 207 | 89 | 166 | 21 | 483 |
| V | 159 | 96 | 112 | 31 | 398 |
| VI | 149 | 94 | 75 | 17 | 335 |
| VII | 147 | 177 | 181 | 26 | 531 |
| VIII | 123 | 65 | 94 | 29 | 311 |
| IX | 117 | 77 | 150 | 44 | 388 |
| X | 193 | 48 | 23 | 33 | 397 |
| ആകെ | 1708 | 989 | 1565 | 377 | 4639 |

അവലമ്പം പഞ്ചായത്ത് അസസ്മെൻറ് രജിസ്റ്റർ.

കുന്നുകളും സമതലങ്ങളും വയലേലകളുമാണ് ഭൂപ്രകൃതിയനുസരിച്ച് വേളംപഞ്ചായത്തിന്റെ കിടപ്പ്. താരതമ്യേന സാമ്പത്തിക ശേഷിയുള്ളവർ വീട് നിർമ്മിക്കുമ്പോൾ തെരഞ്ഞെടുക്കുന്നത് സമതലങ്ങളും റോഡുകളുടെ പാർശ്വങ്ങളായ ഭൂമിയുമാണ്. വയലുകൾ നികത്തി വീടുണ്ടാക്കുന്നതും പഞ്ചായത്തിൽ അപൂർവ്വമല്ല. ഗതാഗത സൗകര്യവും കുടിവെള്ളലഭ്യതയുമാണ് മേൽപറഞ്ഞ ഭൂമി തെരഞ്ഞെടുക്കുന്നതിലുള്ള പ്രധാനകാരണം. ഉൾപ്രദേശങ്ങളിൽ ഇടത്തട്ടുകാരുടെയും തൊഴിലാളികളുടെയും വീടുകളാണ് കൂടുതലും കാണുന്നത്. താരതമ്യേന ദരിദ്രരായ ആളുകൾ നല്ലശതമാനവും കുന്നിൻ പ്രദേശങ്ങളിൽ അധിവസിക്കുന്നു. സമതലപ്രദേശങ്ങളിൽ വീട് നിർമ്മിക്കാനുള്ള സ്ഥലങ്ങൾക്ക് ക്രമാതീതമായ വില വർദ്ധനവാണ് ദരിദ്രരെ കുന്നിൻപ്രദേശ

ങ്ങളിലെത്തിക്കുന്നത്. കുന്നിൻ പ്രദേശങ്ങളിൽ ഭവന നിർമ്മാണത്തിനുപയുക്തമായ ഭൂമികുറഞ്ഞ വിലക്ക് ഇപ്പോഴും ലഭ്യമാണ്. ഇത്തരം സ്ഥലങ്ങളിൽ വീടുവെക്കാൻ പലർക്കും ആഗ്രഹമില്ല.

പഞ്ചായത്ത് വർഷങ്ങൾക്ക് മുമ്പ് ലക്ഷംവീട് നിർമ്മിച്ചുകൊടുക്കുന്നതിന്ന് വേണ്ടി വിലകൊടുത്ത ഭൂമി കുന്നിൻ പ്രദേശത്തായതിനാൽ ഇപ്പോഴും ആവശ്യക്കാരില്ലാത്ത അവസ്ഥയും പഞ്ചായത്തിനുണ്ട്. ഇത് വില്പനനടത്തി അനുയോജ്യമായ മറ്റു സ്ഥലം വാങ്ങുന്നതിന് അനുമതി പഞ്ചായത്തിന്ന് ലഭിച്ചാൽ ഏതാനും ഉപകുടുംബങ്ങൾക്ക് വീട്നിർമ്മിക്കാനുള്ള സ്ഥലംകൊടുക്കാൻ കഴിയും.

അടുത്തകാലത്തായി പാർപ്പിടനിർമ്മാണ രംഗത്തുണ്ടായ വളർച്ചയുടെ ഫലമായി കാർഷികമേഖലയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ പോലും ഈ മേഖലയിലേക്ക് ചേക്കേറിയിട്ടുണ്ട് കെട്ടിടനിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, ചെങ്കല്ല്, മണൽ തുടങ്ങിയ വസ്തുക്കൾ ഈ പഞ്ചായത്തിൽ സുലഭമാണെങ്കിലും കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ മേൽപറഞ്ഞ വസ്തുക്കൾക്ക് നാലും അഞ്ചും ഇരട്ടിവില വർദ്ധനവുണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ ചെങ്കല്ലിന് ആയിരത്തിന് 9000 രൂപവരെയും കരിങ്കല്ല്, മണൽ എന്നിവ ലോഡിന് യഥാക്രമം 750, 650 വരെയും വിലയുണ്ട്. കെട്ടിട നിർമ്മാണത്തിന് മരത്തിന്റെ ഉപയോഗം കുറഞ്ഞു വരുന്നുണ്ടെങ്കിലും ആവശ്യത്തിന് മരം ലഭ്യമല്ല. കെട്ടിട നിർമ്മാണത്തിൽ വസ്തുക്കളിൽ മരത്തിനാണ് ഏറ്റവും കൂടുതൽ വിലവർദ്ധനവുണ്ടായത്. കെട്ടിട നിർമ്മാണവസ്തുക്കളായ കമ്പി, സിമന്റ്, ഓട്, ടൈൽസ് എന്നിവസ്തുക്കൾ വില്ക്കുന്ന കച്ചവട സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ ഉയർന്നുവന്നിട്ടുണ്ട്.

കെട്ടിടനിർമ്മാണ രംഗത്ത് വൈദഗ്ധ്യമുള്ള തൊഴിലാളികൾ താരതമ്യേന ഈ പഞ്ചായത്തിൽ കുറവാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും പ്രദേശങ്ങളിൽ നിന്നുമാണ് വൈദഗ്ധ്യമുള്ള തൊഴിലാളികൾ ഈ പഞ്ചായത്തിലെത്തുന്നത്. കെട്ടിടനിർമ്മാണരംഗത്ത് പുരുഷന്മാരെപോലെ സ്ത്രീകളും സജീവമായി രംഗത്തുണ്ട്. തൊഴിലാളികൾക്ക് കാർഷിക മേഖലയേക്കാൾ കെട്ടിട നിർമ്മാണ രംഗത്താണ് കൂടുതൽതാല്പര്യം കൂലിനിരക്കിലുള്ള വർദ്ധനവാണിതിനു കാരണം.

ദീർഘകാലത്തെ അദ്ധ്വാനത്തിന്റെ ഫലംമുഴുവൻ ചെലവഴിക്കുകയും പുതിയകടങ്ങൾ ഉണ്ടാക്കുകയും ചെയ്തുകൊണ്ട് പാർപ്പിടങ്ങൾ നിർമ്മിക്കുന്ന പ്രോത്സാഹന ജനകമല്ലാത്ത സ്വഭാവം മററുപഞ്ചായത്തുകളിലെ പോലെ ഈ പഞ്ചായത്തിലും കണ്ടുവരുന്നു. ഇതിന്റെഫലമായി തന്റെ സാമ്പത്തിക ശേഷിക്കനുസരിച്ചുള്ള യാതൊരാസൂത്രണവും കൂടാതെ പാർപ്പിട നിർമ്മാണമാരംഭിക്കുകയും താങ്ങാനാവാത്ത കടബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ അർദ്ധാവസ്ഥയിൽ ചോദ്യചിഹ്നമായി നില്ക്കുന്ന വീടുകളും പഞ്ചായത്തിൽ കാണാം. എന്നാൽ ഫേഷൻ ഭ്രമത്തിന്റെ പേരിൽ സാമാന്യം ഭേദപ്പെട്ടവീടുകൾ പൊളിച്ചു പണിയുന്ന പുതിയൊരു സ്വഭാവവും ഈ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. അലുമിനിയം ഫേബ്രിക്കേഷൻസ്, കടപ്പ,ഗ്രാനൈററ്, മാർബിൾ മുതലായ വസ്തുക്കളും ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1) ഭവനനിർമ്മാണ വസ്തുക്കളുടെരൂക്ഷമായ വില വർദ്ധനവ്.
2) ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണത്തെപ്പററി ബോധമില്ലായ്മ.
3) ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായിവീട് നിർമ്മിക്കാനുള്ള സാമ്പത്തിക ശേഷിയില്ല.
4) ഉപകുടുംബങ്ങളായി താമസിക്കുന്നവർക്ക് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ വീടുണ്ടാക്കാൻ കഴിയുന്നില്ല.
5) ഹഡ്കോ ലാറിബേക്കർ ചെലവ് കുറഞ്ഞ വീട്നിർമ്മാണ സഹായ സഹകരണസംഘം, L I C Housing വിഭാഗം Housing Society എന്നിവയുടെ പ്രവർത്തനം വേളം പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ വിധത്തിൽ ലഭിക്കാത്തത്.
6) കെട്ടിട നിർമ്മാണരംഗത്ത് പ്രവർത്തിക്കേണ്ട വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.
7) പട്ടികജാതി പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും IAY, JRY, രാജീവ് ദശലക്ഷം പദ്ധതികളിലൂടെയുള്ള സഹായധനം ഉപയോഗപ്പെടുത്തുന്നതിൽ കാണിക്കുന്ന അലംഭാവവും ഉദാസീനതയും.

8) വീട് നിർമ്മാണരംഗത്തെ വിവിധ ഏജൻസികൾക്ക് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ യഥാസമയം പരിഹാരം കാണായ്ക.

9) കുന്നിൻ പ്രദേശങ്ങളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമല്ലാത്തതിനാൽ അവിടങ്ങളിൽ ഭൂമിക്ക് വിലക്കുറവും സമതലങ്ങളിൽ മേൽപറഞ്ഞ സൗകര്യങ്ങൾ ലഭ്യമാകുന്നതുകൊണ്ട് വിലകൂടുതലും അനുഭവപ്പെടുന്നു. ഇത്മൂലം ദുർബ്ബല വിഭാഗക്കാർക്ക് സമതലങ്ങളിൽ ഭൂമി വിലകൊടുത്ത് വീട്നിർമ്മിക്കാൻ കഴിയുന്നില്ല.

10) ദുർബ്ബല വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഈ പഞ്ചായത്തിൽ അനുവദിച്ചുകിട്ടിയിരിക്കുന്ന 9ാം വാർഡിലെ ലക്ഷംവീട് വ്യാപകമായി ചൂഷണത്തിന്ന് വിധേയരായി ദുരുപയോഗം ചെയ്യുന്നു എന്ന ആക്ഷേപം ഉണ്ട്.

11.5 ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേപ്രകാരം) | വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 3 | 62 | NL | NIL | NIL | 62 |
| 4 | 42 | 2 | 2 | NIL | 40 |
| 5 | 38 | 2 | 2 | NIL | 36 |
| 6 | 79 | 8 | 4 | 4 | 71 |
| 7 | 80 | 2 | 1 | 1 | 78 |
| Total | 301 | 14 | 9 | 5 | 287 |
| 1 | 30 | 8 | 4 | 2 | 22 |
| 2 | 52 | 6 | 3 | 3 | 46 |
| 8 | 42 | 9 | 7 | 2 | 33 |
| 9 | 62 | 10 | 7 | 3 | 52 |
| 10 | 43 | 16 | 12 | 4 | 2 |
| Total | 534 | 49 | 51 | 24 | 472 |

## സാദ്ധ്യതകൾ

1. ഭവന നിർമ്മാണത്തിനത്യാവശ്യമായ ചെങ്കല്ല്, കരിങ്കല്ല്, മണൽ, ജലം എന്നിവ പഞ്ചായത്തിൽ ലഭ്യമാണ്.

2. ചെലവ് കുറഞ്ഞവീടുകളുടെ നിർമ്മാണത്തെപ്പററി ബോധവൽക്കരണം.

3. ദുർബ്ബലവിഭാഗക്കാർക്ക് JRY, IAY ഉപാധിരഹിതഫണ്ട് തുടങ്ങിയ പദ്ധതിയിലൂടെ സഹായം ലഭ്യമാക്കുക.

4. ഭവന നിർമ്മാണ ഏജൻസികളുടെ സഹായം ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുക.

5. കുന്നിൻ പ്രദേശങ്ങളിൽ വൈദ്യുതി, കുടിവെള്ളം, ഗതാഗതസൗകര്യം എന്നിവ ലഭ്യമാക്കിയാൽ പ്രസ്തുത പ്രദേശങ്ങളിൽ കുറഞ്ഞ വിലക്ക് ഭൂമിവില കൊടുത്ത് വീട് നിർമ്മിക്കാൻ കഴിയും.

6. ഭവന നിർമ്മാണത്തിന്ന് ലഭിക്കുന്ന അപേക്ഷകളിൽ പരിഹാരംകാണുന്നതിന്ന് കാലവിളംബം വരുത്താതിരിക്കുക.

7. വീടും വീട്വെക്കാൻ ഭൂമിയുമില്ലാത്ത ഉപകുടുംബമായി താമസിക്കുന്ന ആളുകൾക്ക് ഭൂമി വില കൊടുത്ത് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

8. ഗവമ്മെണ്ട് പദ്ധതികളെപ്പററി ആവശ്യമായ ബോധവൽക്കരണം നടത്തുക.

9. പഞ്ചായത്തിൽ അനുവദിച്ചുകിട്ടിയ ലക്ഷം വീടുകൾ കൈമാററം ചെയ്യുന്നത് തടയുന്നതിനുള്ള കർശനമായ സമീപനംകൈക്കൊള്ളുക

10. റിലീഫ് പ്രവർത്തനരംഗത്ത് സന്നദ്ധ സംഘടനകളുടെസേവനം ഉപയോഗപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുക.

# സാമൂഹ്യ ക്ഷേമം

ഒരു സമൂഹത്തിന്ന് ക്ഷേമവും വികാസവും പ്രാപിക്കണമെങ്കിൽ ഒട്ടേറെഘടകങ്ങൾ സംയോജിക്കേണ്ടിയിരിക്കുന്നു. സാമ്പത്തികം, സാമൂഹ്യ ബോധം സാംസ്കാരികം എന്നിവയിലൂടെ മാത്രമേ നാടിനെ പുരോഗതിയിലേക്ക് നയിക്കാനാവൂ. മേൽ പറഞ്ഞഘടകങ്ങളെ അവഗണിച്ചുകൊണ്ടുള്ള സാമൂഹ്യക്ഷേമ പ്രവർത്തനം ലക്ഷ്യ പ്രാപ്തിയിലെത്തുകയില്ല. ദാരിദ്ര നിർമ്മാർജ്ജനവും സമൂഹത്തിൻെറ വികാസവും ലക്ഷ്യമിട്ടുകൊണ്ടായിരിക്കണം സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നത്.

സാമ്പത്തിക ഭദ്രത നേടിയിട്ടില്ലാത്ത അനവധി കുടുംബങ്ങൾ വേളം പഞ്ചായത്തിലുണ്ട്. 1992ലെ IRDP സർവ്വെപ്രകാരം 2460കുടുംബങ്ങൾ ദാരിദ്രരേഖയ്ക്കു താഴെയായിരുന്നു. എന്നാൽ കഴിഞ്ഞ നാലുവർഷങ്ങൾക്കുള്ളിൽ 102 കുടുംബങ്ങളെ ദാരിദ്രരേഖയ്ക്കു മുകളിൽകൊണ്ട് വരാൻ കഴിഞ്ഞിട്ടുണ്ട്.

വിവിധകാരണങ്ങളാൽ സമൂഹത്തിലെ അടിത്തട്ടിൽ കിടക്കുന്നവരെ സാമൂഹ്യ ബോധവൽക്കരണത്തിലൂടെ ഉയർത്തികൊണ്ടുവരേണ്ടതുണ്ട്. വിദ്യാസമ്പന്നരും സാമൂഹ്യാവബോധം നേടിയവരുമായ ജന സമൂഹത്തിൻെറ അർപ്പണ മനോഭാവം ഇതിന്ന നിവാര്യമാണ്.

മതപരവും പരമ്പരാഗതവും എന്നാൽ ധാർമ്മികവും വൈവിധ്യവുമായ ചടങ്ങുകളും ആഘോഷങ്ങളും സാംസ്കാരികരംഗത്തെ മുതൽക്കൂട്ടാണ് എന്നാൽ ഇവ്വിഷയകമായി താല്പരരല്ലാത്തതോ സാമൂഹ്യാസമത്വം കാരണം പങ്കാളികളാവാൻ കഴിയാത്തതോ ആയ ജനസമൂഹത്തെക്കൂടി മേൽപറഞ്ഞ സംരംഭങ്ങളുമായി സഹകരിപ്പിക്കാവുന്നതാണ്. യുവജന സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ, കലാകായികവേദികൾ എന്നിവയ്ക്കു ഈ കാര്യത്തിൽ ചെറുതല്ലാത്ത പങ്കുവഹിക്കാൻ കഴിയും

വിവിധ കാരണങ്ങളാൽ നിത്യദുരിതമനുഭവിക്കുന്ന ഒട്ടേറെ ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. രോഗം, അംഗവൈകല്യം, അവശത, അനാഥത്വം എന്നിവകൊണ്ട് ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുള്ള പദ്ധതികൾ ഈ പഞ്ചായത്തിൽ കുറെ പേർക്ക് ഗുണം ചെയ്യുന്നുണ്ട്. കർഷക തൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, വിധവാപെൻഷൻ, തൊഴിലില്ലായ്മാവേതനം, വാർദ്ധക്യകാല പെൻഷൻ എന്നിവ ലഭിക്കുന്ന ധാരാളം പേരുണ്ട്. ധനസഹായം ലഭിക്കാനർഹതപ്പെട്ടവർ ഇനിയും ഒട്ടേറെ പേരുണ്ടെന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

## IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

1992 IRDP സർവ്വേ പ്രകാരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം. | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 166 | 1 | 35 | 8 | 10 | 191 |
| 2 | 346 | 5 | 40 | 14 | 12 | 374 |
| 3 | 300 | ഇല്ല | 12 | 2 | 7 | 293 |
| 4 | 185 | 2 | 14 | 3 | 8 | 177 |
| 5 | 145 | 1 | 19 | 4 | 10 | 135 |
| 6 | 281 | 2 | 17 | 3 | 12 | 269 |
| 7 | 290 | 5 | 16 | 3 | 8 | 282 |
| 8 | 179 | 2 | 31 | 10 | 11 | 199 |
| 9 | 375 | 2 | 46 | 16 | 14 | 407 |
| 10 | 193 | 5 | 40 | 12 | 10 | 223 |
| ആകെ | 2460 | 23 | 270 | 75 | 102 | 2596 |

അവലംബം കുന്നുമ്മൽ ബ്ലോക്ക് ഓഫീസ് രേഖകൾ.

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ. | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം ( IRDP സർവ്വേപ്രകാരം ) | വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992ന് ശേഷം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനികക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 40 | 3 | 2 | 75 |
| 2 | 62 | 5 | 3 | 112 |
| 3 | 102 | 2 | 2 | 100 |
| 4 | 88 | 4 | 4 | 84 |
| 5 | 94 | 6 | 6 | 88 |
| 6 | 112 | 5 | 5 | 107 |
| 7 | 124 | 5 | 5 | 116 |
| 8 | 44 | 4 | 4 | 85 |
| 9 | 70 | 5 | 3 | 125 |
| 10 | 50 | 5 | 5 | 90 |
| ആകെ | 786 | 44 | 39 | 985 |

അവലംബം കുന്നമ്മൽ ബ്ലോക്ക് ഓഫീസ് രേഖകൾ.

## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം.

| വാർഡ് നമ്പർ. | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച് കുറിപ്പ് |
|---|---|---|---|---|
| 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6 | പശുവളർത്തൽ | 1995 | 8 | ആലയുടെ പണികഴിഞ്ഞു |
| 7 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8 | ജെല്ലിനിർമ്മാണം | 95—96 | 10 | റജി:ചെയ്ത് ആരംഭിക്കതേയുള്ള |
| 9 | 1) മൺപാത്രനിർമ്മാണം 2) ജെല്ലി നിർമ്മാണം | 91—92<br>93—94 | 10<br>10 | പ്രവർത്തനം മന്ദീഭവിച്ചാണ്<br>പ്രവർത്തനം മന്ദീഭവിച്ചാണ് |
| 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

അവലംബം കുന്നമ്മൽ ബ്ലോക്ക് ഓഫീസ് രേഖകൾ.

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വാർഡ് നമ്പർ | IRDP സർവ്വേപ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം. | സഹായം ലഭിച്ചവരുടെ എണ്ണം. | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം. |
|---|---|---|---|
| 1 | 2 | ഇല്ല | 2 |
| 2 | 10 | 5 | 5 |
| 3 | 3 | 3 | ഇല്ല |
| 4 | ഇല്ല | ഇല്ല | ഇല്ല |
| 5 | 3 | 3 | ഇല്ല |
| 6 | 4 | 4 | ഇല്ല |
| 7 | 10 | 8 | 2 |
| 8 | 10 | 5 | 5 |
| 9 | 40 | 12 | 28 |
| 10 | 3 | 1 | 2 |
| ആകെ | 75 | 41 | 44 |

അവലംബം കുന്നമ്മൽ ബ്ലോക്ക്ഓഫീസ് രേഖകൾ.

# ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 1) റേഡിയോ ടീവി<br>2) പ്രിൻറിംഗ് പ്രസ്സ്<br>3) ടൈലറിംഗ് | 3 | 2 | 1 | |
| 2 | കംബോസിംഗ് | പരിശീലനം 1 | | | |
| 3 | — | — | — | | |
| 4 | ഓട്ടോ മെക്കാനിസം | 2 | 1 | 1 | |
| 5 | — | — | — | | |
| 6 | വാച്ച് റിപ്പേർ | പരിശീലനം 2 | | | |
| 7 | പ്രിൻറിംഗ് കംബോസിംഗ് | 4 | 3 | 1 | |
| 8 | — | — | — | | |
| 9 | ടൈലറിംഗ് | 1 | | | |
| 10 | പ്ലാസ്റ്റിക്ക് വർക്ക് | 3 | 3 | | |
| | | 16 | 9 | 3 | |

അവലംബം കുന്നമ്മൽ ബ്ലോക്ക് ഓഫീസ് രേഖകൾ.

H

# ഗതാഗതവും ഊർജ്ജവും

# ഊർജ്ജവും ഗതാഗതവും

## ഊർജ്ജം

വേളം പഞ്ചായത്തിലെ ബഹുഭൂരിഭാഗം ജനങ്ങളും കഴിഞ്ഞ നാലഞ്ചു വർഷങ്ങൾക്കു മുമ്പ് വരെ വൈദ്യുതേതര ഊർജ്ജ സ്രോതസ്സുകളെ മാത്രം ആശ്രയിച്ചവരായിരുന്നു. വിറക് മണ്ണെണ്ണ തുടങ്ങിയവയുടെ ഗാർഹിക മേഖലയിലെ ഊർജ്ജ ഉപയോഗം മാത്രമായിരുന്നു അത്.

കുറ്റ്യാടി 110 കെ. വി സബ്സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിലെ തീക്കുനി, ശാന്തി നഗർ പ്രദേശങ്ങളിൽ ആയിരുന്നു ഇവിടെ ആദ്യം വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നത്. പഞ്ചായത്ത് മുഴുവൻ വൈദ്യുതി ലഭ്യമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ജനങ്ങളുടെ മുൻകൈയിൽ ആരംഭിക്കുകയും 1978ൽ ഈ പഞ്ചായത്തിന് കേന്ദ്രഗവൺമെൻറിൻെറ "കരവൈദ്യുതീകരണ പദ്ധതി" എന്ന പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. 1500 പേർ മിനിമം ഗ്യരണ്ടിയിൽ ഒപ്പുവെച്ചുകൊണ്ട് കണക്ഷടെുക്കുവാൻ സന്നദ്ധരായി മുന്നോട്ട് വന്നു. ഇതുപ്രകാരം 11 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുകൊണ്ട് 1983ൽ പഞ്ചായത്തിൻെറ ഭൂപ്രകൃതി അനുസരിച്ച് ഒട്ടുമിക്ക പ്രദേശങ്ങളിലുമായി കണക്ഷൻ ലഭിക്കുകയും ചെയ്തു. ഇതിനു പുറമെ തീക്കുനി, ശാന്തി നഗർ പ്രദേശങ്ങളിൽ സ്ഥാപിച്ച മൂന്ന് ട്രാൻസ്ഫോർമറുകളും പള്ളിയത്തും തീക്കുനിയിലും സോമില്ലുകൾക്കായി സ്ഥാപിച്ച രണ്ട് ട്രാൻസ്ഫോർമറുകളും ഉൾപ്പടെ 16 ട്രാൻസ്ഫോർമറുകൾ ഇവിടെ നിലവിലുണ്ട്.

മിനിമം ഗ്യാരണ്ടിയിൽ ഒപ്പുവെച്ച 1144 പേർക്ക് കണക്ഷൻ ലഭിച്ചിട്ടുണ്ട്. ഒപ്പുവെച്ച് പണമടച്ച 138 പേർക്കും ഓർഡിനറി, ഒ.ടി.പി, ഒ. വൈ. ഇ. സി. പ്രകാരം കണക്ഷൻ ലഭിക്കേണ്ട നിരവധിപേരും ഇന്ന് നിലവിലുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി 12 സോഡിയം വേപ്പർ ലാമ്പുകളുണ്ട്.

ഇന്ന് നിലവിലുള്ള ട്രാൻസ്ഫോർമറുകൾ കൂടുതൽ ഭാരം വഹിക്കാത്തതിനാൽ വോൾട്ടേജ് പ്രശ്നം രൂക്ഷമല്ല. ഇവിടെ വൈദ്യുതി 98 ശതമാനവും ഗാർഹികാവശ്യത്തിനായാണ് ഉപയോഗിക്കുന്നത്. ഇത് വെളിച്ചത്തിനുവേണ്ടി മാത്രമാണ്. വ്യാപാരാവശ്യത്തിനും വ്യാവസായികാവശ്യത്തിനും കാർഷികാവശ്യത്തിനുമായി വൈദ്യുതി ഉപയോഗിക്കുന്നവർ നാമമാത്രമാണ്. സ്വന്തം കൃഷിഭൂമിയിൽ ഭാഗികമായി ജലസേചന സൗകര്യത്തിനായി വൈദ്യുതി ഉപയോഗിക്കുന്നവർതന്നെ വളരെ പരിമിതമാണ്. കൂട്ടായ കൃഷി രീതിക്കോ, വ്യവസായ രംഗത്തോ ഈ പഞ്ചായത്തിൽ വൈദ്യുതി ഉപയോഗിക്കുന്നേ ഇല്ല.

വേളം പഞ്ചായത്തിൽ എല്ലാ പ്രദേശങ്ങളിലും ഇന്ന് വൈദ്യുതി എത്തിയിട്ടില്ല. മുതുവനക്കുന്ന്, ഞള്ളേരിപ്പൊയിൽ ഭാഗം, കുഞ്ഞിപ്പീടികയിൽ ഭാഗം, തൂവ്വമല, കോയ്യൂറക്കുന്ന്, കാപ്പുമല, പാറക്കാം പൊയിൽ, ഒഴിഞ്ഞിലോട്ട് തറ, കായങ്കിത്തറ, മാമ്പ്രമല, പുത്തലത്ത് മീത്തൽ, പാലോടിക്കുന്ന്, മങ്ങാട് കുന്ന്, വല്ലത്ത് മീത്തൽ കുന്ന്, വെള്ളാക്കുടി ഭാഗം, തയ്യിൽ കുന്ന്, ചാത്തങ്കണ്ടി ഭാഗം, ചെങ്ങനം കോട്ട് കുന്ന്, നിരക് പറമ്പ് എന്നീ പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി ലഭിക്കേണ്ടതുണ്ട്. ഈ പ്രദേശത്തുകാർ ഇപ്പോഴും മണ്ണെണ്ണവിളക്കിനേയാണ് ആശ്രയിക്കുന്നത്. പണമടച്ച് വൈദ്യതിക്കായി കാത്തു നിൽക്കുന്നവർ നിരവധിയാണ്. കാർഷിക മേഖലയെ ആശ്രിയച്ചാണ് ബഹുഭൂരിഭാഗം ആളുകളും കഴിയുന്നതെങ്കിലും ഈ മേഖലയിൽ വൈദ്യുതി ഉപയോഗപ്പെടുത്തുന്നില്ല. പാചകത്തിനും മറ്റും വീടുകളിൽ വിറകിന്റെ ലഭ്യത ഇന്ന് കുറഞ്ഞ് വരുന്നുണ്ട്. ഉള്ള വിറക് ഊർജ്ജം പാഴാകാതെ ഉപയോഗപ്പെടുത്തുന്ന രീതി അറിയാകുന്നവർ വളരെ വിളരമാണ്. പുകയില്ലാത്ത അടുപ്പിന്റെയും ദക്ഷത കൂടുതലുള്ള വിറകടുപ്പിന്റെയും പ്രചരണം തന്നെ ഇവിടെയില്ല. വൈദ്യുതേര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്ന ഒരു പദ്ധതിയും പഞ്ചായത്തിൽ നിലവിലില്ല.

13 ട്രാൻസ്ഫോർമറുകൾക്ക് കീഴിലായി പണമടച്ച് കണക്ഷന് വേണ്ടി കാത്തു നിൽക്കുന്നവർക്ക് കണക്ഷൻ നൽകാനാവാശ്യമായ കമ്പിയും മറ്റുപകരണങ്ങളും ലഭിക്കേണ്ടതുണ്ട്. വൈദ്യതി ലഭിക്കാത്ത പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലഭിക്കാനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. നാരാണിക്കുന്ന്, ചോയിമഠം, കുളിക്കുന്ന്, ഹരിജൻ കോളനികളിലും മണിമല ലക്ഷം വീടുകോളനിയിലും വൈദ്യുതി ലഭിക്കേണ്ടതുണ്ട്. ചോയിമഠം കോളനിയിൽ ചില ഒറ്റപ്പെട്ട വീടുകളിൽ മാത്രമാണ് വൈദ്യുതി ലഭിച്ചത്. ഈ കോളനികളിൽ പഞ്ചായത്ത് വയറിംഗ് നടത്തിയിട്ടുണ്ട്.

വേളം പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന മുഖ്യ പ്രശ്നം വൈദ്യുതി ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ യഥാസമയം പരിഹരിക്കുന്നില്ല എന്നതാണ്. കാർഷിക വ്യവസായിക മേഖലയിൽ ഇവിടെ വൈദ്യുതി ഉപയോഗം അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങളിൽ വൈദ്യുതി ലഭിക്കേണ്ടതുണ്ട്. പണമടച്ച് കണക്ഷന് വേണ്ടി കാത്തുനിൽക്കുന്നവർക്ക് കണക്ഷൻ ലഭിക്കേണ്ടതുണ്ട്. മീറ്ററുകളിൽ പ്രവർത്തിക്കാത്തവയും കൃത്യമായി പ്രവർത്തിക്കാത്തവയും ധാരാളമുണ്ട്. ഉപഭോക്താക്കൾക്ക് യഥാസമയം K.S.E.B. ഓഫീസിൽ നിന്നും ആവശ്യമായ പരിഹാരം ലഭിക്കുന്നില്ല. പ്രധാന അങ്ങാടികളിൽ സ്ഥാപിച്ച സോഡിയം വേപ്പർ ലാമ്പുകളല്ലാതെ തെരുവുവിളക്കുകൾ ഇല്ല. തുലാറ്റും നട മുതൽ തീക്കുനി വരെയും, തീക്കുനി മുതൽ ഗുളികപ്പുഴ വരെയും, ചേരാപുരം ഭജനമഠം മുതൽ ശാന്തി നഗർ വരെയും, വലകെട്ട് മുതൽ കൈപ്രം കടവു വരെയും, പെരുവയൽ മുതൽ പള്ളിയത്ത് മാണിക്കോത്ത് താഴ വരെയും, കാക്കുനി മുതൽ പുതുക്കുടി മുക്കുവരെയും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

വൈദ്യുത ലൈനിലുണ്ടാകുന്ന തകരാറുകൾ യഥാസമയം ലൈനിലേക്ക് ചാഞ്ഞുനിൽക്കുന്ന വൃക്ഷങ്ങളും ചില്ലകളും മറ്റും വെട്ടിമാറ്റി പരിഹരിക്കാം. ഈ പഞ്ചായത്തിൽ തന്നെ ഈ രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന വിദഗ്ദരുണ്ട്. വേളം പഞ്ചായത്തിനെ ചുറ്റിയൊഴുകുന്ന ഗുളികപ്പുഴ (കുറ്റ്യാടിപ്പുഴ) യിലെ വെള്ളവും മണലും ഉപയോഗപ്പെടുത്തി ആവശ്യമായ ഇലക്ട്രിക് പോസ്ററുകൾ നിർമ്മിക്കാൻ കഴിയും. തൊഴിലില്ലാത്ത ചെറുപ്പക്കാരെ ഇതിന് ഉപയോഗപ്പെടുത്താൻ കഴിയും. ഉപഭോക്താക്കളുടെ എണ്ണത്തിൽ കുറവുള്ള ട്രാൻസ്ഫോർമറുകൾക്ക് കീഴിൽ ഇന്ന് കണക്ഷൻ കൊടുക്കാൻ ലഭിക്കാത്ത കുറേപേർക്ക് കണക്ഷൻ കൊടുക്കാൻ കഴിയും. തെരുവ് വിളക്കുകൾക്കാവശ്യമായ സാമഗ്രികൾ സൗജന്യമായി തരുവാൻ തയ്യാറുള്ള സന്നദ്ധ സംഘടനകളും സ്ഥാപനങ്ങളുമുണ്ട്. കാലികളെ വളർത്തുന്ന വീടുകൾ നിരവധി ഇവിടെയുണ്ട്. ബയോ ഗ്യാസിന്റെ നിർമ്മാണവും ഉപയോഗവും പ്രചരിപ്പിക്കുയും പരിശീലിപ്പിക്കുകയും ചെയ്ത് ഈ രംഗത്ത് കൊണ്ടു വരാൻ കഴിയുന്ന കൃഷിക്കാരുണ്ട്. കൃഷിഭൂമി ധാരാളം ഉള്ളതിനാൽ വൃക്ഷങ്ങൾ വളർത്തുന്നത് പ്രോത്സാഹിപ്പിക്കാം. അതുവഴി ഗാർഹിക ആവശ്യങ്ങളുടെ വൈദ്യുതി ഉപയോഗം കുറച്ച് അത് കാർഷിക ആവശ്യങ്ങൾക്കും മറ്റും ഉപയോഗപ്പെടുത്താം.

വേളം പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഊർജ്ജ സ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. വിറക്, ഒഴുകുന്നജലം, ചാണകം, കാർഷിക അവശിഷ്ടങ്ങൾ, സൂര്യപ്രകാശം, കാറ്റ് എന്നിവയിൽ നിന്നുള്ള ഊർജ്ജം ഉപയോഗപ്പെടുത്താവുന്നതാണ്. പാചക ആവശ്യങ്ങൾക്ക് പൂർണ്ണമായും വിറക് ഫലപ്രദമായി ഉപയോഗിക്കാം. ഊർജ്ജം പാഴാകാതെ ഉപയോഗപ്പെടുത്തുന്ന രീതികൾ പരിശീലിപ്പിക്കേണ്ടതുണ്ട്. കച്ചിപ്പെട്ടി, പുകയില്ലാത്ത അടുപ്പുകൾ ഇവ പ്രചരിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഗുളികപ്പുഴയിലെ ജലവും, മണലും ഉപയോഗിച്ച് ഇലക്ട്രിക് പോസ്റ്റുകൾ നിർമ്മിക്കുന്ന ഒരു യൂണിറ്റെങ്കിലും തുടങ്ങണം. ചാണകത്തിൽ നിന്ന് ഗ്യാസ് നിർമ്മിക്കുന്ന പരിശീലനം കാലിവളർത്തുകാർക്ക് നൽകുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യണം. വൈദ്യുതി ഉപയോഗത്തെ കുറിച്ച് ഉപഭോക്താക്കളിൽ ബോധവൽകരണം നടത്തണം.

പൊതുവെ പഞ്ചായത്തിലെ നിരവധി ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി ഫലപ്രദമായി ഉപയോഗിക്കാനും വൈദ്യുതിയുടെ ഉപയോഗം പ്രത്യുൽപാദനപരമായ മേഖലകളിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനും കഴിഞ്ഞാൽ പഞ്ചായത്തിന്റെ വികസന രംഗത്ത് വൻമാറ്റം ഉണ്ടാക്കാൻ കഴിയും.

**തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ**

1. തുലാറ്റും നടമുതൽ തീക്കുനി വരെ.
2. തീക്കുനി മുതൽ ഗുളികപ്പുഴവരെ.
3. ചേരാപുരം ഭജനമഠം മുതൽ ശാന്തിനഗർ വരെ.
4. വലകെട്ട് മുതൽ കൈപ്രം കടവ് വരെ.
5. വേളംപെരുവയൽ മുതൽ പള്ളിയോത്ത് മാണിക്കോത്ത് താഴെവരെ.
6. കാക്കുനി മുതൽ പുതുക്കുടി വരെ.

**വൈദ്യുതി എത്തേണ്ട സ്ഥലങ്ങൾ**

1. മുതുവനക്കുന്ന്
2. ഞള്ളേരിപ്പൊയിൽ ഭാഗം.
3. തൂവ്വമല
4. കോയൂറക്കുന്ന്.
5. കാപ്പുമല.
6. പാറക്കാം പൊയിൽ.
7. പൊഴിഞ്ഞിലോട്ട് തറ.
8. കായങ്കിത്തറ.
9. മാമ്പ്രമല.
10. പുത്തലത്ത് മീത്തൽ.
11. പാലോടിക്കുന്ന്.
12. മങ്ങാട് കുന്ന്.
13. വല്ലത്ത് മീത്തൽ കുന്ന്
14. വെള്ളാക്കുടി ഭാഗം.
15. തയ്യിൽ കുന്ന്
16. ചാത്തക്കണ്ടി ഭാഗം.

17. ചെങ്ങനംകോട്ട് കുന്ന്.
18. നിരക് പറമ്പ്.
19. കോട്ടക്കുന്ന്.
20. മുതുകുന്ന്.
21. ലക്ഷംവീടിന് ഇടത് ഭാഗം പ്രദേശം.

## പ്രശ്നങ്ങൾ

1. വൈദ്യുതലൈനുകളിലുണ്ടാകുന്ന തകരാറുകൾ ശ്രദ്ധയിൽ പെടുത്തിയാൽ ദിവസങ്ങൾ കഴിഞ്ഞാൽ മാത്രമേ പരിഹരിക്കാറുള്ളു.

2. കാർഷിക വ്യാവസായിക മേഖലകളിൽ വൈദ്യുതി ഉപയോഗിക്കുന്നില്ല.

3. പഞ്ചായത്തിലെ 24 കുന്നുകളിൽ വൈദ്യുതി എത്തിയിട്ടല്ല.

4. പണമടച്ചിട്ടും കണക്ഷൻ ലഭിക്കുന്നതിലുള്ള കാലതാമസം.

5. തെരുവുവിളക്കുകൾ ഇല്ല.

6. പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ

7. കുറ്റ്യാടിയിൽ പോയി പണമടക്കാനുള്ള ബുദ്ധിമുട്ട്.

8. ഗോബർ ഗ്യാസിൻെറ ഉപയോഗം പരിചയമില്ല.

9. കച്ചിപ്പെട്ടി; പുകയില്ലാത്ത അടുപ്പുകൾ ഇവ ഉപയോഗിക്കുന്നില്ല.

10. ആവശ്യമായ ലൈൻമാൻ മാരുടെ അഭാവം.

## സാധ്യതകൾ

1. വേളം പഞ്ചായത്തിൽ K.S.E.B. സെക്ഷൻ ഓഫീസ് സ്ഥാപിച്ച് പ്രവർത്തനം കാര്യക്ഷമമായി നടത്തുക.

2. ചേരാപുരത്തും വേളത്തും ഓരോ ലൈൻമാൻമാരെ നിയമിക്കുക.

3. പണമടക്കുന്ന ഗുണഭേക്താക്കൾക്ക് കാലതാമസം കൂടാതെ കണക്ഷൻ നൽകാൻ സംവിധാനമുണ്ടാക്കുക.

4. കച്ചിപ്പെട്ടി, പുകയില്ലാത്ത അടുപ്പുകൾ എന്നിവ പ്രചരിപ്പിക്കുക.

5. ഇലക്ട്രിക് പോസ്റ്റുകൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.

6. ചാണകത്തിൽ നിന്ന് ഗ്യാസ് നിർമ്മിച്ച് ഉപയോഗിക്കുന്നത് പരിശീലിപ്പിക്കുക.

7. കാർഷിക ആവശ്യങ്ങൾക്കും വ്യവസായങ്ങൾക്കും വൈദ്യുതി സൗജന്യമായി ലഭ്യമാക്കുക.

8. വിറകിനുവേണ്ടി മരങ്ങൾ വെച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

9. മുതുവനക്കുന്ന്, തുവ്വമല, കാഫുമല, മാമ്പ്രമല തുടങ്ങിയ പ്രദേശങ്ങളിൽ ANERT ൻെറ സഹായത്തോടെ സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതീകരിക്കാം.



# ഗതാഗതം

ഗതാഗതരംഗത്തെ അപര്യാപ്തത വേളം പഞ്ചായത്തിന്റെ സമസ്ത മേഖലകളിലുമുള്ള വികസനത്തിന് തടസ്സം നിന്നിരുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട ഒരു പഞ്ചായത്ത് ആയതിനാൽ ജലമാർഗ്ഗമുള്ള ഗതാഗതമായിരുന്നു ഒരു 40 വർഷം മുമ്പുവരെ ഇവിടെയുള്ളവർക്ക് ആശ്രയം. തോണിയും ഇടക്കാലത്ത് ബോട്ടുമായിരുന്നു ഇതിനായി ഉപയോഗിച്ചിരുന്നത്. യാത്ര ചെയ്യാനും ചരക്കുകൾ കൊണ്ടുവരാനും ജലമാർഗ്ഗം തന്നെയായിരുന്നു ആശ്രയം.

വെറും ഊടുവഴികളും നടപ്പാതകളും മാത്രമായിരുന്ന ഈ പഞ്ചായത്തിൽ ക്രമേണ പൊതുജനങ്ങൾ തന്നെ വെട്ടിയുണ്ടാക്കിയ റോഡുകൾ രൂപം കൊണ്ടു. എന്നാൽ ഈ റോഡുകൾ ഗതാഗതയോഗ്യമായിത്തീരാൻ ദശാബ്ദങ്ങളോളം കാത്തിരിക്കേണ്ടതായി വന്നു. കിലോമീറ്ററുകളോളം നടന്ന് അടുത്ത പഞ്ചായത്തുകളിൽ പോയി വാഹനങ്ങളിൽ കയറേണ്ട അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. രോഗികളെ ആശുപത്രികളിലെത്തിക്കുവാൻ മഞ്ചലുകൾ മാത്രമായിരുന്നു ആശ്രയം. യഥാസമയം രോഗിയെ ആശുപത്രിയിലെത്തിക്കാൻ കഴിയാതെ യാത്രാമധ്യേ മഞ്ചലിൽ വച്ച് തന്നെ മരണമടഞ്ഞ ഹതഭാഗ്യവാന്മാർ നിരവധി ഇവിടെ ഉണ്ടായി എന്നത് ഗതാഗത രംഗത്തെ ഈ പഞ്ചായത്തിലെ ഭീതിജന്യമായ അവസ്ഥ വെളിപ്പെടുത്തു ന്നവയാണ്. തലച്ചുമടായും ചുമലിലെടുത്തും ആയിരുന്നു വീടുകളിലും കടകളിലും ചരക്കുകൾ എത്തിച്ചിരുന്നതും കൃഷിക്കാർ ഉൽപന്നങ്ങൾ വിപണിയിലെത്തിച്ചിരുന്നതും. ഗുളികപ്പുഴ (കുറ്റ്യാടിപ്പുഴ) വേളം പഞ്ചായത്തിനെ മറ്റു പ്രദേശങ്ങളിൽ നിന്നും ഭൂമിശാസ്ത്രപരമായി ഒറ്റപ്പെടു ത്തിയത്. ഈ പഞ്ചായത്തിന്റെ ഗതാഗത രംഗത്തെ അഭിവൃദ്ധിക്ക് ഒരു വിഘാതം തന്നെയായി.

വേളം പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ച് പഞ്ചായത്തിനകത്ത് മുഴുവൻ പ്രദേശങ്ങളും ബന്ധപ്പെടാൻ കഴിയുന്ന നിരവധി റോഡുകൾ ഇന്ന് നിലവിലുണ്ട്. എന്നാൽ എല്ലാ റോഡുകളും പൂർണ്ണമായും മുഴുവൻ കാലവും ഗതാഗതയോഗ്യമല്ല. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 139.721 കി.മീ. ആണ്. ഇതിൽ 16.670 കി.മീ. P.W.D. റോഡും 5.800 കി.മീ. പഞ്ചായത്ത് റോഡും മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. ഈ റോഡുകളുടെ നിർമ്മാണത്തിൽ 8 കി.മീ ദൈർഘ്യമുള്ള കുറ്റ്യാടി റോഡിനു വേണ്ടി ഏതാനും സെന്റ് സ്ഥലം വിലക്കെടുത്തതല്ലാതെ ബാക്കിമുഴുവൻ റോഡുകളും നിർമ്മിക്കാനാവശ്യമായ സ്ഥലം ആവശ്യപ്പെട്ട വീതിയിൽ ജനങ്ങൾ സംഭാവന യായി നൽകിയതാണ്. ഒരു പക്ഷേ കേരളത്തിൽ ഇത്രയേറെ സ്ഥലം റോഡിനു വേണ്ടി സംഭാവന ചെയ്ത പഞ്ചായത്ത് വേറെയുണ്ടാവല്ല.എന്നിട്ടും ഭൂരിഭാഗം റോഡുകളും ഇപ്പോഴും ഗതാഗത യോഗ്യമായിട്ടില്ല.

ഗതാഗത യോഗ്യമായ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡായ അരൂര് – ഗുളികപ്പുഴ റൂട്ടിൽ 13 ഓളം ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു. ഈ റോഡ് ചെറുവണ്ണൂർ പഞ്ചായത്തിലെ ഗുളികപ്പുഴ – പന്നിമുക്ക് റോഡുമായി ബന്ധിപ്പിക്കാൻ ഒന്നരക്കോടി രൂപ ചെലവിൽ ഗുളികപ്പുഴ പാലം നിർമ്മിച്ച് കോഴിക്കോടുമായി ബന്ധപ്പെടാൻ എളുപ്പമാർഗ്ഗം ഉണ്ടാക്കിയിട്ടും ബസ് സർവ്വീസുകൾ കുറഞ്ഞുപോവുകയാണുണ്ടായത്. ഇപ്പോൾ തീക്കുനിയിൽ നിന്നും കക്കട്ടിലേക്ക് ഒരു ബസ്സുപോലും ഓടുന്നില്ല. ഏതാനും ദിവസങ്ങളായി ഒരു K.S.R.T.C ബസ് ഓടുന്നുണ്ട്. അനധികൃതമായി ജീപ്പുകൾ 2.25 രൂപ നിരക്കിൽ സർവ്വീസ് നടത്തുന്നതിന്റെ ഫലമായിട്ടാണ് ബസ് സർവ്വീസ് നടത്തുന്നതിന്റെ ഫലമായിട്ടാണ് ബസ് സർവ്വീസ് നിലച്ചത്. ഇതുമൂലം ഏറ്റവും അധികം കഷ്ടത അനുഭവിക്കുന്നത് സ്കൂൾ കോളേജ് വിദ്യാർത്ഥികളാണ്.

**മൊത്തം റോഡുകളുടെ സ്വഭാവം**

| കച്ച | പക്ക | മെററൽ | പഞ്ചായത്ത് | PWD | N.H. | മററുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| | | | ടാർ ചെയ്തത് | | | | |
| 63.56 കി.മീ | 22.470 കി.മീ. | 14.275 കി.മീ. | 5.800 കി.മീ. | 16.670 കി.മീ. | ---- | 17 കി.മീ. | 139.721 കി.മീ. |

വേളം പഞ്ചായത്തിലെ 40 ശതമാനം ജനങ്ങൾക്ക് മാത്രമേ ഇന്ന് മെച്ചപ്പെട്ട ഗതാഗത സൗകര്യം ലഭ്യമാകുന്നുള്ളൂ. അത് ചേരാപുരം പ്രദേശത്തു മാത്രമാണ്. ഗുളികപ്പുഴ പാലവും കാവിൽ തീക്കുനി റോഡും, കുളങ്ങരത്ത് അരൂർ ഗുളികപ്പുഴ റോഡ് എന്നിവ ടാർ ചെയ്തതോടെയാണ് ഈ മാറ്റമായത്. വേളം പഞ്ചായത്തിൽ ആദ്യത്തെ ടാർ ചെയ്ത റോഡുണ്ടായത് 1981ൽ ആണ്. (കണ്ണോടൻ കണ്ടിത്താഴ-വലകെട്ടി റോഡ്). കഴിഞ്ഞ 15 വർഷങ്ങൾ കൊണ്ട് ഈ പഞ്ചായത്തിൽ റോഡുകളുടെ നിർമ്മാണവും സൗകര്യവും വളരെയധികം വർദ്ധിച്ചിട്ടുണ്ട്. പരസ്പര ബന്ധിതമായ നിരവധി റോഡുകൾ ഇവിടെയുണ്ടെങ്കിലും ഇവയിൽ 90 ശതമാനവും വേനൽക്കാലങ്ങളിൽ മാത്രം ഉപയോഗയോഗ്യമായവയാണ്. ബോളറിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് സൗകര്യങ്ങളൊന്നുമില്ലാത്ത ചെമ്മൺ റോഡുകളാണിവ. മിക്ക റോഡുകളും വെള്ളപ്പൊക്ക ഭീഷണി നേരിടുന്നു. 60 ശതമാനം വരുന്ന വേളം പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായ കുറ്റ്യാടി കൈപ്രം കടവ് റോഡും, പള്ളിയത്ത് പെരുവയൽ റോഡും P.W.D. ഭാഗികമായ പ്രവർത്തനം നടന്നു വരുകയാണ്. ഈ രണ്ട് റോഡുകളും പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കിയെങ്കിൽ മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ. ഇതേ പോലെ കുറ്റ്യാടി പുഴയിൽ തെക്കേടത്തു കടവിനു പാലം നിർമ്മിക്കുകയും നിർമ്മാണ പ്രവർത്തി നിലച്ച മാണിക്കോത്ത് താഴപ്പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഗതാഗതരംഗത്തെ ഇന്നത്തെ അവസ്ഥക്ക് മാറ്റം ഉണ്ടാവുകയുള്ളൂ.

ഇന്ന് J.R.Y. പദ്ധതിയിൽ 4 പ്രധാന റോഡുകളുടെ നിർമ്മാണ പ്രവർത്തി ഭാഗികമായി ചെയ്തു വെച്ചിട്ടുണ്ട്. ബോളറിങ്ങ് കഴിഞ്ഞവയും ഭാഗികമായി ടാറിങ്ങ് കഴിഞ്ഞവയും ഇക്കൂട്ടത്തിലുണ്ട്. പഞ്ചായത്തിലെ 10 വാർഡുകളിലും ചെറുതും വലുതുമായ നിരവധി റോഡുകളുണ്ട്. പഞ്ചായത്തിനടുത്ത് തന്നെ നിരവധി പ്രദേശങ്ങളുമായി ബന്ധപ്പെടാനും കഴിയുന്ന റോഡുകളുണ്ട്. ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളുമായി ബന്ധപ്പെടാനും കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും വ്യാപാര രംഗം മെച്ചപ്പെടുത്താനും കഴിയുന്ന റോഡുകളാണിവയിൽ മിക്കതും. കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതി യുടെയും നിലവിലുള്ള പഞ്ചായത്ത് ഭരണ സമിതിയുടെയും നേതൃത്വത്തിൽ നിർമ്മിച്ച റോഡുകളും സർക്കാറിൽ നിന്ന് ബ്ലോക്ക് മുഖേനയും മറ്റും ലഭിച്ച ഫണ്ടുകളും ഉപയോഗിച്ചു നിർമ്മിച്ച റോഡുകളുമാണ് ഇന്ന് നിലവിലുള്ള പഞ്ചായത്തിലെ റോഡുകൾ. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള റോഡുകളും ഇവിടെയുണ്ട്.

പഞ്ചായത്തിലെ റോഡുകളുടെ ഇന്നത്തെ അവസ്ഥ മാറ്റി പൂർണ്ണമായും ഗതാഗതയോഗ്യമാക്കി മാറ്റിയെങ്കിൽ മാത്രമേ ജനങ്ങൾക്ക് ഉപയോഗപ്രദമാവുകയുള്ളൂ. പഞ്ചായത്തിലിന്ന് നിലവിലുള്ള റോഡുകളിൽ പല പദ്ധതികളിലായി ഉദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. J.R.Y. ഫണ്ടും വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഫണ്ട് നേരിട്ടും ഉപയോഗപ്പെടുത്തുന്നു. P.W.D. ഏറ്റെടുത്ത കുറ്റ്യാടി കൈപ്രം കടവ് റോഡിന്റെ നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. P.W.D. ഏറ്റെടുത്ത പെരുവയൽ റോഡിന്റെ പ്രവർത്തി ഭാഗികമായി ബോളറിങ്ങ് കഴിഞ്ഞ് സാങ്കേതിക അനുമതിക്കായി കാത്തിരിക്കുന്നു. വർഷങ്ങൾക്കു മുമ്പ് പ്രവർത്തിയാരംഭിച്ച മാണിക്കോത്ത് കടൽപ്പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി കരാറുകാരന്റെ അനാസ്ഥ കാരണം നിലച്ചിരിക്കുന്നു. വടയം, വകക്കെട്ട് റോഡ്, ഊരത്ത് ചെറുകുന്ന് റോഡ്, കാരൂതി നമ്പാംവയൽ റോഡ് എന്നീ റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. 25000ഓളം ജനങ്ങൾ താമസിക്കുന്ന വേളം പഞ്ചായത്തിൽ ഇന്ന് ബസ് യാത്രാസൗകര്യം ലഭിക്കുന്നവർ 10000ൽ താഴെയേ കാണുന്നുള്ളൂ. കാവിൽ തീക്കുനി റോഡ് വഴിയും തീക്കുനി ഗുളികപ്പുഴ വഴിയും മാത്രമേ ഇന്ന് നാമമാത്രമായി ബസ്സ്സർവ്വീസ് നിലവിലുള്ളൂ. ഈ റോഡുകൾ തന്നെ യഥാസമയം അറ്റകുറ്റ പണികൾ നടക്കുന്നില്ല.

ഇന്ന് പ്രവർത്തി നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കണം. കുറ്റ്യാടി കൈപ്രംകടവ് റോഡിന്റെയും, പള്ളിയത്ത് പെരുവയൽറോഡിന്റെയും മാണിക്കോത്ത്താഴ പാലത്തിന്റെയും വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വകക്കെട്ട് ശാന്തിനഗർ റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കുകയും തെക്കേടത്ത് കടവിൽ പുതുതായി പാലം നിർമ്മിക്കുകയും ചെയ്യുന്നതോടുകൂടി വേളം പഞ്ചായത്തിലെ ഗതാഗത രംഗത്ത് മുഖ്യ പ്രശ്നങ്ങൾക്ക് പരിഹാരമാവും. പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ ഗതാഗത സൗകര്യമുള്ളവ ആക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. നിലവിലുള്ള റോഡുകൾക്ക് പുറമെ പുതിയറോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. ലക്ഷംവീട് മുതൽ പുത്തലത്ത് ശ്മശാനം വരെയുള്ള റോഡ് പുതുതായി നിർമ്മിക്കേണ്ട ഒരു പ്രധാന റോഡാണ്. ഇതേ പോലെ വിവിധ വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതുമായ നിരവധി റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. P.W.D. റോഡുകൾക്കും പഞ്ചായത്ത് റോഡുകൾക്കും ഓവുചാലുകൾ നിർമ്മിക്കേണ്ടതുണ്ട്. പ്രധാന ടൗണുകളിലെല്ലാം ബസ് സ്റ്റോപ്പുകൾ നിർമ്മിക്കണം. വീതി കുറഞ്ഞ റോഡുകൾ വീതി വർദ്ധിപ്പിക്കുകയും ചെയ്യണം. ശുദ്ധജല വിതരണത്തിനായുള്ള പൈപ്പ് ലൈൻ പ്രവർത്തികൾ യഥാസമയം നടത്തി

തീർക്കാത്തതിനാൽ നിലവിലുള്ള റോഡുകൾ തന്നെ തകരാറിലാവുന്നു. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യേണ്ടതുണ്ട്.

നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുവാനും സംരക്ഷിക്കുവാനും ഇവിടെ സാദ്ധ്യതകൾ നിരവധിയുണ്ട്. മണ്ണും കരിങ്കല്ലും ധാരാളമായി ഈ പഞ്ചായത്തിൽ തന്നെ ലഭ്യമാണ്. മനുഷ്യാദ്ധ്വാനം സേവനമായി നൽകാൻ സന്നദ്ധതയുള്ള ജനങ്ങൾ ഇവിടെയുണ്ട്. സന്നദ്ധ സംഘടനകളുടെ സേവനം ഇവിടെ ലഭ്യമാണ്.

സന്നദ്ധ സംഘടനകൾ മുഖേനയും പഞ്ചായത്തിലെ ജനകീയ കമ്മിറ്റികൾ മുഖേനയും ഇന്ന് നിലവിലുള്ള നിർമ്മാണം പൂർത്തീകരിക്കാനും പുതിയ റോഡുകൾ നിർമ്മിക്കുവാനും കഴിയും. ഓവു ചാലുകൾ നിർമ്മിച്ച് റോഡുകൾ സംരക്ഷിക്കാൻ കഴിയും. ജനങ്ങളിൽ റോഡ് സംരക്ഷണത്തിന് ആവശ്യമായ ബോധവൽക്കരണം നടത്താം. കർശനമായ നിയമങ്ങൾ വഴി കരാറുകാരുടെ കാലതാമസം ഒഴിവാക്കി എടുക്കാം. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ കായിക ശേഷി ഉപയോഗപ്പെടുത്താം. സമ്പന്നരായ ആളുകളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും മറ്റും റോഡുകൾ നിർമ്മിക്കാം.

വേളം പഞ്ചായത്തിനെ ഗതാഗത രംഗത്ത് അഭിവൃദ്ധിപ്പെടുത്തി ഇന്ന് ജനജീവിതത്തിന്റെ വിവിധ മേഖലകളിൽ അനുഭവപ്പെടുന്ന ഒട്ടനവധി പ്രശ്നങ്ങളിൽ നിന്ന് കരകയറ്റാനും സമ്പത്തും സമയവും പാഴാകുന്നത് മറ്റു മേഖലകളിൽ ഉപയോഗപ്പെടുത്തുവാനും ഇതുവഴി കഴിയും. ഇവിടെത്തന്നെയുള്ള വിവിധ വിഭവശേഷികൾ ഉപയോഗപ്പെടുത്തി ഇതിനു പരിഹാരം കാണുന്നതിന്ന് കഴിയുന്നതാണ്. റോഡ് ഗതാഗതം മെച്ചപ്പെടുത്തൽ തന്നെയാണ് ഈ പഞ്ചായത്തിന്റെ ഗതാഗതരംഗത്തെ പ്രശ്നത്തിനു പരിഹാരമായുള്ളു.



## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ വേളം പ്രദേശത്തുകാർക്ക് ഗതാഗതയോഗ്യമായുള്ള റോഡുകളില്ല.

2. റോഡ് നിർമ്മാണത്തിന് പഞ്ചായത്തിന്റെ സാമ്പത്തികശേഷി കുറവ്.

3. ഭൂരിഭാഗം പഞ്ചായത്തു റോഡുകളും ഗതാഗതയോഗ്യമല്ല.

4. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല.

5. ഓവു ചാലുകളില്ല.

6. ആവശ്യമായ ബസ് സർവ്വീസുകളില്ല.

7. ബസ്സ് വെയിറ്റിങ്ങ് ഷെഡ്ഡുകളില്ല.

8. ഗുളികപ്പുഴ, തീക്കുനി, കക്കട്ട് റൂട്ടിൽ ആവശ്യമായ ബസ്സ് ഗതാഗത സൗകര്യമില്ലായ്മ.

## സാധ്യതകൾ

1. വേളം പ്രദേശത്തേക്ക്, കുറ്റ്യാടി-വലകെട്ട് കൈപ്രങ്കടവ് റോഡ്, പള്ളിയത്ത്-പെരുവയൽ റോഡ് എന്നിവയുടെ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുക.

2. റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്തുക.

3. എല്ലാ റോഡുകളുടെയും പാർശ്വങ്ങളിൽ ഓവുചാലുകൾ നിർമ്മിക്കുക.

4. പഞ്ചായത്ത് റോഡുകൾ അറ്റകുറ്റ പണികൾ നടത്തി ഗതാഗതയോഗ്യമാക്കുക.

5. പുതിയ റോഡുകൾ നിർമ്മിക്കുക.

6. ആവശ്യത്തിന് ബസ്സ് സർവ്വീസുകൾ അനുവദിക്കുക.

7. ഗുളികപ്പുഴയിലുണ്ടായിരുന്ന ബോട്ട് സർവ്വീസ് പുനസ്ഥാപിക്കുക.

8. ബസ്സ് വെയിറ്റിങ്ങ് ഷെഡ്ഡുകൾ നിർമ്മിക്കുക. (25 എണ്ണം.)

9. ഗുളികപ്പുഴ തീക്കുനി കക്കട്ട് തലശ്ശേരി റൂട്ടിലും, തീക്കുനി കക്കട്ട് നാദാപുരം വടകര റൂട്ടിലും, തീക്കുനി കക്കട്ട് മാനന്തവാടി റൂട്ടിലും, തീക്കുനി അരൂർ എളയടം വില്യാപ്പള്ളി റൂട്ടിലും, തീക്കുനി കക്കട്ട് തൊട്ടിൽപാലം റൂട്ടിലും, ബസ്സ് റൂട്ട് അനുവദിക്കുക.

10. വടകര തീക്കുനി ശാന്തിനഗർ റൂട്ടിൽ ചുരുങ്ങിയത് 5 ബസ്സെങ്കിലും അനുവദിക്കുക.

## ആവശ്യമായ നടപ്പാതകൾ

1. പാലക്കുനി താഴ - പോറാക്കൂൽ താഴ
2. ഓങ്ങാരപൊയിൽ മദ്രസ്സ
3. എറുമ്പൻകുനി പീടിക - പള്ളിയത്ത് താഴ
4. പുല്ലാറോട്ട് - ചീനൻെറ താഴ
5. മഞ്ചാങ്കണ്ടി താഴ - തയ്യുള്ളതിൽ കനാൽ
6. പുത്തലത്ത് പള്ളി - തൃക്കണ്ണാപുരം കനാൽ
7. വട്ടക്കണ്ടിപ്പാറ - മൈലാടിപ്പാറ
8. ചന്തൻമുക്ക് - കുനിയിൽ താഴ
9. അമ്പലത്താങ്കണ്ടി - കാട്ടിൽ മുക്ക്
10. കണ്ണോടങ്കണ്ടി താഴ - ചെറുകുന്ന് യു. പി. സ്കൂൾ
11. മാണിക്കോത്ത് താഴ ചെറുകുന്ന് യു. പി. സ്കൂൾ
12. കൊരണ്ട്യേൽ താഴ - തൊടുവയിൽ
13. കൊരണ്ട്യേൽ താഴ - കുനിയേൽ
14. തോടുകോവവ്വുമ്മൽ - മണിമല
15. പുതിയടത്ത് താഴ - മന്നന്നൂര്.
16. തോടുകോവ്വുമ്മേൽ - കോവുമ്മൽ കടവ്
17. ഒറവുങ്കൽ മുക്ക് - ഒളോടി താഴ
18. പാറോട്ട് താഴ - പെരിങ്ങോട്ട് താഴ
19. കളരിയുള്ളതിൽ കക്കോടം ചാലിൽ
20. പൂവുള്ളതിൽ മുക്ക് - മാവുള്ള പറമ്പിൽ മുക്ക്
21. വാഴയിൽ മുക്ക് - കല്ലുകുനി മുക്ക്
22. ചിറക്കൽ അമ്പലം - മാത്തിൽ മുക്ക്
23. കാക്കുനി - മണ്ടോത്ത് കുന്ന്
24. പുത്തലത്ത് - കുഞ്ഞിപ്പറമ്പ്
25. നാരാണിനട - പുളിയോട്ട് താഴ
26. തീക്കുനി റോഡ് - കേളോത്ത് മുക്ക്
27. വാച്ചാൽ പാലം - പൂളക്കൂൽ
28. പൂമര മുക്ക് - കൈതക്കൽ മുക്ക്
29. ലക്ഷം വീട് കുഴൽ കിണർ - തയ്യിൽ മീത്തൽ
30. കരുവാന്തറ മുക്ക് - വെള്ളക്കുണ്ട്
31. അനന്തേത്ത് താഴ - പള്ളിക്കുനി
32. നമ്പാം വയൽ - വാച്ചാക്കൽ മുക്ക്
33. താഴെ മാണിക്കോത്ത് - കോതുരുത്തി
34. പൊറ്റേക്കുനി - കുന്നത്ത് താഴ
35. പൊന്നാണ സ്കൂൾ - പൊറ്റേക്കുനി
36. കൊറുകടവ് - കോവ് പുറം ഭാഗം
37. മുതുവനക്കുന്ന് - പാലോടിക്കുന്ന്
38. മൂന്നാം കൊയിലോത്ത് - കോപാലൻ പീടിക
39. ആലത്തോട്ടത്തിൽ താഴ - വലിയിടത്തിൽ
40. മുഴിക്കൽ ഭാഗം

## പുതിയതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| നമ്പർ | റോഡിൻെറ പേര് | വാർഡ് |
|---|---|---|
| 1. | കായതിരിക്കൽ മുക്ക് - ഞള്ളേരി പൊയിൽ റോഡ് | 1 |
| 2. | കാരകുന്ന് പള്ളി - കനാൽ റോഡ് | 1 |
| 3. | തലത്തൂർ മുക്ക് - പൈങ്ങാംകുളങ്ങരമുക്ക് | 1 |
| 4. | നെല്ലിയുള്ളതിൽ മുക്ക് - തെക്കേഞെള്ളേരി റോഡ് | 1 |
| 5. | ചാലിൽ പാര - കുനിങ്ങാരത്ത് താഴ | 1 |
| 6. | തയ്യിുള്ളതിൽ മുക്ക് - പാരാണ്ടി മുക്ക് | 1 |
| 7. | തെക്കേയിൽ മുക്ക് - കണ്ടോത്ത് കണ്ടി മുക്ക് റോഡ് | |
| 8. | തീക്കുനി - കനാൽ റോഡ് | 2 |
| 9. | അരയാക്കൂൽ കുനി - രയരോത്ത് മുക്ക് റോഡ് | 2 |
| 10. | ഒറവുങ്കൽ മുക്ക് - കുഞ്ഞിപ്പറമ്പ് റോഡ് | 2 |
| 11. | പുത്തനിടത്തിൽ - പുറത്തട്ടയിൽ റോഡ് | 2 |
| 12. | ചെറുകുന്ന് യു. പി. സ്കൂൾ - പി.എച്ച്. സി. റോഡ് | 3 |
| 13. | ഒയിത്തിലോട്ട് കുന്ന് - പാറക്കൽ റോഡ് | 4 |
| 14. | കടവത്ത് റോഡ് | 4 |
| 15. | മുയ്യോട്ടുമ്മൽ താഴ - നുച്ചിക്കട്ട് റോഡ് | 4 |
| 16. | വാതുക്കൽ പറമ്പത്ത് മീത്തൽ - കല്ലുമ്മൽ റോഡ് | 4 |
| 17. | തെക്കേമണ്ണിൽ - പരക്കാട്ട് മുക്ക് | 5 |
| 18. | ചോയിമഠം സബ്സെൻറർ റോഡ് | 5 |
| 19. | കണ്ടിയിൽ മുക്ക് - പരപ്പിൽ മുക്ക് | 5 |
| 20. | പരപ്പിൽ താഴ - ചോയിമഠം റോഡ് | 5 |
| 21. | തോട്ട്കോവുമ്മൽ - തലവഞ്ചേരി റോഡ് | 6 |
| 22. | പെരുവയൽ - ചേനായിക്കടവ് | 6 |
| 23. | ആറാട്ട്മുക്ക് - കരുവാണ്ടി താഴ | 6 |
| 24. | മണിമല, കല്ലുംപുറം, കോട്ടേമ്മൽ വരെ | 7 |
| 25. | ചിറക്കൽ മീത്തൽ - കുറിപ്പകം സ്കൂൾ വരെ | 7 |
| 26. | പുത്തലത്ത് ബാലവാടി - ഒളോടി താഴവരെ | 8 |
| 27. | ആലത്തോട്ടത്തിൽ മുക്ക് - നമ്പാം വയൽ റോഡ് | 8 |
| 28. | കയറ്റ്കണ്ടി പിലാവുള്ളതിൽ റോഡ് | 8 |
| 29. | അമ്പലമുക്ക് - എസ്റ്റേറ്റ് റോഡ് | 8 |
| 30. | അനന്തോത്ത് - കോമത്ത് താഴ വരെ | 8 |
| 31. | മുണ്ടക്കൽ താഴ - പമ്പ്ഹൗസ് വരെ | 9 |
| 32. | കൊമ്മോടി മുക്ക് - ഗുളികപ്പുഴ റോഡ് | 9 |
| 33. | ചിറക്കൽ മുക്ക് - നാല്സെൻറ് കോളനി റോഡ് | 9 |
| 34. | മുയ്യർകണ്ടി - കുഴൽകിണർ റോഡ് | 9 |
| 35. | ലക്ഷം വീട് - ശ്മശാന റോഡ് | 9 |
| 36. | ബാലവാടി - ചമക്കലായി റോഡ് | 9 |
| 37. | മാത്തോട്ടത്തിൽ മുക്ക് - കുടലിൽ റോഡ് | 9 |
| 38. | നടുക്കണ്ടിമുക്ക് - കുഞ്ഞിപ്പറമ്പ് റോഡ് | 9 |
| 39. | പാലോടിയിൽ താഴ - തെക്കേൽ പൊയിൽ റോഡ് | 10 |
| 40. | ഉത്തായിൽ മുക്ക് - കൊറുകടവത്ത്, കോവുമ്മൽ റോഡ് | 10. |

**പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | റോഡ് | ദൂരം കി.മി | വീതി മി. | ഉടമസ് ഥത | ബസ് |
|---|---|---|---|---|---|
| 1 | അരൂർ - ഗുളികപ്പുഴ റോഡ് | 7 | 6 | PWD | ഉണ്ട് |
| 2 | കാവിൽ - തീക്കുനി റോഡ് | 3.5 | 8 | PWD | ഉണ്ട് |
| 3 | കണ്ണോടങ്കണ്ടി താഴ തിരിക്കോത്ത് മുക്ക് | 1.5 | 6 | Panchayath | ഇല്ല |
| 4 | വലകെട്ട് - ഒളോടി താഴ റോഡ് | 1.5 | 8 | Panchayath | ഇല്ല |
| 5 | വലകെട്ട് - വടയം റോഡ് | 0.6 | 8 | Panchayath | ഇല്ല |
| 6 | വലകെട്ട് - ഊരത്ത് റോഡ് | 0.5 | 8 | Panchayath | ഇല്ല |
| 7 | കാക്കുനി - നമ്പാംവയൽ റോഡ് | 0.3 | 6 | Panchayath | ഇല്ല |
| 8 | ഊരങ്കോട്ട് കടവ് - കേളോത്ത് താഴ | 1 | 8 | K.W.A | ഇല്ല |
| 9 | വലകെട്ട് - വാട്ടർ ടാങ്ക് റോഡ് | 0.75 | 6 | K.W.A | ഇല്ല |
| 10 | കോളോത്ത് താഴ - കുറ്റ്യാടി റോഡ് | 1.5 | 8 | PWD | ഇല്ല |

**പഞ്ചായത്തിൽ ടാർ ചെയ്യേണ്ട റോഡുകൾ**

| നമ്പർ | റോഡ് | വാർഡ് | ഉടമസ് ഥത | ദൂരം കി.മി | വീതി മി. |
|---|---|---|---|---|---|
| 1 | എളളിൻമുക്ക് പൂമംഗലത്ത് താഴ റോഡ് | 1 | P | 2.3 | 6 |
| 2. | ചാലിൽ പാറ - കാക്കുനി റോഡ് | 1 | P | 0.5 | 4.5 |
| 3 | രാമത്ത് മുക്ക് - തുച്ചമല ചാർത്താ ങ്കണ്ടി മുക്ക് | 2 | P | 1.5 | 6 |
| 4 | വേളം ഹൈസ്കൂൾ - ഭജനമഠം റോഡ് | 2 | P | 1 | 6 |
| 5 | ചാലിൽ മുക്ക് ചോയി മഠം റോഡ് | 4 | P | 1.5 | 6 |
| 6 | ചെറുകുന്ന് യു.പി സ്കൂൾ - പി.എച്.സി റോഡ് | 3 | P | 1 | 5 |
| 7 | കരുവളളിചാലിൽമുക്ക് - ശാന്തിനഗർ റോഡ് | 4 | P | 1.5 | 6 |

## പഞ്ചായത്തിൽ ടാർ ചെയ്യേണ്ട റോഡുകൾ തുടർച്ച

| നമ്പർ | റോഡ് | വാർഡ് | ഉടമസ്ഥത | ദൂരം കി.മി | വീതി മി. |
|---|---|---|---|---|---|
| 8 | ശാന്തിനഗർ - കേളോത്ത് മുക്ക് റോഡ് | 4 | K.W.A | 0.75 | 6 |
| 9 | കോട്ടക്കമെണ്ണിൽ - പള്ളിമുക്ക് റോഡ് | 5 | P | 1.5 | 6 |
| 10 | ചോയിമഠം - കൂളിക്കുന്ന് റോഡ് | 5 | P | 2 | 6 |
| 11 | ചോയിമഠം - സബ്സെൻറർ റോഡ് | 5 | P | 0.5 | 5 |
| 12 | കണ്ടപ്പറമ്പിൽ - കുണ്ടുകടവ് റോഡ് | 6 | P | 1 | 6 |
| 13 | തോട്ടുകോവുമ്മൽ - തലവഞ്ചേരി റോഡ് | 6 | P | 0.8 | 6 |
| 14 | മൂർത്തിക്കുന്ന് മുക്ക് - മാമ്പ്രമല നാഗത്ത് മുക്ക് റോഡ് | 6 | P | 1 | 6 |
| 15 | പെരുവയൽ - ചേനായികടവ് റോഡ് | 6 | P | 1 | 6 |
| 16 | കിണറുള്ള കണ്ടി മുക്ക് - മാങ്ങോട്ട് താഴ റോഡ് | 7 | P | 1.5 | 5 |
| 17 | കാരക്കുന്ന് - വാച്ചാൽ റോഡ് | 8 | P | 1 | 5 |
| 18 | നമ്പാംവയൽ - മപ്പഞ്ചേരി റോഡ് | 8 | P | 1 | 5 |
| 19 | ചിറക്കൽ മുക്ക് - തയ്യുള്ളതിൽ റോഡ് | 8 | P | 1 | 5 |
| 20 | വച്ചാക്കൽ മുക്ക് - നാരാണികാവ് റോഡ് | 10 | P | 0.8 | 6 |
| 21 | വടക്കയിൽ മുക്ക് - എസ്റ്റേറ്റ് റോഡ് | 9 | P | 1 | 6 |
| 22 | ഗുളികപ്പുഴ - മാമ്പാലം റോഡ് | 10 | P | 1 | 6 |
| 23 | കാക്കുനി - പുതുക്കുടി മുക്ക് റോഡ് | 10 | P | 2 | 7 |
| 24 | പള്ളിയത്ത് - പെരുവയൽ റോഡ് | 6.9 | PWD | 4.3 | 8 |
| 25 | കുറ്റ്യാടി - കൈപ്രം കടവ് റോഡ് | - | PWD | 6 | 8 |
| 26 | ചേരാപുരം യു. പി. സ്കൂൾ - തീക്കുനി റോഡ് | 2 | P | 2 | 8 |
| 27 | കേളോത്ത് മുക്ക് - പാണ്ടിവയൽ റോഡ് | 10 | P | 1 | 6 |

# വേളം ഗ്രാമ പഞ്ചായത്ത് സ്കൂളിൻെറ ഭൗതിക സൗകര്യം

| സ്കൂളിൻെറ പേര് | ആകെ ഡിവിഷനുകളുടെഎണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികൾ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഉണ്ട്, ഇല്ല | നിലവിലുള്ള മൂത്രപുരകളുടെ എണ്ണം | മൂത്രപുര ഒരു സമയം എത്ര പേർ ഉപയോഗക്കാം | ഇനി ആശ്യമുള്ളതിൻെ എണ്ണം | നിലവിലുള്ള കക്കൂസിൻെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുളുടെ എണ്ണം | കുടിവെള്ളം ഉണ്ട് ഇല്ല കിണർ പൈപ്പ് | വൈദ്യുതകരണം ഉണ്ട് ഇല്ല | പാകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിറുകൾ മതിയാകും ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലിക | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലിക | | | | | | | | | | | | | ഡക്ക് | ബഞ്ച് | മേശ | കസേ | ഓഫീസ് ഫർണിർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| വേളം ഹൈസ്കൂൾ ചേരാപുരം | 30 | ✓ | - | - | - | - | - | - | ഉണ്ട് | 4 | 4 | 10 | 2 | 1 | കിണർ | ഇല്ല | ഇല്ല | 1 | സൗകര്യമില്ല | 50 | 50 | 20 | 30 | 8 |
| ചേരാപുരം യു. പി | 22 | ✓ | 2 | - | | | | | | 3 | 25 | - | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | Enough | 103 | 146 | 23 | 9 +13 | 10 |
| ചേരാപുരം ന്യൂ എൽ. പി | 7 | 1 | 2 | - | 1 | 2 | - | 8 | ഉണ്ട് | ഇല്ല | - | 4 | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 25 | 50 | 7 | 10 | 10 |
| ജി. എൽ.പി. എസ് അരുതോമ്മൽ | 6 | 2 | - | - | 2 | - | - | - | ഉണ്ട് | 2 | 6 | - | 2 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | അധികം | 25 | 25 | 6 | 6 | - |
| വേളം എസ്. എൽ. പി. എസ് | 8 | 2 | 1 | - | - | - | - | 2 | ഉണ്ട് | 2 | 6 | 2 | - | - | ഉണ്ട് | - | ഉണ്ട് | - | ഇല്ല | 24 | 20 | 5 | 8 | 8 |
| ചേരാപുരം നോർത്ത് | 4 | - | - | 1 | - | - | - | 4 | ഇല്ല | ഇല്ല | - | 2 | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12 | 8 | 4 | 4 | 6 |
| ജി. യു. പി. എസ്. ചെറുകുന്ന് | 20 | 1 | - | 2 | 11 | - | - | 10 | ഉണ്ട് | ഇല്ല | ഇല്ല | 2 | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | 1 | ഇല്ല | 20 | 80 | 10 | 10 | 2 |
| ജി. എൽ. പി. എസ്. ചേരാപുരം | 6 | - | - | Rented | - | - | - | 1 | ഇല്ല | 1 | 3 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 10 | - | 5 | 4 |
| ജി. എൽ. പി. എസ്. കുറിച്ചകം | 4 | 1 | - | - | 4 | - | - | - | ഉണ്ട് | 2 | 5 | - | 1 | - | ഉണ്ട് | ഇല്ല | താക്കാലിക | ഇല്ല | ഇല്ല | 10 | 10 | - | 1 | - |
| ചേരാപുരം ഈസ്റ്റ് എൽ. പി | 6 | - | - | - | ഇല്ല | - | - | 3 | ഇല്ല | ഇല്ല | - | 2 | ഇല്ല | - | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 13 | 15 | 14 | 3 | 6 |
| വേളം എം.സി. എൽ. എസ് | 9 | 1 | 4 | - | 4 | 5 | - | - | ഉണ്ട് | 2 | 2 | 4 | - | - | ഉണ്ട് | ഇല്ല | താക്കാലിക | ഉണ്ട് | തികയില്ല | 5 | 5 | 2 | 2 | 1 |
| ചേരാപുരം എസ്. എം. എൽ. പി | 8 | 1 | - | 2 | - | - | - | - | ഉണ്ട് | 2 | ഇല്ല | ഇല്ല | - | ഇല്ല | ഇല്ല | - | - | - | - | 10 | 15 | 4 | 2 | 3 |
| ആകെ | 130 | 9 | 9 | 5 | 22 | 7 | - | 28 | | 18 | 51 | 27 | 7 | 2 | - | - | - | - | - | 307 | 434 | 95 | 93 | 58 |

# I

# സംസ്കാരം

# സംസ്കാരം

വേളം ഗ്രാമപഞ്ചായത്തിന് സാംസ്ക്കാരിക രംഗത്ത് ഉണ്ടായ മുന്നേററത്തിന്ന് പിന്നിൽ ത്യാഗവും പീഡനവും മർദ്ദനവും സഹിക്കേണ്ടിവന്ന നിരവധി മഹത്വ്യക്തികളുടെ ധീരോദാത്തമായ സംഭാവനയുണ്ട്. ഈ സന്ദർഭത്തിൽ ആദരപൂർവ്വം, സാഭിമാനം ഞങ്ങൾ അവരെ സ്മരിക്കുന്നു.

സാമൂഹ്യ പുരോഗതിയും സാംസ്കാരിക വളർച്ചയും പരസ്പരം ബന്ധപ്പെട്ടതിനാൽ, സാമൂഹ്യ പുരോഗതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ആത്യന്തിക ഫലമാണ്, അല്ലെങ്കിൽ അതിന്റെ ഉൽപ്പന്നമാണ് സാംസ്ക്കാരികവളർച്ച. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി 'ഹരിജനോദ്ധാരണം' ദേശീയ തലത്തിൽ സംഘടിപ്പിക്കപ്പെട്ടപ്പോൾ വേളവും അതിൽനിന്ന് ഒഴിഞ്ഞുമാറിയിരുന്നില്ല. സമാദരണീയനായ ശ്രീ: മാണിക്കോത്തറമൽ ഗോപാലക്കുറുപ്പ് ഒരു ഹരിജൻ ബാലന് സർക്കാർ സ്ക്കൂൾ പ്രവേശനം ലഭിക്കുന്നതിന്ന് അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾ 'വിദ്യാഭ്യാസ'ത്തിൽ വിവരിച്ചിട്ടുണ്ട്.

തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, അയിത്തം, അനാചാരം ക്ഷേത്രങ്ങളിൽ താണജാതിക്കാർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടത് തുടങ്ങി ( ഇന്ന് സാമൂഹ്യമായി കുറേയൊക്കെ മാററംവന്ന ) ഒട്ടവളരെ സങ്കീർണ്ണമായ നൂലാമാലകളിൽ കുടുങ്ങിയ പ്രശ്നങ്ങളായിരുന്ന അന്നത്തെ സാഹചര്യത്തിൽ വേളത്തുണ്ടായിരുന്നത്.

സാമൂഹ്യ പരിഷ്കരണത്തിന്ന് കേരളത്തിന്റെ പലഭാഗങ്ങളിലും മാററം വരുത്തുന്നതിന്ന് സഹായിച്ച വാഗ്ഭടാനന്ദ പ്രസ്ഥാനം, ശ്രീനാരായണഗുരു പ്രസ്ഥാനം, അയ്യങ്കാളി പ്രസ്ഥാനം, ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം തുടങ്ങിയവക്ക് വേളം പഞ്ചായത്തിൽ അതാത് സാംസ്കാരിക പ്രസ്ഥാനത്തിന്റെ സംഭാവനകൾ അർപ്പിക്കാൻ സാധിക്കാതെ വന്നത് നമ്മുടെ സാംസ്കാരികമായ വളർച്ചക്ക് പിന്നോക്കം നിൽക്കുന്നതിനും, മററുപ്രദേശങ്ങളിലുണ്ടായതുപോലെയുള്ള വളർച്ചക്ക് സഹായകമാവാതെ പോവുകയും ചെയ്തുവന്നു എന്നത് ദുഖകരമായ ഒരവസ്ഥയായി സാംസ്ക്കാരിക മുന്നേററത്തിന്റെ വളർച്ചയ്ക്ക് പിന്നിലെ മുരടിപ്പായി തിരിഞ്ഞുനോക്കിയാൽ കാണാവുന്നതാണ്.

പൂളക്കൂലിനു സമീപത്തുള്ള കണാരി എന്ന വ്യക്തി സിദ്ധസമാജത്തിന്റെ ആശയപ്രചാരണവുമായി വന്നെങ്കിലും ആപ്രസ്ഥാനത്തിനിവിടെ വേര് പിടിപ്പിക്കാൻ കഴിഞ്ഞില്ല. ഒരു വലിയ വിഭാഗം ജനങ്ങളുടെ എതിർപ്പ് അദ്ദേഹത്തിനു നേരിടേണ്ടിവരികയും പ്രതിബന്ധങ്ങൾക്ക് മുന്നിൽ അദ്ദേഹത്തിനു കീഴടങ്ങിവരികയും ചെയ്തു.

എന്നാൽ, സാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനങ്ങളുടെയും, സാമൂഹ്യസന്നദ്ധ സംഘടനകളുടേയും, രാഷ്ട്രീയ–യുവജന സംഘടനകളുടേയും ഒററയ്ക്കും കൂട്ടായുമുള്ള പ്രവത്തനവും ഒററപ്പെട്ട വ്യക്തികളുടെ ചില പ്രവർത്തനങ്ങളുമാണ് ഇന്ന് നാം ആർജ്ജിച്ച സാംസ്ക്കാരിക മുന്നേററത്തിന്റെ പൈതൃകം.

ഇന്ന് വേളം പഞ്ചായത്തിലെ ജനങ്ങളിൽ ഹിന്ദുക്കളും മുസ്ലീങ്ങളുമാണുള്ളത്. അന്യപ്രദേശത്ത് നിന്നും തൊഴിലിനുവേണ്ടി ഈർച്ചപ്പണി, ആശാരിപ്പണി, കെട്ടിടനിർമ്മാണ ജോലികൾക്ക്വന്ന ഏതാനും പേരാണ് ഇതര മതവിഭാഗക്കാരായി ഇവിടെയുള്ളത്. ഇവരുടെയെല്ലാം ആരാധനാലയങ്ങൾ, ആചാരങ്ങൾ വിവാഹരീതികൾ തുടങ്ങിയകാര്യങ്ങളിൽ വ്യത്യാസമുണ്ട് ഹിന്ദുമതത്തിൽപ്പെട്ടവരുടെ പ്രധാന ആരാധനാലയങ്ങളും ക്ഷേത്രങ്ങളും താഴെ കൊടുക്കുന്നു.

ഉമിയൻകുന്ന് ക്ഷേത്രം — കാക്കുനി
ചിറക്കൽ പരദേവതാക്ഷേത്രം — പൂളക്കൂൽ
പുതിയോട്ടിൽ ഭഗവതീക്ഷേത്രം — പള്ളിയത്ത്
ശങ്കരേശ്വരം ക്ഷേത്രം — പള്ളിയത്ത്
തലവഞ്ചേരിക്ഷേത്രം — പെരുവയൽ
തായന ക്ഷേത്രം — ചെറുകുന്ന്
ആയടത്തിൽ ക്ഷേത്രം — പള്ളിയത്ത്
കോട്ടയുള്ളതിൽ ശിവക്ഷേത്രം — ചേരാപുരം

തുടങ്ങി വിവിധ ക്ഷേത്രങ്ങളും, ശിവക്ഷേത്രങ്ങളും അയ്യപ്പഭജനമഠങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

ക്ഷേത്രങ്ങളിലെ ഉൽസവം തുലാമാസത്തോടു കൂടിയാണ് ആരംഭിക്കുന്നത്. കടത്തനാടിൽ ഉത്സവം ആരംഭിക്കുന്നത് തന്നെ തുലാമാസത്തിൽ

ഉമിയൻകുന്ന്ക്ഷേത്രത്തിലെ ഉത്സവത്തെതുടർന്നാണ്. തിറ, തെയ്യം, വെള്ളാട്ട് തുടങ്ങിയവയാണ് ഏതാണ്ട് എല്ലാ ക്ഷേത്രങ്ങളിലും ഉണ്ടാകുന്നത്. ചെണ്ട മേളം നടത്തുന്നത് മലയ സമുദായക്കാരാണ്. ചില ക്ഷേത്രങ്ങളിൽ മുന്നൂററൻ, വണ്ണാൻ, മലയൻ എന്നിവരാണ് വേഷങ്ങൾ കെട്ടുന്നത്. കുറേ കൊല്ലങ്ങൾക്കുമുമ്പ് ക്ഷേത്രപറമ്പിലെ ഉത്സവസ്ഥലങ്ങൾ ചില ആളുകളുടെ 'മെയ്‌വഴക്കം' പ്രദർശിപ്പിക്കുന്നതിനുള്ള വേദിയായി മാറിയിരുന്നു. "അടുത്ത ക്ഷേത്രത്തിൽ വെച്ച് കാണാമെന്നുള്ള" ഭീഷണി നിറഞ്ഞ ഒരുതരം അങ്കം കുറിക്കലും അക്കാലത്ത് നിലനിന്നതായി നാട്ടറിവുള്ളവർ പറയുന്നു. ഇന്ന് അതിനൊക്കെ കാതലായ മാററം വന്നിട്ടുണ്ട്. ഉത്സവത്തോടനുബന്ധിച്ച് കലാപരിപാടികൾ, സാംസ്കാരിക പ്രഭാഷണങ്ങൾ, പ്രൊഫഷണൽ നാടക ട്രൂപ്പിന്റെ നാടകങ്ങൾ തുടങ്ങി കലാമൂല്യങ്ങളും നിലവാരഗുണവുമുള്ള കലാപ്രകടനങ്ങൾ മിക്ക ക്ഷേത്രങ്ങളിലും ഉണ്ടാകുന്നു; ജനകീയ പങ്കാളിത്തം വർധിക്കുന്നു. ഈ ക്ഷേത്രങ്ങളെ സംബന്ധിച്ചും, ക്ഷേത്രത്തിന്റെ നാമകരണത്തെ സംബന്ധിച്ചും പല പല ഐതിഹ്യങ്ങളും ഉള്ളതായി പഴമക്കാർ പറയുന്നു

മുസ്ലിം ജന വിഭാഗത്തിന്റെ ആരാധനാലയങ്ങൾ പള്ളികളാണ്. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ക്ഷേത്രങ്ങൾ ഉള്ളതുപോലെതന്നെ പള്ളികളും ഉണ്ട്. പള്ളിയത്ത്, വലകെട്ട്, കാക്കുനി, അരിമ്പോൽ, ചോയിമഠം, ചമ്പോട്ട്, പുത്തലത്ത് തുടങ്ങിയവയാണ് പ്രധാനപ്പെട്ടതിൽ ചിലത്. എന്നാൽ, ഏററവും പ്രധാനപ്പെട്ടത് ചേരാപുരത്ത് പൂളക്കൂലിൽ നിന്നും പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ചേരാപുരം ജുമാ മസ്ജിദ് ആണ്. ചിരപുരാതനമായ ചേരാപുരം ജുമാമസ്ജിദ് സ്ഥിതി ചെയ്യുന്ന ഏകദേശം 8 ഏക്കറോളം വരുന്ന സ്ഥലം അന്നത്തെ മൂർച്ചിലോട്ട് മൂപ്പസ്ഥാനി മുസ്‌ലിംഗങ്ങൾക്ക് പള്ളി നിർമ്മിക്കാൻ സൗജന്യമായി നല്കിയത് നമ്മുടെ മതേതര പൈതൃകത്തിന്റെയും സാഹോദര്യത്തിന്റെയും തിളക്കമാർന്നതും ഉജ്വലമായതുമായ ഒരു സാംസ്കാരികബോധത്തിന്റെ മകുടോദാഹരണമായി ചൂണ്ടി കാണിക്കാവുന്നതാണ്. ആ നിലയിൽ ചേരാപുരം പള്ളി എന്നറിയപ്പെടുന്ന ആ ആരാധനാലയം വേളം പഞ്ചായത്തിന്റെ മത സൗഹാർദ്ദത്തിന്റെ പ്രതീകമായി തലയുയർത്തി നില്ക്കുന്നു. കുറച്ച് കൊല്ലങ്ങൾക്ക് മുമ്പേ സമീപ പഞ്ചായത്തുകളിൽ നിന്നും മുസ്ലിംഗങ്ങൾ മരണപ്പെട്ടാൽ ഖബറടക്കം ചെയ്തിരുന്നത് വിശാലമായ ചേരാപുരം പള്ളി പറമ്പിലാണ്. ഇത് മുസ്‌ലിംഗളുടെ ഒരു പൊതു ശ്മശാന സ്ഥലമായും അറിയപ്പെടുന്നു. ചേരാപുരത്ത് പള്ളിയിൽ നേർച്ചകൾ ചെയ്യുന്നത് മുസ്ലിംഗങ്ങൾ മാത്രമല്ല. ഹിന്ദുമത വിഭാഗത്തിൽപ്പെട്ടവരും ഉണ്ട് എന്നത് സവിശേഷതയാണ്.

സാംസ്കാരിക രംഗത്ത് കാര്യമായ സംഭാവന നൽകിവരുന്ന കേന്ദ്രങ്ങളാണ് വായനശാലകളും, കലാകായികക്ലബ്ബുകളും. ഈ പഞ്ചായത്തിൽ ധാരാളം കലാ-കായിക ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സന്നദ്ധ പ്രവർത്തകരുടെ ശ്രമഫലമായി വായനശാലകൾ മിക്ക വാർഡുകളിലും ഉണ്ട്. പഞ്ചായത്തിന്റെ സ്വന്തമായി പൂളക്കൂലിൽ " കുമ്മന കുഞ്ഞിരാമൻ സ്മാരക വേളം പഞ്ചായത്ത് സാംസ്കാരിക നിലയം" എന്നൊരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. അവിടുത്തെ ലൈബ്രറിയിൽ ധാരാളം പുസ്തകങ്ങൾ ഉണ്ട്.

വേളം ഗ്രാമ പഞ്ചായത്തിലെ ചില പ്രധാനപ്പെട്ട കലാ-കായിക ക്ലബ്ബുകളെ ഇവിടെ പരാമർശിക്കുന്നു.

ഏ. കെ. ജി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്— പള്ളിയത്ത്.
[നല്ലൊരു ഗ്രന്ഥാലയവുമാണിത്]

സഫ്ദർഹാഷ്മി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് –– പൊറേക്കുനി

സാരഥി കലാ-കായികവേദി — പൂളക്കൂൽ

കൈരളി കലാ-കായികവേദി — പൂളക്കൂൽ

ഡോൾഫിൻ കലാ-കായികവേദി — ഗുളികപ്പുഴ

മഹാത്മ കലാവേദി — പുത്തലത്ത്

കലിക ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് — തീക്കുനി

സരിഗ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് — കാക്കുനി

ക്രസൻറ് കൾച്ചറൽ സെൻറർ (ക്രസൻറ് ഗ്രന്ഥാലയം) — കാക്കുനി

പുലരി ആർട്സ് ക്ലബ്ബ് — ഒളോടിത്താഴ

ക്രസൻറ് ആർട്സ് ക്ലബ്ബ് — പെരുവയൽ

അക്ഷര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്— മണിമല

ജൂബിലി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് — കുളിക്കുന്ന്

സഹൃദയ ഗ്രന്ഥാലയം — തായനപ്പാറ
സപര്യ ആർട്സ് ക്ലബ്ബ് — ചെറുകുന്ന്

മേൽ പ്രതിപാദിച്ച ക്ലബ്ബുകൾക്കുപുറമെ കലാ കായിക ക്ലബ്ബുകളും, വായനശാലകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മിക്ക ക്ലബ്ബുകളും ഒരു സുപ്രഭാതത്തിൽ 'ഉദിക്കുകയും' സായംസന്ധ്യയിൽ 'അസ്തമിക്കുകയും' ചെയ്യുന്ന ദുരവസ്ഥ ഇന്നുണ്ട്,

ഈ ക്ലബ്ബുകളിൽ ചിലത് നല്ല നിലയിൽ ബഹുജന പങ്കാളിത്തത്തോടെ വാർഷികാഘോഷങ്ങൾ കലാമത്സരങ്ങൾ, കായികമത്സരങ്ങൾ ഉൽസവകാല ആഘോഷ പരിപാടികൾ എന്നിവ നടത്തുന്നത് സാംസ്കാരിക വളർച്ചയ്ക്ക് സഹായകമായിത്തീരാറുണ്ടെന്നത് പ്രത്യേകം എടുത്ത് പറയുന്നു.

വേളം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെയും സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെയും നിർദ്ദേശാനുസരണം കേരളോത്സവങ്ങളും ഓണക്കാലത്ത് സ്പോർട്സുകളും നടത്താറുണ്ട്. മിക്ക വർഷങ്ങളിലും കലാ–സാഹിത്യ മൽസരങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് ദേശീയോദ്ഗ്രഥനം, കേരളത്തനിമ, മതസൗഹാർദ്ദം തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന നിശ്ചല ദൃശ്യങ്ങളും നാടൻ കളരിസംഘത്തിന്റെ കായികാഭ്യാസ പ്രകടനങ്ങളും കാഴ്ചവെച്ചുകൊണ്ടും സാംസ്കാരിക സമ്മേളനം നടത്തിയും ഈ രംഗത്ത് സാധ്യമായത് ചെയ്തുവരാറുണ്ട്. ഓണക്കാലത്ത് ബാലസംഘത്തിന്റെ കൂട്ടുകാർ മതേതരത്വ ബാലയാത്ര നടത്തിവരാറുണ്ട്.

നബിദിനഘോഷയാത്ര, ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ഘോഷയാത്ര തുടങ്ങിയ പരിപാടികളുടെ സമാപനത്തോടനുബന്ധിച്ച് സർവ്വമത സൗഹാർദ്ദ സമ്മേളനങ്ങളും, സാംസ്കാരിക സമ്മേളനങ്ങളും സംഘടിപ്പിക്കുന്നതിന് ഉത്സവക്കമ്മിററി ഭാരവാഹികളും, പള്ളി-മതപാഠശാലാകമ്മിററി ഭാരവാഹികളും കൂട്ടായി ശ്രമിച്ചാൽ മുഴുവൻ ജനവിഭാഗത്തിന്റെയും പങ്കാളിത്തവും സഹകരണവും മേൽപറഞ്ഞ പരിപാടികൾക്ക് ലഭിക്കും. ദൗർഭാഗ്യമെന്ന് പറയട്ടെ, ആ ഒരു മാനസികാവസ്ഥയിലേക്ക് വേളത്തെ സമ്മേളനങ്ങളുടെ നടത്തിപ്പുകാർ ഇനിയും വളരേണ്ടിയിരിക്കുന്നു.

ചെറുവണ്ണൂർപോലെയുള്ള സമീപ പഞ്ചായത്തുകളിലെ തച്ചോളിക്കളി, രാജസൂയം, ദഫ്മുട്ട് തുടങ്ങിയവയിൽ മത വ്യത്യാസമില്ലാതെ എല്ലാവരും പങ്കെടുക്കുന്നത് സാംസ്കാരിക രംഗത്ത് നമുക്ക് അനുകരിക്കാൻ പററുന്ന മാതൃകയാണ്.

ഒരുകാലത്ത് ഒരു ജാതിയോ, ഉപ ജാതിയോ ഒരു പ്രത്യേക സമുദായമോ നടത്തുന്ന വിവാഹ പരിപാടിയിലും, ഉൽസവാദി ചടങ്ങുകളിലും മേൽജാതിക്കാർ പങ്കെടുക്കാതിരുന്നതും അഥവാ ആരെങ്കിലും പങ്കെടുത്തിട്ടുണ്ടെങ്കിൽ അവർക്ക് 'ഭ്രഷ്ട' കൽപിക്കുകയും ചെയ്തിരുന്ന സംഭവം ഉണ്ടായിട്ടുണ്ട്. ഭീതിദമായ ഗതകാലസ്മരണകൾ ഇന്നത്തെ തലമുറക്ക് അതിശയോക്തിയെങ്കിലും അതാണ് യാതാർത്ഥ്യം.

എന്നാൽ, വളരെയേറെ ആളുകൾ മുന്നമേററും അന്നത്തെ സാമൂഹ്യദുരാചാരങ്ങളോട് പടപൊരുതിയും നേടിയെടുത്ത നമ്മുടെ സാംസ്കാരികരംഗം ഇന്ന് അപകടകരമായ ഭീഷണിയെ നേരിടുന്നു. അതിന് പ്രധാന കാരണങ്ങളിൽ ഒരു പരിധിവരെ മാധ്യമങ്ങളുടെ പങ്കാണ്. അശ്ലീലസിനിമകൾ, അശ്ലീലസിനിമാ പരസ്യങ്ങൾ, അശ്ലീലസാഹിത്യപ്രസിദ്ധീകരണങ്ങൾ, ആക്രമവും കൊള്ളയും കൊലയും അന്യമത വിദ്വേഷവും മാത്രം പ്രദർശിപ്പിക്കുന്ന ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ ഇതൊക്കെ സാംസ്കാരിക രംഗത്തെ വെല്ലുവിളിയാണ്.

സുപ്രസിദ്ധ സിനിമാ നടൻ, ഹാസ്യകലാ സാമ്രാട്ട് ശ്രീ. വെള്ളൂർ പി. രാഘവൻ, ആകാശവാണി റേഡിയോയിലൂടെ നാം കേൾക്കുന്ന ലളിതഗാനരചയിതാവ് അബ്ദുൾമജീദ് വേളം, യുവ കവികളിൽ ശ്രദ്ധേയനായ പവിത്രൻ തീക്കുനി, അത്‌ലററിക് കോച്ച് ശ്രീ. ഒ. എം. നമ്പ്യാർ എന്നിവരെ പ്രത്യേകിച്ചും, പേരെടുത്ത് പറയാത്ത അറിയപ്പെടുന്നവരും അല്ലാത്തവരുമായ സാംസ്കാരിക രംഗത്തെ കെടാവിളക്കായി പ്രശോഭിക്കുന്ന മഹത് വ്യക്തികളെയും കലാ-കായിക ക്ലബ്ബുകളേയും ഞങ്ങൾ അഭിമാനപൂർവ്വം സ്മരിക്കുന്നു. ഞങ്ങൾക്ക് ആവേശമുണ്ടാക്കുന്നു.

## പ്രശ്നങ്ങൾ

1. സാംസ്കാരിക രംഗത്ത് ഉയർന്നുവരാൻ സാധ്യതയുള്ളവർക്ക് ആവശ്യമായ ഭൗതിക സാഹചര്യമില്ലായ്മ.
2. പഞ്ചായത്ത് സാംസ്കാരിക നിലയത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കായ്മ.

3. കലാ-കായിക ക്ലബ്ബുകൾക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക ശേഷിയില്ലായ്മ.
4. പഞ്ചായത്ത് മിനിസ്റ്റേഡിയം കായിക മൽസര വേദിയായും കായിക പരിശീലന കേന്ദ്രമായും ഉപയോഗപ്പെടുത്താൻ കഴിയായ്മ.
5. വായനശാലകൾക്ക് ആവശ്യമായ പത്രമാസികകൾ സ്വന്തമായി വാങ്ങാൻ ശേഷിയില്ല.
6. കലാ-കായിക ക്ലബ്ബുകൾക്ക് സ്വന്തം കെട്ടിടം ഇല്ലായ്മ -റജിസ്ട്രേഷൻ നടത്തുന്നതിലുള്ള ഉദാസീനത.
7. രാഷ്ട്രീയ-യുവജനസംഘടനാ രംഗത്തുള്ളവർ തന്നെ കലാ-കായിക സംഘടനകളുടെയും ഭാരവാഹികളാകുന്നത് ഒരു പ്രധാന പ്രശ്നമാണ്.
8. സ്പോർട്സ്, ഗയിംസ് ഉപകരണങ്ങൾ ഒററ ക്ലബ്ബുകൾക്കും ആവശ്യമായ വിധത്തിലില്ല.
9. നാടൻകലകൾ, പ്രാചീനകലകൾ, തുടങ്ങിയവ പ്രോൽസാഹിപ്പിക്കുകയോ, വളർത്തുകയോ ചെയ്യുന്നില്ല.
10. നൃത്ത-സംഗീത ക്ലാസുകൾ പ്രോൽസാഹിക്കപ്പെടുന്നില്ല.
11. ദഫ്മുട്ട്, മാപ്പിളക്കോൽക്കളി, രാജസൂയം, തച്ചോളിക്കളി എന്നിവ പ്രോൽസാഹിക്കപ്പെടുന്നില്ല.
12. സംഗീതോപകരണങ്ങൾ, വാദ്യോപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യാൻ പരിശീലനമില്ലായ്മ.
13. കുട്ടികൾക്ക് പെയിൻറിംഗ്, ചിത്രരചന തുടങ്ങിയ ഇനത്തിൽ പ്രോൽസാഹനമില്ലായ്മ.
14. പഞ്ചായത്ത്തല സ്പോർട്സ്, കേരളോൽസവം, ഗയിംസ് എന്നീ ഇനങ്ങൾക്ക് ചെലവഴിക്കുന്ന സംഖ്യ പര്യാപ്തമല്ല.
15. ലോക്കൽ ലൈബ്രറി പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.
16. ഓരോ വാർഡിലും പ്രധാന കേന്ദ്രങ്ങളിൽ ടെലിവിഷൻ സ്ഥാപിക്കണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്.
17. അവശ കലാകാരൻമാരെ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള കഴിവില്ലായ്മ.

## സാധ്യത

1. പ്രോൽസാഹനം ലഭിക്കുകയാണെങ്കിൽ ഭാവിയുള്ള കലാ-കായിക പ്രതിഭകൾ പഞ്ചായത്തിലുണ്ട്.
2. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി ഉണ്ട്.
3. നാടൻ കലകളിൽ പ്രാവീണ്യം നേടിയവരും താൽപര്യം ഉള്ളവരും ഉണ്ട്.
4. കോൽക്കളി, രാജസൂയം, കടത്തനാടൻ കളരി ദഫ്മുട്ട് എന്നിവയും ഒപ്പനയും പരിശീലിപ്പിക്കാൻ പററിയ വിദഗ്ദർ ഉണ്ട്.
5. വായനശാലകളിലെ ഗ്രന്ഥശേഖരണം പ്രയോജനപ്പെടുത്താവുന്നതാണ്.
6. ഉൽസവപറമ്പുകൾ ഒരു പ്രത്യേക മതവിഭാഗത്തിൻേറതിന് പകരം എല്ലാ വിഭാഗക്കാരെയും പങ്കെടുപ്പിക്കുന്നതിനുള്ള സാധ്യത ഉണ്ട്.
7. എല്ലാ ക്ലബ്ബുകൾക്കും അവരുടെ പരിപാടി നടത്തുന്നതിന് ധനസഹായം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് സാധ്യത.
8. കുട്ടികൾക്കുള്ള കലാ-സാഹിത്യ രചനാ മൽസരക്കളരി വാർഡ്തോറും സംഘടിപ്പിക്കുക.
9. പഞ്ചായത്തിൽപ്പെട്ട എല്ലാ ക്ലബ്ബുകളുടെയും ഭാരവാഹികളെ യോജിപ്പിച്ചുകൊണ്ട് പഞ്ചായത്ത്തലത്തിൽ ഒരു പഞ്ചായത്ത്തല കേന്ദ്ര കലാ-കായികസമിതി രൂപീകരിക്കുക.
10. ഒരു കമ്യൂണിററിഹാൾ 9-ാം വാർഡിൽ സ്ഥാപിക്കുക.
11. പഴമക്കാരുടെ കാലശേഷം നശിച്ചുപോയേക്കാവുന്ന നാടൻ പാട്ടുകളും നാടൻ കലാരൂപങ്ങളും ശേഖരിക്കുക.
12. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു ടെലിവിഷൻ സ്ഥാപിക്കുക.

****

J

# വനിത

# വനിത

ഇന്ത്യൻ ഭരണഘടന സ്ത്രീ പുരുഷസമത്വം വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അത് ഏട്ടിലെ പശുവായി കിടക്കുന്നു. പലകാരണങ്ങളാൽ ദുരിതമനുഭവിക്കുന്നവരാണ് ഭാരതീയ വനിതകൾ. പൂർവ്വകാല ഇന്ത്യൻ സമൂഹം ഒരിക്കൽ പോലും സ്ത്രീക്ക് മാന്യമായ പദവി അനുവദിച്ചുകൊടുത്തിട്ടില്ല '' നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്ന മനുവാക്യം തന്നെ ഇതിനൊരുദാഹരണമാണല്ലോ. എന്നാൽ ഇവയ്ക്കെല്ലാം അപവാദം എന്ന നിലക്ക് തങ്ങളുടെ ജാജ്വല്യമായ വ്യക്തിമുദ്രയാൽ ഇതിഹാസം വിരചിച്ച വീരാംഗനമാരും ഭാരതത്തിലുണ്ടായിട്ടുണ്ട്.

പോയകാല സാമൂഹ്യ വ്യവസ്ഥിതിയുടെ ഫലമായി അടിമത്വത്തിലും ദുരിതത്തിലും പെട്ട് വലയുന്ന കേരളീയ വനിതകളിൽ ഏററവും പിന്നോക്കം നിൽക്കുന്നവരായിരുന്നു വേളം ഗ്രാമ പഞ്ചായത്തിലെ വനിതകളെന്നുവേണം പറയാൻ. അക്ഷരമറിയാത്തവർ, അടിമവേല ചെയ്യുന്നവർ, ഉരിയാടാനവകാശമില്ലാത്തവർ, മാറുമറക്കാൻ തമ്പ്രാക്കളിൽനിന്നും സമ്മതം വാങ്ങേണ്ടിവന്നവർ, മേലാളരുടെ ഇംഗിതത്തിന് വഴങ്ങിയില്ലെങ്കിൽ ഏതു നിമിഷവും എല്ലാം നഷ്ടപ്പെടുവാൻ വിധിക്കപ്പെട്ടവർ ഇതൊക്കെയായിരുന്നു ഈ ഗ്രാമത്തിലെ സ്ത്രീകളുടെ അവസ്ഥ. നാട്ടുവാഴിത്തമ്പുരാൻെറ പീഡനങ്ങളാൽ പൊറുതിമുട്ടിയപ്പോൾ പീഡനത്തിനെതിരെ ആഞ്ഞടിക്കാൻ സുധീരം മുന്നോട്ട്വന്ന തീച്ചമാരും മാതമാരും അയിശമാരും ഈ ഗ്രാമത്തിലുമുണ്ടായിരുന്നു. 'മാററു' വിലക്കിനെതിരെ വേളത്ത് നായർ എന്ന പ്രമാണിക നായർ തറവാട്ടുകാർക്കെതിരായി അരിവാളെടുത്ത് പൊരുതാൻവന്ന ധീരരായ മഹിളാരത്നങ്ങൾ ഇവിടെ ഉണ്ടായിരുന്നു എന്നത് ഇന്നത്തെ തലമുറക്ക് ആവേശം പകരുന്നതാണ്.

11653 സ്ത്രീകളാണ് 1991 സെൻസസ്പ്രകാരം ഈ പഞ്ചായത്തിലുള്ളത്. ഇവരിൽ പകുതിയിലേറെ ഗൃഹസ്ഥാശ്രമികളാണ്. മററുള്ളവർ കാർഷിക തൊഴിൽ, കെട്ടിട നിർമ്മാണതൊഴിൽ (കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്നവരും മണൽ വാരുന്നവരും ചെങ്കൽ ക്വാറികളിൽ പണിയെടുക്കുന്നവരും ഇതിൽ ഉൾപ്പെടും) ഏതാനും പേർ ചുമടുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. പുലയ സമുദായത്തിൽപെട്ട സ്ത്രീകൾ കാർഷിക തൊഴിലിന്പുറമെ പരമ്പരാഗത തൊഴിലായ തഴപായ നെയ്ത്തും കൈതോല ഉപയോഗിച്ചുള്ള മററു വസ്തുക്കൾ നിർമ്മിക്കുന്ന തൊഴിലിലും ഏർപ്പെട്ടിരുന്നു. ഗാർഹിക ജോലിയുമായി കഴിയുന്നവർ അവരവരുടെ വീടുകളിൽ ഒതുങ്ങി കൂടുന്നവരാണ്. സർക്കാർ ജോലികളിലും അധ്യാപന ജോലിയിലും ഏർപ്പെട്ടവർ അംഗുലീപരിമിതമാണ്. നൂറ് ശതമാനം സാക്ഷരത നേടിയവരാണ് ഇവർ എന്ന് പറയാമെങ്കിലും പൊതു ജ്ഞാനവും ലോക പരിചയവും വളരെ കുറഞ്ഞവരാണ് ഇവിടുത്തെ സ്ത്രീകൾ. പ്രായപൂർത്തിയെത്തിക്കഴിഞ്ഞാൽ വീട്ടിലൊതുങ്ങിക്കഴിയുന്ന സ്വഭാവക്കാരാണ് മിക്കവരും.

ഈ പഞ്ചായത്തിലെ സ്ത്രീകൾ പൊതുവെ പാവങ്ങളാണെങ്കിലും ശുചീകരണ ബോധമുള്ളവരും കുലീനമായ വസ്ത്രധാരണ സമ്പ്രദായങ്ങളുള്ളവരുമാണ്. ഉപഭോഗ സംസ്ക്കാരവും ആഡംബര വസ്തുക്കളെക്കുറിച്ചുള്ള നിറം മങ്ങാത്ത പരസ്യങ്ങളും സ്ത്രീകളുടെ വേഷവിധാനങ്ങളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. സിനിമയും ഇതിനൊരു കാരണമായി തീർന്നിട്ടുണ്ട്. കുടുംബാസൂത്രണത്തിൽ തൽപരരാണ് വേളം ഗ്രാമവാസികൾ. മുസ്ലിം സ്ത്രീകൾ മതപരമായ കാരണങ്ങളാൽ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിൽ മടിക്കുന്നവരാണെങ്കിലും ഇപ്പോൾ ഒരു നല്ല ശതമാനം മുസ്ലിം സ്ത്രീകളും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ അവലംബിക്കാൻ മുന്നോട്ടുവരുന്നുണ്ട്. പൊതുവിൽ അരോഗദൃഢഗാത്രകളാണ് ഈ ഗ്രാമത്തിലെ സ്ത്രീകളധികവും. മരണനിരക്കും കുറവുതന്നെ.

'തുല്യജോലിക്ക് തുല്യ കൂലി' എന്ന തത്വം ഈ ഗ്രാമത്തിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക തൊഴിലിലായാലും നിർമ്മാണതൊഴിലിലായാലും മററേത് തൊഴിലിലായാലും പുരുഷന് ലഭിക്കുന്ന കൂലിയുടെ പകുതിയോ അതിൽ കുറവോ ആണ് സ്ത്രീക്ക് ലഭിക്കുന്നത്. ഈ അന്തരത്തിന് നൂററാണ്ടുകളുടെ പഴക്കമുണ്ട്.

അന്ന് പുരുഷന് ഒരിടങ്ങഴി നെല്ല് കൂലി കിട്ടുമ്പോൾ സ്ത്രീക്ക് ഇരുനാഴിയേ കിട്ടിയിരുന്നുള്ളൂ. സ്ത്രീജോലി വിഭജിച്ച് നിശ്ചയിക്കപ്പെട്ടിരിക്കുന്ന എന്ന ഒരു ദുരവസ്ഥ ഈ ഗ്രാമത്തിലുമുണ്ട്. ഞാറുനടൽ, ഞാറുപറിക്കൽ, നെല്ല്കൊയ്ത്ത്, പാചകം

അലക്ക്,തൂത്തുവാരൽ, ഓലമെടയൽ, ചൂടി പിരിക്കൽ, വിറക് പെറുക്കൽ, പുല്ല് പറിക്കൽ എന്നിവയൊക്കെ സ്ത്രീകളുടെ പ്രത്യേക തൊഴിലുകളായി പരിഗണിക്കപ്പെട്ടുവരുന്നു. ഇപ്പോൾ കഠിനാധ്വാനം വേണ്ടിവരുന്ന വിവിധ തൊഴിലുകളിലേക്ക് സ്ത്രീകൾ കുടിയേറിയിട്ടുണ്ട്. കരിങ്കല്ല് ലോഡിംഗ് ചെങ്കല്ല് ലോഡിംഗ് എന്നിവ ഉദാഹരണങ്ങളാണ്.

വേളം ഗ്രാമ പഞ്ചായത്തിലെ സ്ത്രീകൾ വിദ്യാഭ്യാസ രംഗത്തും ഏറെ പിന്നിലാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരവസ്ഥ സംജാതമായിട്ടുണ്ട്. ഉപരിവിദ്യാഭ്യാസത്തിന് പോകുന്നതും കൂടിവരികയാണ്. സ്കൂൾ വിദ്യാർത്ഥിനികളുടെ പട്ടിക വിദ്യാഭ്യാസം എന്ന അദ്ധ്യായത്തിൽ കൊടുത്തിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല ഈ ഗ്രാമത്തിലെ സ്ത്രീകൾക്ക് പ്രത്യേകമായ കലാ വിദ്യകളോ മററു വിനോദോപാധികളോ ഇല്ല. സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളിൽ ചിലർ നൃത്തം, ഒപ്പന, തിരുവാതിരക്കളി, ഭരതനാട്യം പോലുള്ള കലകൾ അഭ്യസിച്ചവരുണ്ട്. വോളീബാൾ, ബാസ്ക്കററ്ബാൾ മററ് കായിക വിനോദങ്ങൾ അഭ്യസിച്ചവർ വളരെ ചുരുക്കമാണ്. തൊഴിൽ പരിശീലന രംഗത്തും ഈ പഞ്ചായത്തിലെ സ്ത്രീകൾ പിന്നിലാണ്. അതുകൊണ്ടുതന്നെ സ്ത്രീകളുടേതായി പറയത്തക്ക തൊഴിൽ സ്ഥാപനങ്ങളൊന്നും ഇവിടെയില്ല ഏതാനും പേർ തയ്യൽവേല ചെയ്യുന്നു. എന്നല്ലാതെ വിദഗ്ദ തയ്യൽതൊഴിലാളികളായി മാറാൻ ശ്രമിക്കാറില്ല.

പൊതുരംഗത്ത് പ്രവർത്തിക്കാൻ വിമുഖത കാണിക്കുന്നവരാണ് ഇവിടുത്തെ സ്ത്രീകൾ. പൊതുപ്രവർത്തനത്തിന് പഞ്ചായത്തിലെ സാമൂഹ്യ അംഗീകാരമില്ലാത്തതാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാവുന്ന പ്രധാന വസ്തുത. കാര്യങ്ങളെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മ, പ്രതികരണശേഷിയില്ലായ്മ, കാലങ്ങൾ സമ്മാനിച്ച അധമബോധം, മേധാവിത്വപരമായ പുരുഷ സമീപനം, മത തത്വങ്ങളുടെ ദുർവ്യാഖ്യാനം എന്നിവയും കാരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ്. എന്നാൽ അടുത്തകാലത്തായി ചെറിയതോതിലെങ്കിലും സ്ത്രീകൾ രംഗത്തിറങ്ങി തുടങ്ങിയിട്ടുണ്ട്. പ്രവർത്തനം കാര്യക്ഷമമല്ലെങ്കിലും മൂന്ന് നാല് മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ ചെറിയതോതിലെങ്കിലും പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളാണ് പുത്തലത്ത് ലീബാ മഹിളാ സമാജവും തീക്കുനി വിജയലക്ഷ്മി സമാജവും. പിന്നീട് സ്ത്രീകൾക്കായുള്ള സംഘടന എന്ന് പറയാവുന്നത് ജനാധിപത്യ മഹിളാ അസോസിയേഷന്റെ യൂണിററുകളും പഞ്ചായത്ത് സമിതിയുമാണ്. അവരും സംഘടനാ നിർദ്ദേശമനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു എന്നല്ലാതെ സ്ത്രീകളുടെ സാമൂഹ്യ ഉന്നതിക്ക്വേണ്ടി പ്രവർത്തിച്ചു കാണുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കായി സംവരണം വന്നതുകൊണ്ട് പൊതുരംഗത്തിറങ്ങാൻ ഏതാനും സ്ത്രീകൾ നിർബന്ധിതരായി തീർന്നു. ഇത് സ്ത്രീകൾക്ക് പൊതുരംഗത്ത് പ്രവർത്തിക്കുന്നതിന് പ്രേരകമായി തീർന്നിട്ടുണ്ട്. എന്നത് ഒരു വസ്തുതയാണ്.

വിദ്യാഭ്യാസത്തിന്റെ അഭാവംനിമിത്തമുള്ള അന്ധവിശ്വാസങ്ങളും സ്ത്രീധനത്തിന്റെ ഫലമായുള്ള പീഡനങ്ങളുമാണ്. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ഇടയിലുള്ള മുഖ്യ സാമൂഹ്യ പ്രശ്നങ്ങൾ. പൊതുവിൽ വേളം ഗ്രാമവാസികൾ വിവിധ അന്ധവിശ്വാസങ്ങളിൽ കുരുങ്ങികിടക്കുന്നവരാണ്. അപ്പോൾ പിന്നെ സ്ത്രീകളുടെ കാര്യം പറയേണ്ടതില്ലല്ലോ. വീടുകളിൽ മിക്ക അനാചാരങ്ങൾക്കും നേതൃത്വം കൊടുക്കുന്നത് തന്നെ സ്ത്രീകളാണ്. രോഗ നിർണ്ണയത്തിന് ജ്യോത്സ്യവും രോഗ ചികിത്സക്ക് മന്ത്രവാദവും ഇപ്പോഴും ആശ്രയിക്കപ്പെടുന്നു. ഇത് താരതമ്യേന എല്ലാ മത വിശ്വാസികളിലും കാണപ്പെടുന്നു. ഒരു കാലത്ത് ഒട്ടേറെ അനാചാരങ്ങളുടെ കേളീരംഗമായിരുന്ന ഈ ഗ്രാമം അതിൽ നിന്നും വളരെയേറെ മാററത്തിന് വിധേയമായിട്ടുണ്ട് എന്നത് ആശാവഹമാണ്.

സ്ത്രീധനം ഈ പഞ്ചായത്തിലെ സ്ത്രീകളുടെയും ഒരു വലിയ ശാപംതന്നെയാണ്. സ്ത്രീധനം കൊടുക്കാൻ കഴിയാതെ വിവാഹം നീണ്ടുപോകുന്നവർ, സ്ത്രീധനം കൊടുക്കാൻ കഴിയാതെ വിവാഹം മുടങ്ങിയവർ, സ്ത്രീധനംമൂലം വിവാഹമോചിതരായവർ, സ്ത്രീധനകാരണം ഭർത്താവിൽ നിന്ന് വേർപിരിഞ്ഞ് താമസിക്കുന്നവർ, സ്ത്രീധനത്തിന്റെ പേരിൽ ശാരീരികവും മാനസികവുമായി പീഡിപ്പിക്കപ്പെടുന്നവർ അങ്ങനെ പോകുന്നു സ്ത്രീധനത്തിന്റെ പേരിലുള്ള വ്യഥകൾ. സ്ത്രീധനത്തിനെതിരെയും ആഭരണഭ്രമത്തിനെതിരെയും ബോധവൽക്കരണം നടത്തേണ്ടത് ഇവിടെയും അത്യാവശ്യമാണ്. ഇതോടനുബന്ധിച്ച് പറയാവുന്ന മറെറാരുകാര്യം വിവാഹധൂർത്താണ്. പ്രധാനമായും അനുകരണ ഭ്രമമാണ് ഈ ധൂർത്തിന് കാരണം. ഈ ധൂർത്തിനെതിരെയും പ്രചാരണ

പ്രവർത്തനങ്ങൾ സ്ത്രീകൾ സംഘടിതമായി നടത്തേണ്ടതുണ്ട്. മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ കൂടുതലും അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. വ്യാജവാററ് ഈ പഞ്ചായത്തിന്റെ തീരാശാപമാണ്. ചാരായ നിരോധനം വന്നതും അനുബന്ധ ബോധവൽക്കരണ പരിപാടികളും മററു പ്രവർത്തന പരിപാടികളും സംഘടിപ്പിക്കപ്പെട്ടതോടെ വ്യാജമദ്യം വളരെയേറെ കുറഞ്ഞിട്ടുണ്ട്. വ്യാജവാററും ഒരു ഭാഗത്ത് വ്യാജവാററ് ഉൽപാദിപ്പിക്കുന്നതിൽ വ്യാപൃതരായ സ്ത്രീകളും മറുവശത്ത് വാററു ചാരായത്താൽ തീരാദുരിതങ്ങളനുഭവിക്കുന്ന സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഈ അവസ്ഥക്ക് വളരെയധികം മാററങ്ങൾ വന്നു തുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തീരാജ് നിയമം പ്രാബല്ല്യത്തിൽ വന്നതോടുകൂടി നിർബ്ബന്ധിക്കപ്പെട്ടിട്ടാണെങ്കിലും സ്ത്രീകൾക്കും പൊതുരംഗത്ത് പ്രവർത്തിക്കാനവസരം ലഭിക്കുകയുണ്ടായി. ഈ അവസരമുപയോഗപ്പെടുത്തി സ്ത്രീകളുടെ സാമൂഹ്യ ഉന്നമനത്തിനുവേണ്ടി സംഘടിതമായ പ്രവർത്തനങ്ങൾ ആസൂത്രിതമായി നടപ്പാക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

| നമ്പർ | തൊഴിൽമേഖല | എണ്ണം |
|---|---|---|
| 1 | ഗൃഹസ്ഥകൾ | 4306 |
| 2 | കർഷക തൊഴിലാളികൾ | 3026 |
| 3 | നിർമ്മാണ തൊഴിൽ | 2048 |
| 4 | കർഷകർ | 58 |
| 5 | കുടിൽ വ്യവസായികൾ | 88 |
| 6 | മററുള്ളവർ | 1983 |
| 7 | കന്നുകാലിവളർത്തൽ | 144 |
| | ആകെ | 11653 |

## പ്രശ്നങ്ങൾ

1. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും
2. പൊതുരംഗത്ത് ഇറങ്ങാനുള്ള വിമുഖത
3. പൊതുരംഗത്തിറങ്ങുന്ന സ്ത്രീകളോടുള്ള സമൂഹത്തിന്റെ അവജ്ഞ
4. തൊഴിലവസരക്കുറവ്
5. സ്ത്രീ പുരുഷ അസമത്വം
6. മേധാവിത്വപരമായ പുരുഷസമീപനം
7. സ്ത്രീ സാമൂഹ്യസംഘടനയുടെ അഭാവം
8. അജ്ഞതയും വിദ്യാഭ്യാസ കുറവും
9. സ്ത്രീധന, സ്ത്രീപീഡന, ആഭരണ, കല്ല്യാണ ധൂർത്ത് പ്രശ്നങ്ങൾ

## സാധ്യതകൾ

1. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ബോധവൽക്കരണവും കർമ്മപരിപാടികളും
2. പൊതുരംഗത്തേക്ക് ഉൽസുകരാക്കാനുള്ള ബോധവൽക്കരണവും പ്രോൽസാഹനവും സംഘടിപ്പിക്കുക
3. സമൂഹ സമീപനത്തിൽ മാററം വരുത്താനാവശ്യമായ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുക
4. സ്ത്രീകൾക്കായി പ്രത്യേക തൊഴിൽശാലകളും വ്യവസായ യൂണിററുകളും സ്ഥാപിക്കുക.
5. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക
6. തുല്ല്യജോലിക്ക് തുല്ല്യകൂലി ലഭിക്കുന്നതിനാവശ്യമായ പ്രചാരണം നടത്തുക.
7. മേധാവിത്വപരമായ പുരുഷസമീപനത്തിനെതിരെയുള്ള ബോധവൽക്കരണവും നേതൃത്വ പരിശീലനവും നടത്തുക.
8. സ്ത്രീകൾക്കായുള്ള പ്രത്യേക വായനശാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കുക.

9. സ്ത്രീകൾക്കായുള്ള പ്രത്യേക കലാകായികവേദി കൾ സ്ഥാപിക്കുക.

10. അനൗപചാരിക വിദ്യാഭ്യാസത്തിൽ സ്ത്രീകൾക്ക് മുഖ്യ പങ്കാളിത്തം നൽകുകയും അർഹമായ പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യുക.

11. സ്ത്രീകൾക്കായി സോപ്പ്, ക്ഷീരോൽപന്നങ്ങൾ, അച്ചാർ, മെഴുക്തിരി, റെഡിമെയ്ഡ്, ചന്ദന തിരി, ബാഗ്, കുടനിർമ്മാണ യൂണിററുകൾ തുട ങ്ങുക.

12. കൂൺകൃഷി, പച്ചക്കറി കൃഷി, കുററിമുല്ല കൃഷി, തേനീച്ച വളർത്തൽ, ആട്, കോഴി വളർത്തൽ, മുയലിനെ വളർത്തൽ എന്നിവ എളുപ്പം സ്ത്രീ കൾക്ക് നടത്താവുന്നവയാണ്.

13. നിയമോപദേശത്തിനും നിയമ സാക്ഷരതയ്ക്കും വേണ്ടി പഞ്ചായത്ത് നിയമ സഹായവേദി രൂപീകരിക്കുക.

14. പെൺകുട്ടികളെ നിർബന്ധമായും കോളേജ് വിദ്യാഭ്യാസത്തിന് അയക്കുക.

****

# K

# പട്ടികജാതി ക്ഷേമം

# പട്ടികജാതി ക്ഷേമം.

വേളം ഗ്രാമ പഞ്ചായത്തിൽ 'പട്ടികജാതി' വിഭാഗത്തിൽപ്പെട്ടവർ മാത്രമേയുള്ളു. പട്ടിക വർഗ്ഗക്കാർ ഇല്ല. പട്ടിക ജാതിയിൽപ്പെട്ടവരിൽ തന്നെ പുലയർ, മലയർ. പെരുമണ്ണാൻ, പരവൻ സമുദായത്തിൽപ്പെട്ടവരാണുള്ളത്. വളരെക്കാലങ്ങൾക്ക്മുമ്പേ ഈ വിഭാഗത്തിൽപ്പെട്ടവർ സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട ദുർബ്ബല-മർദ്ദിത വിഭാഗമായിരുന്നു. വഴിനടക്കാൻപോലും 'സ്വാതന്ത്ര്യം' നിഷേധിക്കപ്പെട്ട സ്വതന്ത്ര ഭാരതത്തിലെ പൗരൻമാർ !

സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനത്തിൻേറയും അയിത്തത്തിനും തൊട്ടുകൂടായ്മക്കും തീണ്ടലിനും, അടിമപ്പണിക്കും എതിരായിനടന്ന പ്രക്ഷോഭത്തിൻെറയും വിദ്യാഭ്യാസ പുരോഗതിയുടേയും ഭാഗമായി ഈ വിഭാഗത്തിൽപ്പെട്ടവരും കുറേശ്ശ കുറേശ്ശ പടിപടിയായി ഉയർന്നുവന്നതാണ്. എന്നാലും, ഈ ജാതിയിൽപ്പെട്ട ചിലവിഭാഗത്തിന്ന് ഇപ്പോഴും മുന്നോക്ക ജാതിക്കാരുടെ വീടുകളിലെ കിണറുകളിൽനിന്നും, വെള്ളംകോരാനോ, വിവാഹാദിസമൂഹ സദ്യയിൽ പങ്കെടുക്കുന്നതിനോ, ഇത്തരത്തിൽപ്പെട്ടവരുടെ വീടുകളിൽ നിന്നും മേൽ ജാതിക്കാർ ഭക്ഷണം കഴിക്കുന്ന 'സാമൂഹ്യപുരോഗതി'യോ പൂർണ്ണമായും കൈവരിച്ചെന്നവകാശപ്പെട്ടുകൂടാ.

വ്യത്യസ്തമായ ആചാരങ്ങൾ വെച്ച്പുലർത്തുന്നവരാണ് ഈ വിഭാഗത്തിൽപ്പെട്ട ചിലർ. പുലയ സമുദായത്തിൽപ്പെട്ടവരുടെ 'ദൈവവും' ഉത്സവവും ഒരു പ്രത്യേക രീതിയിൽതന്നെയാണ്. ഇവർമരണപ്പെട്ടാൽ ഇവരുടെ മൃതശരീരം മറവുചെയ്യുന്നതിന് ഒരു പ്രത്യേക ശ്മശാനം തന്നെയുണ്ട്. സമീപ പഞ്ചായത്തായ ആയഞ്ചേരിയിലെ 'പൊലുത്തുരുത്തി' എന്ന സ്ഥലം ഇവർ ശ്മശാനമായി ഉപയോഗിക്കുന്നു, ഇവിടെ ഇവർക്ക് ക്ഷേത്രവും ഉൽസവവുമുണ്ട്. ഇപ്പോൾ ഉൽസവത്തിൽ എല്ലാ വിഭാഗം ആളുകളും സജീവമായി പങ്കെടുക്കാറുണ്ട്.

പുലയ സമുദായത്തിൽപ്പെട്ടവരുടെ കുടിൽ വ്യവസായങ്ങൾ പായനെയ്ത്ത്, കുട്ടനിർമ്മാണം, മുറം നിർമ്മാണം തുടങ്ങിയവയാണ്. 'കതിരച്ചാട്ടം' എന്ന ഒരു പ്രത്യേകതരം കല ആർജ്ജിച്ചവരും ഇവരുടെ ഇടയിലുണ്ട്. ജാതീയമായ യോഗങ്ങൾ, സംഘം ചേരൽ, ഉത്സവാദികാര്യങ്ങളിലെ മൂപ്പനെ നിശ്ചയിക്കൽ, കലശം വെക്കൽ, പഴംകുററിനേർച്ച, 'പാമ്പിന് കൊടുക്കൽ നേർച്ച' തുടങ്ങിയ സാമുദായികവും അല്ലാത്തതുമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഈ വിഭാഗത്തിൽ ഇപ്പോഴമുണ്ട്. കുടിൽ വ്യവസായ തൊഴിലുകൾക്ക് പുറമേ ഞാറുനടൽ, ഞാറുപറിക്കൽ, നെൽവയലുകൾ കൃഷിക്കനയോജ്യമായി പാകപ്പെടുത്തിയെടുക്കൽ തുടങ്ങിയ കാർഷിക ജോലികളും, കാർഷികേതര ജോലികളും ഈ വിഭാഗത്തിലുള്ളവർ ചെയ്ത് വരാറുണ്ട്.

പട്ടിക ജാതിയിൽപ്പെട്ട മററൊരു സമുദായമാണ് മലയ സമുദായം. പ്രധാനമായ കുലത്തൊഴിൽ ചെണ്ടകൊട്ടാണ്. ഉത്സവകാലമായാൽ [ക്ഷേത്രങ്ങളിൽ] ചെണ്ടമേളത്തിന് ഈ സമുദായത്തിൽപ്പെട്ടവരാണുണ്ടാവുക. മന്ത്രവാദം, എണ്ണമന്ത്രം, തെയ്യാട്ട്, ബലിക്കള, ചില ക്ഷേത്രങ്ങളിലെ തെയ്യം [പുതിയോട്ടിൽ ശ്രീ. ഭഗവതീ ക്ഷേത്രം, തായനക്ഷേത്രം] തുടങ്ങിയവഇൗസമുദായക്കാരാണ്നടത്തിവരാറുള്ളത് വർഷങ്ങൾക്ക് മുമ്പേ വേളം പഞ്ചായത്തിൽ ഓണക്കാലത്ത് 'ഓണപ്പൊട്ടൻ' ഗൃഹസന്ദർശനം നടത്തലും. കാലൻപാട്ട്, വേടൻപാട്ട് തുടങ്ങിയ തുടി കൊട്ടിപ്പാടലും എല്ലാ വീടുകളിലും [മുസ്ലീം വീട് ഒഴികെ] ഉണ്ടായിരുന്നു. കാക്കുനി, കോയൂര, തീക്കുനി ഭാഗങ്ങളിൽ ഈ പ്രാചീന സമുദായ കലകൾ ഇപ്പോഴും ഉണ്ട്. 'ഓണപ്പൊട്ടൻ'കെട്ടുന്ന മലയസമുദായത്തിൽപ്പെട്ട ആളുകൾ തിരുവോണ നാളുകളിൽ ഹിന്ദു മത വിഭാഗത്തിലെ തന്നെ താണ ജാതിക്കാരായി മുദ്രകുത്തപ്പെട്ട പുലയ സമുദായക്കാരുടെ വീടുകളിൽ സന്ദർശനം നടത്താത്തത് പുലയ സമുദായക്കാരിൽ തന്നെ അമർഷം ഉണ്ടായിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങൾ ഉണ്ടാകുന്നതിനാൽ 'സമാന്തര ഓണപ്പൊട്ടൻ' പുലയസമുദായത്തിൻെറ വകയായി പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇതിന് മാററം ഉണ്ടാകേണ്ടത് എല്ലാവരുടേയും ബോധമണ്ഡലത്തിലാണ് ഒപ്പം സാമൂഹ്യമാററവും. മലയ സമുദായത്തിൽപ്പെട്ടവർക്ക് മാത്രം പരസ്പരം കൈമാറാനുള്ള പ്രത്യേക തരം ഭാഷയും ഉണ്ട്. പണിക്കർ എന്നാണ് പൊതുവെ ഇവരെ വിളിക്കുന്നത്.

മററൊരു പട്ടികജാതി സമുദായമാണ് പരവൻമാർ. പ്രധാന തൊഴിൽ കല്ല് ചെത്ത്, കെട്ടിട നിർമ്മാണം എന്നിവയാണ്. പഞ്ചായത്തിൻെറ

വിവിധഭാഗങ്ങളിലായാണ് ഇവർ താമസിക്കുന്നത്. 'കുറുപ്പ്' എന്ന പേരിലാണ് പൊതുവെ ഇവർ അറിയപ്പെടുന്നത്. 'പുളിഞ്ഞോളി' എന്ന ഈ സമുദായക്കാരുടെ വീട്ടിൽ എല്ലാ കൊല്ലവും ഗുരുസി നടക്കാറുണ്ട്. കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ ഉത്സവത്തിന് പോകുന്നവരിൽ വെളിച്ചപ്പാട് (കോമരം) ഇവരുടെ ഇടയിലും ഉണ്ട്. ആധുനിക ചികിത്സാ സമ്പ്രദായ രീതി വേണ്ടത്ര പ്രചാരത്തിലില്ലാത്ത കാലത്ത് 'നാടൻ പേററിച്ചികൾ' എന്ന പേരിൽ അറിയപ്പെട്ടവരിൽ ഈ സമുദായത്തിലുള്ളവരാണ ധികവും ഉണ്ടായിരുന്നത്.

പട്ടിക വിഭാഗത്തിൽപ്പെട്ടവരെ ഇതര സമൂഹത്തിന്റെ ഉന്നതിയിലെത്തിക്കാൻ ജാതിസംവരണം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഉദ്യോഗനിയമനങ്ങളിൽ സംവരണം തുടങ്ങിയവയൊക്കെ നടപ്പിലുണ്ടെങ്കിലും ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗവും ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെതന്നെയാണുള്ളത്. ഇവരുടെ ഉന്നമനത്തിന് വിവിധ വകുപ്പുകളിലൂടെ നീക്കിവെക്കുന്ന തുക ചിലവഴിക്കാതെ ലാപ്പായിപ്പോകുന്നതും പത്രദ്വാരാ നാം അറിയുന്നു, ഞെട്ടുന്നു.

വേളം പഞ്ചായത്തിൽ കൂളിക്കുന്ന്, പോയിമഠം, നാരായണിക്കുന്ന് തുടങ്ങിയവയാണ് ഹരിജൻ കോളനികളായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ മണിമല, മാമ്പ്രമല തുടങ്ങിയ സ്ഥലങ്ങളിലും തുവ്വാല പുതുശ്ശേരി, മുള്ളൻകുന്ന് തുടങ്ങിയ സ്ഥലങ്ങളിലും ഇവർ കൂട്ടമായി താമസിച്ചു വരുന്നുണ്ട്.

പട്ടികജാതിക്കാർ ആകെ ജനസംഖ്യ – 1244

പുരുഷൻ 642

സ്ത്രീ 602

വിദ്യാഭാസപരമായി പിന്നോക്കം നിൽക്കുന്നവരാണധികവും. കലാശാലാവിദ്യാഭ്യാസം നടത്തുന്നവർ ലഭ്യമായ കണക്കനുസരിച്ച് 24 പേർ മാത്രമേ ഉള്ളൂ ഈ വിഭാഗത്തിൽനിന്നും നാക്ക്ാർ സർവ്വീസിൽ ജോലിയുള്ളവർ വളരെ വിരളമാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും, സാമൂഹ്യമായ ഉച്ചനീചത്വങ്ങളുമാണ് വിദ്യാഭ്യാസാദികാര്യങ്ങളിൽ ഈ വിഭാഗം പിന്തള്ളപ്പെട്ടുപോയത്. പാർപ്പിടം, കുടിവെള്ളം, ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ഈ വിഭാഗം ഇപ്പോഴും സ്വയം പര്യാപ്തതകൈവരിച്ചിട്ടില്ല.

അന്യ സംസ്ഥാനങ്ങളിൽനിന്നും കൂലിപ്പണിക്ക് വന്നവരായി ഇവിടെയുള്ളത് കരിങ്കൽ ക്വാറികളിൽ മെററൽ അടിക്കുന്നതിനും മററും വന്ന തൊഴിലാളികളാണ്. അവരാരുംതന്നെ ഈ പഞ്ചായത്തിൽ സ്ഥിരമായി താമസിച്ചു വരുന്നവരല്ല എന്നാൽ, വട്ടക്കണ്ടിപ്പാറയിൽ അന്യനാട്ടിൽ നിന്നും വന്ന് കരിങ്കൽ ക്വാറിയിൽ ജോലി ചെയ്തു വരുന്ന കുറച്ച് പേർ കുറേവർഷങ്ങളായി അവിടെ കൂരയിൽ താമസിച്ചുവരികയാണ്.

പട്ടികജാതിസംവരണ വാർഡായി സ്ഥിതി ചെയ്യുന്നത് ഒൻപതാം വാർഡാണ്. എങ്കിലും കൂടുതൽ പട്ടികജാതിക്കാർ ഉള്ളത് 10, 5 വാർഡുകളിലാണ് ഏകദേശം ആനുകൂല്യങ്ങളും പട്ടികജാതിക്കാർക്കാണെന്ന് പ്രചാരമുണ്ടെങ്കിലും ആ ആനുകൂല്യങ്ങൾ ഫലവത്താക്കാൻ സാധിക്കാത്ത അവസ്ഥയിൽ മററു സമുദായങ്ങളിൽ നിന്നും ഈ വിഭാഗം ബഹു ദൂരം പിന്നിലാണ്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിലാണ്.
2. സ്വന്തമായി കക്കൂസ് ഇല്ലാത്ത വീടുകൾ ഉണ്ട്.
3. വാസയോഗ്യമായ വീടുകളില്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്.
4. വൈദ്യുതീകരിക്കപ്പെടാത്ത വീടുകളാണ് അധികവും.
5. കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു; തൊഴിൽ ദിനങ്ങളുടെ എണ്ണവും കുറയുന്നു.
6. മിക്ക വീടുകളും കുന്നിൻ പ്രദേശങ്ങളിലായതിനാൽ കുടിവെള്ള പ്രശ്നം അനുഭവപ്പെടുന്നു. ഉദാ:– കൂളിക്കുന്ന്, തുവ്വമല, മാമ്പ്രമല, കോയ്യൂറക്കുന്ന്.
7. കുടിൽ വ്യവസായങ്ങൾ പ്രതിസന്ധിയിലാണ് അസംസ്കൃതവസ്തുക്കൾ വേണ്ടത്രലഭ്യമാകുന്നില്ല.

8. ഈ രംഗത്തുള്ളവർക്ക് തൊഴിൽ പരിശീലന സംരംഭ കേന്ദ്രങ്ങൾ ഇല്ല.

9. അടിമബോധത്തിൽ ഇനിയും മാററമുണ്ടാകണം.

10. അംബേദ്കർ ശിശു വിഹാരകേന്ദ്ര [പെരുവയൽ] ത്തിൽ ഉച്ചഭക്ഷണം, കളിക്കോപ്പുകൾ, മററു ഭൗതിക സാഹചര്യങ്ങൾ, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് - പ്രശ്നമാണ്.

11. വിവിധ ഡിപ്പാർട്ടുമെൻറുകൾ നടപ്പിലാക്കുന്ന പദ്ധതിയെപ്പററി അറിവില്ലായ്മ.

12. മത്സ്യം പിടിക്കുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ കിട്ടായ്മ.

13. സ്ത്രീകൾക്ക് തൊഴിൽമേഖലയിൽ പങ്കാളിത്തക്കുറവ്.

14. സ്വന്തമായി ഭൂമി ഇല്ലാത്ത ഉപകുടുംബങ്ങളായി താമസിച്ചു വരുന്നവർക്ക് വീടില്ലാത്തത് ഒരു പ്രശ്നമാണ്.

15. നിലവിലുള്ള പദ്ധതികളിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെതിരായി ബോധവൽക്കരണം.

16. നിസ്സാരമായ ആനുകൂല്യങ്ങൾക്ക് വേണ്ടി കമ്മ്യൂണിററി സർട്ടിഫിക്കററിന് വേണ്ടി ജോലിയും നഷ്ടപ്പെടുത്തി രണ്ടിൽ കൂടുതൽ തവണ വടകര പോകേണ്ടി വരുന്നത്.

## സാധ്യതകൾ

1. പഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിലെഅൺടൈഡ് - ജെ. ആർ. വൈ. ഫണ്ട് വിഹിതം ഉപയോഗപ്പെടുത്താം.

2. ബ്ലോക്ക് പഞ്ചായത്ത് മുഖേനയുള്ള ഭവനനിർമ്മാണ പദ്ധതി, കക്കൂസ് നിർമ്മാണപദ്ധതി എന്നിവ ഉപയോഗപ്പെടുത്താം.

3. പട്ടികജാതി വികസനകോർപ്പറേഷൻ മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും ലോണുകളും ഉപയോഗപ്പെടുത്താം

4. I. R. D. P ആനുകൂല്യത്തിലൂടെ സ്വയം തൊഴിൽ കണ്ടെത്താം.

5. താലൂക്ക് പട്ടികജാതി വികസന ആഫീസ് മുഖേനയുള്ള വിവിധ സ്കീമുകൾ ഉപയോഗപ്പെടുത്താം.

6. നടപ്പ് പദ്ധതികളിലൂടെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന സംഖ്യ നഷ്ടപ്പെട്ടുപോകാതെ ഉപയോഗപ്പെടുത്താം.

7. പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്നതിന് സന്നദ്ധ സംഘടനകളുടേയും സാംസ്ക്കാരിക സംഘടനകളുടേയും സേവനം പ്രയോജനപ്പെടുത്താം.

8. ആനുകൂല്യങ്ങൾ കൈപ്പററുക എന്നതിനപ്പുറം അവകാശബോധങ്ങൾ ഉണ്ടാകുന്നതിന് ബോധവത്ക്കരണം, സാക്ഷരതാ പ്രവർത്തനം വയോജന വിദ്യാഭ്യാസപരിപാടി എന്നിവ ഉപയോഗപ്പെടുത്താം.

9. പ്രത്യുല്പാദനപരമായ മേഖലകളിലേക്ക് യുവജന ശേഷി കെട്ടഴിച്ച് വിടാം.

10. 'കിർത്താഡ്സിൻെറ' സേവനവും ഈ മേഖലയിൻ അവർ ചെലവഴിക്കുന്ന സാമ്പത്തികാനുകൂല്യങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

****

L

# വിഭവ സമാഹരണം

# വിഭവ സമാഹരണം

പരിമിതമായ വരുമാന മാർഗങ്ങളെ ആശ്രയിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്ന വേളം ഗ്രാമ പഞ്ചായത്തിൽ വിവിധ മേഖലകളിലെ വിഭവങ്ങൾ കണ്ടെത്തി വരുമാനം വർധിപ്പിക്കേണ്ടതുണ്ട്. നാടിന്റെയും സമൂഹത്തിന്റെയും വളർച്ചക്ക് സംഭാവനകളർപ്പിക്കാൻ എന്നും ഉദാരമനസ്സത കാണിച്ച ചരിത്രമാണ് വേളം പഞ്ചായത്തിലെ ജനങ്ങൾക്കുള്ളത്. പഞ്ചായത്തിൽ നടത്തിയ വിവിധങ്ങളായ വികസന മേഖലകളിൽ ജനങ്ങളുടെ സംഭാവന എടുത്തുപറയത്തക്കതാണ്. വേളം പഞ്ചായത്തിൽ മൊത്തമുള്ള 136 കി. മീററർ റോഡിൽ 133 കി. മീററർ റോഡും വെട്ടാനാവശ്യമായ 13 ഏക്കറിൽ കൂടുതൽ സ്ഥലവും ജനങ്ങൾ സൗജന്യമായി നൽകിയതാണ്. ഇത്രയും ഭൂമിക്ക് ഇന്നത്തെ നിരക്കിൽ 75 ലക്ഷം രൂപയോളം വരും. പഞ്ചായത്തിലെ ഒട്ടേറെ റോഡുകളും നടപ്പാതകളും ജനങ്ങൾ ശ്രമദാനമായി നിർമ്മിച്ചതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴവൻ ഓഫീസുകളും സ്കൂളുകളും നിർമ്മിച്ച സ്ഥലങ്ങൾ, ജനങ്ങളുടെ സംഭാവനയാണ്. പഞ്ചായത്ത് ഹെൽത്ത്സെൻററിന്റെ സ്ഥലത്തിന്പുറമെ കെട്ടിട നിർമ്മാണച്ചെലവിന്റെ പാതിയും ജന സംഭാവനയാണ്. മാണിക്കോത്ത്താഴപ്പാലം നിർമ്മാണത്തിന് പഞ്ചായത്ത്വിഹിതമായ 660000 രൂപയിൽ 260000 രൂപയും ജനങ്ങളിൽനിന്ന് ശേഖരിച്ചതാണ്. ഇപ്പോൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ആയുർവ്വേദ ആശുപത്രി കെട്ടിടത്തിനും സ്ഥലം നൽകാൻ ഓരോ വാർഡിലെയും ജനങ്ങൾ വാശിയോടെമുമ്പോട്ട്വരുന്നുണ്ട്–ദുർബല വിഭാഗങ്ങളുടെ ഭവന നിർമ്മാണം, രോഗ ചികിത്സപോലുള്ള മനുഷ്യ കാരുണ്യ പ്രവർത്തനങ്ങളിലും സംഭാവനകൾ നൽകുന്ന കാര്യത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ മുൻപന്തിയിലാണ്.

വേളം ഗ്രാമപഞ്ചായത്തിൽ പറയത്തക്ക വ്യവസായ സ്ഥാപനങ്ങളോ, വിനോദ കേന്ദ്രങ്ങളോഇല്ല. ഇവിടത്തെ പ്രധാന വരുമാന മാർഗ്ഗം നികുതികൾ തന്നെ. കെട്ടിടനികുതിയും തൊഴിൽനികുതിയുമാണ് പ്രധാനം. ഇടക്കാലത്തുണ്ടായ കെട്ടിടങ്ങളുടെ വർധനവും ഒരു സിനിമാശാല വന്നതും, മണലിന്റെ ഡിമാൻറ് വർധിച്ചതും സാമാന്യേന വരുമാനത്തിൽ വർധനവുണ്ടാക്കിയിട്ടുണ്ട്. ഗതാഗത രംഗത്തെശോചനീയാവസ്ഥ വിവിധ മേഖലകളിലെ വികസനത്തിന് തടസ്സമായിരുന്നു. അതുകൊണ്ടു തന്നെ വ്യാവസായിക രംഗത്ത് ഈ പഞ്ചായത്തിൽ വളർച്ചയുണ്ടായില്ല. ഇന്ന് വൈദ്യുതി, ഗതാഗതമേഖലകളിലുണ്ടായ രോഗതിയും ഗൾഫുപണത്തിന്റെ വരവും വളരെയധികം പ്രതീക്ഷ നൽകുന്നു. ഗൾഫുമേഖലയിൽനിന്നും പഞ്ചായത്തിലെത്തുന്ന വിഭാങ്ങളിൽ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്നത് ഉല്പാദന മേഖലയിലല്ല. കെട്ടിട നിർമ്മാണത്തിന് വേണ്ടി നീക്കിവെക്കുന്ന വൻ സമ്പത്ത് പ്രത്യുല്പാദ മേഖലയിലേക്ക് തിരിച്ചുവിടേണ്ടതുണ്ട്.

ബാങ്കിംഗ് രംഗത്ത് പരിമിതമായ സൗകര്യങ്ങളേ വേളം ഗ്രാമ പഞ്ചായത്തിലുള്ളൂ. അതിനാൽ പഞ്ചായത്തിലെ ജനങ്ങളുടെ നിക്ഷേപങ്ങളിൽ നല്ല ശതമാനം മററു പഞ്ചായത്തുകളിലേക്ക് പോകുന്നു. പണം പ്രത്യുത്പാദന മേഖലകളിൽ ഉപയോഗപ്പെടുത്താൻ കഴിയാത്തവർ ബേങ്കിൽനിക്ഷേപിക്കുകയും ബേങ്ക് വായ്പയായി പ്രത്യുത്പാദന മേഖലയിൽ ചെലവഴിക്കപ്പെടുന്ന സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഇന്നത്തെ പ്രധാന വരുമാന മാർഗ്ഗം നികുതികളാണ്. സ്ററാമ്പ്ഡ്യൂട്ടി, പഞ്ചായത്തുവക വസ്തുലേലം, സർക്കാർ ഗ്രാൻറ് മുതലായ വരുമാനങ്ങളും ഉണ്ട്. സർക്കാർ പിരിച്ചെടുക്കുന്ന അടിസ്ഥാന നികുതിയും, സ്ററാമ്പ് ഡ്യൂട്ടിയും പഞ്ചായത്തിന് ലഭിക്കാൻ വളരെ കാലതാമസം വരുന്നു. ഈ സംവിധാനത്തിന് മാററം വരുത്തേണ്ടതുണ്ട്. നേരിട്ട് പഞ്ചായത്തിന് പിരിക്കാനുള്ള അധികാരം നൽകുകയോ, റവന്യൂ ഉദ്യോഗസ്ഥർ പിരിച്ച് പഞ്ചായത്തിൽ അടക്കുന്ന സ്വഭാവമോ ഉണ്ടാകേണ്ടതാണ്. കെട്ടിടനികുതി – പഞ്ചായത്തിന് ലഭിക്കുന്ന നികുതികളിൽ പ്രധാനപ്പെട്ടതാണ് കെട്ടിട നികുതി. കെട്ടിടനികുതി ചുമത്തുന്നതിൽ അശാസ്ത്രീയത നിലനിൽക്കുന്നുണ്ട്.

വിനോദനികുതി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു സിനിമാശാലയിൽനിന്ന് മാത്രമാണ് ലഭിക്കുന്നത്. പഞ്ചായത്തിനെ ചുററിഒഴുകുന്ന കുററ്യാടിപ്പുഴയും തീരവും വിനോദ സംരംഭങ്ങൾക്ക് ഒരുക്കാവുന്നതാണ്. തൊഴിൽ നികുതിയാണ് മറെറാരു വരുമാന മാർഗ്ഗം. തൊഴിൽനികുതി ദായകരിൽ അധികവും അദ്ധ്യാപകരാണ്, മററ് സർക്കാർ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. ചെറുകിട വ്യവസായികളും, കച്ചവടക്കാരുമാണ് മററുള്ള തൊഴിൽ നായകർ.

പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ ഭൂരിഭാഗവും നടത്തിക്കൊണ്ട് പോകുന്നത് സർക്കാർ സഹായമായും, പ്രത്യേക സഹായമായും ലഭിക്കുന്ന പണവും സർക്കാർ ഗ്രാമ വികസനത്തിന് ചെലവഴിക്കുന്ന പണവും ഉപയോഗിച്ചാണ്. സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾടാക്സ് കോമ്പൻസേഷൻ ഗ്രാൻറ്, ബേസിക്ടാക്സ്, J R Y ഗ്രാൻറ് മുതലായവയാണ് പഞ്ചായത്തിന് സർക്കാറിൽ നിന്നും ലഭിക്കുന്ന വരവുകൾ.

സൗത്ത്മലബാർ ഗ്രാമീണ ബാങ്കിൻെറ ഒരു ശാഖയും പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘവുമാണ് ഇവിടത്തെ ബാങ്കിംഗ് സ്ഥാപനങ്ങൾ. ഈ ബാങ്കുകളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല.

പഞ്ചായത്തിൻെറ സമഗ്രമമായ വികസനത്തിന് വിവിധ തുറകളിൽനിന്ന് വിഭവങ്ങൾ ശേഖരിക്കാവുന്ന ഒരു ഗ്രാമമാണ് വേളം ഗ്രാമ പഞ്ചായത്ത് എന്നത് തർക്കമെററകാര്യമാണ്.

## പ്രശ്നങ്ങൾ

1. പരിമിതമായ നികുതികൾ.
2. വിഭവങ്ങൾ കണ്ടെത്തി ശേഖരിക്കുന്നതിലുള്ള അലംഭാവം.
3. ഗ്രാൻറ് പണം ഉപയോഗപ്പെടുത്തുന്നതിലെ അപാകത.
4. സർക്കാർ നയത്തിലുള്ള അപാകത.

## സാധ്യതകൾ

1. ചിറക്കൽ ഉത്സവത്തോടനുബന്ധിച്ച് ചന്ത ഏർപ്പെടുത്തുകയും ഫീസ് ഇടാക്കാവുന്നതുമാണ്.
2. വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് 10 രൂപ ഫീസ് ചുമത്താവുന്നതാണ്.
3. മതസ്ഥാപനങ്ങളിൽ നടക്കുന്ന വിവാഹത്തിന് അത്തരം സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും ഫീസ് ഈടാക്കാവുന്നതാണ്.
4. 250ൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന സദ്യകൾക്ക് പഞ്ചായത്ത് അനുമതി നിർബന്ധമാക്കുകയും ഫീസായി 50ക. വാങ്ങാവുന്നതുമാണ്,
5. പണപ്പയററ് (കുറിക്കല്ല്യാണം) നടത്തുന്നവരിൽ നിന്നും 10ക. ഫീസായി ഈടാക്കുക.
6. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓരോ വർഷവും 1ക, 2ക, 3ക, യഥാക്രമം LP, UP, HS എന്നിവക്ക് ഫീസ് ഈടാക്കുക.
7. കലാകായിക വേദികൾ പഞ്ചായത്തിൽ 10 ക. ഫീസ് അടച്ച് രജിസ്റ്റർചെയ്യുന്നത് നിർബന്ധമാക്കുക.
8. അംഗൻവാടികളും ബാലവാടികളും 3ക. പ്രവേശനഫീസ് വാങ്ങി 1 ക. പഞ്ചായത്തിൽ എത്തിക്കുക.
9. വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് 10% നികുതി വർദ്ധിപ്പിക്കുക.
10. 3 മാസം തുടർച്ചയായി പഞ്ചായത്തിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾക്കും ലോറികൾക്കും 100ക. വീതവും ടാക്സികൾക്ക് 50ക. വീതവും ഫീസ് ചുമത്താവുന്നതാണ്.
11. മൈക്ക്ലൈസൻസിനുള്ള അപേക്ഷകൾ പഞ്ചായത്തിൽ 10ക. ഫീസ് അടച്ച് ശുപാർശക്ക് വിധേയമാക്കേണ്ടതാണ്.
12. പാസ്പോർട്ട് അപേക്ഷകൾ പഞ്ചായത്ത് മുഖേന സമർപ്പിക്കുകയും 25ക. ഫീസ് ലഭ്യമാക്കുകയും ചെയ്യുക.
13. പൊതുമരാമത്ത് പണികൾ ഏറെറടുക്കുന്ന കമ്മററി കൺവീനർമാർ പഞ്ചായത്തിൽ 100ക. ഫീസടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥയുണ്ടാക്കുക.
14. പഞ്ചായത്ത് പൊതുമരാമത്ത് ഏറെറടുക്കുന്ന കോൺട്രാക്ടർമാർ ഗ്രേഡിനനുസരിച്ച് 100ക, 150ക, 250ക, തോതിൽ ഫീസ് അടക്കണമെന്ന് വ്യവസ്ഥ ചെയ്യുക.
15. കല്ലുവെട്ടുകുഴികൾ അനുവദിക്കുന്ന ഉടമക്കും മേസ്തിരിക്കും 100ക. ഫീസ് ചുമത്തുക.
16. കരിങ്കല്ല് ക്വാറികളുടെ ഉടമകൾക്കും മേസ്തിരിമാർക്കും 100ക. വീതം ഫീസ് ചുമത്താവുന്നതാണ്.
17. വാഹനങ്ങൾ R. T. O വിൽ രജിസ്ററർ ചെയ്യുന്നതിന്മുമ്പ് 100ക. ഫീസ് അടച്ച് പഞ്ചായത്തിൽ രജിസ്ററർ ചെയ്യാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്.

18. വാഹനനികുതിയുടെ 50% പഞ്ചായത്തുകൾക്ക് ലഭ്യമാക്കുക.

19. സ്ററാമ്പ് പേപ്പറുകൾ വിൽപനക്കുള്ള അധികാരം പഞ്ചായത്തുകളെ ഏൽപിക്കുക.

20. ഭൂനികുതി പിരിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുകയോ, റവന്യൂഉദ്യോഗസ്ഥർ പിരിച്ച് പഞ്ചായത്തിൽ ഒടുക്കുന്ന സംവിധാനമോ ഉണ്ടാക്കുക.

21. വേളം ഗ്രാമപഞ്ചായത്ത് ഗഫ് സഹായനിധി സമാഹരിച്ച് 5 ലക്ഷം ഉണ്ടാക്കാവുന്നതാണ്.

## പഞ്ചായത്ത് വരവ് ചെലവ് കണക്കുകൾ

## 1986—87മുതൽ 1995—96വരെ.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1986—87 | 520448—23 | 513195—48 |
| 1987—88 | 325294—08 | 612646—63 |
| 1988—89 | 653341—53 | 393690—60 |
| 1989—90 | 670726—58 | 538834—00 |
| 1990—91 | 1338741—15 | 1334544—40 |
| 1991—92 | 1440101—55 | 1393454—50 |
| 1992—93 | 864382—75 | 780490—55 |
| 1993—94 | 1278751—48 | 1291420—18 |
| 1994—95 | 1309858—15 | 1356747—15 |
| 1995—96 | 1280676—65 | 1421648—70 |

## പഞ്ചായത്ത് തനത് വരുമാനം.

| വർഷം | 1991-92 | 1995-96 | വ്യത്യാസം |
|---|---|---|---|
| കെട്ടിടനികുതി | 127304-90 | 177318-40 | 50013-50 |
| വിനോദനികുതി | Nil | 26539-25 | |
| തൊഴിൽ നികുതി | 50646-00 | 68910-00 | 18264-00 |
| ലൈസൻസ്ഫീസ് | 4419-00 | 6567-00 | 2148-00 |
| ലേലതുക | 9505.00 | 44780-00 | 35275-00 |
| (പൂഴി, കടവ്) | | | |

## ചിലവ്

| | 1991-92 | 1995-96 | വ്യത്യാസം |
|---|---|---|---|
| ഭരണചെലവുകൾ | | | |
| മേനേജ്മെൻറ്, ജീവനക്കാർ ശമ്പളം+അലവൻസുകളും | 179623-15 | 268566-00 | 70942-85 |

| വർഷം | ഉപാധിരഹിത ഫണ്ട് | ജെ.ആർ.വൈ | സ്റ്റാമ്പ്ഡ്യൂട്ടി | അടിസ്ഥാന നികുതിഗ്രാൻറ് |
|---|---|---|---|---|
| 1991-92 | 190000-00 | 201498-00 | 180497-00 | 34442-00 |
| 1992-93 | 198980-00 | 221600-00 | 166048-00 | 35966-00 |
| 1993-94 | 228400-00 | 412400-00 | 352154-00 | 35385-00 |
| 1994-95 | 317450-00 | 310205-00 | 112780-00 | 42297-00 |
| 1995-96 | 324240-00 | 315444-00 | 109256-00 | 46863-00 |

# പഴമൊഴി, പുതുമൊഴി, പലമൊഴി.

പൂയ്യത്തിന് മഴപെയ്താൽ
പുല്ലും നെല്ല്

★

ചോതിക്ക് പെയ്താൽ ചോദിക്കേണ്ട

★

ഉച്ചാല്യച്ചക്ക് വെള്ളരിനട്ടാൽ
വിഷുവിന്നുച്ചക്ക് പറിച്ചെടുക്കാം.

★

തിരുവാതിരക്ക് തിരിമുറിയുന്ന മഴ

★

കുരുമുളക്‌വള്ളി കൊണ്ടുപോയാലും
തിരുവാതിര കൊണ്ടുപോയില്ലല്ലോ !!

★

കാർത്തികക്ക് നടുക,
കാലടിനീളത്തിൽ നടുക,
കാശുവണ്ണം മുറിച്ച് നടുക,
കാഞ്ഞിരത്തൂപ്പിടുക. (ഇഞ്ചി)

★

കുപ്പയിലൊരു കപ്പനടൂ

★

കയ്പ നടാൻ കുപ്പമതി

★

ചപ്പിന് പ്ലാവ്
ചക്കക്ക് പ്ലാവ്
ചക്ക തിന്നാൻ
നാണിക്കേണ്ട.

★

കുററിമുല്ല നടൂ
ആരാമരോമാഞ്ചമേററ്‌വാങ്ങൂ
അഴകിനും പണത്തിനും
മുല്ലനടൂ.

★

മുറമെട് പറയെട്
പയറൊരു പറയെട്.

★

പൂവേണം മണത്തിന്
പൂവേണം പണത്തിന്
പൂവേണം പിണത്തിന്
പൂകൃഷി ചെയ്തൂടെ കൂട്ടുകാരെ

★

ചേമ്പിൻ കൂമ്പില ഉപ്പേരിക്ക്
ചേമ്പിൻ തണ്ട് കറിക്കും.

★

മുരിക്കനോടൊപ്പം
മുരിങ്ങയും പോയോ ?

★

ഇല്ലം നിറ നിറ !
വല്ലം നിറ നിറ !
പത്തായം നിറ !
പെട്ടി നിറ !

# ഗ്രാമസഭകൾ.

| വാർഡ് | നടന്ന തിയ്യതി | സ്ഥലം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1 | 1—10—96 | ചേരാപുരം ന്യൂ. എൽ. പി. സ്കൂൾ | 148 | 34 | 182 |
| 2 | 22—9—96 | തീക്കുനി മദ്രസ്സ | 208 | 101 | 309 |
| 3 | 1—10—96 | വലകെട്ട് മദ്രസ്സ | 255 | 44 | 299 |
| 4 | 21—9—96 | എം. ഡി. എൽ. പി. എസ്. വേളം | 130 | 24 | 154 |
| 5 | 21—9—96 | ഗവ: എൽ. പി. എസ്. അരമ്പോൽ | 124 | 23 | 147 |
| 6 | 22—9—96 | സൗത്ത് എൽ. പി. പി. എസ്. വേളം | 139 | 30 | 169 |
| 7 | 19—9—96 | ജി. എൽ. പി. എസ്. കുറിച്ചകം | 206 | 98 | 304 |
| 8 | 29—9—96 | ഗവ: എൽ. പി. എസ്. ചേരാപുരം | 190 | 45 | 235 |
| 9 | 29—9—96 | സൗത്ത് എം.എൽ.പി.എസ്. ചേരാപുരം | 254 | 79 | 333 |
| 10 | 19—9—96 | നോർത്ത് എം എൽ.പി.എസ്. ചേരാപുരം | 187 | 38 | 225 |
| | | ആകെ | 1841 | 516 | 2357 |

# സമഗ്ര ഗ്രാമ വികസനം

സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം
ഗ്രാമ വികസനത്തിന്ന് വിഭവം അത്യാവശ്യം
വിഭവം ഇല്ലെങ്കിൽ വികസനവും ഇല്ല.

**ഗ്രാമ വികസനത്തിന്റെ ചാലക ശക്തി പഞ്ചായത്തുകളുടെ സമ്പത്താണ്.**

***വിഭവ സമാഹരണത്തിന്ന് പഞ്ചായത്തുകളുമായി സഹകരിക്കുക. പഞ്ചായത്തുകൾക്കു നൽകേണ്ട വിവിധയിനം നികുതികൾ ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക, അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളികളാവുക.***

**വേളം ഗ്രാമ പഞ്ചായത്ത്.**

# അധികാരം ജനങ്ങളിലേയ്ക്ക്
# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

☆

- ★ ആസൂത്രണം താഴെ തട്ടിൽനിന്ന്
- ★ ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- ★ ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ★ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിദഗ്ധരും അണിചേരുന്നു
- ★ ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം തുക പഞ്ചായത്തുകൾക്ക്
- ★ നാടിന്റെ വികസനത്തിന് കൂട്ടായ്മ
- ★ വികേന്ദ്രീകൃതാസൂത്രണം പുതിയൊരു കേരളസൃഷ്ടിക്ക്.

## ജനകീയാസൂത്രണം -
## ഗാന്ധിജിയുടെ സ്വപ്നം

നോർമ്മൻ, കോഴിക്കോട്-1.